ടി. എസ്. ഏബ്രഹാം
കോർഎപ്പിസ്ക്കോപ്പാ

T. S. ABRAHAM COREPISCOPA

(Biography)

Editor : **K. V. Mammen Kottackal**
Manganam
Kottayam - 686018
Phone: 0481-2578936

First Published : 31 - 10 - 2004

Copy Right Reserved

Typesetting
& Printing : Sophia Print House, Kottayam Ph: 0481 - 2303237

Rs. 50/-

ടി. എസ്. ഏബ്രഹാം
കോർഎപ്പിസ്ക്കോപ്പാ

എഡിറ്റർ

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

മാങ്ങാനം, കോട്ടയം

പ്രസാധകർ

തെങ്ങുംതോട്ടത്തിൽ
കുടുംബയോഗ കമ്മിറ്റി
അയിരൂർ സൗത്ത്

വില: Rs. 50/-

ഉള്ളടക്കം

1. ആശംസ – പ. കാതോലിക്കാ ബാവാ 6
2. അവതാരിക – മാർ യൗസേബിയോസ് 7
3. ആശംസ – മാർ ക്ലിമ്മിസ് 10
4. ,, – മാർ അത്താനാസ്യോസ് 12
5. പ്രകാശം നിറഞ്ഞ ശ്രേഷ്ഠൻ – കെ. എം. മാത്യു 14
6. ആമുഖം 16
7. ഒറ്റ നോട്ടത്തിൽ 18
1. പ്രാചീന അയിരൂർ ഗ്രാമം 20
2. ക്രൈസ്തവരും തായില്ലം കുടുംബവും 23
3. ശീമോൻ അബ്രഹാം കോർ എപ്പിസ്ക്കോപ്പാ 28
4. മതാപ്പാറപ്പള്ളി സ്ഥാപന ശ്രമം, പള്ളിച്ചരിത്രം 30
5. തെങ്ങും തോട്ടത്തിൽ ശീമോൻ 44
6. തെങ്ങും തോട്ടത്തിൽ പുരയിടവും വീടും 47
7. ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ 50
8. അയിരൂർ എം. ടി. സ്കൂളിൽ 55
9. എം. ജി. എം. ന്റെ പ്രതാപം വീണ്ടെടുത്തു 62
10. മംഗളോപഹാരം 66
11. മലയാ – സിംഗപ്പൂർ പള്ളികൾ 70
12. സഹോദരങ്ങൾ 75
13. മക്കൾ 78
14. ടി. എസ്. ഗീവറുഗീസ് 86
15. വൈദിക ട്രസ്റ്റി 92
16. അന്ത്യരംഗം 95
17. പ്രൗഢ ലേഖനങ്ങൾ

രണ്ടാം ഭാഗം

1. സമൂഹത്തിനു ലഭിച്ച അണയാത്ത ദീപം 126
2. എന്റെ ഓർമ്മയിലെ ശ്രേഷ്ഠാചാര്യൻ 128
3. ജീവിതത്തിലെ ഉത്തമ വഴികാട്ടി 130
4. എല്ലാ അർത്ഥത്തിലും നല്ല ഗുരു 135
5. വിശ്വാസ വഴിയിലെ പ്രകാശ ഗോപുരം 137
6. എല്ലാ രംഗങ്ങളിലും തിളങ്ങിയ വൈദികതാരം 141
7. എം. ജി. എം. എച്ച്. എസും ടി. എസ്. അച്ചനും 144
8. കർമ്മ മേഖലയിൽ ചൈതന്യം പകർന്നു 148
9. ഒരു മരുമകളുടെ മനതാരിൽ നിന്ന് 149
10. ഒരനന്തരവന്റെ അനുസ്മരണ 153
11. എം. ജി. എം. ന്റെ നവോത്ഥാന നേതാവ് 154
12. അച്ഛനെപ്പറ്റി മകൻ അച്ചൻ 156
13. നാടിന്റെ കെടാവിളക്ക് 161
14. ചില കൊച്ചു കൊച്ചു സ്മരണകൾ 162
15. വാടാത്ത കിരീടം ലഭിച്ച വൈദികൻ 164
16. ജനസേവനത്തിന്റെ പ്രദീപ്ത പ്രതീകം 167
17. മരണമില്ലാത്ത സ്മരണ 170
18. ക്രാന്തദർശിയായ ശ്രേഷ്ഠാചാര്യൻ 171
19. ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമ 174

The Malankara Orthodox Syrian Church

CATHOLICATE OF THE EAST

Baselios Marthoma Mathews II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM 686 038
KERALA, INDIA

No. P. 134/04

കർത്താവിൽ പ്രിയരേ,

തെങ്ങുംതോട്ടത്തിൽ വെരി. റവ. ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായുടെ ഇരുപതാം ചരമ വാർഷികത്തോടനുബന്ധിച്ച് ഒരു ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികട്രസ്റ്റിയെന്ന നിലയിൽ അനേക വർഷം സ്തുത്യർഹമായ സേവനമനുഷ്ഠിക്കു വാൻ സാധിച്ചു എന്നത് അഭിമാനകരമാണ്. സഭയുടെ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി എന്നീ പ്രധാന സമിതി കളിലും അദ്ദേഹം ദീർഘകാലം പ്രശോഭിച്ചിരുന്നു.

വിദ്യാഭ്യാസ രംഗത്തും അദ്ദേഹത്തിന്റെ സേവനങ്ങൾ നിസ്തുലമാണ്. സഭാതലത്തിലെന്നതുപോലെ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം നേതൃത്വവും, മാർഗ്ഗനിർദ്ദേശങ്ങളും നൽകി സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മയ്ക്കും പുരോഗതിക്കും ഉതകത്തക്ക രീതിയിൽ അദ്ദേഹം കാഴ്ചവെച്ച വിലപ്പെട്ട സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

ഈ അവസരത്തിൽ ഒരു ജീവചരിത്രം പ്രസിദ്ധീകരിക്കുന്നത് ശ്ലാഘനീയമാണ്. അദ്ദേഹത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളും അറിയുന്ന തിനും ഭാവി തലമുറയ്ക്ക് പ്രചോദനം നൽകുന്നതിനും ഇത് ഉപകരിക്കുമെന്നതിന് സംശയമില്ല.

എല്ലാവിധ മംഗളങ്ങളും നേർന്നു കൊണ്ട്.

സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ

2004 ഓഗസ്റ്റ് മാസം 31-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്

അവതാരിക

എന്റെ ആദ്യകാല സ്മരണയിലുള്ള തെങ്ങുംതോട്ടത്തിൽ ബ. ടി. എസ് ഏബ്രഹാം അച്ചൻ കോഴഞ്ചേരി വഞ്ചിത്ര ബസ്ഹാനനിയ ഇടവകയുടെ പ്രഗല്ഭ വികാരിയാണ്. ഞങ്ങളുടെ മാതൃഇടവകയായ നാരങ്ങാനം മാർ ഓസിയോസ് ദേവാലയത്തിൽ വിശുദ്ധ ആരാധന ഇല്ലാത്ത പല സന്ദർഭങ്ങളിലും ഞാൻ വഞ്ചിത്ര പള്ളിയിൽ പോകുമായിരുന്നു. ബ. ടി. എസ്. അച്ചന്റെ ആരാധന, പ്രസംഗം, പെരുമാറ്റം മുതലായവ എന്നെ വളരെയധികം ആകർഷിച്ചിട്ടുണ്ട്. തൃശ്ശിനാപ്പള്ളി ബിഷപ്പ് ഹീബർകോളജ് മദ്രാസ് മെസ്റ്റൺ ട്രയിനിംഗ് കോളജ് എന്നിവിടങ്ങളിൽ നിന്നു ബി. എ. എൽ. റ്റി. ബിരുദങ്ങൾ സമ്പാദിച്ച് അയിരൂർ, കോട്ടയം, മാവേലിക്കര, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിൽ ഹൈസ്ക്കൂൾ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചിരുന്ന കാലം. വേണ്ടത്ര വിദ്യാസമ്പന്നരായ അധികം പുരോഹിതന്മാർ അന്ന് ഈ ഭാഗത്തെങ്ങും ഉണ്ടായിരുന്നില്ല.

പൊതുസമ്മേളനങ്ങൾ, ആദ്ധ്യാത്മിക സംഘടനാ വാർഷികങ്ങൾ തുടങ്ങിയവയിൽ ബഹുമാനപ്പെട്ട അച്ചൻ അവിഭാജ്യഘടകമായിരുന്നു. കാലം ചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനിയോടു ചേർന്ന് തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി നിസ്തുലസേവനം കാഴ്ച വച്ചിട്ടുണ്ട്. 1930 മുതൽ മൂന്നു ദശാബ്ദക്കാലം ബ. അച്ചൻ പത്തനംതിട്ട മദ്ധ്യതിരുവിതാംകൂർ കൺവൻഷിലെ പ്രധാന പ്രസംഗകരിൽ ഒരാളായിരുന്നു. പുതുപ്പള്ളി നിലയ്ക്കൽ, കല്ലൂപ്പാറ കൺവൻഷനുകളിലും മിക്ക വർഷങ്ങളിലും പ്രസംഗിച്ചിട്ടുണ്ട്. സഭയിൽ യുവജനസമാജം രൂപവൽകരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. കാതോലിക്കാനിധി സംഭരണ സമിതി അംഗവും അയിരൂർ ഗ്രൂപ്പിന്റെ ലീഡറുമായി പ്രവർത്തിച്ചിരുന്നു. മാതാപ്പാറ സെന്റ് തോമസ് ഇടവകയുടെ ആയുഷ്ക്കാല വികാരിയായിരുന്നതോടൊപ്പം കുറ്റിയാനി, ചെമ്പൻമുഖം, തോട്ടമൺ, കീക്കൊഴൂർ, വയലത്തല, കാട്ടൂർ, കുരിശുമുട്ടം, ഇടപ്പാവൂർ, വഞ്ചിത്ര, മാരാമൺ മുതലായ ഇടവകകളുടെയും വികാരിയായിരുന്നു.

പള്ളിയിലും പള്ളിക്കൂടത്തിലും പാവനമായ വൈദികവൃത്തിയും ഉത്തരവാദിത്വമേറിയ അധ്യാപകവൃത്തിയും ഒരേസമയം കാര്യക്ഷമമായി നിറവേറ്റി ഇടവകക്കാരുടെയും വിദ്യാർത്ഥികളുടെയും നല്ല ഭാവിക്കുവേണ്ടി യത്നിച്ച ടി. എസ്. അച്ചനെപ്പോലെയുള്ളവർ ഇന്നു സമൂഹത്തിൽ തുലോം ചുരുക്കമാണെന്നു പറയാം. വിവിധ രംഗങ്ങളിലെ പ്രവർത്തനങ്ങൾക്കിടയിൽ സഭയുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഉത്സാഹിക്കുകയും സഭാനേതാക്കന്മാരുടെ പിമ്പിൽ പാറപോലെ ഉറച്ചുനിൽക്കുകയും കൺവൻഷനുകളിലൂടെയും പ്രൗഢമായ ലേഖനങ്ങളിലൂടെയും

സഭാംഗങ്ങളെ ആധ്യാത്മിക ജീവിതത്തിന്റെ പച്ച മേച്ചിൽപുറങ്ങളിലേക്കു നയിക്കുകയും ചെയ്ത ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ മാതൃക അനുപമമാണ്. സഭാദ്ധ്യക്ഷന്റെ ആജ്ഞകൾ അക്ഷരം പ്രതി അനുസരിക്കുകയും മേല്പട്ടക്കാരോടും സഭയോടുമുള്ള കൂറും പ്രതിബദ്ധതയും അന്യൂനം കാത്തു സൂക്ഷിക്കുകയും ചെയ്യുന്ന അഭ്യസ്തവിദ്യരായ വൈദികരുടെ കുറവ് ഇന്നു സഭയുടെ പുരോഗതിക്കു തടസ്സമായിട്ടുണ്ട്. സ്വന്തം കാര്യങ്ങൾക്കു രണ്ടാം സ്ഥാനം കൽപ്പിച്ചശേഷം ദൈവമഹത്വത്തിനു വേണ്ടിയും സഭാംഗങ്ങളുടെ പുരോഗതിക്കു വേണ്ടിയും നാട്ടിലും വെളിയിലും പ്രവർത്തിക്കണമെങ്കിൽ അതിനുള്ള ധൈര്യവും ആത്മപ്രചോദനവും ഉൾക്കാഴ്ചയും ഉണ്ടായേ തീരു. ഇക്കാര്യങ്ങളിൽ അതിധന്യനായ ടി. എസ്. അച്ചൻ ഒരു വൈദികന് എത്താനാകുന്ന 'പതിനെട്ടാം പടി'യും കടന്നു എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. വൈദിക ട്രസ്റ്റി എന്ന നിലയിലുള്ള ചുമതല പ്രശംസനീയമായി നിറവേറ്റുകയും അനാരോഗ്യത്തെ മുൻ നിറുത്തി ഉന്നതസ്ഥാനം രാജിവയ്ക്കുകയും ചെയ്ത നടപടി മാതൃകാപരമായി അവശേഷിക്കുകയാണ്. അച്ചന്റെ ഫലദായകമായ ജീവിതവും സമ്മാതൃകകളും സൽ പെരുമാറ്റവും വളരുന്ന തലമുറയുടെ കരുതൽ ധനമാണെന്നു കരുതേണ്ടതാണ്. അത് അവർക്കു ശരിക്കു വിനിയോഗിക്കുന്നതിനു സഹായകമായ ജീവചരിത്രം സഭാചരിത്രത്തിന്റെ തന്നെ ഒരു ഭാഗമാണെന്നു തറപ്പിച്ചു പറയാനാവും

ബ. അച്ചന്റെ ബഹുമുഖ സേവനങ്ങളെ പരിഗണിച്ച് പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ അദ്ദേഹത്തെ 1952-ൽ കോറെപ്പിസ്ക്കോപ്പാ സ്ഥാനം നല്കി ആദരിച്ചു. ആ കാലയളവിൽ ഈ പ്രദേശത്ത് തെങ്ങും തറയിൽ (പാലമൂട്ടിൽ) ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പായും കുലത്താക്കൽ തോമ്മസ് കോറെപ്പിസ്ക്കോപ്പായും മാത്രമേ ആ ഉന്നത പദവിയിൽ ഉണ്ടായിരുന്നുള്ളു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് സ്ഥാപനത്തിലും നിർണ്ണായക പങ്കു വഹിച്ച ബ. അച്ചൻ ദീർഘനാൾ മാവേലിക്കര എം. എസ് ഹൈസ്കൂളിലും തിരുവല്ല എം. ജി. എം. ഹൈസ്ക്കൂളിലും ഹെഡ്മാസ്റ്ററായി പ്രശസ്ത സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മദ്രാസ്, മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ ഇടവകകളിലും വികാരിയായിരുന്നു. ഗൾഫ് പ്രദേശത്തെ ബഹറിനിൽ ആദ്യമായി നമ്മുടെ വി. കുർബാന അനുഷ്ഠിച്ചതും ബ. അച്ചനാണ്. സേവനം ചെയ്ത ഇടവകകളിലെല്ലാം തന്നെ ദേവാലയ നിർമ്മാണത്തിന് നേതൃത്വം നൽകി. ഉന്നതസമിതികളായ സഭാഭരണ ഘടന നിർമ്മാണ കമ്മിറ്റി, സഭാ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി ഇവകളിൽ ദീർഘനാൾ അംഗമായിരുന്നു. 1957-ൽ സ്കൂൾ ഉദ്യോഗത്തിൽ നിന്നു വിരമിച്ചു. 1964-യിൽ റോമിലെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക നിരീക്ഷകനായി

സംബന്ധിക്കുവാനുള്ള അസുലഭ അവസരവും ലഭിച്ചു. 1965 ഡിസംബർ മുതൽ 1982 – ഡിസംബർ വരെ സഭയുടെ വൈദിക ട്രസ്റ്റി ആയിരുന്നു. പ്രവർത്തിച്ച എല്ലാ മണ്ഡലങ്ങളിലും തന്റെ വ്യക്തിമുദ്ര പതിച്ച ബ. കോറെപ്പിസ്ക്കോപ്പാച്ചൻ 1984 ഒക്ടോബർ 31–നു ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

തന്റെ ദൈവനിയോഗം മനസ്സിലാക്കി സഭാശുശ്രൂഷയിലും, സാംസ്ക്കാരിക – സാമൂഹ്യ രംഗങ്ങളിലും, വിദ്യാഭ്യാസ മണ്ഡലത്തിലും ഈടുറ്റ സംഭാവനകൾ നല്കി മൺമറഞ്ഞു പോയ ശ്രേഷ്ഠപുരോഹിതന്റെ ചരമ ദ്വിദ ശാബ്ദി ജൂബിലി സമുചിതമായി ആഘോഷിക്കുന്ന ഈ വേളയിൽ ഇങ്ങനെ ഒരു സ്മാരകഗ്രന്ഥം രചിക്കുന്നതിനു മുൻകൈയെടുത്ത സ്മര്യ പുരുഷന്റെ പുത്രനായ ബ. ഫിലിപ്പോസ് തരകനച്ചനെയും എഡിറ്റർ കെ. വി. മാമ്മനേയും മറ്റു ബന്ധപ്പെട്ടവരെയും അനുമോദിക്കുന്നു. വരും തലമുറകൾക്ക് ഇതു പ്രചോദന പ്രദമാകട്ടെ എന്നാശംസിച്ചു കൊണ്ട് "ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായെ" ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിനു അനല്പമായ സന്തോഷമുണ്ട്.

ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

പത്തനംതിട്ട – സ്ലീബാപ്പെരുന്നാൾ
14 – 9 – 2004



ജനഹൃദയങ്ങളിൽ ജീവിക്കുന്നു

കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്താ

ദിവംഗതനായ തെങ്ങുംതോട്ടത്തിൽ വന്ദ്യ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പയുടെ ബഹുമുഖ വ്യക്തിത്വം വരും തലമുറകളും അറിയത്ത ക്കവണ്ണം ഒരു ഗ്രന്ഥം ഈ 20-ാം ചരമ വാർഷികത്തിൽ പ്രസിദ്ധപ്പെടു ത്തുന്നതിൽ ഭാരവാഹികളെ പ്രത്യേകം അനുമോദിക്കുന്നു.

മലങ്കര സഭയിലെ പ്രശസ്ത പട്ടക്കാരിൽ ഒരാളായി വിരാജിച്ചിരുന്ന അച്ചൻ സഭയുടെ ഒരു നിധിയായിരുന്നു. ഒരു മികച്ച കൺവൻഷൻ പ്രസം ഗകൻ - മാതൃകാദ്ധ്യാപകൻ - കഴിവുറ്റ ഹെഡ്മാസ്റ്റർ - ഓർത്തഡോക് സിയുടെ സംരക്ഷകൻ - സുവിശേഷ തല്പരൻ - സർവ്വോപരി ഒരു മാതൃകാ വൈദികൻ - നിസ്വാർത്ഥ സേവകൻ - മുതലായ വിശേഷ ണങ്ങൾ അദ്ദേ ഹത്തിനു തികച്ചും യോജിക്കും.

മലങ്കര ഓർത്തഡോക്സ് സഭയുടെ നിർണ്ണായകമായ സന്ദർഭങ്ങളി ലെല്ലാം പ. കാതോലിക്കാ ബാവാമാരോടും മെത്രാപ്പോലീത്താമാരോടും ഒരുമിച്ച് - വൈദിക ട്രസ്റ്റിയെന്ന നിലയിൽ സമുന്നത നേതൃത്വവും ആലോ ചനയും നൽകി.

പൗരോഹിത്യ പാരമ്പര്യമുള്ള കുടുംബത്തിലെ പുരോഹിത ശ്രേഷ്ഠ നായ അദ്ദേഹം വാക്കിലും പ്രവൃത്തിയിലും തികഞ്ഞ കുലീനത്വത്തോടു കൂടി മാത്രമേ പെരുമാറിയിരുന്നുള്ളു. വേഷത്തിലും - ജീവിത ശൈലി യിലും ഉന്നതനിലവാരം പുലർത്തി.

അദ്ദേഹത്തിന്റെ വൈദിക ശുശ്രൂഷയും ജീവിത മാതൃകകളും ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു. ഹൃദ്യമായ ആരാധനയും - പ്രസംഗ ങ്ങളും - ഉപദേശങ്ങളും അനേകം പേരെ സന്മാർഗ്ഗത്തിലേക്കും - ജീവിത വിശുദ്ധിയിലേക്കും സഭാ ജീവിതത്തിലേക്കും സഭാ സ്നേഹത്തിലേക്കും നയിച്ചിട്ടുണ്ട്.

കുടുംബാംഗങ്ങളോടും ബന്ധുക്കളോടുമുള്ള പ്രത്യേക വാത്സല്യം എടുത്തു പറയാവുന്നതാണ്. വിദ്യാലയത്തിനും ദേവാലയ ത്തിനും - നാടിനും സഭയിൽ മുഴുവനും ജീവനും - വെളിച്ചവുമായിരുന്നു.

ധന്യമായ ജീവിതത്തിന്റെ സ്മരണയെ ശാശ്വതീകരിക്കാൻ ഈ ഗ്രന്ഥം ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ദൈവം അദ്ദേഹത്തിന് നിത്യശാന്തി നൽകട്ടെ.



പ്രവർത്തന നിരതനായിരുന്ന തെങ്ങുംതോട്ടത്തിലച്ചൻ

തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രേഷിത സരണിയിൽ വ്യക്തിമുദ്ര പതിച്ച ആചാര്യന്മാരിൽ ഒരാളായിരുന്നു. യശശരീരനായ തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ. സഭയുടെ വളർച്ചയ്ക്കായി ജാഗരൂകനായി പ്രവർത്തിച്ചിരുന്ന ഈ വൈദിക ശ്രേഷ്ഠൻ യഥാർത്ഥ പൗരോഹിത്യ ശുശ്രൂഷയുടെ പ്രതിനിധിയുമായിരുന്നു. പൈതൃകമായി ലഭിച്ച സത്യവിശ്വാസത്തിന്റെ കാവൽ ഭടനായി നിലകൊണ്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞ ഇദ്ദേഹത്തിന്റെ ശ്രമഫലമായി പല ദേവാലയങ്ങൾ മലങ്കര സഭയ്ക്ക് ഉണ്ടായിട്ടുണ്ട്. ചെമ്പൻമുഖം, കുറ്റിയാനി, കീക്കൊഴൂർ, കുരിശുമുട്ടം, ഇടപ്പാവൂർ, കോലാലംപൂർ, സിംഗപ്പൂർ എന്നീ ദേവാലയങ്ങൾ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ കാവൽക്കാരനായിരിക്കുക എന്നത് പുരോഹിതന്റെ അടിസ്ഥാന ഉത്തരവാദിത്വമാണ്. ഇതുതന്നെയാണ് ദൈവം യെഹസ്കേൽ പ്രവാചകനെ ഓർമ്മിപ്പിക്കുന്നത്. " മനുഷ്യപുത്രാ ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിനു കാവൽക്കാരനാക്കിയിരിക്കുന്നു. നീ എന്റെ വായിൽ നിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കണം. (യെഹ. 3:17)"

പരിശുദ്ധനായ പൗലോസ് ശ്ലീഹാ യുവശുശ്രൂഷകനായ തീമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്." ദാവീദിന്റെ സന്തതിയായി മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക എന്നതാകുന്നു എന്റെ സുവിശേഷം (2 തീമോ.2:8)" ദൈവ വചനത്തിന്റെ വ്യാഖ്യാതാവും പ്രചാരകനും ആയിത്തീരുക എന്നത് പുരോഹിതന്റെ സുപ്രധാന നിയോഗമാണ്. വ്യത്യസ്തങ്ങളായ മേഖലകളിൽ പ്രവർത്തന നിരതനായിരിക്കുമ്പോഴും ഈ സുപ്രധാന ദൗത്യം മനസ്സിലാക്കി ഒരു മികച്ച കൺവൻഷൻ പ്രസംഗകനായി ഓടിനടന്ന് സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കാൻ തെങ്ങും തോട്ടത്തിലച്ചന് കഴിഞ്ഞിരുന്നു. പൗരോഹിത്യ ശുശ്രൂഷയുടെ സരണികൾ വിശാലമാണ് എന്ന തിരിച്ചറിവോടെ പ്രവർത്തിച്ച ടി. എസ്. ഏബ്രഹാം അച്ചന് തുമ്പമൺ ഭദ്രാസന സെക്രട്ടറിയായും, സഭാഭരണ ഘടന കമ്മിറ്റി അംഗമായും, സഭാവർക്കിംഗ് കമ്മിറ്റി മെമ്പറായും അതിലുപരി 17 വർഷക്കാലം സഭയുടെ വൈദിക

ട്രസ്റ്റിയായും സേവനം ചെയ്യാൻ സാധിച്ചു. മലങ്കര സഭയുടെ സുപ്രധാന ങ്ങളായ പല ചരിത്ര മുഹൂർത്തങ്ങളിലും പങ്കാളിയായി. ഈ ആചാര്യന്റെ ഓർമ്മകൾ അനശ്വരമാണ്. പ്രശ്നകലുഷിതമായ ദിനങ്ങളിലൂടെ സഭ കടന്നു പോയപ്പോൾ സഭാ നേതൃത്വ നിരയിൽ പ്രശോഭിക്കുവാൻ അച്ചന് കഴിഞ്ഞിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്ത് പ്രമുഖ സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ ഏബ്രഹാം അച്ചന് ഭാഗ്യം ലഭിച്ചു. 1964-ൽ വത്തിക്കാൻ കൗൺസിലിൽ ഓർത്തഡോക്സ് സഭയുടെ നിരീക്ഷ കനായി സംബന്ധിച്ചു. അദ്ധ്യാപനം സാമൂഹ്യ നവോത്ഥാനത്തിന്റെ മാധ്യമമായി കണ്ടിരുന്ന ചരിത്ര കാലഘട്ടത്തിലായിരുന്നു അച്ചന്റെ അദ്ധ്യാ പന ശുശ്രൂഷ. സ്വാതന്ത്ര്യത്തിന് മുൻപും പിൻപും അദ്ധ്യാപന ശുശ്രൂഷ നിർവ്വഹിക്കുവാൻ കഴിഞ്ഞ അച്ചൻ ആ രംഗത്ത് ശരിക്കും തന്റെ കഴിവു തെളിയിച്ചു.

ഉത്തമനായ ഈ കർമ്മയോഗിയുടെ ഓർമ്മകൾ കാലം മായിക്കാതെ മലങ്കര സഭയുടെ ചരിത്രത്താളുകളിൽ അനശ്വരമായി തുടരും. ദൈവിക ബലിപീഠത്തിൽ നിർമ്മല ആചാര്യ ശുശ്രൂഷ നിർവ്വഹിച്ച് സ്വർഗസീയോനി ലേക്ക് എടുക്കപ്പെട്ട അച്ചന്റെ ഓർമ്മകൾ നിലനിർത്താനായി ഒരു ഗ്രന്ഥം പുറത്തിറക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന സരണികൾ തലമുറകൾക്ക് പങ്കുവയ്ക്കാനായി അത് അക്ഷര ത്താളുകളിൽ ആവിഷ്കരിക്കേണ്ടത് ചരിത്രപരമായ ആവശ്യമാണ്. അതിന് നേതൃത്വം നൽകുന്ന എല്ലാവരേയും അനുമോദിക്കുകയും നമ്മിൽ നിന്ന് വാങ്ങിപ്പോയ വന്ദ്യനായ ഏബ്രഹാം അച്ചന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രകാശം നിറഞ്ഞ പുരോഹിത ശ്രേഷ്ഠൻ

കെ. എം. മാത്യു
(ചീഫ് എഡിറ്റർ, മലയാള മനോരമ)

മലങ്കര ഓർത്തഡോക്സ് സഭയിലെ മാതൃകാ പുരോഹിതനും ശ്രേഷ്ഠ അധ്യാപകനുമായിരുന്ന തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം മനസ്സിലേക്കു കടന്നു വരുന്നത് പ്രസന്നത കളിയാടിയിരുന്ന ആ മുഖമാണ്. പ്രകാശം നിറഞ്ഞ മനസ്സിന്റെ ബഹിർസ്ഫുരണമായിരുന്നു ആ മുഖത്തു തെളിഞ്ഞു നിന്നിരുന്ന തേജസ്.

സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നൽകിയത് അനുകരണീയ മാതൃകകളാണ്. കക്ഷിവഴക്ക് പ്രതിസന്ധികൾ സൃഷ്ടിച്ചപ്പോൾ ഉറച്ച മനസ്സോടെ സഭയ്ക്കു നേതൃത്വം നൽകിയ തെങ്ങുംതോട്ടത്തിലച്ചനെ ഓർത്തഡോക്സ് സഭയ്ക്കു മറക്കാനാവില്ല. വട്ടശേരിൽ തിരുമേനിക്കൊപ്പം സഭയുടെ സ്വതന്ത്ര നിലനിൽപ്പിനു വേണ്ടി അച്ചൻ വിശ്രമമറിയാതെ പ്രവർത്തിച്ചത് എല്ലാവർക്കും അറിവുള്ളതാണ്.

മികച്ച സംഘാടകനെന്ന നിലയിൽ എക്കാലവും സ്മരിക്കപ്പെടുന്ന അച്ചൻ രണ്ടു ദശാബ്ദത്തോളം സഭയുടെ വൈദിക ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചു. സ്വജീവിതം സഭയ്ക്കായി ഉഴിഞ്ഞുവച്ച അദ്ദേഹം അനാരോഗ്യം അലട്ടിയപ്പോൾ സ്ഥാനം സ്വയം ഒഴിയാൻ തയാറായി. തുടർന്നാണ് കോനാട്ട് ഏബ്രഹാം മൽപ്പാൻ വൈദിക ട്രസ്റ്റിയായത്.

എന്റെ പിതാവ് കെ. സി. മാമ്മൻ മാപ്പിളയുടെ ശിഷ്യനായിരുന്നു അച്ചൻ. എം. ഡി. സ്കൂളിൽ തുടങ്ങിയ ഗുരുശിഷ്യ ബന്ധം ഞങ്ങളുടെ കുടുംബങ്ങൾ തമ്മിലുള്ള ആത്മബന്ധത്തിന് കാരണമായി. കെ. സി. മാമ്മൻ മാപ്പിളയുടെ പ്രവർത്തനങ്ങൾക്കെല്ലാം ഉറച്ച പിന്തുണ നൽകിയിരുന്നു അദ്ദേഹം. എന്റെ മൂത്ത മകൻ മാമ്മൻ മാത്യുവിന്റെ വിവാഹ സൽക്കാരത്തിന് ടോസ്റ്റ് പറഞ്ഞത് അച്ചനാണ്. ഞങ്ങളുടെ കുടുംബ ത്തിന്റെയും മനോരമയുടെയും ഉത്തമ സുഹൃത്തായിരുന്ന അച്ചന്റെ കാലശേഷവും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ മനോരമയുമായുള്ള ഊഷ്മളബന്ധം തുടരാൻ വ്യഗ്രത കാട്ടുന്നതിൽ വളരെ സന്തോഷമുണ്ട്.

കാൽവച്ച കർമ്മഭൂമിയിലെല്ലാം തനതായ വ്യക്തിമുദ്ര പതിക്കുകയും സമൂഹത്തിന് നേട്ടങ്ങൾ പകർന്നു നൽകുകയും ചെയ്ത അപൂർവ വ്യക്തി

ത്വമായിരുന്നു തെങ്ങുംതോട്ടത്തിൽ അച്ചന്റേത്. പുരോഹിതനെന്ന നിലയിൽ ഇടവക ഭരണത്തിനും സഭാ ഭരണത്തിനും ഏറ്റവും അനുയോജ്യനാണ് താനെന്ന് തെളിയിക്കുന്നതായിരുന്നു അച്ചന്റെ പ്രവർത്തനങ്ങൾ.

പുതിയ ദേവാലയങ്ങൾ സ്ഥാപിക്കാനും ഇടവകകളുടെ നവീകരണത്തിന് നേതൃത്വം കൊടുക്കാനും അദ്ദേഹം മുന്നിട്ടിറങ്ങി. തന്റെ പിതാമഹൻ തെങ്ങുംതോട്ടത്തിൽ ശീമോൻ അബ്രഹാം കോർ എപ്പിസ്കോപ്പാ സ്ഥാപിച്ച മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ആയുഷ്ക്കാലം വികാരിയായിരുന്നു അദ്ദേഹം. ഈ പള്ളിയുടെ പണി പൂർത്തിയാക്കിയത് അച്ചൻ വികാരിയായിരുന്ന കാലത്താണ്.

കേരളത്തിനുള്ളിലും പുറത്തും പല ദേവാലയങ്ങളിൽ സേവനമനുഷ്ഠിക്കാൻ അച്ചന് അവസരം ലഭിച്ചത് സഭയുടെയും പ്രസ്തുത ഇടവകകളുടെയും വളർച്ചയ്ക്ക് കാരണമായി. മദ്രാസിലെ ആദ്യ ഓർത്തഡോക്സ് ദേവാലയത്തിന്റെ വികാരിയായിരുന്ന അച്ചൻ മലയാ, സിംഗപ്പൂർ ഇടവകകളിലും പ്രവർത്തിച്ചു. ഇക്കാലഘട്ടത്തിൽ കൊലാലംപൂരിലും സിംഗപ്പൂരിലും ഓർത്തഡോക്സ് ദേവാലയങ്ങൾ അച്ചൻ പണികഴിപ്പിച്ചത് എടുത്തു പറയേണ്ട കാര്യമാണ്.

പുരോഹിതനെന്ന നിലയിൽ സഭയ്ക്കും ഇടവകകൾക്കും ആത്മീയ നേതൃത്വം നൽകുമ്പോൾ തന്നെ വിദ്യാഭ്യാസരംഗത്തെ അച്ചന്റെ സംഭാവനകളും അതുല്യമാണ്. നല്ല അധ്യാപകനെന്ന നിലയിൽ നേടിയ പെരുമ സാമൂഹിക രംഗത്തും ധാരാളം ആരാധകരെ നേടിക്കൊടുത്തു. അയിരൂർ എം. ടി. സ്കൂളിൽ അധ്യാപക ജീവിതമാരംഭിച്ച അദ്ദേഹം പിന്നീട് കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിലും സേവനമനുഷ്ഠിച്ചു. മാവേലിക്കര എം. എസ്. ഹൈസ്കൂൾ, തിരുവല്ല എം. ജി. എം. ഹൈസ്കൂൾ എന്നീ പ്രമുഖ വിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്ററാകാൻ കഴിഞ്ഞത് അച്ചനെ കൂടുതൽ ശ്രദ്ധേയനാക്കി.

സഭയ്ക്കും സമൂഹത്തിനും വേണ്ടി നല്ലപോർ പൊരുത് ഓട്ടം തികച്ച തെങ്ങുംതോട്ടത്തിലച്ചൻ സേവനത്തിന്റെ പുതുപാത വെട്ടിത്തുറക്കുകയായിരുന്നു. ഒരു മനുഷ്യായുസ്സിന് കഴിയുന്നത്ര നേട്ടങ്ങൾ ആർജിച്ച അദ്ദേഹം അതെല്ലാം സമൂഹത്തിനും സഭയ്ക്കും വേണ്ടി സമർപ്പിക്കുക യായിരുന്നു. അതുകൊണ്ടു തന്നെ വിശാല ഹൃദയവും സമൂഹത്തെ സ്നേഹിക്കുന്ന മനസ്സുമുള്ള മഹാരഥൻമാരുടെ ഗണത്തിലാണ് അച്ചന്റെ സ്ഥാനമെന്നു നിസംശയം പറയാം.

ആമുഖം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദിക ട്രസ്റ്റി, സമുന്നതനായ സഭൈക്യ പ്രസ്ഥാന നേതാവ്, പ്രശസ്തനായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, അയിരൂർ മതാപ്പാറപ്പള്ളിയുടെ ആയുഷ്കാല വികാരി, സത്യസഭാ വിശ്വാസ വിജ്ഞാനി, സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകൻ മുതലായ നിലകളിൽ ആറു ദശാബ്ദക്കാലം അവിസ്മരണീയ സേവനം അനുഷ്ഠിച്ച വ. ദി. ശ്രീ. ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പയുടെ ലഘുജീവചരിത്രവും അദ്ദേഹത്തെ ചാരത്തും ദൂരത്തും നിന്നു കൊണ്ടു ശരിക്കു മനസ്സിലാക്കിയ ഏതാനും പ്രമുഖ വ്യക്തികളുടെ അനിഷേധ്യ സാക്ഷ്യങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകം അദ്ദേഹത്തിന്റെ ഇരുപതാം ചരമ വാർഷിക ദിനത്തിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്.

പുസ്തകം രണ്ടു ഭാഗങ്ങളായിട്ടാണു സംവിധാനം ചെയ്തിരിക്കുന്നത്. ആദ്യഭാഗം ജീവചരിത്രവും രണ്ടാം ഭാഗം സാക്ഷ്യങ്ങളുമാണ്. ജീവചരിത്രം അപൂർണ്ണമാണെങ്കിലും രണ്ടാം ഭാഗത്തെ ലേഖനങ്ങൾ ഒരു വലിയ അളവിൽ ആ കുറവു നികത്തുകയും സ്മര്യപുരുഷനെപ്പറ്റി ഏതാണ്ടു പൂർണ്ണമായ ഒരു ചിത്രം നൽകുകയും ചെയ്യുന്നുണ്ടെന്നാണു ഞങ്ങളുടെ വിശ്വാസം. ടി. എസ്. ഏബ്രഹാം അച്ചൻ രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് അക്കര കടന്നു എങ്കിലും ആ മഹത്തായ ജീവിതം സഭാചരിത്ര – വിദ്യാഭ്യാസ ചക്രവാളങ്ങളിൽ മനോഹരമായ ഒരു മഴവില്ലു കണക്കെ ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. സഭാ ചരിത്രം രചിക്കുന്നതിലും, പഠിക്കുന്നതിലും, സൂക്ഷിക്കുന്നതിലും പരാങ്മുഖരായ ക്രൈസ്തവർ കടന്നു പോയ നേതാക്കളെ വിസ്മരിക്കുന്ന പ്രവണതയുള്ളവരാണ്. മറിച്ചായിരുന്നു എങ്കിൽ ഈ ഗ്രന്ഥം നേരത്തെ വെളിച്ചം കാണുമായിരുന്നു.

പുസ്തകത്തെ ആശംസകൾ കൊണ്ട് അനുഗ്രഹിച്ച പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, സുൽത്താൻ ബത്തേരി ഭദ്രാസന മെത്രാപ്പോലീത്ത കുറിയാക്കോസ് മാർ ക്ലീമ്മിസ്, ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസ്യോസ്, മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു, പ്രൗഢമായ അവതാരിക എഴുതിയ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ പീലിപ്പോസ് മാർ യൗസേബിയോസ് എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദി സവിനയം രേഖപ്പെടുത്തുന്നു. കൂടാതെ ടി. എസ്. അച്ചനെ സ്നേഹനിർഭരവും വ്യക്തിബന്ധഗന്ധം പ്രസരിക്കുന്നതുമായ അനുസ്മരണകളുടെ ഹാരങ്ങൾ അണിയിച്ച പ്രമുഖ വ്യക്തികളോടുള്ള കൃതജ്ഞതയും ആലേഖനം ചെയ്യുവാൻ സന്തോഷമുണ്ട്.

പ്രഗല്ഭനായ ഒരു വ്യക്തിയെപ്പറ്റി പലർ എഴുതുമ്പോൾ, പൊട്ടക്കണ്ണന്മാർ ആനയെ കണ്ടതു പോലെയല്ല, കണ്ണുള്ളവർ കണ്ടതു പോലെയായിരിക്കും എഴുതുക. തന്നിമിത്തം ഒരളവിൽ കുറെ ആവർത്തനങ്ങൾ കടന്നു കൂടും. അത് അനിവാര്യമാണെന്ന് അംഗീകരിക്കാതിരിക്കാനും സാധ്യമല്ല.

ഈ പുസ്തകം എഡിറ്റു ചെയ്ത ഞങ്ങളുടെ കുടുംബ സുഹൃത്തും മലയാള മനോരമയുടെ മുൻ അസിസ്റ്റന്റ് എഡിറ്ററും ഗ്രന്ഥകാരനുമായ കെ. വി. മാമ്മനോടുള്ള വലിയ കടപ്പാട് സസന്തോഷം അറിയിച്ചു കൊള്ളട്ടെ. ഡി. റ്റി. പി. യും പ്രിന്റിംഗും ഭംഗിയായി നിർവഹിച്ച കോട്ടയം സോഫിയാ പ്രിന്റ് ഹൗസിനും നന്ദി രേഖപ്പെടുത്തുന്നു.

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ദൈവദത്തമായ കുടുംബബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കുടുംബാംഗങ്ങളുടെ കെട്ടുറപ്പ് അന്യൂനം നിലനിർത്തി സംരക്ഷിക്കുന്നതിനും "ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ" സഹായിക്കുമെന്നുള്ള ശുഭ പ്രതീക്ഷയാണു ഞങ്ങളെ ഭരിക്കുന്നതെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് പുസ്തകം നിങ്ങളുടെ കൈകളിൽ സ്വാഭിമാനം സമർപ്പിക്കുകയാണ്.

തെങ്ങുംതോട്ടത്തിൽ കുടുംബയോഗ കമ്മിറ്റിക്കു വേണ്ടി

ഫാ. ടി. എ. ഫീലിപ്പോസ് തരകൻ

അയിരൂർ സൗത്ത്
31 – 10 – 2004



ഒറ്റനോട്ടത്തിൽ

ഒറ്റനോട്ടത്തിൽ ഉത്തമനായ ഒരു മേല്പട്ടക്കാരന്റെ പരിവേഷവും അതുല്യ വ്യക്തിത്വവും. ഗ്രാമത്തിലെ ബിഷപ്പ് എന്നർത്ഥമുള്ള കോർ എപ്പിസ്കോപ്പാ സ്ഥാനത്തിന് ഏറ്റവും യോജിച്ച മോടിയും നടപ്പും എടുപ്പും. കനകകാന്തി ചിന്തുന്ന കോമളശരീരം. അമിതമായി ഉന്തി നിൽക്കാത്ത അഴകുള്ള ഉണ്ണിക്കുടവയറ്. എല്ലാം നല്ലവണ്ണം കാണാൻ കഴിവുള്ള തിളക്കമാർന്ന കണ്ണുകൾ. കുലീനത പ്രതിഫലിപ്പിക്കുന്ന പുഞ്ചിരി. പ്രഭാവലയ പ്രധാനമായ മുഖാരവിന്ദം. ആജ്ഞാശക്തി ആവാഹിക്കുന്ന നോട്ടവും ശബ്ദവും. വെള്ളക്കുപ്പായത്തെ വെല്ലുന്ന പഞ്ഞി പോലുള്ള നീണ്ട താടിമീശ.

ആഴമായ വേദശാസ്ത്ര പാണ്ഡിത്യം പ്രസരിക്കുന്ന പ്രസംഗം, സാരവത്തും അതേസമയം രസകരവുമായ വാക്ധോരണിയാൽ തഴമ്പിച്ച രസന, ആരോടും പകയോ പരിഭവമോ ഇല്ലാത്ത സ്വഭാവം. നടക്കുമ്പോൾ നല്ല ഇടയത്വത്തിന്റെ പ്രതീകമായ വടി കൈയിൽ ഉണ്ടാവും. ആരെയും ഭരിക്കാനല്ല, പലരെയും നയിക്കാനാണ്. നാട്ടുകാരുടെയും വീട്ടുകാരുടെയും അഭിമാനഭാജനം. ഇടവകക്കാർക്ക് നല്ല വികാരി അച്ചൻ. ഭാര്യയ്ക്കു കർത്താവിന്റെ സഭാഭക്തനായ ഭർത്താവ്. മക്കൾക്ക് അനുകരണീയനായ അച്ഛൻ. പ്രമാണവും പ്രവൃത്തിയും യോജിപ്പിച്ചു നീങ്ങുന്ന ഗൃഹസ്ഥാശ്രമാചാര്യൻ. രണ്ട് അച്ചന്മാരുടെ അച്ഛൻ.

സേവനം ചെയ്ത വിദ്യാലയങ്ങളുടെയെല്ലാം വൻ പുരോഗതിയിൽ ശ്രദ്ധിച്ച പുരോഹിതശ്രേഷ്ഠൻ. ചുറുചുറുക്കും സേവനസന്നദ്ധതയുമുള്ള യുവാധ്യാപകരെ തെരഞ്ഞെടുത്തു നിയമിച്ച മാനേജർ. അച്ചടക്കത്തിന്റെയും ശിക്ഷണത്തിന്റെയും ആശാൻ. കുറ്റം ചെയ്യുന്ന കുസൃതിക്കുട്ടികളുടെ പേടി സ്വപ്നം. സഭാധ്യക്ഷന്മാരുടെയും മേല്പട്ടക്കാരുടെയും വിശ്വസ്തൻ. സഭാകേന്ദ്രത്തിലും സമുന്നത സഭാനേതാക്കളിലും വലിയ പിടിപാടും മതിപ്പും. രണ്ടു ദശാബ്ദക്കാലം സഭയുടെ വൈദിക ട്രസ്റ്റി. വത്തിക്കാൻ കൗൺസിൽ യോഗത്തിലെ മലങ്കര സഭയുടെ നിരീക്ഷകൻ, വിദേശ ഇടവകകളുടെയും വികാരി. ഉയർന്ന് പല സമിതികളിൽ പരിലസിച്ച ആധ്യാത്മിക നേതാവ്. ഒരേ സമയം പല വൻകാര്യങ്ങൾ ഭംഗിയായി നിറവേറ്റി കടന്നുപോയ ഭാഗ്യവാൻ.

ഇരുപതാം നൂറ്റാണ്ടിൽ മലങ്കര സഭയുടെ സിരാകേന്ദ്രങ്ങളിലും വിശിഷ്യ വിദ്യാഭ്യാസ മേഖലയിലും വ്യക്തിമുദ്ര പതിച്ചു പ്രകാശിച്ച അയിരൂർ തെങ്ങുംതോട്ടത്തിൽ വന്ദ്യദിവ്യ ശ്രീ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പയെപ്പറ്റി തിരിഞ്ഞു നോക്കുമ്പോൾ ഓർമ്മയിൽ ഓടി

എത്തുന്ന നഖ ചിത്രമാണിത്. ആ അതിധന്യമായ സേവന ജീവിതത്തിന്റെ ആഴവും പരപ്പും ഒരളവുവരെ ദർശിക്കാൻ നമുക്കു സ്മര്യ പുരുഷനോടൊപ്പം കുറെ നടക്കാം. അതാണ് ഈ ചെറിയ ജീവചരിത്രത്തിന്റെ വലിയ ലക്ഷ്യം.

കെ. വി. മാമ്മൻ



1

പ്രാചീന അയിരൂർ ഗ്രാമം

ഐശ്വര്യത്തിന്റെ പ്രതീകമാണ് അയിരൂർ ഗ്രാമം എന്നു പറയുമ്പോൾ 'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന കവി വാക്യമാണു പെട്ടെന്നു മനസ്സിൽ വരിക. പമ്പാനദി സമ്പുഷ്ടമാക്കിയ, മദ്ധ്യതിരുവിതാംകൂറിലെ പുരാതനവും പ്രശസ്തവുമായ പ്രസ്തുത ഗ്രാമത്തെ പ്രകൃതി ലോഭമെന്യേ കനിഞ്ഞനുഗ്രഹിച്ചിരിക്കുന്നു. പച്ചവിരിച്ച കുന്നുകളും വയലേലകളും, കൃഷിയിടങ്ങളും, പഴയ തറവാടുകളും ദേവാലയങ്ങളും എല്ലാം കാണുമ്പോൾ യോർദാനാൽ പരിസേവിതമായ – പാലും തേനും ഒഴുകുന്ന – കനാൻ പ്രദേശത്തെപ്പറ്റി, പമ്പയുടെ മണൽപരപ്പിൽ കളിച്ചു വളർന്ന മഹാകവി കെ. വി. സൈമൺ തന്റെ സുപ്രസിദ്ധ മഹാകാവ്യമായ വേദവിഹാരത്തിൽ പറഞ്ഞിട്ടുള്ള അതിസുന്ദര വർണ്ണനയാണ് മനോദർപ്പണത്തിൽ പ്രതിഫലിക്കുക. ഈ വരികൾ ഒരു രമ്യഭൂവിഭാഗമായ അയിരൂരിനും തികച്ചും യോജിക്കുന്നുവെന്നതിനു സംശയമില്ല.

നിഖിലഗുണനിലയനജനബ്രാമിനാദരാൽ
നിർവ്യാപണം ചെയ്ത കാനാൻദിശയ്ക്കൊരു
മഹിതതരരജതമയമേഖലാരൂപമായ്
മങ്ങാതൊഴുകുന്നു യോർദ്ദാൻ തരംഗിണി.
ഇതിനുടയതടമധികസുന്ദരം; മാനവ –
രീക്ഷിച്ചുനിന്നുപോം കാഴ്ചതൻ ഭംഗിയിൽ
ഫലദതരുനികരമഥ സസ്യസന്ദോഹവും
പാരം തിളങ്ങുന്ന പൈമ്പുൽപ്രദേശവും
ശബള സുമ മനവരത മുതിരുമൊരു പൂവല്ലി
സംഭരിച്ചീടുന്ന സങ്കീർണ്ണശോഭയും
നികടഭൂവി വളരുമൊരു കാട്ടിൽ ചരിക്കുന്ന
നീടുറ്റ സിംഹശാർദ്ദൂ ലാദിസംഘവും
നിഖിലജനഹൃദയമതു നിർവൃതിക്കൊള്ളുന്ന
നീഡജഗാനനിനാദനികരവും
കൃഷകഗണമനുനിമിഷമടിപണിയു മുത്തമ
കൃഷ്യർഹമാകും നദീമാതൃകങ്ങളും
അതിപരുഷഹൃദയനൊരു മാനവൻ കാൺകിലു –
മാനന്ദലീനനായ്ത്തീരാതിരുന്നിടാ

ഈ നദീമാതൃകത്തിൽ സുലഭമായിട്ടുള്ളത് ഫലവൃക്ഷങ്ങളും പക്ഷിവൃന്ദങ്ങളും സസ്യലതാദികളും കാർഷിക വിളകളും മാത്രമല്ല, പിന്നെയോ

പല പൗരാണിക തറവാടുകളും തഴച്ചു വളർന്നിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. ആ സുദീർഘ ചരിത്രമാകട്ടെ, അനിഷേധ്യ വസ്തുതകളുടെയും പാരമ്പര്യങ്ങളുടെയും ഐതിഹ്യങ്ങളുടെയും തലമുറകളായി ചോർന്നു പോകാതെ കൈമാറിയിട്ടുള്ള അനുഭവങ്ങളുടെയും സംഭവങ്ങളുടെയും കഥകളുടെയും ബഹുത്വത്താൽ വേർതിരിച്ചെടുക്കാനാവാത്ത വിധം കെട്ടു പിണഞ്ഞു കിടക്കുകയാണ്. തായില്ലം കുടുംബത്തിന്റെ തായ്വേരിനെപ്പറ്റിയുള്ള അന്വേഷണം ആരംഭിക്കുമ്പോൾ ഒന്നാം നൂറ്റാണ്ടു മുതലുള്ള ധന്യമായ ക്രൈസ്തവ പാരമ്പര്യത്തെ മുറുകെപ്പിടിക്കുന്ന സംസ്ക്കാര സമ്പന്നരായ ജനസമുച്ചയങ്ങളുടെ ഒരു സുശക്ത കൂടാരമാണതെന്നു കണ്ടെത്താനാകും. അതിലേക്കു കടക്കുന്നതിനു മുമ്പ് പുരാതനമായ അയിരൂരിന്റെ പെരുമയിലേക്ക് ഒന്നു എത്തി നോക്കാം.

പഴയ തിരുവിതാംകൂറിന്റെ മധ്യഭാഗത്തെ തിരുവല്ലാ താലൂക്കിന്റെ കിഴക്കായി പത്തു ചതുരശ്ര മൈലിൽ ഒതുങ്ങി സ്ഥിതിചെയ്യുന്ന അയിരൂർ ഗ്രാമം സകല വിധത്തിലും ഫലസമൃദ്ധമായ ഒരു പ്രദേശമാണ്. പത്തനംതിട്ട താലൂക്കിന്റേയും തിരുവല്ലാ താലൂക്കിന്റെയും അതിരു തിരിച്ചത് സർക്കാരല്ല, പമ്പാനദിയാണ്. അടുത്തകാലത്ത് പാലങ്ങൾ വന്നതോടു കൂടി ഇരു താലൂക്കുകളും ജനങ്ങളും തമ്മിലുള്ള അകൽച്ച കുറഞ്ഞു എന്നു മാത്രമല്ല അക്കരയിലുള്ള കോഴഞ്ചേരി ഏതാണ്ട് അയിരൂർ നിവാസികളുടെയും തലസ്ഥാനമായിത്തീരുകയും ചെയ്തു. ഗ്രാമ മദ്ധ്യേ അവിടത്തെ പ്രഥമ പഠിത്തവീടായ ശ്രീമൂലപുരം പ്രൈമറി സ്കൂൾ നിർമ്മിക്കുന്നതിന് അസ്തിവാരം എടുത്തപ്പോൾ ചില ലോഹശകലങ്ങളും മനുഷ്യാസ്ഥികളുടെ അവശിഷ്ടങ്ങളും ഉൾക്കൊള്ളുന്ന ഏതാനും മൺകുടങ്ങൾ ലഭിച്ചു. അവ അയിരൂരിന്റെ പ്രാചീന ചരിത്രം നിശ്ശബ്ദമായി അറിയിക്കുകയായിരുന്നു എന്നതിനു പക്ഷാന്തരമില്ല. അതിപുരാതന കാലത്ത് അയിരൂരിൽ ജനങ്ങൾ പാർത്തിരുന്നു എന്നതിനുള്ള വ്യക്തമായ തെളിവുകളാണു ഈ മൺകുടങ്ങൾ. പഴയകാലങ്ങളിൽ മൃതശരീരങ്ങൾ വലിയ മൺകുടങ്ങളിൽ ഇറക്കി സംസ്ക്കരിക്കുന്ന പതിവ് പലയിടങ്ങളിലും ഉണ്ടായിരുന്നത്രെ. പിന്നീട് ഈ ചെറിയ സെമിത്തേരികളിൽ പല കാരണങ്ങളാൽ ജനവാസം ഇല്ലാതെയും വന്നിരിക്കും.

ഏദൻതോട്ടത്തിലെപ്പോലെ നദീതീരങ്ങളിൽ മനുഷ്യവാസം സുഖകരമായിരുന്നതിനാൽ പമ്പാനദി അലുക്കിട്ട അയിരൂർ കരകളിൽ പ്രകൃതി നൽകിയ സൗകര്യങ്ങൾ ആസ്വദിച്ചു കൊണ്ടു ആദ്യകാലത്തെ ജനങ്ങൾ പാർപ്പുറപ്പിച്ചിരിക്കണം.

നദീതീരങ്ങൾ പൊതുവെ സമതല പ്രദേശങ്ങളാണെങ്കിലും മറ്റു ഭാഗങ്ങളിൽ ചെറുകുന്നുകളും കാടും പാറകളും ഇന്നും ദൃശ്യമാണ്. അയിരൂർ

പ്രദേശത്തെ കുന്നുകളിൽ പ്രധാനപ്പെട്ടവ മതാപ്പാറ, കടിയൻ, അഴകവാക്കുഴി, ചിറപ്പുറം, പരക്കര, പള്ളിയറ, കാട്ടാത്താനിൽ എന്നിവയാണ്.

പ്രാചീനകാലത്തിന്റെ ഒരു പ്രത്യേക പശ്ചാത്തലത്തിൽ അയിരൂർ ഗ്രാമം ചരിത്രത്തിൽ കോവിലന്മാർ എന്ന പേരിൽ അറിയപ്പെട്ടവരുടെ തലവന്മാരാണു ഭരിച്ചു വന്നതെന്നു പറയപ്പെടുന്നു. ക്ഷേത്ര കാര്യാദികൾ അന്വേഷിക്കാൻ കോവിലന്മാർ എന്ന പേരോടു കൂടി പരശുരാമൻ നിയമിച്ചിരുന്ന സാമന്ത ക്ഷത്രിയന്മാർ ഇടപ്രഭുക്കന്മാരായിത്തീർന്നു എന്നാണു ഇവരെപ്പറ്റി ശങ്കുണ്ണി മേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നത്. തെക്കുംകൂർ രാജ്യത്തെ ഇത്തരം ഇടപ്രഭു ക്കന്മാരിൽ ഒരാൾ അയിരൂരിലും ചെന്നു ചേർന്നു എന്നാണു ഐതിഹ്യം. ഇവരെപ്പറ്റിയും വിശ്വസനീയമായ ചരിത്ര രേഖകൾ ഇല്ലെന്നുള്ളതിനു പക്ഷാന്തരമില്ല.

കോവിലന്മാർ നിഷ്ഠൂരമായ രീതിയിലാണു ഭരണം കൈകാര്യം ചെയ്തതെന്നും കാലചക്ര ഭ്രമണത്തിനിടയിൽ കോവിലന്മാരുടെ രക്ത പങ്കിലമായ ആധിപത്യം അവസാനിക്കുകയും അയിരൂർ ഗ്രാമം തിരുവിതാംകൂറിനോടു ചേർക്കപ്പെടുകയുമാണുണ്ടായതത്രെ.

അയിരൂർ ഗ്രാമത്തിനു ആ പേരു ലഭിച്ചതെങ്ങനെയെന്നതിനെ സംബന്ധിച്ചുള്ള പലരുടെ അനുമാനങ്ങൾക്കും ഊഹാപോഹങ്ങൾക്കും കൂട്ടിക്കുറയ്ക്കലിനും ബൗദ്ധികമായ കസർത്തുകൾക്കും പ്രശംസാവകാശ സ്ഥാപനത്തിനും തർക്ക വിതർക്കങ്ങൾക്കും ഇവിടെ സ്ഥലം അനുവദിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന തോന്നുന്നുമില്ല. ഒരു പേരിൽ എന്തിരിക്കുന്നു എന്ന ചോദ്യത്തിനു പ്രസക്തി ഉണ്ടെങ്കിലും പേരിന്റെ പേരിലുള്ള ഒരു പോരു കൊണ്ട് ആർക്കും ഒന്നും സാധിക്കാനില്ല. അതു ഗ്രാമവാസികളുടെ അനുദിന ജീവിത വ്യാപാരങ്ങളെ ഒരു വിധത്തിലും സ്പർശിക്കുന്നുമില്ലല്ലോ.

2

ക്രൈസ്തവരും തായില്ലം കുടുംബവും

ക്രിസ്തു വർഷാരംഭത്തിനു മുമ്പ് ബഹുദൈവവിശ്വാസികളുടെയും ബിംബങ്ങളെയും പ്രകൃതി ശക്തികളെയും ആരാധിക്കുന്നവരുടെയും അധിവാസ കേന്ദ്രമായിരുന്നു അയിരൂർ ഗ്രാമം എന്നു പറയപ്പെടുന്നു.

വിഗ്രഹാരാധനകൾക്കും അധാർമ്മിക ജീവിതത്തിനും വിരാമം ഇട്ടു കൊണ്ടു ക്രിസ്തുവിന്റെ സുവിശേഷം ലോകം എങ്ങും വ്യാപിച്ചു തുടങ്ങിയ ഒന്നാം നൂറ്റാണ്ടിൽ തന്നെ അയിരൂരിലും അത് എത്തി എന്നുള്ള വസ്തുതയെ ഇന്ന് അധികമാരും എതിർത്തു കാണുന്നില്ല. കേരളത്തിൽ എത്തിയ ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ പ്രവർത്തനം മൂലം ക്രിസ്തുമതം സ്വീകരിച്ചവരിൽ നിന്നാവണം ഇവിടെയും മതം പ്രചരിച്ചത്.

തായില്ലം കുടുംബത്തിന്റെ ആദ്യകാലത്തെപ്പറ്റി വ്യക്തമായ ചരിത്ര രേഖകൾ ലഭ്യമല്ലെന്നുള്ള വസ്തുത അംഗീകരിക്കുന്നതോടൊപ്പം ചരിത്രത്തേക്കാൾ ശക്തമായ ഐതിഹ്യങ്ങളും അറിവുകളും അന്യൂനം കൈമാറി വരുന്നതിനാൽ അവയിൽ ചരിത്രത്തിന്റെ അംശങ്ങൾ ഒട്ടും അടങ്ങിയിട്ടില്ലെന്നു സമർത്ഥിക്കാനും സാധ്യമല്ല. പാരമ്പര്യം എന്തായിരുന്നാലും കേരളത്തിൽ ഒന്നാം നൂറ്റാണ്ടിൽ തന്നെ മതപരിവർത്തനം ചെയ്യപ്പെട്ട ചില പ്രമുഖ കുടുംബങ്ങളുടെ പ്രശസ്ത തറവാടുകൾ, ഇല്ലങ്ങൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നു എന്നത് ആർക്കും അംഗീകരിക്കാതിരിക്കാനാവില്ല.

പ്രാചീന കാലങ്ങളിൽ അയിരൂരിൽ ഉണ്ടായിരുന്ന തായില്ലം, നടുവില്ലം, വൈരമന ഇല്ലം, ചെറുകര ഇല്ലം തുടങ്ങിയ പ്രമുഖ ബ്രാഹ്മണ കുടുംബങ്ങളെ ക്രിസ്തു മതത്തിലേക്ക് ആരാണു ആനയിച്ചതെന്നു ചരിത്രത്തിന്റെ പിൻബലത്തോടെ സ്ഥാപിക്കാൻ സാധ്യമല്ലെങ്കിലും ഒന്നാം ശതകം മുതൽ തന്നെ അയിരൂർ ഗ്രാമത്തിൽ ക്രൈസ്തവ കുടുംബങ്ങൾ പാർത്തിരുന്നു എന്ന വസ്തുത നാട്ടുകാരെല്ലാം പരമ്പരാഗതമായി വിശ്വസിച്ചു വരുന്നുണ്ട്. നിരണത്തും നിലയ്ക്കലും സുവിശേഷം അറിയിക്കുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്ത മാർത്തോമ്മാ ശ്ലീഹാ നിരണത്തു നിന്നു പമ്പയിലൂടെ നിലയ്ക്കലേക്കുള്ള യാത്രാമദ്ധ്യേ അയിരൂർ ഗ്രാമത്തിൽ എത്തിയെന്നും അവിടെയും സുവിശേഷം അറിയിച്ചു എന്നും ചില പ്രമുഖ കുടുംബങ്ങളെ സഭയിൽ ചേർത്തുവെന്നും മറ്റും വിശ്വസിക്കുന്നവരും ഇല്ലാതില്ല. അതേസമയം ഇത് ഒരു വിദൂര സാധ്യത മാത്രമാണെന്നും അഭിപ്രായമുണ്ട്.

സുവിശേഷ വെളിച്ചം ആരു കൊണ്ടു വന്നു എന്നതിനേക്കാൾ പ്രധാനം അതു ആദ്യശതകത്തിൽ തന്നെ പലരും സ്വീകരിച്ചു പ്രകാശിതരായി എന്നതാണ്. ക്രിസ്തുമതം സ്വീകരിച്ചവരും അല്ലാത്തവരും തമ്മിൽ അടിസ്ഥാനപരമായി മതവിശ്വാസ ഭിന്നതയുണ്ടായിരുന്നു എങ്കിലും നിത്യ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഇരു കൂട്ടരുടെയും ആചാരങ്ങളിലും ഏറെ സാമ്യമുണ്ടായിരുന്നു. പരസ്പര സ്നേഹ ബഹുമാനത്തിനും സഹവർത്തിത്വത്തിനും ഒട്ടും കോട്ടം സംഭവിച്ചുമില്ല.

പുരാതന കുടുംബങ്ങളിൽ തായില്ലത്തിനുള്ള പ്രാധാന്യം അന്നും ഇന്നും ആരും തന്നെ കുറച്ചു കാണുന്നില്ല. നാനൂറു വർഷം മുമ്പുള്ള കുടുംബങ്ങളുടെ ചരിത്രം ഇന്നും ഇരുളടഞ്ഞ അധ്യായങ്ങളാണ്. പതിനേഴാം ശതകത്തിനു ശേഷം വിദൂര സ്ഥലങ്ങളിൽ നിന്നു പല കുടുംബങ്ങളും ഇവിടെ കുടിയേറിപ്പാർത്തതായി ചരിത്രമുണ്ട്. അവയിൽ കുറവിലങ്ങാട്ടു നിന്നു വന്ന പകലോമറ്റം താഴമൺ കുടുംബം പൗരാണികത്വം പ്രശസ്തി എന്നിവയിൽ ഒന്നാം നിരയിൽ നില കൊള്ളുകയാണ്.

തായില്ലം കുടുംബത്തെപ്പറ്റി കേരള ക്രൈസ്തവ ചരിത്ര ഡയറക്ടറി (1939) പറയുന്നത്, തായില്ലം കുടുംബം മാർത്തോമ്മാ ശ്ലീഹായാൽ മതപരിവർത്തനം ചെയ്യപ്പെട്ട ഒരുന്നത ബ്രാഹ്മണ കുടുംബമാണെന്നത്രെ. ഇതു സംബന്ധിച്ചു കുടുംബ ചരിത്രത്തിൽ പറയുന്നതു ചുവടേ ചേർക്കുന്നു.

തായില്ലം കുടുംബത്തിലെ ചരിത്രരേഖകൾ എല്ലാം കാലാന്തരത്തിൽ നഷ്ടപ്പെട്ടു. ശേഷിച്ച കുറെ ലിഖിതങ്ങൾ തെരഞ്ഞെടുത്ത് ഭാഷാചരിത്ര ഗവേഷകനായിരുന്ന റ്റി. കെ. ജോസഫ് ബി. എ., എൽ. റ്റി. യുടെ പേർക്ക് അയച്ചു കൊടുത്തു. നാനനൂനം, തെക്കൻ മലയാണ്മ മുതലായ പുരാതന ലിപികളിൽ എഴുതിയ ഗ്രന്ഥവരികളിൽ പലതും അദ്ദേഹം ഭാഷാന്തരം ചെയ്തു. പിന്നീട് അവയുടെ ശരിപ്പകർപ്പ് മലയാള മനോരമയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു. ഈ പൂർവ്വരേഖകൾ കണ്ടെടുക്കുകയും പരിഭാഷപ്പെടുത്തിക്കയും പത്രത്തിൽ പ്രസിദ്ധീകരിപ്പിക്കുകയും ചെയ്തത്. ടി. എസ്. ഗീവർഗീസ് ബി. എ. എൽ. റ്റി. ആണ്. കൊല്ലവർഷം 800 മുതലുള്ള ചരിത്രവും വംശാവലിയും ലഭിച്ചിട്ടുണ്ട്.

തായില്ലം കുടുംബത്തിൽ ആദ്യം അറിയപ്പെട്ടിരുന്ന വ്യക്തി ഇരുപ്പൂട്ടിയാണ്. അദ്ദേഹം താമസിച്ചിരുന്ന സ്ഥലം ചെറുകോൽപ്പുഴ നിന്നു 1.5 കിലോമീറ്റർ പടിഞ്ഞാറുമാറി തറയിലേത്ത് എന്നറിയപ്പെടുന്നു. പ്രസ്തുത സ്ഥലത്ത് കുടുംബത്തിന്റെ പേര് എക്കാലവും നിലനിർത്തുവാൻ തായില്ലം സ്തംഭം സ്ഥാപിച്ചിട്ടുണ്ട്. അതിൽ പിൻതലമുറക്കാരായ ഒൻപതു തലമുറയിലുള്ള എല്ലാ പിതാക്കന്മാരുടെയും പേരുകൾ ആലേഖനം ചെയ്തിട്ടുണ്ട്. പിൻതലമുറകൾക്ക് ഇതൊരു മുതൽകൂട്ടു തന്നെയായിരിക്കും. തായില്ലത്ത്

ഇരുപ്പൂട്ടിയുടെ ഏക മകൻ തായില്ലത്ത് ശോമൻ ആണ്. അദ്ദേഹത്തിന്റെ ഏക മകൻ ഇരുപ്പൂട്ടി. അദ്ദേഹം അക്കാലത്തെ വിദ്യാഭ്യാസത്തിന് ശേഷം പിതാവിനോടു കൂടി പിതൃകുടുംബത്തിൽ താമസിച്ചു. ഇദ്ദേഹത്തിന് ശോമൻ, മാത്തുണ്ണി, ഇരുപ്പൂട്ടി എന്നീ മൂന്നു പുത്രന്മാർ ജനിച്ചു. വിദ്യാഭ്യാസത്തിന് ശേഷം ശോമൻ വിവാഹം കഴിച്ച് പുലിമേത്തേത്തും, മാത്തുണ്ണി വിവാഹം കഴിച്ച് പിഴാതിലും, ഇരുപ്പൂട്ടി വിവാഹം കഴിച്ച് പിതൃ കുടുംബത്തിലും താമസിച്ചു. ഇരുപ്പൂട്ടിയും പുത്രകളത്രാദികളും ചേർന്നതാണ് തായില്ലം ശാഖാ കുടുംബം. പീഴാതിൽ മാറി താമസിച്ച മാത്തുണ്ണിയും പുത്രകളത്രാദികളും ചേർന്നതാണ് പിഴാതിൽ ശാഖ. പുലിമേത്തേത്ത് മാറി താമസിച്ച ശോമനും പുത്രകളത്രാദികളും ചേർന്നതാണ് ബാക്കിയുള്ള ഏഴ് ശാഖകൾ.

ശോമൻ പുലിമേത്തേത്തു വീട്ടിൽ മാറി താമസിച്ച സ്ഥലം കോവിലന്മാരോട് ആധാരവഴിക്കു വാങ്ങിയതാണ്. പ്രസ്തുത ശോമന് യഥാക്രമം ശോമൻ, രാമച്ചൻ എന്നു വിളിച്ചു വന്ന ചാക്കോ, ഇരുപ്പൂട്ടി എന്നിങ്ങനെ മൂന്നു പുത്രന്മാർ ജനിച്ചു. ഇവരിൽ ഒന്നാമനായ ശോമൻ വിവാഹാനന്തരം പണിക്കന്റേത്തു വീട്ടിൽ മാറി താമസിച്ചു. ഇദ്ദേഹത്തിന്റെ സന്താനപരമ്പരകൾ ഉൾപ്പെട്ടതാണ് പണിക്കന്റേത്തു കുടുംബം. ദ്വിതീയ പുത്രൻ ചാക്കോ വിവാഹാനന്തരം കോടിയാട്ടു മാറി താമസിച്ചു. ടിയാന്റെ സന്താനപരമ്പരകൾ ഉൾപ്പെട്ടതാണ് കോടിയാട്ടു കുടുംബം. തൃതീയ പുത്രൻ മൈലപ്രതുണ്ടിയിൽ നിന്നു വിവാഹം കഴിച്ച് പിതൃകുടുംബമായ പുലിമേത്തേത്തു വീട്ടിൽ താമസിച്ചു.

കാലാന്തരത്തിൽ കോവിലന്മാർ ആവശ്യപ്പെട്ടതനുസരിച്ച് പുലിമേത്തേത്തു പുരയിടം ഗൃഹസമേതം ഒഴിഞ്ഞു കൊടുക്കേണ്ടതായി വന്നു. താമസംവിനാ അവരുടെ അധിവാസത്തിന് വാനേത്തു പുരയിടം ലഭിച്ചു. വാനേത്ത് ഇരുപ്പൂട്ടിക്ക് ശോമൻ, ഇടുക്കിള, ഇട്ടിമാത്തൻ എന്നിങ്ങനെ മൂന്നു പുത്രന്മാർ ജനിച്ചു. ഇവരിൽ പ്രഥമനായ ശോമനും സന്താന പരമ്പരകളും ചേർന്നതാണ് സുപ്രസിദ്ധമായ തെങ്ങുംതോട്ടത്തിൽ കുടുംബം. ദ്വിതീയ പുത്രൻ ഇടുക്കുളയും, പുത്രപൗത്രാദികളും അടങ്ങിയതാണ് കൈപ്പള്ളിൽ കോളാകോട്ടു കുടുംബം; തൃതീയ പുത്രൻ ഇട്ടിമാത്തനും ഭാവി തലമുറകളും കൂടിയതാണ് വാനേത്തു കുടുംബം.

വാനേത്ത് ഇരുപ്പൂട്ടിയുടെ സീമന്തപുത്രൻ ശോമൻ നെടുമ്പ്രയാർ പാറയ്ക്കാമണ്ണിൽ നിന്നു വിവാഹം കഴിച്ചു. വിവാഹാനന്തരം തെങ്ങുംതോട്ടത്തിൽ പുരയിടം വാങ്ങി അവിടെ താമസമാക്കി. പുതിയ വാസസ്ഥലം അക്കാല സ്ഥിതിയ്ക്ക് പല പ്രകാരത്തിൽ സൗകര്യപ്രദമായിരുന്നു. ചെറുകോൽപ്പുഴ കടവിൽ നിന്നു ഒരു കിലോമീറ്റർ വടക്കോട്ടു നടന്നാൽ തെങ്ങുംതോട്ടത്തിൽ എത്തും. പുരയിടത്തിന്റെ വടക്കു ഭാഗത്തു പാടവും, തോടും ഉള്ളതിനാൽ ചേരിക്കൽ കൃഷിക്കും, നിലം കൃഷിക്കും പുതിയ വാസ

സ്ഥലം കൂടുതൽ സൗകര്യപ്രദമായിരുന്നു. പാടവും അതിന്റെ മദ്ധ്യത്തിൽ കൂടി പ്രവഹിക്കുന്ന 'വലിയതോടും' മത്സ്യം പിടിക്കുന്നതിന് പറ്റിയ സ്ഥാനങ്ങളാണ്. എല്ലാറ്റിനും പുറമെ കുടുംബജീവിതത്തെ സൗഭാഗ്യകരമാക്കുന്ന പ്രകൃതി സൗന്ദര്യത്താൽ അനുഗൃഹീതവുമായിരുന്നു. കുടുംബനായകനായ ശോമന്റെ നേരും, നെറിയും നാട്ടിൽ വിശ്രുതമാകുകയും "നേരുള്ള തെങ്ങുംതോടൻ" എന്ന അപരാഭിധാനം നേടുകയും ചെയ്തു.

തരകൻ സ്ഥാനം

പ്രാചീന കാലങ്ങളിൽ നാടുവാഴികളും ഇടപ്രഭുക്കന്മാരും അവരവരുടെ അധികാര സീമയിൽ അധിവസിച്ചു കൊണ്ടിരുന്ന പ്രതിഭാശാലികളിൽ ചിലർക്ക് രാജഭക്തിയൊ, രാജ്യസ്നേഹമോ പരിഗണിച്ച് ഉചിതമായ സ്ഥാനമാനങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. പുരാതന ചരിത്രരേഖകൾ പരിശോധിച്ചാൽ പല നസ്രാണി പ്രമാണികൾക്ക് തരകൻ, മുതലാളി, മാപ്പിള, പണിക്കർ മുതലായ സ്ഥാനങ്ങൾ നൽകിയിട്ടുള്ളതായി കാണാം. സംസ്ക്കാര സമ്പന്നനായിരുന്ന ശോമന് സമകാലീനനായിരുന്ന നാടുവാഴിയിൽ നിന്നു 'തരകൻ' സ്ഥാനം ലഭിച്ചതായിട്ടാണ് വിശ്വസിക്കുന്നത്. അക്കാലം മുതൽ തെങ്ങുംതോട്ടത്തിൽ ശോമനെ നസ്രാണികൾ ഏവരും "തരകനപ്പൂപ്പൻ" എന്ന് സംബോധന ചെയ്തു തുടങ്ങി. തരകന്റെ സത്യസന്ധതയും പരോപകാരതൽപരതയും അനന്യസാധാരണമായിരുന്നു. സംസ്ക്കാര സമ്പന്നനായിരുന്ന തരകൻ സ്വകുടുംബ കാര്യങ്ങൾ വേണ്ടവിധം നിർവഹിച്ചിരുന്നു. നിലംപുരയിടങ്ങളും, ആളടിയാരും, വെങ്കല പാത്രങ്ങളും, കന്നുകാലികളേയുമെല്ലാം ആവശ്യാനുസരണം സമ്പാദിച്ചു. ഇദ്ദേഹത്തിന്റെ പ്രഥമ പുത്രന്റെ പേര് ഇരുപ്പുട്ടി അഥവാ എബ്രാഹാം എന്നായിരുന്നു. പുത്രന്റെ ബാല്യദശയിൽ മാതാവ് ദേഹവിയോഗം ചെയ്തു. തന്നിമിത്തം തരകൻ വഞ്ചിത്ര വലിയ തുണ്ടിയിൽ നിന്നു മറിയാമ്മ പുനർവിവാഹം ചെയ്തു. ഈ സഹധർമ്മിണി തരകന് സർവ്വത്ര അനുരൂപയായ ഒരു കുടുംബ റാണിയായിരുന്നു. തരകന്റെ പുനർ വിവാഹത്തിൽ രണ്ടു പുത്രന്മാർ ജനിച്ചു. ഒന്നാമന് ശീമോൻ എന്നും രണ്ടാമന് തർയ്യൻ എന്നും പേരിട്ടു. പുത്രന്മാർ മൂന്നു പേരും കാലാനുസരണം വിദ്യാഭ്യാസം ചെയ്തു. സീമന്തപുത്രൻ ഇരുപ്പുട്ടി മല്ലപ്പള്ളി കയ്യാലത്തു കുടുംബത്തിൽ നിന്നു ഇളച്ചാരമ്മയെ വിവാഹം ചെയ്തു. വിവാഹാനന്തരം കുരുടാമണ്ണിൽ വീട്ടിലേക്ക് ഇരുപ്പുട്ടി കുടുംബസഹിതം മാറി താമസിച്ചു. പ്രസ്തുത ഇരുപ്പുട്ടിയുടെ സന്താന പരമ്പരകളാണ് കുരുടാമണ്ണിൽ ശാഖാകുടുംബം. തരകന്റെ ദ്വിതീയ പുത്രൻ ശീമോൻ തുമ്പമൺ വടക്കേടത്തു കുടുംബത്തിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. വടക്കേടത്തു കുടുംബത്തിൽ പൗരോഹിത്യ പിൻതുടർച്ച ഉണ്ടായിരുന്നു. പ്രസ്തുത ശിമോൻ സ്വമാതാപിതാക്കളോടു കൂടി തെങ്ങുംതോട്ടത്തിൽ കുടുംബ

ത്തിൽ താമസിച്ചു. ഇദ്ദേഹത്തിന്റെ സന്താനപരമ്പരകളാണ് തെങ്ങുംതോട്ടത്തിൽ കുടുംബം. വടക്കേടത്തു മറിയാമ്മയെപ്പറ്റി പറഞ്ഞു കേട്ടിട്ടുള്ള ഒരു കാര്യമാണ് ഇവിടെ രേഖപ്പെടുത്തുന്നത്. ബാല്യത്തിൽ കാൽ തളർന്നിരുന്നതിനാൽ നടക്കുവാൻ സാധിച്ചിരുന്നില്ല. പിതാവ് എടുത്താണു പള്ളിയിൽ കൊണ്ടു പോയിരുന്നത്. കൗമാരപ്രായം വരെയും പല ചികിത്സകൾ നടത്തിയിട്ടും ഫലം ഒന്നുമുണ്ടായില്ല. ഒടുവിൽ ദുഃഖിതനായ പിതാവ് പള്ളിയിൽ 40 ദിവസം ഉപവാസം ഇരിക്കുകയും, 40-ാം ദിവസം കുർബ്ബാന മദ്ധ്യേ 'മകളേ എഴുന്നേൽക്കുക' എന്നു പറഞ്ഞ് കൈക്ക് പിടിച്ച് ഉയർത്തി നടത്തിക്കുകയും ചെയ്തു. സുഖം പ്രാപിച്ച ആ മകളാണ് തെങ്ങുംതോട്ടത്തിൽ ശോമൻ തരകന്റെ ദ്വിതീയ പുത്രൻ ശീമോന്റെ സഹധർമ്മിണിയായത്.

3

ശീമോൻ അബ്രഹാം കോർഎപ്പിസ്കോപ്പാ

തെങ്ങുംതോട്ടത്തിലെ പ്രശസ്തനായ ശോമൻ തരകന്റെ പൗത്രനും ശീമോന്റെ നാലു പുത്രന്മാരിൽ ഇളയവനുമായ അബ്രഹാം കോർഎപ്പിസ്കോപ്പായാണു കുടുംബത്തിലെ പ്രഥമ വൈദികൻ. മലങ്കര സഭയിൽ വലിയ കോളിളക്കങ്ങൾ ഉണ്ടായ ഒരു കാലഘട്ടം. അച്ചന്റെ ജീവകാലം 1848 മുതൽ 1912 വരെ ആയിരുന്നു. സഭയിലെ പുരാതന വിശ്വാസികളും നവീകരണക്കാരും തമ്മിലുള്ള അസുഖകരമായ സംഘർഷം ഒഴിവാക്കാനുള്ള നീക്കങ്ങളുടെ ഭാഗമായിട്ടാണു തെങ്ങുംതോട്ടത്തിൽ വീട്ടിൽ ചേർന്ന കുടുംബാംഗങ്ങളുടെ യോഗം ശീമോൻ അബ്രഹാമിനു വൈദികപട്ടം കൊടുപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തത്. കൂടാതെ കോഴഞ്ചേരിപ്പള്ളിയിലും അയിരൂർ പഴയ പള്ളിയിലും നടന്നുവന്ന അസ്വീകാര്യമായ പുരോഹിത മേധാവിത്വം, അസ്വസ്ഥതകൾ എന്നിവയുടെ പശ്ചാത്തലത്തിൽ തർക്കവിതർക്കങ്ങൾക്ക് ഇടനൽകാതെ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കാൻ വേണ്ടി ഒരു പട്ടക്കാരനെ വാഴിക്കുന്നതിനും പുതിയ പള്ളി സ്ഥാപിക്കുന്നതിനും പ്രസ്തുത യോഗം തീരുമാനിക്കുകയാണുണ്ടായത്. യുയാക്കിം മാർ കൂറിലോസാണു ശീമോൻ അബ്രഹാമിനു ശെമ്മാശു പട്ടം നൽകിയത്.

അയിരൂരിൽ അന്നു നിലനിന്നിരുന്ന സഭാന്തരീക്ഷം അല്പമെങ്കിലും മനസ്സിലാക്കാതെ ഇനി മുന്നോട്ടു പോകാനാവില്ല. അയിരൂർ ദേശത്ത് അന്ന് പുരാതന ക്രിസ്ത്യാനികളല്ലാതെ മറ്റു വിഭാഗക്കാർ ആരും ഇല്ലായിരുന്നു. തലപ്പള്ളിയായ കോഴഞ്ചേരിപ്പള്ളിയിൽ നിന്നു പിരിഞ്ഞ് കുറെയാളുകൾ അയിരൂർ പഴയ പള്ളി സ്ഥാപിച്ച് ആരാധന നടത്തിപ്പോന്നു. അയിരൂർ താഴമൺ കുടുംബത്തിന്റെ ഒരു ശാഖയായ ചെറുകര അച്ചന്മാരായിരുന്നു പുരോഹിതർ. അക്കാലത്ത് ചെറുകര അച്ചൻ പഴയ സെമിനാരിയിൽ മല്പാനായിരുന്നു. പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ കുടുംബവുമായി വിവാഹബന്ധവും ഉണ്ടായിരുന്നു. ചെറുകര അച്ചന്റെ മകൻ ഫീലിപ്പോസ് അച്ചൻ, മർത്തോമ്മാ സഭയിൽ അയിരൂർ അച്ചൻ എന്ന് അറിയപ്പെട്ടിരുന്നു. വൈകാതെ അയിരൂർ നവീകരണ പ്രസ്ഥാനത്തിന്റെ ഒരു പ്രധാന കേന്ദ്രമായി. ചെറുകര അച്ചന്മാരുടെ മേധാവിത്വവും നവീകരണത്തോടുള്ള കൂറും പാലക്കുന്നത്തു മെത്രാച്ചന്റെ ബന്ധുക്കൾ എന്ന ഭാവവും മറ്റും അയിരൂർ പ്രദേശത്തെ പല പ്രധാന കുടുംബക്കാർക്കും നവീകരണത്തോടു പൊരുത്തപ്പെടാനാകാത്ത ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചു.

തന്മൂലം അയിരൂർ പ്രദേശത്ത് ചെറുകരക്കാരെ കൂടാതെ - നവീകരണ വിരുദ്ധരായ മൂന്നു പുരോഹിതന്മാർ ഉണ്ടായി. മാവേലിൽ അച്ചൻ, ചെമ്പോത്രയിൽ അച്ചൻ, തെങ്ങുംതോട്ടത്തിൽ അച്ചൻ.

തെങ്ങുംതോട്ടത്തിൽ അച്ചനും തെങ്ങുംതോട്ടത്തിലെ മറ്റു ശാഖക്കാരും കുരുടാമണ്ണിൽ ശാഖക്കാരും പാലക്കുന്നത്തുകാരും ചെറുകരക്കാരുമായി ബന്ധുത ഇല്ലാത്തവരും തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാരോടു ചേർന്ന് മതാപ്പാറപ്പള്ളി സ്ഥാപിച്ചു പുരാതന വിശ്വാസത്തിൽ നിന്നു.

കുറുന്തോട്ടത്തിക്കാർ കിടങ്ങനേത്തുകാർ മുതലായ കുറെ കുടുംബങ്ങൾ പഴയ പള്ളിയിൽ പുരാതന വിശ്വാസികളായി തുടർന്നു. പിൽക്കാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ പള്ളി നശിക്കുകയും നവീകരണക്കാരും പൂർവ്വിക വിശ്വാസികളും തമ്മിൽ ഉണ്ടാക്കിയ ഒരു ഒത്തുതീർപ്പിന്റെ ഫലമായി പള്ളി സ്വത്തുക്കൾ വിഭജിക്കുകയും പഴയ പള്ളിയും സ്വത്തുക്കളും പൂർവ്വിക വിശ്വാസികൾക്കും തൊട്ടടുത്തുള്ള വേറെ വസ്തു നവീകരണക്കാർക്കും ലഭിച്ചു. അവിടെ നവീകരണക്കാർ സെഹിയോൻ പള്ളി സ്ഥാപിച്ചു. പഴയ പള്ളി പുനരുദ്ധരിച്ചു. അത് ചെമ്പോത്ര അച്ചന്റെ അധീനതയിലായി.

മാവേലിൽ അച്ചൻ വേലൻ പടിക്കടുത്ത് തടീത്ര പള്ളി (മാർ ബഹനാൻ പള്ളി) സ്ഥാപിച്ചു. അദ്ദേഹത്തിന്റെ കാലശേഷം കുറ്റിക്കണ്ടത്തിൽ അലക്സാണ്ടർ കത്തനാരുടെ അധീനതയിലായിരുന്നു.

നവീകരണക്കാരോടു കൂടി നിന്നിരുന്ന കുരുടാമണ്ണിൽ കുടുംബത്തിലെ ചിലർക്കെങ്കിലും മനപ്പൊരുത്തം ഇല്ലായിരുന്നത്രെ.

തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാർ മതാപ്പാറപ്പള്ളി സ്ഥാപിക്കുകയാലും കുരുടാമണ്ണുകാർ അധിവസിക്കുന്നത് അതിന് അടുത്താകയാലും തെങ്ങുംതോട്ടത്തിൽ അച്ചൻ അവരുടെ സ്വന്തം കുടുംബത്തിൽപ്പെട്ടതായിരുന്നതിനാലും ഈ പുതിയ പള്ളിയുടെ സ്ഥാപനം നവീകരണനേതാക്കന്മാർക്ക് പരിഭ്രാന്തിയുളവാക്കിയിരിക്കണം. നവീകരണക്കാരുടെ പള്ളി ചെറുകോൽ പുഴ പടിഞ്ഞാറായതിനാൽ തൊട്ടടുത്തുള്ള ഫസ്റ്റ് കസിന്റെ മതാപ്പാറപ്പള്ളിയിലേക്ക് കുരുടാമണ്ണിൽക്കാർ ചേർന്നേക്കുമെന്ന് അവർ കരുതി. തുടർന്ന് ഒട്ടും താമസിയാതെ തന്നെ മതാപ്പാറപ്പള്ളിയുടെ തൊട്ടടുത്ത് നവീകരണക്കാർ ശാലേം മാർത്തോമ്മാ പള്ളി സ്ഥാപിച്ചു. നവീകരണവിഭാഗം, പൂർവ്വികവിശ്വാസത്തിലേക്കു തിരികെ പോകുന്നതിനെ ഇപ്രകാരം തടയിടുവാൻ അയിരൂർ അച്ചന് സാധിച്ചു.

4

മതാപ്പാറപ്പള്ളി സ്ഥാപന ശ്രമം

മതാപ്പാറപ്പള്ളി സ്ഥാപിച്ചതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

മതാപ്പാറപ്പള്ളിയുടെ സ്ഥാപനാനുമതിക്കു വേണ്ടി അയച്ച അപേക്ഷ ഇവിടെ സംഗതമാണല്ലോ:

കൊല്ലം ഡിവിഷൻ കച്ചേരി സമക്ഷം മുമ്പാകെ, തിരുവല്ലാ മണ്ഡപത്തും വാതുക്കൽ ചേർന്ന അയിരൂർ പ്രവൃത്തിയിൽ താഴെ പേരെഴുതി കൈയ്യൊപ്പിട്ടിട്ടുള്ള ആളുകൾ ബോധിപ്പിക്കുന്ന ഹർജി.

ഞങ്ങളുടേയും മറ്റും ആത്മീയ ദിഷ്ടതികൾ കുറച്ചു മുമ്പിനാലെ നടത്തിവരുന്ന അയിരൂർ പള്ളി 1057 ലെ വെള്ളപ്പൊക്കത്തിൽ ഭിത്തി ഇടിഞ്ഞ് പള്ളി വീണ് ശൂന്യമായിരിക്കുന്നതും ഇടവകജനങ്ങൾ തമ്മിൽ പരിഷ്യാചാര മര്യാദകളെക്കുറിച്ച് ഭിന്നിച്ച് തർക്കം മുഴുത്തിരിക്ക നിമിത്തം ആർക്കും പള്ളി പൂർവ്വസ്ഥിതിയിൽ വരുത്തുവാൻ പാടില്ലാതെയും ഭക്തിഹീനമായ മുറയ്ക്ക് വെറും വെട്ടിക്കെട്ടിൽ പ്രയാസത്തോടുകൂടെ ആവശ്യപ്പെട്ടു കർമ്മാദികൾ നടത്തിവരുന്നു. ഞങ്ങൾ ഹർജിക്കാരും ഞങ്ങളോടു ചേർന്ന്

മറ്റു പലരും മേൽപ്പറഞ്ഞ പള്ളിസ്ഥലത്തുനിന്നും രണ്ടും നാലും നാഴി കയ്ക്കു മേൽ കുടിപാർപ്പും അപ്പപ്പോഴുണ്ടാകുന്ന ദിഷ്ടതികൾ എല്ലാം ശരിയായി നടത്തിപ്പോരുന്നതിന് വളരെ പ്രയാസവും ദുഃഖവും ആയിരി ക്കുന്നതുകൊണ്ടും അയിരൂർ പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ മതാ പ്പാറ പുരയിടത്തിൽ ഒരു പള്ളി വച്ച് സങ്കടക്കാരായ ഞങ്ങൾ മുതൽപ്പേ രുടെ ആത്മീയാവശ്യ അടിയന്തിരങ്ങൾ മുമ്പിനാലെ ഉള്ള പ്രകാരം കിഴ ക്കിനടുത്ത സഭയുടെ ക്രമങ്ങൾ പ്രയാസവും ദുഃഖവും കൂടാതെ നടത്തി ക്കുന്നതിന് മണ്ടപത്തും വാതുക്കലേക്ക് ഉത്തരവ് അയച്ചതും വിവരത്തിന് ഇണ്ടാസ് ഉത്തരവ് തന്നും രക്ഷിപ്പാറാകണമെന്നപേക്ഷിക്കുന്നു.

കുന്നംകുഴിയിൽ ശീമോൻ ശീമോൻ (ഒപ്പ്)
മംഗലത്തുകുളത്തിൽ ഉമ്മൻ ഇരുപ്പൂട്ടി (ഒപ്പ്)
കടിയംകുന്നിൽ പീലിപ്പോസ് ശീമോൻ (ഒപ്പ്)
പണിക്കന്റേത്ത് ഇരുപ്പൂട്ടി തോമ്മാ (ഒപ്പ്)

1068-ാമാണ്ട് തുലാമാസം 23-ാം തീയതി

ഇതിലേക്ക് മുറയ്ക്ക് തഹസീൽദാരുടെ പക്കൽ അപേക്ഷിക്കേണ്ടതാ കുന്നു എന്ന് കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നും 1-4-68 ൽ 1249-ാം നമ്പരായി ഇണ്ടാസ് ലഭിക്കുകയും അതനുസരിച്ച് വീണ്ടും അപേക്ഷിക്കു കയും അതിന്മേൽ പള്ളിക്ക് അനുവാദം നല്കിക്കൊണ്ട് താഴെ ചേർക്കുന്ന അറിയിപ്പ് ലഭിക്കുകയും ചെയ്തു.

അയിരൂർ പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ കുന്നംകുഴിയിൽ ശിമോൻ ശിമോൻ മുതൽപ്പേരെ തെര്യപ്പെടുത്തുന്നത്.

നിങ്ങൾ കർമ്മാദികൾ നടത്തിവന്നിരുന്ന അയിരൂർ പള്ളി 1057-ലെ വെള്ളപ്പൊക്കത്തിൽ വീണു ചേതപ്പെട്ടു പോകയാൽ കർമ്മാദികൾ നട ത്തുന്നതിന് വളരെ പ്രയാസവും ദുഃഖവും നേരിട്ടിരിക്കുന്നതായും കോറ്റാ ത്തൂർ മുറിയിൽ മതാപ്പാറ പുരയിടത്തിൽ ഒരു പള്ളി സ്ഥാപിച്ച് കർമ്മാദി കൾ നടത്തുന്നതിലേക്ക് അനുവാദം കൊടുക്കണമെന്നും അപേക്ഷിച്ച തിനെപ്പറ്റി വിചാരണ നടത്തിയതിൽ മതാപ്പാറ പുരയിടം കൈപ്പള്ളിൽ കോളാകോട്ട് വറീതു കോരുതു പേരിൽ 1065-ാമാണ്ട് പാറക്കൂട്ടത്തിൽ എന്ന പേരു പറഞ്ഞ് പുതുവൽപാട്ടം പതിഞ്ഞിട്ടുള്ളതും ആ പേരുകാരൻ മുതൽ പേരോട് തെങ്ങുംതോട്ടത്തിൽ ശോമൻ അബ്രഹാം കത്തനാരുടെ പേർക്ക് രജിസ്റ്റർ മൂലം വിലയെഴുതി വാങ്ങിയിരിക്കുന്നതും ആകുന്നു എന്നും തീറാ ധാരം ബോധപ്പെടുത്തിയും ഈ പുരയിടത്തിൽ പള്ളി വയ്ക്കുന്നതിലേക്ക് സമ്മതിച്ചും അബ്രഹാം കത്തനാരും, അതിനനുസരണമായി പേരിൽ പതി വുകാരൻ, തടസ്സർ, അയൽക്കാറര് ഇവരും എഴുതിവച്ചിട്ടുള്ള മൊഴി മുത ലായത് അയച്ച് എഴുതി ബോധിപ്പിച്ച് എഴുതിചെന്ന് എഴുതി അയച്ചിരു

ന്നതിനനുസരിച്ച് കല്പന പ്രകാരം കൊട്ടാരം സർവ്വാദികാര്യക്കാറരു 1932 -ാമതു നമ്പ്രിൽ ഇടവമാസം 29നു എഴുതിയ സാധനം ചെന്ന് അതിന്മണ്ണം പള്ളി വയ്ക്കുന്നതിനനുവദിച്ചിരിക്കുന്ന വിവരം തെര്യെപ്പെടുത്തുന്നതിന് എഴുത്തയച്ച് ശട്ടം കെട്ടിക്കൊള്ളണമെന്ന് ജമാവന്തിവക 5981-ാമത് നമ്പ്രിൽ ആനിമാസം 5-ാം തീയതി എഴുതിയ സാധനത്തെപ്പറ്റി 747-ാമതു നമ്പ്രിൽ 10-ാം തീയതി എഴുതി അയച്ച ഉത്തരവിൻ പ്രകാരം 479-ാമതു നമ്പ്രിൽ ഈ മാസം 13-നു എഴുതിവന്നിരിക്ക കൊണ്ട് വിവരം തെര്യെപ്പെടുത്തി യിരിക്കുന്നു. എന്ന് 1068-ാമാണ്ട് ആനിമാസം 15-ാം തീയതി അയിരൂർ പ്രവൃത്തിയിൽ പാർവത്യം നാരായണപിള്ള (ഒപ്പ്)

പള്ളി സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് ഒരു താൽക്കാലിക കെട്ടിടമുണ്ടാക്കി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനപ്രകാരം 1070 മകരം 26-ാം തീയതി ചെങ്ങന്നൂർ പൂവത്തൂർ യാക്കൂബ് കത്തനാർ, മാവേലിൽ ഗീവറുഗീസ് കത്തനാരുടെ സഹകരണ ത്തിൽ കുരിശ് വച്ച് വി. കുർബ്ബാന അർപ്പിച്ചു.

കാലതാമസമെന്യേ പുതിയ പള്ളിക്കെട്ടിടത്തിന്റെ പണി ആരംഭിച്ചു. എട്ടു ദശാബ്ദം മുമ്പുള്ള യാത്രാ സൗകര്യം ചിന്തനീയമാണല്ലോ. പള്ളി യിൽ എത്തുന്നതിനുള്ള വഴി ദുർഘടപൂർണ്ണമായിരുന്നു. ആവശ്യമായ വെട്ടുകല്ല് ആവേലിക്കുഴിയിൽ നിന്നു തലച്ചുമടായി കൊണ്ടുവരികയാ ണുണ്ടായത്. കൂടാതെ കരിങ്കല്ലുകൊണ്ടുള്ള പാലതിരിയും ആവശ്യമായ തടിയും, മണലും, കുമ്മായവും എല്ലാം ചുമന്നു കൊണ്ടുവരികയായിരുന്നു. അതിന് ഇടവക ജനങ്ങൾ - അവരുടെ സംഖ്യ പരിമിതമായിരുന്നു. പ്രദർശി പ്പിച്ച ഉത്സാഹവും കഠിനാദ്ധ്വാനവും എത്ര പ്രശംസിച്ചാലും മതിയാവാത്ത വിധം വിലപ്പെട്ടതാണ്. കൂലി കൊടുത്ത് പണി ചെയ്യിക്കാനുള്ള സാമ്പ ത്തിക കഴിവില്ലായിരുന്നു. ആശാരി, കല്ലാശ്ശാരി മുതലായവർക്ക് ഭക്ഷണം ഓരോ വീട്ടിൽനിന്നും തയ്യാറാക്കി പള്ളിയിൽ കൊണ്ടുവന്നു കൊടുക്കു കയായിരുന്നു. ഒരാൾ പൊക്കം മാത്രമുള്ള വളച്ചുവാതിലും ഇടുങ്ങിയ ജന്നലുകളുമായിട്ടാണ് പള്ളി പണി തീർത്തത്. തൽക്കാല മേൽക്കൂരയു ണ്ടാക്കി ഇടവകജനങ്ങൾ ഓല കൊണ്ടുവന്ന് മേയുക പതിവായിരുന്നു. ഏതാനും വർഷങ്ങൾക്കകം മേൽക്കൂര ശരിയാക്കുകയും ഓടുമേയുകയും ചെയ്തു. എന്നാൽ ഭിത്തിയുടെ വെള്ളതേപ്പ് നടത്തിക്കുന്നതിന് വല്യച്ചന്റെ ജീവിതകാലത്ത് സാധിച്ചില്ല. പുതിയ പള്ളിയുടെ ത്രോണോസിന്റെ ശിലാ സ്ഥാപനം 1072 മകരം 27 ന് പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി യാണു നിർവ്വഹിച്ചത്. അന്നുതന്നെ ശീമോൻ അബ്രഹാം കത്തനാർക്കു കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകുകയും ചെയ്തു.

അക്കാലത്ത് ജീവിച്ചിരുന്ന സുറിയാനി പണ്ഡിതന്മാരിൽ ഒരാളായിരുന്നു പറവേലിത്തുണ്ടിയിൽ പീലിപ്പോസ് കത്തനാർ. അദ്ദേഹം സ്വദേശത്തു താമസിച്ച് പള്ളിക്കാര്യങ്ങൾ നിർവ്വഹിക്കുകയും ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് അദ്ദേഹത്തെ കോട്ടയം സുറിയാനി സെമിനാരിയിലെ ഒരു മല്പാനായി നിയമിച്ചു. പീലിപ്പോസ് മല്പാനച്ചന് തെങ്ങുംതോട്ടത്തിൽ അബ്രഹാം ശെമ്മാശനെപ്പറ്റി വലിയ താല്പര്യവും വാത്സല്യവും ജനിച്ചു. ശെമ്മാശൻ സ്വമാതുലനായിരുന്ന തുമ്പമൺ വല്യച്ചന്റെ കൂടെ താമസിച്ച് സുറിയാനി പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. തൽക്കാലം ആ അഭ്യസനം അവസാനിപ്പിച്ച് അബ്രഹാം ശെമ്മാശനെ കോട്ടയം സെമിനാരിയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതിനു പീലിപ്പോസ് മല്പാനച്ചൻ ആഗ്രഹിച്ചു. കാലവിളംബം കൂടാതെ അക്കാര്യം സാധിക്കുകയും ചെയ്തു. അവധിക്കാലത്ത് ശെമ്മാശനെ കൂടെ മല്പാനച്ചൻ സ്വദേശത്തേക്ക് കൊണ്ടുവരികയും അവധി കഴിയുമ്പോൾ കൂടെ കൊണ്ടുപോകുകയും ചെയ്യുക ഒരു സാധാരണ പതിവായിരുന്നു. ശെമ്മാശന്റെ പഠനകാര്യത്തിൽ മല്പാനച്ചൻ പ്രത്യേകം ശ്രദ്ധ കാണിച്ചിരുന്നു. പറവേലിത്തുണ്ടിയിൽ കുടുംബാംഗങ്ങളും തെങ്ങുംതോട്ടത്തിൽ കുടുംബാംഗങ്ങളും തമ്മിൽ എല്ലാക്കാലവും മൈത്രിയും വിശ്വസ്തതയും അഭംഗമായി പാലിച്ചുകൊണ്ടിരുന്നു.

അബ്രഹാം ശെമ്മാശന്റെ പഠനം പൂർത്തിയായപ്പോൾ അയിരൂർ തേക്കാട്ടിൽ ചെറിയാച്ചന്റെ മകൾ സാറാമ്മയെ ശെമ്മാശനെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതിന് നിശ്ചയിച്ചു. വിവാഹകർമ്മം നടത്തുന്നതിന് വധൂവരന്മാർ കോഴഞ്ചേരി പള്ളിയിലെത്തി. അന്നേദിവസം ആ പള്ളിയിൽ നടന്ന സംഭവത്തെപ്പറ്റി ചെറുതായ ഒരു വിവരണം നൽകട്ടെ.

പുത്തൻകൂർ സുറിയാനിക്കാരുടെ പള്ളികൾ സന്ദർശിക്കുന്നതിനു വേണ്ടി മാർ കൂറിലോസ് പല സ്ഥലങ്ങളിലും യാത്ര ചെയ്തു. അയിരൂർ പഴയ പള്ളിയും അദ്ദേഹം സന്ദർശിക്കുന്നതായി ഒരു ശ്രുതി പരന്നു. ഈ കിവംദന്തിയെ അടിസ്ഥാനമാക്കി എതിർകക്ഷികൾ അയിരൂർ പള്ളി അടച്ചുപൂട്ടി. തന്നിമിത്തം മാവേലിൽ ഗീവറുഗീസ് കത്തനാർക്കും പാർട്ടിക്കും ഉണ്ടായിരുന്ന പള്ളി ആരാധനാ സ്വാതന്ത്ര്യം അസ്തമിച്ചു. സ്വപുത്രന് പുരോഹിത കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് പ്രതിബന്ധം നേരിട്ടതിനെക്കുറിച്ച് മാവേലിൽ വല്യമ്മച്ചിയ്ക്ക് അത്യുൽക്കടമായ കുണ്ഠിതം ഉണ്ടായി. കൊല്ലവർഷം 1038 ൽ അയിരൂർ പഴയ പള്ളി അടച്ചു പൂട്ടിയതു മുതൽ മാവേലിൽ ഗീവറുഗീസ് കത്തനാർക്കു കോഴഞ്ചേരി പള്ളിയിൽ ഒരു തവണ നടത്തുന്നതിന് അഭിലാഷമുണ്ടായി. അതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അവധാനപൂർവ്വം ചിന്തിച്ചു. സ്വദേശികളും സ്വകുടുംബാംഗങ്ങളുമായ പറവേലിത്തുണ്ടിയിൽ മല്പാനച്ചനും മറ്റും കോഴഞ്ചേരി പള്ളിയിൽ ആരാധന

നടത്തുന്നതിനു അനുവാദമുണ്ടായിരുന്നു. മല്പാനച്ചനെപ്പോലെ തന്നെ കോഴഞ്ചേരി പള്ളിയിൽ മുറ പ്രകാരം തവണ കിട്ടുന്നതിന് മാവേലിൽ ഗീവറുഗീസ് കത്തനാർക്കും അവകാശം ഉണ്ടായിരുന്നു. കോഴഞ്ചേരി പള്ളിയിൽ പട്ടക്കാരുടെ തവണക്രമത്തെപ്പറ്റി അഭിപ്രായ ഭിന്നതയും ഉണ്ടായി. അതേപ്പറ്റി ആവിർഭവിച്ച വാദ പ്രതിവാദങ്ങൾ ക്രമേണ കുടുംബകലഹത്തിന്റെ സീമയെ അതിക്രമിച്ച് ഒരു സമുദായ വിപ്ലവത്തിന്റെ നിലയിലെത്തി.

1038 മകരം 13 ന് ഞായറാഴ്ച പ്രഭാതം മുതൽ അയിരൂർ നിന്നും ഉഭയകക്ഷികളും കോഴഞ്ചേരി പള്ളിയിലേക്ക് യാത്ര തിരിച്ചു. പള്ളിയും പരിസരങ്ങളും പതിവിലും നേരത്തെ ജനനിബിഡമായി. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുൻപായി പട്ടക്കാരുടെ തവണ വീത ക്രമത്തെപ്പറ്റി പള്ളിയകത്തു വച്ച് ചർച്ച ചെയ്തു. തീരുമാനം ഒന്നും എടുക്കാൻ സാധിക്കാതെ ഉച്ചസമയം വരെ ആലോചനകൾ ദീർഘിച്ചു. അപ്പോഴേയ്ക്ക് മദ്ബഹായുടെ മറശീലയ്ക്കപ്പുറത്ത് മൂന്നു പട്ടക്കാർ ഓരോ ത്രോണോസിലും വിരിക്കൂട്ടങ്ങൾ നിരത്തി പൂജാ പാത്രങ്ങളും യഥാവിധി എടുത്തുവച്ചു. വടക്കുഭാഗത്തുള്ള പൂജാപീഠത്തിൽ മാവേലിൽ അച്ചനും, മദ്ധ്യത്തിലുള്ള ബലിപീഠത്തിൽ വല്യവീട്ടിലച്ചനും, തെക്കുഭാഗത്തുള്ള ബലിപീഠത്തിൽ പൊയ്യാനിൽ അച്ചനും കുർബ്ബാന അനുഷ്ഠിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ കഴിഞ്ഞു നില്ക്കുകയാണ്.

തുയാബാ ശുശ്രൂഷ നടത്തിക്കൊണ്ടിരുന്നപ്പോൾ ഒരാൾ മറശീലയ്ക്കിടയിൽ കൂടി മദ്ബഹായിൽ പ്രവേശിച്ച് വടക്കുഭാഗത്തെ ബലിപീഠത്തിലുണ്ടായിരുന്ന വിരിക്കൂട്ടങ്ങൾ വലിച്ചെറിഞ്ഞു. അതേ തുടർന്ന് പള്ളിയിൽ ബഹളം ആരംഭിക്കുകയും അനേകം പേർക്ക് മർദ്ദനമേല്ക്കുകയും ചെയ്തു. മർദ്ദനമേറ്റവരിൽ ഒരാൾ പള്ളിയുടെ മദ്ധ്യത്തിൽ മരിച്ചുവീണു. മരണ വാർത്ത അറിഞ്ഞപ്പോൾ മിക്കവാറും ജനങ്ങൾ പ്രാണഭീതിയാൽ ഓടി ഒളിച്ചു. പ്രസ്തുത കലഹത്തെപ്പറ്റി പകലോമറ്റം താഴമൺ കുടുംബ ചരിത്രത്തിൽ ഇങ്ങനെ എഴുതിക്കാണുന്നു. "ഗീവറുഗീസ് കത്തനാരുടെയും മറ്റും ജീവ രക്ഷയ്ക്കായി മദ്ബഹായിൽ കയറിയവരിൽ പ്രധാനിയും ഭീമസേന തുല്യനെന്നു പ്രസിദ്ധനും തുലോം ശാന്തശീലനുമായിരുന്ന അയിരൂർ തെങ്ങുംതോട്ടത്തിൽ ശീമോൻ തരകൻ മുതലായവർ അവിടെ കടന്നുകൂടിയിരുന്ന മറ്റെല്ലാവരെയും തള്ളി ഹൈക്കലായിൽ ചാടിച്ചശേഷം ആർക്ക് വാതില്ക്കൽ (ആർച്ച് വാതില്ക്കൽ) കൈകൾ ചേർത്തുപിടിച്ച് ലഹളകൾ ഒതുങ്ങുന്നതുവരെ തടുത്തുനിന്നിരുന്നില്ലെങ്കിൽ ഗീവറുഗീസ് കത്തനാർ തവിടുപൊടി ആയിപ്പോകുവാൻ ഇടയുണ്ടായിരുന്നു" എന്നാണ്.

1038 ലെ പള്ളി ലഹളയിലോ കൊലക്കേസിലോ തായില്ലം കുടുംബാംഗങ്ങളിൽ ആർക്കും തന്നെ യാതൊരു പങ്കും ഇല്ലായിരുന്നു. പള്ളിവഴക്കിന്റെ

ദുരന്ത ഫലങ്ങളെ യഥാശക്തി തടയുന്നതിനും സമാധാനം പാലിക്കുന്നതിനും നമ്മുടെ പിതാമഹന്മാർ ശ്രമിച്ചു. അവരിൽ ശീമോൻ തരകൻ സമാധാനപ്രിയനാണെന്ന് ശ്രുതിപ്പെട്ടിരുന്നു.

ബഹളം ഉണ്ടായ ദിവസം കോഴഞ്ചേരി പള്ളിയിൽ 13 വിവാഹങ്ങൾ നടക്കേണ്ടിയിരുന്നു. അതിൽ അബ്രഹാം ശെമ്മാശന്റെ വിവാഹവും ഉൾപ്പെടുന്നു. സൗകര്യമായി കിട്ടിയ സ്ഥലത്തുവച്ച് ശെമ്മാശന്റെ വിവാഹം നടത്തി. വിവാഹാനന്തരം അവർ സ്വവസതിയിൽ എത്തിച്ചേർന്നപ്പോൾ കല്ല്യാണസദ്യയിൽ സംബന്ധിക്കുവാൻ അധികമാരുമുണ്ടായിരുന്നില്ല. ഗ്രാമീണരിൽ വളരെ ആളുകളും പോലീസിനെ പേടിച്ച് ഓടിയൊളിച്ചു. വിവാഹം കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കകം അബ്രഹാം ശെമ്മാശന് കത്തനാരു പട്ടം കൊടുപ്പിക്കുന്നതിനു വേണ്ടപ്പെട്ടവർ ആലോചിച്ചു. ആയതിന് മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയോട് അഭ്യർത്ഥിച്ചത് അദ്ദേഹം സ്വീകരിക്കുകയും ശെമ്മാശന് കത്തനാരു പട്ടം കൊടുക്കുകയും ചെയ്തു. അധികം താമസിയാതെ അദ്ദേഹം അയിരൂർ പഴയപള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലി. പിന്നീട് തെങ്ങുംതോട്ടത്തിലച്ചനും ചെമ്പോത്രയിലച്ചനും പഴയ പള്ളിയിൽ തവണക്രമമനുസരിച്ച് കർമ്മാദികൾ നടത്തിപ്പോന്നു,

അബ്രഹാം കത്തനാർ കുടുംബസഹിതം തെങ്ങുംതോട്ടത്തിൽ താമസിച്ചു. ഇവർക്ക് ശീമോൻ, കുഞ്ഞാണ്ടമ്മ, അന്നാമ്മ എന്നീ സന്താനങ്ങളുണ്ടായി. പുത്രി കുഞ്ഞാണ്ടമ്മയെ റാന്നി മൂഴിക്കൽ വീട്ടിലും അന്നാമ്മയെ ഇരിവിപേരൂർ പുത്തേടത്തുമണ്ണിലും കെട്ടിച്ചു. മൂഴിക്കൽ കെട്ടിച്ച കുഞ്ഞാണ്ടമ്മയുടെ പൗത്രനാണ് മാർത്തോമ്മാ സഭാ വൈദിക ട്രസ്റ്റിയായിരുന്ന കാര്യാട്ട് റവ. കെ. റ്റി. ജേക്കബ്. ഏകപുത്രനായ ശീമോൻ കരുവാറ്റാ മണിച്ചിറ പുത്തൻ പുരയ്ക്കൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. അബ്രഹാം കത്തനാരുടെ സുറിയാനി ഭാഷാ പാണ്ഡിത്യം സുവിദിതമായിരുന്നതുകൊണ്ട് പല സ്ഥലങ്ങളിൽ നിന്നും വൈദിക വിദ്യാർത്ഥികളും അത്മായരിൽ ഏതാനും ആളുകളും തെങ്ങുംതോട്ടത്തിൽ വന്നു താമസിച്ച് സുറിയാനി പഠിച്ചിരുന്നു. അക്കൂട്ടത്തിൽ ഓമല്ലൂർ പാറയ്ക്കലച്ചൻ, ഇലന്തൂർ താഴേലച്ചൻ, ചേകോട്ടച്ചൻ എന്നവരുൾപ്പെട്ടിരുന്നു.

തെങ്ങുംതോട്ടത്തിൽ അബ്രഹാം പ്രഥമ പട്ടക്കാരനായി അഭിഷേകം ചെയ്യപ്പെട്ട ശേഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമാരംഭിച്ചതാണ് മതാപ്പാറ സെന്റ് തോമസ് സുറിയാനിപ്പള്ളി. ദേവാലയ സ്ഥാപനത്തിന് അബ്രഹാം കത്തനാരുടെ വക മതാപ്പാറ എന്ന സ്ഥലം തെരഞ്ഞെടുത്തു അവിടെ പള്ളിയും ശവക്കോട്ടയും സ്ഥാപിക്കുന്നതിന് നിയമാനുസരണം അപേക്ഷിക്കുകയും കാലവിളംബം കൂടാതെ അപേക്ഷ അനുവദിച്ച് ഉത്തരവ് ലഭിക്കുകയും ചെയ്തു. സ്വകുടുംബജരായ പലരുടെ സഹായ സഹക

രണത്തിൽ നിർദ്ദിഷ്ട സ്ഥലത്തു ഒരു താല്ക്കാലിക ചാപ്പൽ കെട്ടിടം നിർമ്മിക്കുകയും കൊല്ലവർഷം 1070 മകരം 26-ാം തീയതി ആദ്യമായി അവിടെ വി. കുർബ്ബാന അനുഷ്ഠിക്കുകയും ചെയ്തു.

മികച്ച സേവനം

പള്ളിയുടെ ആരംഭം മുതൽ അതിന്റെ വികാരി സ്ഥാനം പ്രശസ്ത മായി വഹിച്ചിരുന്നതു കൂടാതെ അനേകം പൊതുക്കാര്യങ്ങളിലും അദ്ദേഹം ഭാഗഭാക്കായിട്ടുണ്ട്. അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങളെ അടിയിൽ കാണുന്ന പ്രകാരം സംഗ്രഹിക്കാവുന്നതാണ്.

1. സ്വന്തം സ്ഥലം പള്ളിക്കായി പ്രദാനം ചെയ്യുകയും അവിടെ താൽക്കാ ലികമായി ചാപ്പൽ കെട്ടിടം നിർമ്മിക്കുകയും കാലാന്തരത്തിൽ സ്ഥിരം കെട്ടിടം പണി കഴിപ്പിച്ച് ഓട് മേച്ചിൽ നടത്തിക്കുകയും ചെയ്തു.

2. പള്ളിയും പള്ളി വക സ്വത്തുക്കളും സംബന്ധിച്ച് ഇടവക്കാരിൽ സമാവകാശ ബോദ്ധ്യം ജനിപ്പിക്കുന്നതിനും കക്ഷിവഴക്കുകളോ വ്യവഹാ രങ്ങളോ ഉണ്ടാകതെ ഇരിക്കുന്നതിനും പള്ളിയുടെ ഭാവി ഭരണം ക്ലിപ്ത പ്പെടുത്തുന്നതിനും മറ്റുമായി പ്രതിപുരുഷന്മാരെ ചേർത്ത് പള്ളിക്ക് രജി സ്റ്റർ ഉടമ്പടി ഉണ്ടാക്കി.

3. പള്ളി വകയായി ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. അയിരൂർ ഗ്രാമ ത്തിൽ ഇദംപ്രഥമമായി ആരംഭിച്ച ഇംഗ്ലീഷ് സ്കൂൾ ഇതാണെന്നുള്ളത് സ്മരണീയമാണ്.

4. ഇടവകയുടെ ഭാവി അതിലുള്ള യുവജനങ്ങളെ ആശ്രയിച്ചിരിക്കു മെന്നുള്ളതിനാൽ ഒരു യുവജന സമാജം രൂപവൽക്കരിച്ചു. പ്രസ്തുത യുവ ജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സൺഡേസ്കൂൾ ആരംഭിക്കു കയും തക്കതായ വ്യക്തികളെ സമാജത്തിൽനിന്നും നിയമിച്ച് അദ്ധ്യാ പനം നടത്തിക്കുകയും ചെയ്തു.

5. പള്ളി ബംഗ്ലാവിൽ മാർ ഡയനീഷ്യസ് സ്മാരക ലൈബ്രറി സ്ഥാപിച്ചു.

6. മലങ്കര ഓർത്തഡോക്സ് സഭയിൽ ഉണ്ടായിരുന്ന സുപ്രസിദ്ധരാ യിരുന്ന മത പ്രാസംഗികന്മാരെ വിളിച്ച് പ്രസംഗ യോഗങ്ങൾ നടത്തിയി രുന്നു.

7. പള്ളിക്കൂടങ്ങൾ, റോഡുകൾ എന്നിവയുടെ ആരംഭത്തിനും പുരോ ഗമനത്തിനും വേണ്ടുന്ന ആലോചനകളും പ്രോത്സാഹനങ്ങളും യഥാവ സരം നൽകിയിരുന്നു.

ഇങ്ങനെ സ്വസമുദായത്തിനും സ്വന്ത ഇടവകക്കും, സ്വദേശത്തിനും ഉപകാര പ്രദമായ അനേകം പൊതുക്കാര്യങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. വാർദ്ധക്യ ദശയിൽ വാതരോഗം ആശങ്കാജനകമാണെന്നു ഗ്രഹിച്ചപ്പോൾ മെത്രാപ്പോലീത്തായെ വിവരം ധരിപ്പിക്കുകയും അദ്ദേഹം വന്ന് കന്തീലാ ശുശ്രൂഷ നടത്തുകയും ചെയ്തു. അതേ തുടർന്ന് ഏതാനും ദിവസങ്ങൾക്കു ശേഷം ബ. അച്ചൻ 1912 ജനുവരി മാസം 8 നു ദിവംഗതനായി. അദ്ദേഹത്തിന്റെ മൃതദേഹം മതാപ്പാറപ്പള്ളിയിൽ സംസ്കരിച്ചു. (ഇപ്പോഴത്തെ പള്ളിയുടെ അകത്ത് മദ്ബഹായോടു ചേർന്ന ഭാഗത്ത് അദ്ദേഹത്തിന്റെ കല്ലറ സ്ഥിതി ചെയ്യുന്നു.) ബ. വല്യച്ചന്റെ ഭൗതികാവിശിഷ്ടം നിത്യ വിശ്രമം കൊള്ളുന്ന മതാപ്പാറ പള്ളി പരേതന്റെ ശാശ്വത സ്മാരകമായി നിലനിൽക്കുന്നു.

പള്ളിച്ചരിത്രം

കൈപ്പള്ളിൽ കോളാകോട്ട് കോരുതു വറീതു മുതൽ പേരോട് തെങ്ങും തോട്ടത്തിൽ ചോമൻ അബ്രഹാം കത്തനാർ എഴുതി വാങ്ങിയ പുരയിടത്തിന്റെ ആധാരം:

1068-ാമാണ്ടു വക നമ്പർ:- 15179

1068-ാമാണ്ടു കന്നിമാസം 30-ാം തീയതി അയിരൂർ പ്രവൃത്തിയിൽ അയിരൂർ മുറിയിൽ തെങ്ങുംതോട്ടത്തിൽ നസ്രാണി വേദോപദേശം 45 വയസ്സുള്ള ചോമൻ അബ്രഹാം കത്തനാർക്ക് ടി പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ കൈപ്പള്ളിൽ കോളാകോട്ട് നസ്രാണി കൃഷി 71 വയസ്സുള്ള കോരുതു വറീതും, മക്കളാകുന്ന ടി യിൽ ടി തൊഴിൽ 45 വയസ്സുള്ള വറീതു തോമ്മായും, ടി യിൽ ടി തൊഴിൽ 36 വയസ്സുള്ള വറീതു മത്തായിയും, 30 വയസ്സുള്ള വറീതു ചാക്കോയും കൂടി എഴുതിക്കൊടുത്ത തീറാധാരമാവിത്. ഞങ്ങളിൽ കോരുതു വറീതിന്റെ പേരിൽ പണ്ടാരവക പുതുവൽ പാട്ടം പതിഞ്ഞ് ഞങ്ങൾ അനുഭവിച്ച് കരം തീർത്തുവരുന്ന തിരുവല്ലാ ഡിസ്ട്രിക്ടിൽ അയിരൂർ പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ കല്ലാശാരി വക പുതുവലിനും മേക്ക്, പുത്തേത്തു വക പുതുവലിനും വള്ളിപുരയിടത്തിനും വടക്ക് മലയിൽ പുരയിടത്തിനും കിഴക്ക് നാട്ടുവഴിക്കും തെക്ക് ഇവ നടുവിൽ ലക്കം തിട്ടമില്ല, മതാപ്പാറ പുരയിടം മുറി ഒന്നും മേൽ ഞങ്ങൾക്കുള്ള സകല അവകാശങ്ങളും ഒഴിഞ്ഞ് താങ്കൾക്ക് തീറാകെ എഴുതിത്തന്ന് ഞങ്ങൾക്കു വേറെ വസ്തുവെ സംബന്ധിച്ച് താങ്കൾ നാളതു എഴുതി തന്നിരിക്കുന്ന തീറാധാര പ്രകാരം അർത്ഥം ബോധപ്പെടുത്തേണ്ടതാകെ വക വച്ചു പറ്റു രാശി പണം 140-ഈ രാശി പണം നൂറ്റിനാൽപ്പതുക്കും ടി പുരയിടം മുറി ഒന്നും താങ്കൾ തീറാകെ അനുഭവിച്ച് പേരിൽ കൂട്ടി കരവും തീർത്ത് പട്ടയവും പിടിച്ച് എന്നും സകല സ്വാതന്ത്ര്യങ്ങളോടു കൂടി നടന്നു കൊള്ളുമാറ് സമ്മതിച്ച് ഈ വസ്തു പതിച്ചു തന്ന

കരവും കുടിശ്ശികയും തീർപ്പിച്ച വകയ്ക്ക് കിട്ടിയിരിക്കുന്ന പറ്റിശീട്ടി സഹിതം എഴുതി കൊടുത്ത കോരുതു വറീതും (ഒപ്പ്) വറീതു തോമ്മായും (ഒപ്പ്) വറീതു മത്തായിയും (ഒപ്പ്) വറീതു ചാക്കോയും (ഒപ്പ്) കൂടി ചോമൻ അബ്രഹാം കത്തനാർക്ക്. ഇതിനു സാക്ഷി തൂവോണു തട്ടാക്കുന്നിൽ ഉമ്മൻ തോമ്മായും (ഒപ്പ്) കുന്നമ്പള്ളിൽ വീട്ടിൽ നാരായണൻ നീലകണ്ഠനും (ഒപ്പ്) കൈപ്പട തെക്കേ മതിലുങ്കൽ പോത്തകുഞ്ഞുമ്മനും (ഒപ്പ്).

ചോമൻ അബ്രഹാം കത്തനാര് അന്നേദിവസം കോരുതു വറീത് മുതൽ പേർക്ക് പകരം എഴുതി കൊടുത്ത വസ്തുവിന്റെ ആധാരം.

1068-ാമാണ്ടു വക 15178

1068-ാമാണ്ടു കന്നിമാസം 30-ാം തീയതി അയിരൂർ പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ കൈപ്പള്ളിൽ കോളാകോട്ടു നസ്രാണി കൃഷി 71 വയസ്സായ കോരുതു വറീതിനും മക്കളാകുന്ന ടി യിൽ ടി തൊഴിൽ 45 വയസ്സായ വറീതു തോമ്മായും ടി യിൽ ടി തൊഴിൽ 36 വയസ്സായ വറീതു മത്തായിയും 30 വയസ്സായ വറീതു ചാക്കോയും പേർക്ക് ടി പ്രവൃത്തി യിൽ അയിരൂർ മുറിയിൽ തെങ്ങുംതോട്ടത്തിൽ നസ്രാണി വേദോപദേശം 45 വയസ്സായ ചോമൻ അബ്രഹാം കത്തനാര് എഴുതിക്കൊടുത്ത തീറാ ധാരമാണിത്. എന്റെ പേരിൽ പണ്ടാരവക പുതുവൽ പാട്ടം പതിഞ്ഞ് ഞാൻ അനുഭവിച്ചു കരം തീർത്തു വരുന്ന തിരുവല്ലാ ഡിസ്ട്രിക്ടിൽ അയിരൂർ പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ എന്റെ വക പുതുവൽ പുരയിട ത്തിനും മേക്ക് ഇളവട്ട വക പുതുവലിനും വടക്ക്, പാല നിൽക്കുന്നതിൽ വക പുതുവലിനും കിഴക്ക് നീരൊലിപ്പ് തോട്ടിനും തെക്ക് ഇവ നടുവിൽ ലക്കം തിട്ടമില്ല. മംഗലത്തു കുളം പുതുവൽ പുരയിടം മുറില ഒന്നിൽ പാതിക്കു പടിഞ്ഞാറെ മുറി പുരയിടം ഒന്ന് . ഈ പുരയിടം മുറി ഒന്നും എനിക്കുള്ള സകല അവകാശങ്ങളും ഒഴിഞ്ഞ് തീരാകെ എഴുതി തന്ന, നിങ്ങൾ എന്റെ പേർക്ക് നാളതു വേറെ വസ്തുവെ സംബന്ധിച്ച് എഴുതി തന്നിരിക്കുന്ന ആധാരത്തിൻ പടി നിങ്ങൾക്കു ഞാൻ അർത്ഥം തരേണ്ട താകെ വക വച്ചു പറ്റ് രാശിപ്പണം 140. ഈ രാശിപണം 140-ക്കും കൂടി പുരയിടം മുറി ഒന്നും തീറാകെ അനുഭവിച്ച് പേരിൽ കൂട്ടി കരവും തീർത്ത് പട്ടയവും പിടിച്ച് എന്നും സകല സ്വാതന്ത്ര്യങ്ങളോടും കൂടി നടന്നു കൊള്ളുമാറും സമ്മതിച്ച ഈ വസ്തു പതിച്ചു തന്ന കരവും കുടിശി കയും തീർപ്പിച്ച വകയ്ക്ക് കിട്ടിയിരിക്കുന്ന പറ്റുശീട്ടി ഒന്നടങ്കമാകയാൽ ഇതോടുകൂടി വച്ചിട്ടില്ല. ഇപ്രകാരം എഴുതിക്കൊടുത്ത ചോമൻ അബ്രഹാം കത്തനാര് (ഒപ്പ്) കോരുതു വറീതു മുതൽപേർക്ക്. ഇതിനു സാക്ഷി തൂവോണു തട്ടാക്കുന്നിൽ ഉമ്മൻ തോമ്മാ (ഒപ്പ്) നഗരു തെങ്ങും ചേരീൽ ഈപ്പൻ വറീത് (ഒപ്പ്) കൈപ്പട. തെക്കേ മതിലുങ്കൽ ഉമ്മൻ ഗീ വറുഗീസ് (ഒപ്പ്).

പള്ളിയുടെ ഉടമ്പടി

1078-ാമാണ്ടു കർക്കടകം 3-ാം തീയതി ഇടവക പട്ടക്കാരായ തെങ്ങും തോട്ടത്തിൽ ശിമഹോൻ മകൻ 55 വയസ്സായ അബ്രഹാം കോർഎപ്പിസ്കോപ്പായും ഇളവട്ട ശിമഹോൻ മകൻ 25 വയസ്സായ പീലിപ്പോസ് കത്തനാരും ഇടവക ജനങ്ങളും ചേർന്ന് എഴുതിയിട്ടുള്ളത്.

ഇടവകയിൽപ്പെട്ട ഏവരുടേയും ഐകമത്യത്തിനും തന്നിമിത്തം ആത്മികമായും ലൗകികമായുമുള്ള അഭിവൃദ്ധിക്കും ശ്രേയസ്സിനും ആസ്പദമാക്കിയിരിക്കുന്നതാണെന്നു പ്രത്യേകമായും പൊതുവിലും അഭിപ്രായമായിരിക്കയാൽ താഴെ പറയുന്ന പ്രകാരം നിശ്ചയിച്ചിരിക്കുന്നതും മേലാൽ ഈ നിശ്ചയ പത്രമനുസരിച്ച് നടന്നു കൊള്ളാവുന്നതുമാണ്.

1. യാക്കോബായ സുറിയാനി ക്രിസ്താനികളായ നാം ഏവരും നമ്മുടെ പൂർവ്വികമായ വിശ്വാസാചാരാദികളെ ക്രമമായി അനുഷ്ഠിക്കുന്നതിന് നമ്മുടെ പൂർവന്മാർ മുതൽ ചെലവുചെയ്തു സ്ഥാപിച്ച അയിരൂർ കൊച്ചുകക്കുഴി പള്ളി 1057- ലെ വെള്ളപ്പൊക്കത്തിൽ വീണുപോയതിന്റെ ശേഷവും ടി തറയിൽ പള്ളിസ്ഥാപിച്ച് തവണപ്രകാരം ഇപ്പോഴും കർമ്മാദികൾ നടത്തിവരുന്നവരുമാകയാൽ നമ്മിൽ ഒന്നും രണ്ടും പേരുകാർക്ക് പ്രത്യേകമുള്ളതോ ശേഷം ഏവർക്കും പൊതുപ്പെട്ടിരിക്കുന്നതോ ആയ യാതൊരു അവകാശത്തെയും ഇതിൽ പറയുന്ന യാതൊന്നു കൊണ്ടും നിഷേധിക്കുകയോ വിട്ടുപോകയോ ചെയ്തിട്ടില്ലാത്തതുമാകുന്നു.

2. നമ്മുടെ മതസംബന്ധമായ കർമ്മാദികളെ നിരന്തരമായും വീഴ്ചകൂടാതെയും നടത്തിവരുന്ന ടി. കൊച്ചുകക്കുഴി പള്ളിയിൽ എതിർകക്ഷികൾക്കുകൂടെ കൈവശമുള്ളതിനാൽ ആ തവണ വരുന്നതായ അവസരങ്ങളിലും നമ്മുടെ കർമ്മാദികൾക്കു വിഘ്നം കൂടാതെയിരിപ്പാൻ വേണ്ടിയും ഈ പള്ളി സ്ഥാപിക്കപ്പെട്ടിരിക്കുന്നതും യാക്കോബായ സുറിയാനി ക്രിസ്ത്യാനി വിശ്വാസത്തിൽ സ്ഥിരപ്പെട്ടും വിശ്വാസ ക്രമങ്ങളെ പാലിച്ചും നടത്തി വരുന്ന ഇടവക പട്ടക്കാർക്കും അദ്ധ്യക്ഷന്മാർക്കും അനുസരണമായി നിൽക്കുന്ന ഈ ഇടവകയിൽ പെട്ട ഏവർക്കും പിന്തുടർച്ചയായി ഈ പള്ളി അവകാശപ്പെട്ടതാകുന്നു.

3. മേൽ പറഞ്ഞ മതാപ്പാറപ്പള്ളി പുരയിടം നമ്മിൽ ഒന്നാം പേരുകാരൻ മറുപേരിൽ നിന്നും വില വാങ്ങിക്കയും ടി യാന്റെ കുടുംബത്തിൽപ്പെട്ട ശേഷം പേരുകാരുടെ അപേക്ഷയിന്മേൽ പള്ളി വയ്ക്കുന്നതിന് ഉത്തരവുണ്ടാകുകയും ടി കുടുംബക്കാരുടെയും ഇടവക ജനങ്ങളുടെയും പ്രത്യേക ഉത്സാഹത്തിന്മേൽ പള്ളികെട്ടിടത്തിന്റെ കൽപ്പണിയും ടി പുരയിടത്തിലുള്ള പള്ളിക്കൂടവും തീർക്കയും, പുരയിടത്തിന്റെ വില കലിപണം 700-ാം പള്ളി വക വരുമാനത്തിൽ നിന്ന് ഒന്നാം പേരുകാരൻ പറ്റിയിരി

ക്കയും അതിനാൽ പ്രസ്തുത വസ്തു വിലയാധാരം സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക അവകാശമോ ബാദ്ധ്യതയോ ഒന്നാം പേരുകാരനു ഇല്ലാത്തതുമാകുന്നു.

4. പള്ളി സംബന്ധമായ കാര്യങ്ങളിൽ ഇടവകയിൽപ്പെട്ട ഓരോരുത്തരുടെയും ദ്രവ്യശക്തിയും മനസ്സും അനുസരിച്ചു കൂടുതൽ കുറവായി ദ്രവ്യ ചെലവു ഉണ്ടായിട്ടുള്ളതും, മേലാലും അതേപ്രകാരത്തിൽ ഉണ്ടാകാവുന്നതാണെങ്കിലും ദ്രവ്യ ചെലവിന്റെയോ ദേഹപ്രയത്നത്തിന്റെയോ കൂടുതൽ കുറവനുസരിച്ച് പള്ളിയിന്മേലുള്ള അവകാശം യാതൊരു കാലത്തും തങ്ങൾക്കാകട്ടെ പിൻതുടർച്ചക്കാർക്കാകട്ടെ കൂടുതൽ കുറവായി വരുന്നതല്ലാത്തതും, ഇടവകയുടെ ക്ഷേമത്തെയും പള്ളി അഭിവൃദ്ധിയേയും പൊതുവിലുള്ള ഐകമത്യത്തെയും ആലോചിച്ച് ഹൃദയപൂർവമായി പ്രവർത്തിക്കുന്ന ഏവർക്കും ഇതുകൾക്കെതിരായി ആരിൽ നിന്നെങ്കിലും ഉണ്ടാകാവുന്ന ആലോചനയേയൊ പ്രവർത്തിയേയൊ തടുത്തു കളവാൻ സ്വാതന്ത്ര്യമുള്ളതുമാകുന്നു.

5. യാക്കോബായ വിശ്വാസത്തെ നിഷേധിച്ചു നടക്കയോ മേലദ്ധ്യക്ഷന്മാരുടെ കൽപ്പനയെ ലംഘിച്ചു പ്രവർത്തിക്കയോ ചെയ്യുന്ന യാതൊരുത്തർക്കും ഈ പള്ളിയിൽ പ്രവേശിക്കാൻ പാടില്ലാത്തതും, അപ്രകാരമുള്ളവർക്കു പള്ളിയിന്മേലുള്ള സകല അവകാശങ്ങളും അതു മുതൽ റദ്ദായി പോകുന്നതും ആകുന്നു.

6. അന്യ സമുദായങ്ങളിൽ നിന്നും ഈ ഇടവകയിൽ ചേർന്നു നടക്കണമെന്നു ആലോചിച്ചു മേൽ പറഞ്ഞ വിശ്വാസത്തിലും ആജ്ഞയിലും അനുസരണമായി വരുന്ന എല്ലാ ജനങ്ങൾക്കും പള്ളിയുടെ സ്ഥാപന കാലം മുതൽ ഉത്സാഹിച്ചും പ്രയത്നിച്ചും വരുന്നവരെ പോലെ തന്നെ സമാവകാശമുള്ളതുമാകുന്നു.

7. ഒന്നും രണ്ടും പേരുകാർ ഈ പള്ളിയിലെ പട്ടക്കാറരും, ഈ പള്ളി സംബന്ധമായും ഇടവക സംബന്ധമായും ഉള്ള കാര്യാദികളും അടിയന്തിരങ്ങളും നടത്തിപ്പോരുന്നതും മേലാൽ ഈ പേരുകാറരുടെ ശേഷം പട്ടത്വജോലിക്കു ശേഷിയും യോഗ്യതയും ഉള്ള ഇടവക ജനങ്ങളിൽപ്പെട്ട ആരെ എങ്കിലും തെരഞ്ഞെടുക്കുന്നതിനു പൊതുയോഗത്തിന്റെ ഭൂരിപക്ഷം സമ്മതം പ്രാപിച്ചിട്ടുള്ള രണ്ടു പേർ ഈ പള്ളിയുടെയും ഇടവകയുടെയും പട്ടക്കാർ ആയിരിപ്പാൻ തക്കവണ്ണം സ്ഥാനം കൊടുത്തു നിയമിക്കുന്നതിനു മേലദ്ധ്യക്ഷതയിൽ അപേക്ഷിക്കാവുന്നതും ആകുന്നു.

8. ഈ പള്ളി സംബന്ധമായ വരുമാനങ്ങൾ വച്ചു സൂക്ഷിക്കുക, അതുകൾക്കു ക്രമമായി കണക്കെഴുതി തുക ഈ വകയ്ക്കായി നിയമിച്ചാക്കപ്പെടുന്നവരും പൊതു സമ്മതം പ്രാപിച്ചിരിക്കേണ്ടവരും ഇവർ പള്ളിയോ

ഗത്തിന്റെ ആലോചനയ്ക്കും നിശ്ചയത്തിനും അനുസരിക്കേണ്ടതും ആ കുന്നു.

9. പള്ളി സംബന്ധിച്ച് ഒന്നാം പേരുകാരൻ ഉൾപ്പെട്ട കുടുംബത്തിൽ നിന്നും സ്ഥാപന കാലത്തിൽ 700 കലി പണം കൂടുതൽ വന്നിട്ടുള്ളതിനെ കിട്ടണമെന്നു താൽപ്പര്യമില്ലാത്തതിനാൽ അതിനെ പള്ളിയുടെ ക്ഷേമം ഉദ്ദേശിച്ചു വിട്ടിരിക്കുന്നതുമാകുന്നു.

വസ്തു കൊല്ലം ഡിസ്ട്രിക്ടിൽ തിരുവല്ലാ താലൂക്കിൽ ആറന്മുള സബ് ഡിസ്ട്രിക്ടിൽ അയിരൂർ പ്രവൃത്തിയിൽ കോറ്റാത്തൂർ മുറിയിൽ പുത്തേത്തു ചാണ്ടിവക പുരയിടത്തിനും മേക്ക് മലയിൽ വക പുരയിടത്തിനും വടക്ക് ടി. വക പുരയിടത്തിനും കിഴക്ക് പാറയ്ക്കും തേപ്പുകല്ലുങ്കൽ പുരയിടത്തിനും തെക്ക് പണ്ടാരവക പാട്ടം ലക്കം തിട്ടമില്ല മതാപ്പാറ പുരയിടം മുറി ഒന്നുമാകുന്നു.

പള്ളിക്കു അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ്

നമ്പ്ര. 5981 ജുമാവന്തിരായസം

8-11-1068 1068-ാം മാണ്ടു ആനി 5-ാം തീയതി തിരുവനന്തപുരം

ഇവിടത്തെ ചെയ്തിയാവിത്. അയിരൂർ പകുതിയിൽ - കോറ്റാത്തൂർ മുറിയിൽ കുന്നംകുഴിയിൽ ശിമോൻ ശിമോൻ മുതൽപേർ കർമ്മാദികൾ നടത്തി വന്നിരുന്ന അയിരൂപള്ളി ആയിരത്തി അൻപത്തിയേഴിലെ വെള്ള പ്പൊക്കത്തിൽ വീണ് ചേതപ്പെട്ടു പോകയാൽ കർമ്മാദികൾ നടത്തുന്നതിനു വളരെ പ്രയാസവും ദുഃഖവും നേരിട്ടിരിക്കുന്നതായും, കോറ്റാത്തൂരു മുറിയിൽ മതാപ്പാറ പുരയിടത്തിൽ ഒരു പള്ളി സ്ഥാപിച്ചു കർമ്മാദികൾ നടത്തുന്നതിനു അനുവാദം കൊടുക്കണമെന്നു മേലെഴുതിയ ശിമോൻ ശിമോൻ മുതൽ പേർ അപേക്ഷിച്ചതിനെപ്പറ്റി നടത്തിയിട്ടുള്ള വിചാരണ മുതലായവ നോക്കിയാറെ മതാപ്പാറ പുരയിടം കൈപ്പള്ളിൽ കോളാകോട്ടു വറീതു കോരുതു പേരിൽ 1065 - ാമാണ്ട് പാറകൂട്ടത്തിൽ എന്ന പേരു പറഞ്ഞു പുതുവൽ പാട്ടം പതിഞ്ഞിട്ടുള്ളതും, ആ പേരുകാരൻ മുതൽ പേരോടു തെങ്ങും തോട്ടത്തിൽ ശീമോൻ അബ്രഹാം കത്തനാരുടെ പേർക്ക് രജിസ്റ്റർ മൂലം വിലയെഴുതിയിരിക്കുന്നതും ആകുന്നു എന്നും, തീറാധാരം ബോദ്ധ്യപ്പെടുത്തിയും ഈ പുരയിടത്തിൽ പള്ളി വയ്ക്കുന്നതിലേക്കു സമ്മതിച്ചും അബ്രഹാം കത്തനാരും അതിനനുസരണമായി പതിവുകാരൻ മുതൽ പേരും കോറ്റാത്തൂർ മുറിയിൽ പള്ളിയും അപേക്ഷയിൽ പറയുന്ന സ്ഥലത്തു പള്ളി സ്ഥാപിക്കുന്നതിൽ വിരോധവും, മതാപ്പാറ പുരയിടത്തിനു ഒരു മൈൽ സമീപം ദൈവാലയം ബ്രഹ്മാലയം കാവ് ഇതുകളും ഇല്ലെന്നും തടസ്സരും അയൽക്കാർ ഇവരും മൊഴികൊടു

ത്തിരിക്കുന്നതായും പരസ്യം ചെയ്തതിലും വിരോധമായി ആരും ബോധിപ്പിച്ചിട്ടില്ലെന്നും കാണുന്നതിനാൽ റിക്കാർഡുകൾ അയച്ചിരിക്കുന്ന പ്രകാരവും വിചാരിച്ചതിലും അപേക്ഷയിൽ പറയുന്നു. മതാപ്പാറ പുരയിടത്തിൽ പള്ളിവച്ചു കർമ്മാദികൾ നടത്തുന്നതിലേക്കു അനുവാദം കൊടുക്കുന്നതു കൊണ്ടു വിരോധമില്ലെന്നു വിചാരിക്കുന്നതിനാൽ അപേക്ഷപ്രകാരം അനുവാദം കൊടുപ്പാനുള്ളതെന്നും തിരുവല്ലാ തഹസീൽദാരുടെ സാധനം വരികയാൽ റിക്കാർഡുകൾ അയച്ചിരിക്കുന്നതായും അതിൻവണ്ണം നിദാനം വരണമെന്നും എഴുതി വരികയും, റിക്കാർഡുകൾ ഇവിടെ പരിശോധിച്ചതിലും തഹസീദാരും പേഷ്ക്കാരും അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ആ സ്ഥലത്തു പള്ളി വയ്ക്കുന്നതിനു അനുവാദം കൊടുക്കുന്നതിൽ വച്ചു വിരോധമില്ലെന്നു തോന്നുകയും ചെയ്തിരിക്കുന്ന സംഗതിയെക്കുറിച്ച് എഴുതി അറിയിച്ചിരിക്കുന്നതിനു അനുവദിച്ച് കൽപ്പന പ്രകാരം കൊട്ടാരം സർവ്വാധികാര്യക്കാരെ 193-മതു നമ്പരിൽ 1068-മാണ്ടു ഇടവമാസം 29-ാം തീയതി എഴുതിയ സാധനം വന്നിരിക്ക കൊണ്ടു അതിൻവണ്ണം പള്ളി വയ്ക്കുന്നതിനു അനുവദിച്ചിരിക്കുന്ന വിവരം തെര്യപ്പെടുത്തുന്നതിനു എഴുത്ത അയച്ചു ശട്ടം കെട്ടികൊള്ളുകയും വേണം. ഈ ചെയ്തി എല്ലാം പത്നാഭപിള്ള വായിച്ച് ഗോവിന്ദപിള്ള ദിവാൻ പേഷ്ക്കാരെ കേൾപ്പിച്ചു വയ്ക്കുകയും വേണം.

ഉത്തരവിൻ പ്രകാരം ആക്ടിംഗുഡിപ്പടി പേഷ്ക്കാര പിറവിപെരുമാൾ ഈശ്വരപിള്ള (ഒപ്പ്)

കുരിശുവച്ചു വി. കുർബാന അർപ്പിക്കുവാൻ കൽപ്പന

നമ്പർ 3

മലങ്കര ഇടവകയുടെ മാർ ദീവന്ന്യാസോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ ആത്മീയ പുത്രന്മാരാകുന്ന പൂവത്തൂർ യാക്കോബു കത്തനാരും മാവേലിൽ ഗീവറുഗീസ് കത്തനാരും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അയിരൂരുള്ള നമ്മുടെ ആത്മീയ മക്കളുടെ ദൈവാരാധനയ്ക്കും അവർക്കുള്ള ആത്മീയ ദിഷ്ടതികളുടെ നടത്തിപ്പിനും വേണ്ടി നമ്മുടെ തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാരു മുഖാന്തിരം പുത്തനായി ഒരു പള്ളി വയ്പാൻ സ്ഥലം യത്നമാക്കി വരുന്ന പ്രകാരം മുമ്പേ തന്നെ നമ്മോടു പറകയും ആലോചിക്കയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ യത്നമാക്കിയ സ്ഥലത്തു പള്ളി വയ്പാൻ ഗവൺമെന്റു

അനുവാദം സിദ്ധിക്കയും, ദിഷ്ടതിക്കു തക്കവണ്ണം ചുരുക്കത്തിൽ ഒരു പള്ളി കെട്ടിയുണ്ടാക്കുകയും ചെയ്തിരിക്കുന്നതിനാൽ തല്ക്കാലം കുരിശു വച്ചു കുർബാന ചൊല്ലുവാനും മറ്റും വേണ്ടുന്ന ആത്മീയ ദിഷ്ടതികൾ നടത്തപ്പെടുവാനും അനുവാദം ഉണ്ടാകണമെന്ന് ടി. അബ്രഹാം കത്തനാർ നമ്മുടെ മുമ്പാകെ അപേക്ഷിച്ചിരിക്കുന്നു. കല്ലിടുക മുതലായ ശുശ്രൂഷകൾ നാം അവിടെ എത്തി നടത്തുന്നതിലേക്കു തൽക്കാലം നമുക്കു ഏനമില്ലായ്കയാൽ ആയത് സൗകര്യം പോലെ നാം അവിടെ എത്തി നടത്തിക്കൊടുത്തു കൊള്ളാമെങ്കിലും കുരിശു വച്ച് കുർബാന ചൊല്ലുന്നതിനുള്ള അനുവാദം നീട്ടിവയ്ക്കുന്നത് ജനങ്ങൾക്കു ബുദ്ധിമുട്ടും അയാൾക്കു വ്യസനവും ആയിരിക്കുന്ന പ്രകാരം കാണപ്പെടുന്നതിനാൽ നിങ്ങൾ രണ്ടു പേരും നമുക്കു പകരം ഈ മാസം 15-ാം തീയതി അവിടെ എത്തി വിശുദ്ധ അപ്പോസ്തോലനും നമ്മുടെ ആത്മിക പിതാവുമാകുന്ന മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ കുരിശു പ്രതിഷ്ഠിച്ച് കുറുബാന ചൊല്ലുവാൻ ഇതിനാൽ നാം അനുവദിച്ചിരിക്കുന്നു.

ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയയ്ക്കാം.

സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്,

(ഒപ്പ്)

1070 മകരം 2-ാം തീയതി
തിരുവല്ലാ പള്ളിയിൽ നിന്നും

5

തെങ്ങുംതോട്ടത്തിൽ ശീമോൻ

ദിവ്യശ്രീ അബ്രഹാം കോർ എപ്പിസ്കോപ്പായുടെ ഏക പുത്രനായ ശീമോന് മറിയാമ്മ, അബ്രഹാം, അന്നമ്മ, ഗീവറുഗീസ്, ദീനാമ്മ എന്നീ സന്താനങ്ങൾ ജനിച്ചു. ഇവരിൽ മറിയാമ്മയെ കീക്കൊഴൂർ അയ്യം പ്ലാക്കൽ ഇട്ടിയവിരായും, അന്നാമ്മയെ നാക്കട ആയിക്കൊള്ളിൽ വീട്ടിൽ മിഡിൽ സ്കൂൾ അദ്ധ്യാപകനായിരുന്ന ഏബ്രഹാമും, ദീനാമ്മയെ ചന്ദനപ്പള്ളി തെക്കേൽ വീട്ടിൽ കൊച്ചാണ്ടിയും വിവാഹം കഴിച്ചു. ദീനാമ്മയുടെ ഇളയ പുത്രൻ റ്റി. കെ. അലക്സ് I. S. R.O യിലെ ഒരു ഡയറക്ടറാണ്. കഥാ പുരുഷനായ ശീമോൻ കൊല്ലവർഷം 1115 ഇടവം (1940) 30ന് മരിച്ചു. മതാപ്പാറപ്പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഏതാനും വർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ സഹധർമ്മിണി ഏലിയാമ്മയും നിര്യാതയായി.

ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പയും ടി. എസ്. ഗീവറുഗീസുമാണു പുത്രന്മാർ. ശീമോൻ അബ്രഹാം കോറെപ്പിസ്ക്കോപ്പായുടെ ഏക പുത്രൻ ശീമോൻ കരുവാറ്റ "മണച്ചിറ പുത്തൻവീട്ടിൽ" കൊച്ചു വർക്കിയുടേയും അന്നാമ്മ യുടേയും മൂത്തമകൾ ഏലിയാമ്മയെയാണു

ശീമോനും ഏലിയാമ്മയും

വിവാഹം കഴിച്ചത്. ഏലിയാമ്മയ്ക്ക് നാലു സഹോദരിമാരും, രണ്ടു സഹോദരന്മാരും ഉണ്ടായിരുന്നു. മൂത്ത സഹോദരി മറിയാമ്മയെ 'നെടുംമ്പ്രേത്ത്' വേങ്ങൽ ഐപ്പിനേ കൊണ്ടു വിവാഹം കഴിപ്പിച്ചു. ഐപ്പിന്റെ പൗത്രനാണ് ദിവംഗതനായ ഫാദർ ജോർജ്ജ് വേങ്ങൽ. രണ്ടാമത്തെ സഹോദരിയായ റാഹേലമ്മയെ മേൽപാടം കൈതപ്പറമ്പിൽ കുര്യൻ വിവാഹം ചെയ്തു. രണ്ടു പെൺമക്കൾ ഉണ്ടായിരുന്നു. മൂന്നാമത്തെ സഹോദരി അന്നാമ്മയെ മാവേലിക്കര പോളച്ചിറക്കൽ കൊച്ചുമ്മനാണു വിവാഹം ചെയ്തത്. മൂന്നു ആൺ മക്കളുണ്ട്. ഇളയ സഹോദരി ശോശാമ്മയെ 'വെൺപാല' ഇലഞ്ഞിമൂട്ടിൽ ഈയോച്ചനേ കൊണ്ട് വിവാഹം കഴിപ്പിച്ചു. മൂന്നു പുത്രന്മാരുണ്ട്. സഹോദരന്മാരിൽ മൂത്തയാളായ കൊച്ചുവർക്കിക്കു വറുഗീസ്, ചാക്കോച്ചൻ, കൊച്ചോയി കുഞ്ഞു, ജോൺ എന്നീ നാലാൺ മക്കളും, ചിന്നമ്മ, സാറാമ്മ, തങ്കമ്മ എന്നീ മൂന്നു പെൺമക്കളുമാണുള്ളത്. പെൺ മക്കളിൽ ചിന്നമ്മയെ മാവേലിക്കര ഫിലിപ്പ് മെമ്മോറിയൽ ഹോസ്പിറ്റൽ സ്ഥാപകനായ എം. പി. ഫിലിപ്പാണു വിവാഹം ചെയ്തത്. രണ്ടാമത്തെ സഹോദരൻ കൊച്ചുവർക്കി ചാക്കോയുടെ മക്കളാണ് അഡ്വ. പി. സി. വർക്കി, എൻ. സി. കുര്യൻ, അന്നാമ്മ, അമ്മിണി എന്നിവർ.

തന്റെ വല്ല്യപ്പനായ തെങ്ങുംതോട്ടത്തിൽ ശീമോനെപ്പറ്റി പൗത്രനായ പ്രൊഫ. ഏബ്രഹാം വറുഗീസ് ബാലനായിരിക്കുമ്പോൾ കണ്ട ചിത്രമാണു ചുവടെ ചേർക്കുന്നത്: "സാധാരണ വിശ്രമിക്കുമ്പോൾ വല്ല്യപ്പച്ചൻ മുൻവശത്തെ വരാന്തയിൽ നിന്നു മുറ്റത്തേക്കിറങ്ങുന്ന വാതിലിൽ പനംപായ് കൊണ്ടുള്ള തടുക്കിൽ കാൽ പുറത്തേക്ക് ഇട്ടു ഇരിക്കും. കൈയിൽ പനയോല കൊണ്ടുള്ള ഒരു വിശറി ഉണ്ടാവും. ഏശാവിനെപ്പോലെ ദേഹമാസകലം, രോമാവൃതമായിരുന്നു. അല്പം ഉയർന്ന മൂക്ക് വിശാലമായ നെറ്റി, പറ്റെ വെട്ടിയ മുടി, കൊമ്പൻ മീശ, നീളം കുറച്ചു വെട്ടിയിട്ടുള്ള താടിമീശ. ഒറ്റ മുണ്ടാണ് സാധാരണ വേഷം – പള്ളിയിലും മറ്റും പോകുമ്പോൾ ഷർട്ട് ധരിക്കും. വീടിന്റെ മുൻവശത്ത് ഇരുന്നു ഫിഡിൽ വായിക്കുമായിരുന്നു. പള്ളിയിലെ ആരാധനാ ഗീതങ്ങളാണ് പാടുന്നത്. പാടത്തു പോകുമ്പോൾ മാത്രം ഓലക്കുട ഉണ്ടായിരിക്കും. വള്ളം തുഴയാൻ പോകുമ്പോഴും വീശാൻ പോകുമ്പോഴും തൊപ്പിക്കുട കാണും.

മീൻ പിടിക്കുക അപ്പച്ചനു വലിയ ഹരമായിരുന്നു. ധാരാളം മീൻ പിടിക്കുമായിരുന്നു. പിടിക്കുന്ന മത്സ്യങ്ങളെ മണൽപ്പുറത്ത് കുഴികുഴിച്ച് അതിൽ ഇടും. വളരെ പിടിച്ചു കൂട്ടി കഴിഞ്ഞാൽ ആരുടെയെങ്കിലും കൈയിൽ വീട്ടിൽ കൊടുത്തു വിടും. വീണ്ടും മീൻ പിടുത്തം തുടരും. ചിലപ്പോൾ ദിവസങ്ങളോളം അതു നടക്കും. വല്യമ്മച്ചി ശണ്ഠ കൂടും. മീൻ എല്ലാം വെട്ടി പരുവപ്പെടുത്തണം – അല്ലെങ്കിൽ പല വീടുകളിൽ കൊടുത്തയക്കണം അതുമല്ലെങ്കിൽ – ഉണങ്ങി വയ്ക്കണം. കലക്ക

വെള്ളത്തിൽ മുങ്ങി മീൻ പിടിക്കുന്നതിനും വീശു വലയിൽ പിടിക്കു ന്നതിനും നല്ല സാമർത്ഥ്യമായിരുന്നു. മൂന്നു വീശു വലകൾ ഉണ്ടായിരുന്നു. പൊടിവല (ചെറുമത്സ്യങ്ങൾ വരെ അതിൽ കാണും) ഇടത്തരം, വലിയ വല ഇങ്ങനെ. വല മണികൾ നല്ല ഓടു കൊണ്ട് വാർത്തവയായിരുന്നു – വീടിന്റെ മുൻ വശത്ത് വല ഉണങ്ങാൻ വിരിച്ചിരിക്കുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. വിശ്രമവേളയിൽ, വലയുടെ കണ്ണി പൊട്ടിയവ നന്നാക്കും. വല വീശു ന്നതിനും വല നന്നാക്കുന്നതിനും, എന്റെ പിതാവിനും അറിയാ മായിരുന്നു. വല്യപ്പച്ചന്റെ കാലശേഷം വീശുവലകൾ എന്റെ പിതാവ് ടി. എസ്. ഗീവറുഗീസ് പത്തനംതിട്ടയ്ക്കു കൊണ്ടു പോന്നു. അവിടെ വർഷകാലത്തു പാടത്ത് ഊത്ത കയറുമ്പോൾ മീൻ വീശാൻ പോകു മായിരുന്നു. മീൻ പൂണിയുമായി ഞാനും ഉണ്ടാവും. എനിക്കും വീശുവല ഉപയോഗിക്കാനും വലക്കണ്ണി കെട്ടാനും അറിയാം. അയിരൂർ സ്കൂളിൽ പഠിപ്പിച്ചിരുന്ന കാലത്ത് ഞാൻ ഒരു വല ഉണ്ടാക്കിച്ചു മുൻ വശത്തെ പാടത്തു വീശുമായിരുന്നു.

വല്ല്യപ്പച്ചന്റെ പ്രധാന ഹോബി പല തരത്തിലുള്ള സാധനങ്ങൾ ഉണ്ടാ ക്കുക എന്നതായിരുന്നു. വീടിന്റെ മുൻപിലെ റോഡു സൈഡിൽ ഒരു കരി മ്പന ഉണ്ടായിരുന്നു. അതിന്റെ ഓല വാർത്തെടുത്ത് തഴപ്പായ് (കട്ടിലിലെ മെത്തപ്പായിക്ക് അടിയിൽ വിരിക്കാൻ ഉപയോഗിച്ചിരുന്നു), പന ഓല കൊണ്ട് വട്ടി, കുട്ട, ചൂരൽ വിശറി, കളിപ്പാട്ടങ്ങൾ മുതലായവയും ചൂരലു കൊണ്ടുള്ള കുട്ടയും നിർമ്മിച്ചിരുന്നു. ചീനഭരണികളും മറ്റു ഭരണികളും കൂട്ടിമുട്ടി പൊട്ടാതെ അതിന്റെ പുറമെ കയർ കൊണ്ട് വരിഞ്ഞു വന്നു.

വീട്ടാവശ്യങ്ങൾക്കും സംഭാവനയായി കൊടുക്കുന്നതിനുമായിരുന്നു തടുക്കും, പായും മറ്റും ഉണ്ടാക്കി വന്നത്. അവ ഉണ്ടാക്കാൻ എന്റെ പിതാ വിനും അറിയാമായിരുന്നു. വല്യപ്പച്ചൻ സ്ട്രോക്കു മൂലം മരിക്കുമ്പോൾ എനിക്ക് 7 വയസ്സായിരുന്നു."

പ്രൊഫ. ഏബ്രഹാം
വറുഗീസ്

6

തെങ്ങുംതോട്ടത്തിൽ പുരയിടവും വീടും

ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ ജനിച്ചു വളർന്ന അയിരൂർ തെങ്ങുംതോട്ടത്തിൽ വീടിനെപ്പറ്റിയും പറമ്പിനെപ്പറ്റിയും മറ്റും ചില കാര്യങ്ങൾ അനുസ്മരിക്കുമ്പോൾ നമുക്കു ഒരു നൂറ്റാണ്ട് പിമ്പോട്ടു സഞ്ചരിക്കേണ്ടി വരുന്നു. നാടു ഫലപുഷ്ടി നിറഞ്ഞതാകയാലും ഏറെക്കുറെ വിദ്യാഭ്യാസ സൗകര്യം ഉണ്ടായിരുന്നതിനാലും കർഷകരായ ജനങ്ങൾ പട്ടിണി കൂടാതെ ജീവിക്കുകയും പലരും പഠിക്കുകയും ചെയ്തിരുന്നു. കാലക്രമേണ മിക്കവീടുകളിലേയും ഒരംഗമെങ്കിലും വിദേശത്തോ ഇന്ത്യയുടെ ഇതര ദേശങ്ങളിലോ ജോലിക്കു പോയിട്ടുണ്ടാവും. അവർ അയച്ച പണം ഉപയോഗിച്ചു നല്ല വീടുകളും തെങ്ങിൻ തോട്ടങ്ങൾക്കു പകരം റബർതോട്ടങ്ങളും വിശാലമായ അയിരൂരിൽ പ്രത്യക്ഷപ്പെട്ടു. തെങ്ങും, കപ്പയും, ചേമ്പും, വാഴയും, ചേനയും എല്ലാം ക്രമേണ റബറിനു വഴിമാറി. തെങ്ങും തോട്ടങ്ങൾ റബർതോട്ടങ്ങളായി. ധാന്യ വിളകൾക്കു പകരം നാണ്യവിളകൾ മാത്രം.

ചെറുകോൽപുഴ കവലയിൽ നിന്നു മല്ലപ്പള്ളി റോഡിലൂടെ രണ്ടു ഫർലോംഗ് നടന്നാൽ തെങ്ങുംതോട്ടത്തിൽ പുരയിടമായി. അയൽപുര

തെങ്ങുംതോട്ടത്തിലെ പഴയ വീട്

തെങ്ങുംതോട്ടത്തിലെ പുതിയ വീട്

യിടത്തെ വേർതിരിക്കുന്ന തോട്ടിലൂടെ ആൾസഞ്ചാരം ഉണ്ടായിരുന്നു. പുലി മേത്തേത്തുകാരും മറ്റും റോഡിലേക്കു വന്നിരുന്നത് അതു വഴിയായിരുന്നു. റോഡിൽ വെള്ളം കയറാതിരിക്കാൻ ഒരു കലുങ്കും റോഡിന്റെ മറുവശത്തെ വയലിലേക്ക് ഇറങ്ങുവാൻ തോടിന്റെ വശത്തു കൂടി ഒരു തൂക്കായ നടപ്പാതയും ഉണ്ടായിരുന്നു. ചെറുകോൽ പുഴയിലേക്കു പോകുന്നവരും അവിടെ നിന്നു വടക്കോട്ടു വരുന്നവരും പാടത്തെ തോട്ടു വരമ്പിലൂടെയുള്ള കുറുക്കുവഴിയാണ് ഉപയോഗിച്ചു വന്നത്. മെറ്റൽ വിരിക്കാത്ത റോഡിനു വാഹനങ്ങൾ പോകത്തക്ക വീതിയും ഉണ്ടായിരുന്നു.

ബസ്സും കാറും ഒന്നും ഇല്ലാത്ത കാലം. അപൂർവമായി വല്ല കാറും അതുവഴി വന്നെന്നിരിക്കും. അപ്പോൾ കാറു കാണാൻ ആളുകൾ റോഡരികിലേക്ക് ഓടും. പലതരം കാളവണ്ടികളായിരുന്നു പ്രധാന വാഹനം. പല വണ്ടികളും പിച്ചളകൊണ്ട് കലാപരമായി കെട്ടിയവയായിരുന്നു. അച്ചുതണ്ടിൽ ഇടുന്ന ആണിയോടു ചേർത്തു പല വണ്ടികളിലും ഒച്ച ഉണ്ടാകുന്ന മണികൾ ഘടിപ്പിച്ചിരുന്നു. വണ്ടിയുടെ ഉടമസ്ഥന്റെ ധനസ്ഥിതി അനുസരിച്ച് വണ്ടികളുടെ പാളികളും ചിത്രപ്പണികളും വ്യത്യസ്തമായിരുന്നു. വണ്ടിച്ചക്രങ്ങൾ ഉരുളുമ്പോഴുള്ള കട, കട ശബ്ദവും, കാളകളെ ഓടാനും നടക്കാനും പ്രേരിപ്പിക്കുന്നതിനുള്ള ശബ്ദവും, വണ്ടികളിലെ മണികളുടേയും കാളകളുടെ കഴുത്തിൽ കെട്ടിയിരിക്കുന്ന മണികളുടേയും

ശബ്ദവും ആരേയും ആകർഷിച്ചുവന്നു. കൂടുതൽ സുഖകരമായ യാത്രക്ക്, വില്ലു വണ്ടി വേണ്ടി വന്നു. അവ ചുരുക്കം ആളുകൾക്കു മാത്രമേ ഉണ്ടാ യിരുന്നുള്ളു.

തെങ്ങുംതോട്ടത്തിൽ വീട് അഞ്ചു തലമുറകളായി താമസിച്ചു വരുന്ന താകയാൽ പഴക്കമുള്ളതാണ്. കുടുംബസ്ഥാപകനായ ശോമൻ തരകനോ സ്വപുത്രൻ ശീമാനോ ആയിരിക്കണം വീടു നിർമ്മിച്ചത്. ഇപ്പോഴവിടെ യുള്ള വീട് അടുത്ത കാലത്തു പുതുക്കി പണിയിച്ചിട്ടുള്ളതാണ്. എന്നാൽ വീടിന്റെ സ്ഥാനത്തിനും പ്രധാന മേൽക്കൂരയ്ക്കും കാര്യമായ മാറ്റം വരു ത്തിയിട്ടില്ല. തച്ചുശാസ്ത്ര പ്രകാരം പഴയവീടു പൊളിച്ചു മാറ്റിയില്ല. പഴയ വീട്ടിലെ അറ അതേസ്ഥാനത്തു തന്നെ ഇപ്പോഴും അഭംഗം സ്ഥിതി ചെയ്യുന്നു.

വീടു വടക്കോട്ടു ദർശനമായി കിഴക്കു പടിഞ്ഞാറു സ്ഥിതി ചെയ്യുന്നു. വീട്ടിൽ നിന്നു മുമ്പിലേക്ക് ഇറങ്ങിയാൽ വടക്കു വശത്തെ പാടവും പാട ത്തിന്റെ നടുവിലൂടെ വളഞ്ഞൊഴുകുന്ന തോടും ദൃശ്യമാകും. റോഡിനു വടക്കു വശത്തു വ്യാപിച്ചു കിടക്കുന്ന പാടത്തിനു മറുകര കാഞ്ഞേറ്റുകര എന്നിങ്ങനെയാണ് പേര്. വീടിനു മുമ്പിലുള്ള നിലവും തോടും കഴിഞ്ഞു മറുവശത്തുണ്ടായിരുന്ന കുറെ നിലം കടബാധ്യത തീർക്കാൻ വിറ്റുപോയി.

ചെറുകോൽപുഴ റോഡുണ്ടാക്കാൻ എൺപതുവർഷം മുമ്പ് തെങ്ങും തോട്ടത്തിൽ പുരയിടത്തിന്റെ കിഴക്കു പടിഞ്ഞാറു ഭാഗത്തുനിന്നും 42 അടി വീതിയിൽ സ്ഥലം പൊന്നിൻവിലക്കു കൊടുത്തപ്പോൾ നല്ല കായ്ഫല മുള്ള രണ്ടു നിര തെങ്ങുകൾ വെട്ടി മാറ്റേണ്ടി വന്നു.

തെങ്ങുംതോട്ടത്തിൽ പുരയിടത്തിന്റെ വടക്കുകിഴക്കു ഭാഗത്തു കാരുതറ എന്ന പേരിൽ ഒരു ആശാരി കുടുംബം ഉണ്ടായിരുന്നു. അവരുടെ കിണർ ഇപ്പോഴും ഉപയോഗയോഗ്യമാണ്. വീട്ടിലെ ആവശ്യത്തിനു വെള്ളം പമ്പു ചെയ്യുന്നത് അവിടെ നിന്നുമാണ്. ആശാരിമാർ വസ്തു 100 വർഷത്തേക്ക് കുഴിക്കാണം ഒറ്റിയായി തെങ്ങുംതോട്ടംകാർക്കു നൽകിയ ശേഷം സ്ഥലം വിട്ടു. ആ സ്ഥലവും ഇപ്പോഴത്തെ തെങ്ങുംതോട്ടത്തിലെ പുരയിടത്തോടു ചേർത്തു.

7

ഫാ. ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ

പുരാതനവും കുലീനവുമായ അയിരൂർ തെങ്ങുംതോട്ടത്തിൽ ശീമോന്റെയും ഏലിയാമ്മയുടെയും പുത്രനായി ടി. എസ്. ഏബ്രഹാം 1896 ഒക്ടോബർ നാലിനു ജനിക്കുമ്പോൾ, അദ്ദേഹം മലങ്കര സഭയിലെ ഒരു പ്രമുഖ വൈദികനാകുമെന്നോ സഭയുടെ അതിരുകൾ ഇന്ത്യയ്ക്കു വെളിയിലും പോയി വിശാലമാക്കുമെന്നോ നാടിന്റെ പ്രശസ്തി ദിഗന്തങ്ങളിൽ എത്തിക്കുമെന്നോ കർഷക പ്രമുഖനായ പിതാവോ ബന്ധുക്കളോ സ്വപ്നേപി വിചാരിച്ചിരുന്നില്ല. പക്ഷേ മനുഷ്യരുടെ ആശയാഭിലാഷങ്ങൾക്കും പരിമിതമായ ചിന്തകൾക്കും അതീതമായി ദൈവം പ്രവർത്തിക്കുകയും ഉത്തമരായ വ്യക്തികളെ തെരഞ്ഞെടുത്തു ദൈവരാജ്യത്തിന്റെ കെട്ടുപണിക്കു പകരണമാക്കുകയും ചെയ്യുന്ന സംഭവങ്ങൾ പഴയനിയമ – പുതിയനിയമ കാലഘട്ടങ്ങളിലും നാം ജീവിക്കുന്ന ഈ യുഗത്തിലും നിഷ്പ്രയാസം ദർശിക്കാൻ സാധിക്കും. അങ്ങനെ ദൈവം തെരഞ്ഞെടുത്ത ഒരു വ്യക്തിയാണ് ഫാ. ടി. എസ്. ഏബ്രഹാം എന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നു. നൂറ്റിപ്പത്തു വർഷം പഴക്കമുള്ള അയിരൂർ മാതാപ്പാറ പള്ളി സ്ഥാപിക്കുകയും തന്റെ ജീവിതം ആ ഇടവകക്കുവേണ്ടി ബലിയർപ്പിക്കുകയും ചെയ്ത തെങ്ങുംതോട്ടത്തിൽ ശീമോൻ അബ്രഹാം കോർഎപ്പിസ്കോപ്പായുടെ നിര്യാണത്തിനും മൂല കുടുംബ ശാഖയിലെ ഇളവട്ട ടി. എസ്. പീലിപ്പോസ് കത്തനാരുടെ സഭാ പരിവർത്തനത്തിനും ശേഷം മതാപ്പാറപ്പള്ളിയിൽ വൈദികരില്ലാതിരുന്ന കാലഘട്ടത്തിൽ സഭാംഗങ്ങളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് ടി. എസ്. ഏബ്രഹാം വൈദിക പദവിയിലേക്ക് വിളിക്കപ്പെട്ടത്.

നിരണം കൊല്ലം ഭദ്രാസനങ്ങളുടെ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് (പിന്നീട് ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവ) മെത്രാപ്പോലീത്താ കുണ്ടറ സെമിനാരിയുടെ ധന ശേഖരണാർത്ഥം 1913-ൽ അയിരൂർ മതാപ്പാറപ്പള്ളിയിൽ എത്തി ഒരാഴ്ച താമസിച്ചു. ഈ അവസരത്തിൽ പള്ളിക്കു സ്വന്തമായി വൈദികനില്ലെന്നുള്ള കാര്യം തിരുമേനിയെ അറിയിക്കുകയും അനന്തരം നടന്ന ആലോചനകളുടെ ഫലമായി അയിരൂർ രാമേശ്വരം ഗവ. മലയാളം സ്കൂളിലെ ഏഴാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന 17 വയസ്സുകാരനായ ടി. എസ്. ഏബ്രഹാമിനെ വൈദിക സ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയുമായിരുന്നു. തെരഞ്ഞെടുപ്പു സംബന്ധിച്ച ഒരന്തർ നാടകം ഇവിടെ തിരശ്ശീലമാറ്റി വ്യക്തമാക്കേണ്ടതുണ്ട്. അച്ചന്റെ

പിതാവായ ശീമോന് ഇതിനോടനുകൂലമല്ലായിരുന്നു. തെങ്ങുംതോട്ടത്തിലെ സാമ്പത്തിക സ്ഥിതിയും അന്ന് അത്രമെച്ചമല്ലായിരുന്നു. വല്യച്ചന്റെ കാലത്തും സ്ഥിതി വിഭിന്നമായിരുന്നില്ല. വല്യച്ചന്റെ മകൻ ഏക പുത്രനായിരുന്നതിനാൽ അച്ചന്റെ വീട്ടിലേക്കാവശ്യമായ ധാന്യവും കാർഷിക വിളകളും നല്ല കർഷകരായ അടുത്ത ബന്ധുക്കൾ ആവശ്യപ്പെടാതെതന്നെ ധാരാളമായി എത്തിച്ചുകൊണ്ടിരുന്നു.

കുഞ്ഞെറുക്കൻ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ടി. എസ്. ഏബ്രഹാമിനെ ഏഴാം ക്ലാസു പാസ്സായ ശേഷം ഒരു ജോലിയിൽ പ്രവേശിപ്പിച്ചു കുടുംബ കാര്യങ്ങളിൽ തന്നെ സഹായിക്കണമെന്ന ചിന്തയാണു പിതാവായ ശീമോനെ ഭരിച്ചത്. കുടുംബത്തിലെ ആരേയും ഇനി വൈദികവൃത്തിക്കു വിടേണ്ടതില്ലെന്നു അബ്രഹാം കോർ എപ്പിസ്കോപ്പാ തന്റെ പുത്രനോടു പറയുകയും ചെയ്തിരുന്നു. വൈദിക വൃത്തിയോടുള്ള എതിർപ്പല്ല, വ്യക്തിപരമായ ചില സാഹചര്യങ്ങളാണ് വല്യച്ചനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചതെന്നു പിന്നീടു മനസ്സിലായി. വൃദ്ധനായ വല്യച്ചൻ പാടത്തെ തെന്നുന്ന വരമ്പിലൂടെയും ഇടത്തോടുകളിലൂടെയും ഒന്നു രണ്ടു മൈൽ നടന്നായിരുന്നു മതാപ്പാറപ്പള്ളിയിൽ എത്തി ആരാധനകൾ നടത്തുകയും തിരിച്ചു വരികയും ചെയ്തുകൊണ്ടിരുന്നത്. ആരാധന കഴിഞ്ഞു വീട്ടിൽ വന്ന ശേഷമെ എന്തെങ്കിലും ഭക്ഷണം കഴിക്കാൻ സാധിക്കുമായിരുന്നുള്ളു. അന്നു പള്ളിക്കടുത്തു ഭക്ഷണം ലഭിക്കത്തക്ക വിധത്തിൽ കാപ്പിക്കടകൾ ഒന്നും ഇല്ലായിരുന്നു. ഇപ്പോഴും ഇല്ല. ഈ പ്രയാസം മനസ്സിലാക്കി അച്ചനു കുർബാന കഴിഞ്ഞു ഭക്ഷണം നൽകാൻ പള്ളിക്കാർ പള്ളിച്ചെലവിൽ സമീപത്തെ ഒരു വീട്ടിൽ ഏർപ്പാടുണ്ടാക്കി എങ്കിലും ആരോ ഒരാൾ ഈ സംവിധാനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചതിനാൽ മേലിൽ തന്റെ കുടുംബത്തിൽ നിന്നുള്ള വൈദികർക്ക് ഈ പ്രശ്നം നേരിടാൻ ഇടവരരുതെന്നു ചിന്തിച്ചുകൊണ്ടായിരുന്നു വൈദിക വൃത്തിയിലേക്ക് കുഞ്ഞെറുക്കനെ വിടേണ്ട എന്നു പുത്രനോടു നിർദ്ദേശിച്ചതത്രേ. വല്യച്ചന്റെയും അച്ചന്റെയും ചിന്താഗതിക്കു വിരുദ്ധമായി ഇടവകയോഗം ടി. എസ്.ഏബ്രഹാമിനെ തെരഞ്ഞെടുത്തു. മറ്റു ചിലരുടെ പേരുകളും നിർദ്ദേശിച്ചു എങ്കിലും ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത ഏബ്രഹാമിനെയാണു തെരഞ്ഞെടുത്തത്. ഒടുവിൽ ശീമോനും മെത്രാപ്പോലീത്തായുടെ സെലക്ഷൻ മനസ്സില്ലാമനസ്സോടെ അംഗീകരിച്ചു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിനു ശേഷം മതാപ്പാറപ്പള്ളിയിൽ വച്ചു ഗ്രിഗോറിയോസ് മെത്രാപ്പോലീത്താതന്നെ ഏബ്രഹാമിനു ശെമ്മാശു പട്ടം നൽകി. പിന്നീട് കീർത്തികേട്ട കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിൽ ചേർന്ന ശെമ്മാശൻ പഠനം പൂർത്തിയാക്കി വൈദിക സെമിനാരിയിൽ അഭ്യസനം നടത്തി. കോട്ടയം എം. ഡി. യിൽ അദ്ദേഹത്തെ പഠിപ്പിച്ച അദ്ധ്യാപകരിൽ കെ. സി. മാമ്മൻ മാപ്പിളയും ഉൾപ്പെടുന്നു. പട്ടം നൽകിയ മേല്പ്പട്ടക്കാരനോടും അദ്ധ്യാപ

കനായിരുന്ന മാമ്മൻ മാപ്പിളയോടും അവരുടെ ജീവിതാവസാനം വരെ വളരെ ഭയഭക്തിയോടും ആദരത്തോടുമായിരുന്നു ടി. എസ്. അച്ചൻ പെരുമാറിയിരുന്നതെന്നും അവർക്ക് അച്ചനോട് അമിതമായ സ്നേഹവാത്സല്യങ്ങളാണുണ്ടായിരുന്നതെന്നും എടുത്തു പറയേണ്ടതുണ്ട്.

ശെമ്മാശന്റെ സാമ്പത്തികനില മെച്ചമായിരുന്നില്ല എങ്കിലും അദമ്യമായ ഉന്നത വിദ്യാഭ്യാസാഭിലാഷം മൂലം അദ്ദേഹം 1926 ൽ തൃശ്ശനാപ്പള്ളി ബിഷപ്പ് ഹീബർ കോളജിൽ നിന്നും ബി. എ. ബിരുദം നേടി അയിരൂർ എം. ടി. സ്കൂളിൽ അദ്ധ്യാപകനായി. ഇതിനിടയിൽ വൈദികനായ അദ്ദേഹം പത്തു വർഷം കഴിഞ്ഞു ജോലി രാജിവച്ചശേഷം മദ്രാസിലെ മെസ്റ്റേൺ ട്രെയിനിംഗ് കോളജിൽ നിന്നു എൽ. ടി. ബിരുദം കരസ്ഥമാക്കി. അക്കാലത്തു വളരെ ചെറുപ്പത്തിൽ തന്നെ സുറിയാനിക്കാർ വിവാഹം നടത്തി വന്നതിനാൽ ടി. എസ്. ഏബ്രഹാം ശെമ്മാശൻ 1919 ൽ വഞ്ചിത്ര പാരിക്കലേത്തു ഗീവറുഗസീന്റെ പുത്രി മറിയാമ്മയെ വിവാഹം ചെയ്തു. തുടർന്നു 1927-ൽ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ച ഏബ്രഹാം അച്ചൻ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽതന്നെ മതാപ്പാറപ്പള്ളിയിൽ നവപൂജാർപ്പണവും നടത്തി. അന്നുമുതൽ മരിക്കുന്നവരെയും അച്ചൻ മതാപ്പാറപ്പള്ളി വികാരിയായിരുന്നു. അച്ചനോടുള്ള സ്നേഹം കാലം ചെയ്യുന്നതുവരെയും ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ അഭംഗം നിലനിർത്തി അദ്ദേഹത്തെ പലവുരു അനുഗ്രഹിച്ചു.

കുടുംബജീവിതം

മാവേലിക്കര, തിരുവല്ലാ, എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ വാരാന്ത്യത്തിലാണു ടി. എസ്. അച്ചൻ വീട്ടിൽ എത്തുക. ശനിയാഴ്ച തോറും വൈകിട്ട് എണ്ണയും കുഴമ്പും തേച്ച് കുറച്ചു നേരം ഇരുന്നശേഷം കുളിക്കുക പതിവായിരുന്നു. കുളി കഴിഞ്ഞാലുടൻ പ്രാർത്ഥനയായി. വീടിന് അന്നുണ്ടായിരുന്ന ചാവടിയിലായിരുന്നു പ്രാർത്ഥന നടത്തിവന്നത്.

പ്രാർത്ഥനയ്ക്കു മുമ്പ് പുതിയനിയമത്തിൽ നിന്നും സങ്കീർത്തനത്തിൽ നിന്നും മക്കൾ ആരെങ്കിലും വായിക്കണം. പ്രാർത്ഥന കഴിഞ്ഞുള്ള ഭക്ഷണ സമയത്തു ആൺമക്കളെല്ലാം ഊണു മേശയ്ക്കു ചുറ്റുമുണ്ടാവണം. പ്രഭാത പ്രാർത്ഥനയ്ക്കെത്തുമ്പോൾ എല്ലാവരും മുഖം കഴുകി ഉറക്കച്ചടവു തീർത്തിരിക്കണം എന്നു നിർബന്ധമായിരുന്നു. രാവിലെയും ബൈബിൾ വായിച്ചിരുന്നു. ശനിയാഴ്ച വൈകിട്ടത്തെ പ്രാർത്ഥന കുംഭ്യാക്രമമനുസരിച്ചുള്ളതായിരിക്കും. പെരുന്നാൾ വരുമ്പോൾ ചൊല്ലേണ്ട ഗീതങ്ങളും വായിക്കേണ്ട സങ്കീർത്തനങ്ങളും എല്ലാവരേയും പരിശീലിപ്പിച്ചിരുന്നു. ആൺമക്കൾക്കെല്ലാം പള്ളിയാരാധനാ ശുശ്രൂഷയിൽ സംബന്ധി

ക്കാൻ തക്ക പരിശീലനം നൽകിയിരുന്നു. വായിക്കുമ്പോൾ തെറ്റുവരുത്തിയാൽ ശിക്ഷയും. തെറ്റുകയില്ല. ആരാധന ഇമ്പകരവും വ്യക്തവുമായിരുന്നു. വലിച്ചുനീട്ടിക്കൊണ്ടുള്ള രീതി അസ്വീകാര്യം. ഗീതങ്ങൾ തെറ്റിച്ചാൽ തിരുത്തും. അതതു ദിവസത്തെ വേദവായനയെ അടിസ്ഥാനമാക്കിയായിരിക്കും കുർബാന മദ്ധ്യേയുള്ള പ്രഭാഷണം. പുതിയ തലമുറയ്ക്കു വിശ്വാസാചാരങ്ങളിൽ അറിവുകിട്ടത്തക്കവിധം പ്രസംഗം നടത്തിവന്നു.

വീട്ടുകാര്യങ്ങളെല്ലാം തന്നെ അച്ചന്റെ പത്നി ചിട്ടയായും ക്രമമായും നടത്തിവന്നതിനാൽ അച്ചന് അതിലൊന്നും കാര്യമായി ഇടപെടേണ്ടി വന്നിട്ടില്ല. ഏബ്രഹാം അച്ചന്റെ ഏക സഹോദരനും ആദ്യം ഹൈസ്കൂൾ അദ്ധ്യാപകനും പിന്നീട് ഹെഡ്മാസ്റ്ററുമായിരുന്ന ടി. എസ്. ഗീവറുഗീസും തമ്മിൽ കൂട്ടായ ആലോചനയുടെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളിലും യോജിച്ചാണു പ്രവർത്തിച്ചു വന്നത്. അച്ചനോടുള്ള ബഹുമാനവും സ്നേഹവും ഉണ്ടായിരുന്ന ടി. എസ്. ഗീവറുഗീസ്, സഹോദരന് പ്രയാസമുണ്ടാക്കുന്ന യാതൊന്നും ചെയ്തിട്ടില്ല. കുടുംബത്തിന്റെ കടബാദ്ധ്യതകൾ കണക്കു പറയാതെ ഇരുവരും കൊടുത്തുതീർത്തു. കുടുംബ സ്വത്തിന്റെ കാര്യത്തിലും ഇളയ സഹോദരൻ ഒരവകാശവാദവും ഉന്നയിച്ചിരുന്നില്ല. രണ്ടുപേരും ഇളയ സഹോദരി ദീനാമ്മയുടെയും അച്ചന്റെ പത്നിയുടെയും അഭിപ്രായങ്ങളും ഉപദേശങ്ങളും ആരായുമായിരുന്നു. ടി. എസ്. അച്ചന്റെയും സഹോദരന്റെയും പിതാവായ ശീമോനു ലഭിച്ച കുടുംബസ്വത്ത് തെങ്ങും തോട്ടം പുരയിടവും അയിരൂർ പാടത്തെ കുറെ നിലവും ആയിരുന്നു. നിലത്തിന്റെ ഗണ്യമായ ഭാഗം ചിട്ടിക്കടം വീട്ടാൻ വിറ്റുപോയി. ബാക്കിയുള്ള നിലത്തിൽനിന്നു വേണ്ടത്ര നെല്ലു ലഭിക്കാതിരുന്നതിനാൽ തെങ്ങിൽ നിന്നുള്ളതായിരുന്നു മുഖ്യ വരുമാനം.

ശീമോൻ അബ്രഹാം കോർ എപ്പിസ്കോപ്പായ്ക്കു പൂർവ്വിക സ്വത്തായി തേക്കുങ്കലും മറ്റും ഉണ്ടായിരുന്ന വസ്തുക്കൾ പെൺമക്കളെ വിവാഹം ചെയ്തയയ്ക്കുന്നതിനു വേണ്ടി വിറ്റു പോയി. ആ ഇനത്തിൽ ശേഷിച്ച പണം കൊണ്ടാണു മതാപ്പാറപ്പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങിയത്. വൈദികനായതിനാലും ഒറ്റ പുത്രനാകയാലും അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളെപ്പോലെ കുന്നു വെട്ടിത്തെളിച്ചു ഭൂമി സമ്പാദിക്കാൻ സാധിച്ചില്ല. തന്നിമിത്തം അദ്ദേഹത്തിനു തെങ്ങുംതോട്ടത്തിൽ പുരയിടം മാത്രമാണു അവകാശമായി ലഭിച്ചതെന്നും ഓർക്കണം. പരിമിതമായ ഈ സ്വത്താണു പുത്രനായ ശീമോൻ വഴി അദ്ദേഹത്തിന്റെ പുത്രന്മാരായ ടി. എസ്. അച്ചനും, ടി. എസ്. ഗീവറുഗീസിനും കിട്ടിയത്.

ടി. എസ്. അച്ചൻ അയിരൂരിലെ കുടുംബ വീട്ടിലും സഹോദരൻ പത്തനംതിട്ടയിലുമാണു താമസിച്ചത്. കുടുംബ സ്വത്തിന്റെ കാര്യമോ അതു വിഭജി

ക്കുന്ന പ്രശ്നമോ ഒന്നും സഹോദരന്മാരുടെ ചിന്തയിൽ പോലും ഉണ്ടായിരുന്നില്ല. പിതാവ് രോഗിയായി കിടക്കുമ്പോൾ ടി. എസ്. അച്ചൻ മദ്രാസിൽ എൽ. ടി. ക്കു പഠിക്കുകയായിരുന്നു. മദ്രാസിലെ ഇടവകയുടെ ചുമതലയും അച്ചനായിരുന്നു. തന്നിമിത്തം സഹോദരൻ ശനിയാഴ്ച തോറും അയിരൂരിലെത്തി പിതാവിന്റെ രോഗ ശുശ്രൂഷാ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും പതിവായിരുന്നു. ഇങ്ങനെയുള്ള ഒരവസരത്തിൽ ടി. എസ്. ഗീവറുഗീസിനോടു പിതാവ് ഇപ്രകാരം പറഞ്ഞു. "കീവർച്ചാ ഞാൻ നിങ്ങൾക്കു വേണ്ടി ഒന്നും സമ്പാദിച്ചില്ല. കടം മാത്രമാണ് ഉണ്ടാക്കി വച്ചിരിക്കുന്നത്. എന്റെ കാലശേഷം നിങ്ങൾ സ്വത്തിന്റെ പേരിൽ വഴക്കുണ്ടാക്കരുത്." ഇല്ലെന്നു മകൻ ഉറപ്പും കൊടുത്തു.

മാതാപിതാക്കളുടെ മരണശേഷം വളരെക്കാലം കഴിഞ്ഞു ടി. എസ്. ഗീവറുഗീസ് ബഹറിനിലെ ജോലിക്കിടയിൽ അവധിക്കു വന്നപ്പോഴാണു കുടുംബസ്വത്തു വിഭജനക്കാര്യം സംസാരിച്ചത്. തെങ്ങുംതോട്ടത്തിൽ പുരയിടം രണ്ടായി വിഭജിച്ച് രണ്ടു വീടുകൾ വയ്ക്കേണ്ടതില്ലെന്നും അച്ചൻ അവിടെത്തന്നെ താമസിക്കണമെന്നും ഗീവറുഗീസ് പറയുകയും നിലം അച്ചൻ സഹോദരന്റെ പേരിൽ എഴുതി വയ്ക്കുകയും ചെയ്തു. അങ്ങനെ ഗീവറുഗീസ് തന്റെ പിതാവിനു കൊടുത്ത വാക്കു അക്ഷരംപ്രതി പാലിച്ചു. ടി. എസ്. ഗീവറുഗീസ് 1958 ൽ ബഹറിനിലെ ജോലിയിൽ നിന്നു ആരോഗ്യപരമായ കാരണത്താൽ വിരമിച്ചു പത്തനംതിട്ടയിൽ താമസിക്കുമ്പോൾ അവിവാഹിതനും അയിരൂർ എം. ടി. ഹൈസ്കൂൾ അദ്ധ്യാപകനും ഇളയ പുത്രനുമായ കുട്ടപ്പനെ (റിട്ട. പ്രൊഫ. ഏബ്രഹാം വറുഗീസ്) വിളിച്ചു ഇങ്ങനെ പറഞ്ഞു. "നിനക്ക് അയിരൂരിൽ തന്നെ താമസിക്കണമെന്നുണ്ടോ? നിലം വില്ക്കണമെങ്കിൽ അച്ചനു വേണ്ടെന്നു പറഞ്ഞാൽ മാത്രമേ മറ്റാർക്കെങ്കിലും നൽകാവു. വീടിനു മുമ്പിലുള്ള നിലം വേറെ വല്ലവരും വാങ്ങി കൃഷി ചെയ്തു നെല്ലു കൊണ്ടുപോകുന്നതു കണ്ടാൽ അച്ചനു വിഷമം തോന്നാം."

ടി. എസ്. ഗീവറുഗീസിന്റെ മരണ ശേഷം ഏതാനും വർഷം കഴിഞ്ഞു മക്കൾ അച്ചനുതന്നെ നിലം നൽകി.

ടി. എസ്. അച്ചനും പത്നിയും

8

അയിരൂർ എം. ടി. സ്കൂളിൽ

തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം ശെമ്മാശൻ ആദ്യമായി അയിരൂർ എം. ടി. സ്കൂളിൽ അദ്ധ്യാപകനായി ചേരുന്നതിനു മുമ്പുള്ള അവിടുത്തെ സാമുദായിക അന്തരീക്ഷവും സ്കൂളിന്റെ സ്ഥാപനവും സംബന്ധിച്ച ചില വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ഒരേ കുടുംബത്തിൽ പെട്ട പഴയ വിശ്വാസികളും നവീകരണവാദികളും തമ്മിൽ അയിരൂരിൽ പല കാര്യങ്ങളെ ചൊല്ലി സംഘർഷവും ചിലപ്പോൾ സംഘട്ടനങ്ങളും നടന്നിരുന്നു. ആ പശ്ചാത്തലത്തിലാണ് അയിരൂർ മതാപ്പാറപ്പള്ളിയും ശാലേം പള്ളിയും രൂപം കൊണ്ടതും എം. ടി. സ്കൂൾ സ്ഥാപിതമാകുന്നതും. 1894-ൽ അയിരൂർ മതാപ്പാറപ്പള്ളി സ്ഥാപിച്ച തെങ്ങുംതോട്ടത്തിൽ അബ്രഹാം കോർ എപ്പിസ്കോപ്പാ തന്നെയാണ് പള്ളിയോടനുബന്ധിച്ചു ഇംഗ്ലീഷ് സ്കൂളും ആരംഭിക്കുന്നത്. അയിരൂരിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂളും ഇതുതന്നെ. എന്നാൽ ഈ വിദ്യാലയം അംഗീകൃത സ്കൂൾ അല്ലായിരുന്നു.

വൈകാതെ ഇരു വിഭാഗങ്ങളും ഇംഗ്ലീഷ് സ്കൂളിനു വേണ്ടി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും രണ്ടു കൂട്ടർക്കും സ്കൂൾ അനുവദിച്ചു കിട്ടുകയും ഉണ്ടായി. യാക്കോബായ വിഭാഗം ഉടുമ്പും മല പുരയിടത്തിലും നവീകരണക്കാർ ചെറുകോൽപുഴയിലുമാണു പഠിത്ത വീടുകൾ തുടങ്ങിയത്. താമസംവിനാ നവീകരണക്കാർ ചെറുകോൽപുഴയിലെ സ്കൂൾ യാക്കോബായ വിഭാഗത്തിന്റെ സ്കൂളിനടുത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. രണ്ടു വിദ്യാലയങ്ങളും ഭിന്ന ചിന്താഗതിക്കാരെങ്കിലും ഒരേ കുടുംബത്തിൽ പെട്ടവർ നടത്തി വന്നതിനാലും സ്കൂളുകൾ നടത്താൻ കുട്ടികളിൽ നിന്നു ലഭിച്ചുകൊണ്ടിരുന്ന ഫീസ് ഒട്ടും തികയാഞ്ഞതിനാലും സ്കൂൾ നടത്തിപ്പു സംബന്ധിച്ച് ഇരു കൂട്ടരും ആലോചിച്ച് ഒരു ഒത്തുതീർപ്പുണ്ടാക്കി. അതിന്റെ ഫലമായി യാക്കോബായക്കാർ നടത്തിയ സ്കൂൾ നിർത്തലാക്കി. ശേഷിച്ച സ്കൂളിന് മല്പാൻ ആൻഡ് തരകൻ മെമ്മോറിയൽ സ്കൂൾ എന്നാണ് ആദ്യം പേരിട്ടത്. എം. എന്നത് ചെറുകര മല്പാനെയും ടി. എന്നത് തെങ്ങുംതോട്ടത്തിൽ ശോമൻ തരകൻ എന്നതിനേയും പ്രതിനിധാനം ചെയ്തുകൊണ്ട് എം. ടി. സ്കൂൾ ആയി. കാലക്രമത്തിൽ ഈ വിദ്യാലയം ശാലേം മാർത്തോമ്മാ പള്ളിയുടെ കീഴിൽ വരികയും എം. ടി. എന്നത് മാർത്തോമ്മാ സ്കൂൾ എന്നതിന്റെ ചുരുക്കപ്പേരാകുകയുമാണുണ്ടായത്.

സ്കൂളിന്റെ പ്രഥമ പേര്, മല്പാൻ ആൻഡ് തരകൻ സ്മാരകം എന്നായി രുന്നു എന്ന ചരിത്ര വസ്തുത തൊണ്ണൂറു കഴിഞ്ഞ വാനേത്തു മത്തായി അവർകളിൽ നിന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. യാക്കോബായ – മാർത്തോമ്മാ വിഭാഗങ്ങൾ തമ്മിലുള്ള ഭിന്നതകൾ തെങ്ങുംതോട്ടത്തിൽ അബ്രഹാം കോർഎപ്പിസ്കോപ്പയുടെയും പൗത്രനായ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായുടെയും ജീവിതത്തിൽ ഗൗരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി ടി. എസ്. ഏബ്രഹാം ശെമ്മാശൻ വീട്ടിൽ വന്നു താമസിക്കുന്ന കാലഘട്ടം. അന്ന് അയിരൂർ എം. ടി. സ്കൂളിൽ ഒരദ്ധ്യാപകന്റെ വേക്കൻസി ഉണ്ടായി. അദ്ധ്യാപക ജോലിക്ക് ശാലേം ഇടവ കയിൽ പെട്ടവരും അല്ലാത്തവരും ശാലേം പള്ളി വികാരിയും മാനേജരുമായ ചെറുകര വല്ല്യച്ചൻ എന്ന പേരിൽ പ്രസിദ്ധനായ സി. പി. പീലിപ്പോസ് കശീ ശയുടെ ബന്ധുക്കളും ഉൾപ്പെടെ പലർ അപേക്ഷിച്ചു. പള്ളി സെക്രട്ടറി പോസ്റ്റുമാസ്റ്റർ കൂടിയായ മലയാറ്റു ജോൺസാർ ആയിരുന്നു. മലയാറ്റെ മാസ്റ്റർ എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്. ഇദ്ദേഹം തെങ്ങുംതോട്ടത്തിൽ ശെമ്മാ ശന്റെ സ്നേഹിതനും അയൽവാസിയും തായില്ലം കുടുംബാംഗവുമാണ്. ശാലേം പള്ളി കമ്മിറ്റിയിൽ അന്നുണ്ടായിരുന്ന കുരുടാമണ്ണിൽ കുടുംബാംഗ ങ്ങൾ ശെമ്മാശന്റെ പിതാവായ തെങ്ങുംതോട്ടത്തിൽ ശീമോനോടു വളരെ താൽപര്യമുള്ളവരും ആയിരുന്നു.

ശെമ്മാശൻ, സ്കൂൾ ജോലിക്ക് അപേക്ഷിച്ചിരുന്നില്ല. മാർത്തോമ്മാ ക്കാരുടെ സ്കൂളിൽ അന്നു യാക്കോബായക്കാരനായ ഒരു ശെമ്മാശനു ജോലിക്കു സാധ്യതയില്ലെന്നു തിട്ടമായിരുന്നതിനാൽ അതേപ്പറ്റി ചിന്തിക്കു കയോ അപേക്ഷിക്കുകയോ ചെയ്തില്ല എന്നുള്ളതാണു വസ്തുത. ഇങ്ങ നെയിരിക്കെ പള്ളി കമ്മിറ്റിയിലെ ഒരംഗവും ശെമ്മാശനോടു താൽപ്പര്യവു മുള്ള വ്യക്തിയുമായ ഒരാൾ സെക്രട്ടറിയോടു പറഞ്ഞു ഒരപേക്ഷ തയ്യാറാക്കി. സെക്രട്ടറി ജോൺമാസ്റ്റർ തെങ്ങുംതോട്ടത്തിൽ എത്തി ശെമ്മാശന്റെ ഒപ്പും വാങ്ങി അപേക്ഷ സമർപ്പിച്ചു. നിയമന കമ്മിറ്റി കൂടാൻ ഉദ്ദേശിച്ചിരുന്ന ദിവസം മാർത്തോമ്മാ സഭയിലെ ഏബ്രഹാം സഫ്റഗൻ മെത്രാപ്പോലീത്താ ഇടവക സന്ദർശനത്തിനു വന്നതിനാൽ ഇടവക വികാരി അന്നു മറ്റൊരു പള്ളിയിൽ ശുശ്രൂഷ നടത്താൻ പോയി.

മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നിയമനക്കമ്മിറ്റികൂടി അപേക്ഷകൾ പരി ഗണിച്ചു. കമ്മിറ്റിയിലെ ഒരംഗമായ കുരുടാമണ്ണിൽ ഐക്കാട്ട് പേരപ്പൻ, ശെമ്മാശന്റെ അപേക്ഷ കിട്ടിയിട്ടുണ്ടോ എന്നാരാഞ്ഞു (അയിരൂർ പ്രദേ ശത്ത് അപ്പന്റെ ജ്യേഷ്ഠന്മാരെ പേരപ്പനെന്നും അനുജന്മാരെ ചിറ്റപ്പൻ എന്നുമാണ് വിളിക്കുന്നത്. എങ്ങോട്ടു തിരിഞ്ഞാലും പേരപ്പനേയോ ചിറ്റപ്പ

നേയോ പേരമ്മയേയോ ചിറ്റമ്മയേയോ മുട്ടാതെ നടക്കാൻ പ്രയാസം). അപേക്ഷ ഉണ്ടെന്നു പറഞ്ഞപ്പോൾ അതുമതി എന്നഭിപ്രായപ്പെടുകയും കമ്മിറ്റിയും പൊതുയോഗവും അത് അംഗീകരിക്കുകയുമാണുണ്ടായത്. ഭിന്നിച്ചിരിക്കുന്ന സമുദായാംഗങ്ങൾ തമ്മിൽ പരസ്പര മത്സരം അവസാനിപ്പിച്ചു സാഹോദര്യത്തോടെ കഴിയേണ്ടതാണെന്നും ശെമ്മാശനെ തെരഞ്ഞെടുത്തതു സമുചിതമായെന്നും അതിൽ ഇടവകാംഗങ്ങളെ അനുമോദിക്കുന്നു എന്നും പ്രസംഗമദ്ധ്യേ മെത്രാച്ചൻ അനുസ്മരിപ്പിച്ചു. ഈ വിവരം അപേക്ഷ തയ്യാറാക്കിയ ജോൺസാറിൽ നിന്നു നേരിട്ടു കേട്ടതാകയാൽ തർക്ക വിഷയമാവില്ലെന്നു പറയാം. അദ്ദേഹം നാലഞ്ചു വർഷം മുമ്പാണ് അന്തരിച്ചത്.

ശെമ്മാശൻ പിന്നീട് വൈദികനായി. പത്തു വർഷത്തോളം എം. ടി. സ്കൂളിൽ പഠിപ്പിച്ചു. ശെമ്മാശന്റെ നിയമനം വികാരിയും മാനേജരുമായിരുന്ന അയിരൂരച്ചന് ഒട്ടും രസിച്ചില്ല. മെത്രാച്ചൻ കൂടി ഇരുന്നു തീരുമാനിച്ചതിനാൽ എതിരൊന്നും പറയാനും സാധ്യമല്ലല്ലോ. ഇത്രയൊക്കെയായിട്ടും ശെമ്മാശന് നിയമന ഉത്തരവ് നൽകിയില്ല. ശെമ്മാശനെ അന്നത്തെ ഹെഡ്മാസ്റ്റർ കുരുടാമണ്ണിൽ തേപ്പുകല്ലുങ്കൽ കെ. എ. ഏബ്രഹാം സ്കൂളിൽ പ്രവേശിപ്പിക്കുകയും രജിസ്റ്ററിൽ ഒപ്പിടുവിയ്ക്കയും ചെയ്തു. മറ്റാരെയോ നിയമിക്കാനാണത്രെ മാനേജർ തീരുമാനിച്ചിരുന്നത്.

മാർത്തോമ്മാ സഭയിലെ ഒരു പ്രമുഖ വൈദികനെന്ന നിലക്ക് ആ സമുദായത്തിനു നല്ലതെന്തെന്നു ചിന്തിച്ചു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനില്ലെന്നു പറയുന്നതു ശരിയല്ലല്ലോ. ശെമ്മാശനോട് വ്യക്തിപരമായി അദ്ദേഹത്തിന് ഒരു വിരോധവും ഇല്ലായിരുന്നു താനും. ഇങ്ങനെയിരിക്കെ ശെമ്മാശൻ വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് അച്ചന്റെ പേരിൽ പല പരാതികൾ മേലധികാരികൾക്ക് ലഭിച്ചു. ഇടവക ഭരണം ഉള്ളതിനാൽ സമയക്കുറവു കൊണ്ട് അച്ചൻ സ്കൂൾ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നായിരുന്നു മുഖ്യ പരാതി. വിദ്യാഭ്യാസ വകുപ്പധികൃതർ പരാതിയെപ്പറ്റി ശരിയായ അന്വേഷണം നടത്തുകയും കൃത്യനിർവ്വഹണത്തിൽ വിഴ്ച വരുത്തിയിട്ടില്ലാത്ത അച്ചൻ നല്ല അധ്യാപകനാണെന്നു ബോധ്യപ്പെട്ടു പരാതികളെല്ലാം നിരാകരിക്കുകയുമാണുണ്ടായത്. പക്ഷേ മാനേജരുടെ ഹൃദയത്തിനു മാറ്റം വന്നില്ല. ടി. എസ്. അച്ചന് ശമ്പളം നൽകിയില്ല. സംഗതി കോടതി വരെ എത്തി. കോടതി അച്ചന് അനുകൂലമായി വിധി നൽകി. എന്നിട്ടും മാനേജർ വഴങ്ങാതിരുന്നതിനാൽ കുരുടാമണ്ണിൽ ഐക്കാട്ടു അഡ്വ. എ. ജി. മാത്യു കോർട്ടലക്ഷ്യത്തിനു കേസു ഫയൽ ചെയ്തു. സംഗതിയുടെ ഗൗരവം മനസ്സിലാക്കി മാർത്തോമ്മാ സഭയിലെ ചില പ്രമാണികൾ രംഗത്തുവന്നു. അയിരൂരച്ചനെ കോടതിയിൽ വിസ്തരിക്കേണ്ടി വരുന്നതു തങ്ങൾക്കു ക്ഷീണമാകുമെ

ന്നവർ കണ്ടു പ്രശസ്തനായ കെ. കെ. കുരുവിള സാറും മറ്റും ഇടപെട്ട് ഒരു ഒത്തുതീർപ്പുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ ടി. എസ്. ഏബ്രഹാം അച്ചൻ അദ്ധ്യാപക ജോലി രാജിവച്ചു. മാനേജരച്ചൻ മാനേജർ സ്ഥാനവും രാജിവച്ചു. ഈ പ്രശ്നങ്ങൾക്കിടയിൽ ഏതാനും പേർ ടി. എസ്. അച്ചനെ സ്കൂളിൽ കയറ്റാതിരിക്കാൻ ശ്രമിച്ചു എങ്കിലും മറ്റൊരു കൂട്ടർ അച്ചന്റെ സംരക്ഷണത്തിന് എത്തിച്ചേർന്നു. സംഘർഷത്തിനിടയിൽ മർദ്ദനമേറ്റവരിൽ മലയാറ്റു ജോൺ സാറും ഉൾപ്പെടുന്നു.

കുലീന കുടുംബാംഗവും വിദ്യാസമ്പന്നനും വേദശാസ്ത്ര പണ്ഡിതനും നല്ല പ്രസംഗകനുമായിരുന്ന ടി. എസ്. അച്ചൻ എം. ടി. സ്കൂളിൽ പ്രവർത്തിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വാധീനത്തിൽ പെട്ട് പല നവീകരണക്കാരും പൂർവ്വിക വിശ്വാസത്തിലേക്കു മടങ്ങിപ്പോയേക്കാമെന്ന ചിന്ത ഉണ്ടായിരുന്നവരിൽ മുഖ്യനായിരുന്നു മാനേജരച്ചനെന്ന വസ്തുത നിസ്സാര കാര്യങ്ങളുടെ ചാരത്തിൽ മൂടാൻ ചിലർ ശ്രമിച്ചു എങ്കിലും സത്യം കനൽകട്ടപോലെ കൂടുതൽ മിന്നി പ്രകാശിക്കുകയായിരുന്നു. എം. ടി. സ്കൂളിൽ നിന്നുള്ള അച്ചന്റെ രാജി മൂലം പ്രശസ്തമായ കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിനു പ്രഗല്ഭനായ ഒരു അദ്ധ്യാപകനെ ലഭിച്ചു.

ശിഷ്യന്റെ അനുസ്മരണ

ടി. എസ്. അച്ചന്റെ ശിഷ്യനും മുൻ കോട്ടയം മുനിസിപ്പൽ ചെയർമാനുമായ പി. സി. ചെറിയാൻ മടുക്കാനി എഴുതുന്നു: "ഞാൻ എം. ഡി. സെമിനാരി ഹൈസ്കൂളിൽ 1938-ൽ ഫോർത്ത്ഫോമിൽ പഠിക്കുമ്പോൾ തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം അച്ചൻ ആയിരുന്നു ഞങ്ങളുടെ അദ്ധ്യാപകൻ. ഹെഡ്മാസ്റ്റർ വള്ളക്കാലിൽ വി. ജെ. ഇട്ടി ച്ചെറിയ. വി. ജി. ജോർജ്ജ് (കൈപ്പട്ടൂർ) (പിന്നീട് ഹെഡ്മാസ്റ്റർ) വട്ടശ്ശേരിൽ വി. എ. വറുഗീസ് (വട്ടശ്ശേരിൽ തിരുമേനിയുടെ സഹോദര പുത്രൻ) കെ. സി. ജോൺ (കോട്ടയം), (പിന്നീട് ഹെഡ്മാസ്റ്റർ) പി. മത്തായി (തുമ്പമൺ), പി. എ. പൈലോ കോട്ടയം, പി. വെങ്കിടാചലം അയ്യർ (കോട്ടയം) എന്നിവരായിരുന്നു സഹ അദ്ധ്യാപകർ.

എം. ജി. എം. ഹൈസ്കൂളിൽ നിന്നു വന്ന വി. എ. വറുഗീസിനെ ടൈഗർ ഓഫ് എം. ജി. എം. എന്നാണ് വിശേഷിപ്പിച്ചിരുന്നത്. എം. ഡി. സ്കൂളിൽ വരുന്നതിനു മുൻപു തന്നെ മലങ്കര കത്തോലിക്കാ റീത്തിൽ ചേർന്നിരുന്ന അദ്ദേഹം റീത്തുകാരുടെ മാനേജ്മെന്റിലുള്ള പിറവം ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയി പോകുകയും ചെയ്തു.

ആരെയും ആകർഷിക്കുന്ന ആകാര ഭംഗി ഉള്ള ഏബ്രഹാം അച്ചൻ ഏത് ആൾക്കൂട്ടത്തിൽ നിന്നാലും വളരെ ശ്രദ്ധേയനായിരുന്നു. അദ്ദേഹം അന്നത്തെ വൈദികരിൽ ഒന്നാം നിരയിലായിരുന്നു. അതുകൊണ്ടാണല്ലോ

മലങ്കരസഭയുടെ വൈദിക ട്രസ്റ്റിയായി ഐകൃകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടത്.

മാതൃകാ അദ്ധ്യാപകനായിരുന്ന അച്ചൻ തമാശകൾ പറയുന്നതിൽ തല്പരനായിരുന്നു. അന്നു കൊല്ലാട് മുല്ലശ്ശേരിൽ എം. വി. മാത്യുവായിരുന്നു ക്ലാസിലെ ഏറ്റവും പൊക്കമുള്ള വ്യക്തി. മാത്യുവിന്റെ പുറകിൽ ഇരിക്കുന്ന വിദ്യാർത്ഥിയെ ഉദ്ദേശിച്ച് "ഉയരപ്പെട്ടവന്റെ പുറകിൽ ഇരിക്കുന്ന ആൾ എഴുന്നേൽക്കുക" എന്ന് അച്ചൻ ഒരിക്കൽ പറഞ്ഞപ്പോൾ ഉണ്ടായ കൂട്ടച്ചിരി ഇപ്പോഴും ഓർക്കുന്നു.

അച്ചന്റെ വിദ്യാർത്ഥികളിൽ എം. ആർ. എഫ്. മാനേജിംഗ് ഡയറക്ടർ കെ. എം. മാമ്മൻ മാപ്പിള, ക്യാപ്റ്റൻ പി. വി. ജോർജ്ജ് കോട്ടയം, ഡെപ്യൂട്ടി ചീഫ് എൻജിനിയർ കുര്യൻ തോമസ്, ഒളിമ്പിയൻ പി. ബി. അബ്ദുൾ സാലി, എൻ. പി. കുര്യൻ മുതലായവർ ഉൾപ്പെടുന്നു.

സ്നേഹസമ്പന്നനായ അച്ചൻ കുറച്ചു നാൾ മാത്രമെ എം. ഡി. സ്കൂളിൽ ഉണ്ടായിരുന്നുള്ളു. പിന്നീട് അദ്ദേഹം മാവേലിക്കര എം. എസ്. എസ്. ഹെഡ്മാസ്റ്ററായിപ്പോയി. നേരത്തെ എം. ഡി. യിൽ വിദ്യാർത്ഥിയും പിന്നീട് അദ്ധ്യാപകനുമായിരുന്ന ടി. എസ്. അച്ചന്റെ പാവന സ്മരണയ്ക്കു മുമ്പിൽ നമിക്കാൻ ഒരവസരം ലഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

മാവേലിക്കരയിൽ

കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിലെ അധ്യാപക ജോലിക്കു ശേഷം ടി. എസ്. ഏബ്രഹാം അച്ചൻ മാവേലിക്കര (തഴക്കര) എം. എസ്. സെമിനാരി ഹൈസ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. ഹെഡ്മാസ്റ്റർ എന്ന നിലയിലുള്ള ബഹുമുഖ പ്രവർത്തനങ്ങളെപ്പറ്റി പറയുന്നതിനു മുമ്പ് പ്രസ്തുത സ്കൂളിന്റെ ചരിത്രത്തിലേക്ക് ഒന്നെത്തി നോക്കുന്നത് ഇന്നത്തെ തലമുറയ്ക്കു വിജ്ഞാനപ്രദമായിരിക്കും.

ഈ വിദ്യാലയം 1921-ൽ ആണ് ആരംഭിച്ചത്. വടക്കേതലയ്ക്കൽ വലിയച്ചൻ 1873 മുതൽ സ്ഥലത്തെ കുട്ടികൾക്കു വേണ്ടി ഇവിടെ ഒരു കുടിപ്പള്ളിക്കുടം നടത്തി വന്നിരുന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ്, മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്ത 1909 നു ശേഷം അദ്ദേഹത്തിന്റെ അറിവോടും അനുഗ്രഹാശംസകളോടും വല്യച്ചന്റെ പുത്രൻ വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർ ഒരു ഇംഗ്ലീഷ് സ്കൂൾ അനുവദിച്ചു കിട്ടാൻ അക്ഷീണ യത്നം നടത്തി. അങ്ങനെ 1921 മെയ് മാസത്തിൽ മലങ്കര മെത്രാപ്പോലീത്തായുടെ പേരിൽ തഴക്കര സ്കൂൾ നിലവിൽ വന്നു. മാനേജ്മെന്റിനെ സംബന്ധിച്ച സംഗതികളെല്ലാം കറസ്പോണ്ടന്റു കൂടിയായ സ്കറിയാ കത്തനാർ തന്നെ നിർവഹിച്ചു കൊണ്ടിരുന്നു. ഈ മിഡിൽ

സ്കൂൾ 1939-ൽ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായുടെ പരിശ്രമത്താലാണു ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. തുടർന്നു ടി. എസ്. ഏബ്രഹാം അച്ചനെ പ്രഥമ ഹെഡ്മാസ്റ്ററായി ബാവാ നിയമിച്ചു. ഈ സ്കൂളിനോടു ചേർന്നു 1963-ൽ ഒരു ബേസിക് ട്രെയിനിംഗ്കളും ആരംഭിച്ചു. രണ്ടു സ്ഥാപനങ്ങളും കോർപറേറ്റു മാനേജ്മെന്റിന്റെ ഘടകങ്ങളാണെങ്കിലും ലോക്കൽ മാനേജർ എന്ന നിലയിൽ സ്കറിയാ കത്തനാർ മരണം വരെ ഇവയുടെ ഉയർച്ചയ്ക്കു വേണ്ടി ഉത്സാഹപൂർവ്വം പ്രവർത്തിച്ചു. പിന്നീട് അദ്ദേഹത്തിന്റെ പുത്രൻ ഫാ. ജോർജ്ജ് സഖറിയാ ആയിരുന്നു സ്കൂളിന്റെ ചുമതലക്കാരൻ. ഇതിനകം സഭയിൽ സമുന്നത സ്ഥാനം നേടിയ ഈ സ്കൂളിന്റെ അങ്കണത്തിൽ വച്ചാണു 1977 മെയ് 16നു മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചേർന്നതെന്നും സാന്ദർഭികമായി എടുത്തു പറയേണ്ടതുണ്ട്. ഫാ. ടി. എസ്. ഏബ്രഹാം 1939-ൽ ആണ് മാവേലിക്കര എം. എസ്. ഹൈസ് കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായി ചാർജ്ജെടുക്കുന്നത്. അതുവരെ അത് ഒരു മിഡിൽ സ്കൂൾ ആയിരുന്നു. കെ. പി. ഫിലിപ്പ് ആയിരുന്നു ഒടുവിൽ മിഡിൽ സ്കൂൾ ഹെഡ്മാസ്റ്റർ ആയി സേവനം ചെയ്തത്.

ഹൈസ്കൂൾ ആയി ഉയർത്തുന്നതു വരെ ഇവിടെ പഠിച്ച വിദ്യാർത്ഥികൾ ബി. എച്ച്. ഹൈസ്കൂളിലായിരുന്നു ഉപരി പഠനം നടത്തി വന്നത്. 1939-ൽ എം. എസ്. എസ് സ്കൂളിൽ ഫോർത്തുഫോറം ആരംഭിക്കുമ്പോൾ നാല് പതിൽ പരം കുട്ടികളുണ്ടായിരുന്നു. തുടർന്നു ഓരോ വർഷവും ഓരോ ഡിവിഷൻ കൂടി വന്നു. സംസ്ക്കാര സമ്പന്നനായ ടി. എസ്. അച്ചൻ ശിക്ഷണത്തിനും അച്ചടക്കത്തിനും പേരു കേട്ട വ്യക്തിയും പ്രസിദ്ധ കൺവൻഷൻ പ്രസംഗകനും ആയിരുന്നു. അച്ചടക്ക ലംഘനം എന്ന വാക്ക് പോലും അന്നു സ്കൂൾ പരിസരത്തെങ്ങും, ആരും കേട്ടിട്ടില്ല. കുട്ടികൾ വർദ്ധിച്ചതിനാൽ സ്കൂളിനു ഒരു പുതിയ കെട്ടിടം കൂടി ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ നിർമ്മിച്ചു. ടി. എസ്. അച്ചന്റെ ആകർഷകമായ വ്യക്തിത്വവും വാക്ചാതുര്യവും സൽപെരുമാറ്റവും അധ്യാപന സാമർത്ഥ്യവും മൂലം കുറഞ്ഞ കാലം കൊണ്ട് എം. എസ്. എസ്. സ്കൂളിനു പ്രശസ്തി ലഭിച്ചു എന്ന് 1936-39 വർഷത്തിൽ അവിടെ പഠിച്ച ശേഷം ബി. എച്ചിൽ ചേർന്ന ഫാ. പി. വി. വറുഗീസ് (ക്ലേറി അച്ചൻ) ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞു. ടി. എസ്. അച്ചൻ ഹൈസ്കൂളിനു നല്ല അടിസ്ഥാനമിട്ടതു കൊണ്ട് 1956-ൽ ആരംഭിച്ച എം. ഡി. സ്കൂൾ കോർപറേറ്റ് മാനേജ്മെന്റിലെ ഒരു മികച്ച വിദ്യാലയമായി അതിനുയരാൻ സാധിച്ചു.

വിദ്യാർത്ഥികൾ, വിശിഷ്യ ഹൈസ്കൂൾ ക്ലാസ്സുകളിലെ പെൺകുട്ടികൾ മാന്യമായ വിധത്തിൽ വസ്ത്രധാരണം ചെയ്തിരിക്കണമെന്ന് അച്ചൻ നിഷ്കർഷിച്ചിരുന്നു. പാവാടയും, ബ്ലൗസും, ഹാഫ് സാരിയുമായിരുന്നു

അന്നു പെൺകുട്ടികളുടെ സാധാരണ വേഷം. സുറിയാനി ക്രിസ്ത്യാനികളുടെ പരമ്പരാഗതമായ മുണ്ടും ചട്ടയും ധരിച്ച് കവണി മേലങ്കിയായി ചാർത്തി ക്ലാസ്സിൽ എത്തിയിരുന്ന തന്റെ വേഷത്തെ ടി. എസ്. അച്ചൻ ക്ലാസിൽ വച്ചു പരസ്യമായി അഭിനന്ദിച്ചിരുന്നതായി തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയുടെ മുൻ വികാരി ഫാ. പി. എം. ഈപ്പന്റെ സഹധർമ്മണി ജി. ഏലിയാമ്മ എം. എസ്. എസിലെ സ്കൂൾ ജീവിതത്തെ പരാമർശിച്ചു കഴിഞ്ഞ സെപ്റ്റംബർ 11 നു സാന്ദർഭികമായി പറഞ്ഞു. അക്കാല ഘട്ടത്തെപ്പറ്റി ഏലിയാമ്മ ഇങ്ങനെ അനുസ്മരിക്കുന്നു: "മലയാളം ഏഴാം ക്ലാസ്സു ജയിച്ചശേഷം 1947-ൽ സെക്കൻഡ് ഫോമിലാണു ചേർന്നത്. 1952 മാർച്ചിലാണു എസ്. എൽ. സി. പാസ്സായത്. ടി. എസ്. അച്ചൻ ഹെഡ് മാസ്റ്ററാകയാൽ അധികം ക്ലാസ്സുകൾ എടുക്കാറില്ലായിരുന്നു. സിക്സ്തിൽ ഇംഗ്ലീഷ് ഗ്രാമർ എടുത്തിരുന്നു. നല്ലവണ്ണം മനസ്സിലാകുന്ന വിധം പഠിപ്പിക്കും. മിക്ക സമയത്തും വരാന്തയിലും ക്ലാസ്സു മുറികൾക്കു ചുറ്റും ഒരു വടിയുമായി റോന്തു ചുറ്റുന്നുണ്ടാവും. ആരെങ്കിലും എന്തെങ്കിലും കുറ്റം ചെയ്താൽ അടി സുനിശ്ചിതം. കുട്ടികൾക്കെല്ലാം പൊതുവേ ഹെഡ്മാസ്റ്ററെ ഭയവും. അതേ സമയം മിക്ക കുട്ടികളെയും വീട്ടുപേരു ചേർത്തു വിളിക്കത്തക്കവിധം അതൊക്കെ നിശ്ചയമായിരുന്നു. സ്കൂളിന്റെ ഉയർച്ചയ്ക്കു വേണ്ടി അഞ്ചു ദിവസവും തഴക്കരയിൽ തങ്ങിയിരുന്നതു കൊണ്ടാണ് നാട്ടുകാരെയും വീട്ടുകാരെയും സന്ദർശിച്ചു ഇതെല്ലാം വളരെ വേഗത്തിൽ മനസ്സിലാക്കാൻ സാധിച്ചത്. സ്നേഹവും വലിയ ഫലിതരസവും സംഭാഷണത്തിൽ മുഴച്ചു നിന്നിരുന്നു. വാരാന്ത്യത്തിൽ മാത്രമേ സ്വന്തനാടായ അയിരൂർക്കു പോയിരുന്നുള്ളു. അച്ചന്റെ ടീമിൽ എം. ദാനിയേൽ, പി. പി. ചാക്കോ, ഭാസ്കരൻ പിള്ള, മത്തായി ജോസഫ്, പി. എം. മാത്യു എന്നീ അധ്യാപകരും കോട്ടയം വട്ടുകളത്തിൽ വർക്കി സാറിന്റെ മകളും മാവേലിക്കര പാലമൂട്ടിൽ ഡി. എം. ഒ. മത്തായിയുടെ ഭാര്യയുമായ ചാച്ചിയമ്മ ടീച്ചറും ഉണ്ടായിരുന്നു. കണക്കു ടീച്ചറായ ചാച്ചിയമ്മ 1952-ൽ കാതോലിക്കേറ്റ് കോളജിൽ ജോലി സ്വീകരിച്ചു പോയി."

കാർത്തികപ്പള്ളി സ്വദേശിയായ ഈപ്പനച്ചൻ അവിടത്തെ സെന്റ് തോമസ് മിഡിൽ സ്കൂളിൽ (ഇപ്പോൾ ഹൈസ്കൂൾ) പഠിക്കുന്ന കാലത്തു സ്കൂളിലെ ചില പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ ടി. എസ് അച്ചൻ അധ്യക്ഷത വഹിച്ചു പ്രസംഗിച്ചിട്ടുണ്ടെന്നും മാവേലിക്കരയിലും സമീപ ഇടവകകളിലും ഉള്ളവർക്ക് അച്ചനോടു വലിയ താല്പര്യവും ബഹുമാനവും, സ്നേഹവും ഉണ്ടായിരുന്നു എന്നും പി. എം. ഈപ്പനച്ചൻ എടുത്തു പറഞ്ഞു.

൨

എം. ജി. എം. ന്റെ പ്രതാപം വീണ്ടെടുത്തു

പുരാതനമായ തിരുവല്ല എം. ജി. എം. ഹൈസ്കൂളിന് ഇടക്കാലത്തു കുറെയൊക്കെ നഷ്ടപ്പെട്ട പ്രശസ്തി ഹെഡ്മാസ്റ്ററായി വന്ന ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ എങ്ങനെ വീണ്ടെടുത്തു എന്നത് തിരിഞ്ഞു നോക്കുമ്പോൾ വിസ്മയജനകമാണ്. അൻപതു വർഷം മുമ്പ് അദ്ദേഹത്തിന്റെ വിദ്യാർത്ഥിയും പിന്നീട് കോട്ടയം ബസ്സേലിയോസ് കോളജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു റിട്ടയർ ചെയ്ത ദേഹവുമായ വിൻസന്റ് ജോർജിന്റെ മറവിയില്ലാത്ത സ്മരണകൾ കഴിഞ്ഞ തലമുറയിലെ ഒരു മികച്ച അധ്യാപകനെ മറയില്ലാതെ അവതരിപ്പിക്കുകയാണ്. സ്കൂളും അവിടത്തെ അന്തരീക്ഷവും ശിക്ഷയും അച്ചടക്കവും ജീവിതവുമെല്ലാം ഈ സ്മരണകളിൽ തുടിച്ചു നിൽക്കുന്നു.

തിരുവല്ല എം. ജി. എം. ഹൈസ്ക്കൂളിലെ വിദ്യാർത്ഥി ജീവിതം എന്നും ഒരു ഗതകാല സുഖസ്മരണയായി നിലനില്ക്കും. സ്കൂളിലായിരിക്കുമ്പോൾ അവധിയായി ഒന്നു വീട്ടിലെത്താനും, വീട്ടിലായിരിക്കുമ്പോൾ അവധിതീർന്നൊന്നു സ്കൂളിലെത്താനും മോഹിച്ച ഒരു കാലം. മറ്റൊരു വിദ്യാലയത്തോടും ഈ വിധമൊരു കൂറും, മറ്റൊരധ്യാപകനോടും ഇങ്ങനെയൊരു ആത്മബന്ധവും തോന്നിയിട്ടില്ല. അതായിരുന്നു എന്റെ എം. ജി. എം. ജീവിതത്തിലെ അനുപമമായ പ്രത്യേകത.

എന്റെ മാതാവിന്റെ അച്ഛൻ യശശ്ശരീരനായ സി. റ്റി. മാത്യുസാർ തന്റെ ഫലപ്രദമായ ജീവിതം മുഴുവൻ ഒരു യാഗമായി അർപ്പിച്ചത് ആ മണ്ണിലാണ്. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ഫസ്റ്റ് ക്ലാസ് ഫസ്റ്റ് റാങ്കിൽ ജയിച്ചിറങ്ങിയ അപ്പച്ചനെ പരിശുദ്ധ പരുമല കൊച്ചുതിരുമേനിക്ക് ക്രിസ്ത്യൻ കോളജ് ഒരു നിവേദ്യമായി സമർപ്പിക്കയായിരുന്നു. തിരുവല്ലയിൽ ജനിച്ച് അവിടെ വളർന്ന എന്റെ അമ്മ, ഡോ: (മിസിസ്സ്) എലിസബത്ത് വിൻസന്റ്, എം. ജി. എം. ൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി പല ദശാബ്ദങ്ങൾക്കു ശേഷം രണ്ടാമത് ബോർഡിംഗ് തുടങ്ങിയപ്പോൾ എന്റെ ജ്യേഷ്ഠ സഹോദരൻ വിൻസന്റ് മാത്യുവിനേയും, എന്നേയും അവിടെ കൊണ്ടാക്കുകയായിരുന്നു. എനിക്ക് തലമുറകളുടെ ആത്മബന്ധമാണ് ആ പുണ്യഭൂമിയുമായുള്ളത്.

1955 ലാണ് എം. ജി. എം. ൽ ചേർന്ന് ബോർഡിങ്ങിലെത്തുന്നത്. ആദ്യമായി വീട്ടിൽ നിന്നു മാറി നിൽക്കുന്ന സന്ദർഭം. ശുഭ്രവസ്ത്രധാരിയായ

ടി. എസ്. അച്ചൻ, നീണ്ടു നിവർന്ന് ഒരു കാരണവരെപ്പോലെ പടിവാതുക്കൽ തന്നെയുണ്ടായിരുന്നു. അച്ചനായിരുന്നു ബോർഡിങ്ങ് വാർഡനും. നരച്ച താടിമീശ, തുർക്കിത്തൊപ്പി, കണ്ണടയുടെ പിമ്പിൽ തിളങ്ങുന്ന കണ്ണുകൾ, ചുമന്ന ഇടക്കെട്ട്, പുതിയ പാദരക്ഷ, കൈയിൽ എന്നോളം നീളമുള്ള ഒരു ചൂരൽ. കണ്ടപ്പോൾ തന്നെ മതിപ്പും ഭയവും തോന്നി. അധികാരഭാവത്തിലുള്ള നോട്ടവും, ശബ്ദവും. അമർത്തിച്ചവിട്ടിയുള്ള നടപ്പും. "മാത്യു സാറിന്റെ കൊച്ചുമക്കൾ ഇവിടെത്തന്നെ താമസിച്ചു പഠിക്കണം." അച്ചൻ പറയുകയായിരുന്നോ? ഉത്തരവിടുകയായിരുന്നോ?, നിശ്ചയമില്ല! എന്റെ അമ്മ നനഞ്ഞ കണ്ണുകളുമായി ചിരിച്ചു നിന്നു.

തൊട്ടടുത്ത് സുമുഖനായ ഒരു യുവാവ്. ബോർഡിംഗ് മാസ്റ്ററാണ്. ശാന്തമായ പെരുമാറ്റം. സൗമ്യമായ മുഖഭാവം. സ്നേഹം നിറഞ്ഞ കണ്ണുകൾ. അത്, പ്രസിഡന്റിന്റെ അവാർഡിനു വരെ അർഹനായ പ്രശസ്ത അധ്യാപകനും, വാഗ്മിയുമായ കെ. എം. മാത്യു സാറായിരുന്നു. അങ്ങനെ ശക്തനായ ഒരു വല്യപ്പച്ചന്റേയും, വാത്സല്യവാനായ ഒരു ജ്യേഷ്ഠ സഹോദരന്റേയും നിയന്ത്രണത്തിലും, സംരക്ഷണത്തിലും എം. ജി. എം. ജീവിതത്തിനു തുടക്കം കുറിച്ചു.

എം. ജി. എം. ന് പണ്ടുണ്ടായിരുന്ന പ്രൗഢിയും, യശസ്സും നഷ്ടപ്പെടുമോ എന്ന് മറ്റുള്ളവർ ശങ്കിച്ചു വന്ന അവസരത്തിലാണ് ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ ഹെഡ്മാസ്റ്ററായി എത്തിയത്. അദ്ദേഹത്തിന് ധാരാളം വെല്ലുവിളികൾ നേരിടേണ്ടി വന്നു. പ. പരുമല കൊച്ചു തിരുമേനിയുടെ പാവനമായ ഓർമ്മയും, ശ്രേഷ്ഠമായ ഒരു പാരമ്പര്യവും മാത്രം എം. ജി. എം. ന് കൈമുതലായുള്ള കാലം. സ്കൂളിന്റെ പ്രശസ്തിയിലേക്കുള്ള തിരിച്ചുവരവ് അനിവാര്യമായിരുന്നു അന്ന്. അതു സാധ്യമാക്കാൻ സന്നദ്ധനായി അച്ചൻ എത്തിയത് ഒരു നിമിത്തമായി ഭവിച്ചു. അവിടുത്തെ തഴക്കവും, പഴക്കവും സിദ്ധിച്ച അധ്യാപകരേയും ഒരുപാടു സ്വപ്നങ്ങളുമായി പടികടന്നുവന്നു തുടക്കം മാത്രം കുറിച്ച ചെറുപ്പക്കാരായ അധ്യാപകരേയും ഒരുമിച്ചു ചേർത്ത്, പറന്നുയരാൻ വെമ്പുന്ന ആ വിദ്യാലയത്തിന്റെ ഇരുചിറകുകളായി രൂപാന്തരപ്പെടുത്തുക; വിദ്യാഭ്യാസത്തിലും, സഹ വിദ്യാഭ്യാസത്തിലും, വിദ്യാഭ്യാസേതര കാര്യങ്ങളിലും ഉന്നത നിലവാരം പുനഃസ്ഥാപിക്കുക, പൂർണ്ണ അച്ചടക്കവും പുതിയൊരാവേശവും സ്കൂളിൽ നിലനിർത്തുക; സ്കൂളിന്റെ ഭൗതികമായ അപര്യാപ്തതകൾ നികത്തുക; എല്ലാവരുടേയും സഹായ സഹകരണത്തോടെ സ്കൂളിനെ ഉന്നതനിലയിൽ ആക്കിത്തീർക്കുക ഇവയൊക്കെ ചെയ്തു തീർക്കണ്ടതായി വന്നു. അച്ചൻ ഇതിലൊക്കെ വിജയിച്ചു എന്നതാണു സത്യം.

സ്കൂളിൽ അച്ചടക്കം നിലനിർത്തി വിദ്യാഭ്യാസ നിലവാരം ഗണ്യമാ

യുയർത്തി; അധ്യാപക - വിദ്യാർത്ഥി - രക്ഷാകർത്തൃ - മാനേജ്മെന്റ് സഹകരണം ഉറപ്പാക്കി; കായികരംഗത്ത് എം. ജി. എം. കേരളത്തിലെ ഒന്നാം നിരയിലെത്തി; ഒരു നീണ്ട ഇടവേളക്കു ശേഷം ബോർഡിംഗ് വീണ്ടും തുറന്നു പ്രവർത്തിച്ചു; പുറംപോക്കു പോലായിരുന്ന ഫുട്ബോൾ ഫീൽഡ് മതിലുകെട്ടി അടച്ച് സ്കൂളിന്റെ പൂർണ്ണനിയന്ത്രണത്തിലാക്കി. പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് തുടക്കം കുറിച്ചു. പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള കുരിശിൻതൊട്ടി പണിത് അച്ചൻ തന്നെ കൂദാശ നടത്തി. സ്കൂളിന് ഒരു ദിശാബോധവും, ആത്മവിശ്വാസവും ഉണ്ടാക്കിയെടുത്തു. ഒരു ചെറിയ കാലയളവിൽ അപ്രാപ്യമെന്നു തോന്നിയേക്കാവുന്നത് മുൻഗണനാക്രമം വെച്ച് ചെയ്തു തീർത്തു. എം. ജി. എം. ന്റെ രണ്ടാം നല്ല കാലത്തിനു തുടക്കമായി.

തിങ്കൾ മുതൽ വെള്ളിവരെ കർക്കശക്കാരനായ ഒരു കാരണവരെപ്പോലെ അച്ചൻ സ്കൂളിലും, ബോർഡിംഗിലും ഭരണം നടത്തിപ്പോന്നു. ബോർഡിംഗിൽ താമസിക്കുന്ന എല്ലാവരും തന്നെ സ്വന്തമായി വെള്ളം കോരി കുളിക്കണം, എല്ലാ ഭക്ഷണവും കഴിക്കണം, പഠനകാര്യത്തിൽ ശ്രദ്ധിക്കണം, കൃത്യനിഷ്ഠയും ശുചിത്വവും പാലിക്കണം, പലതരം കളികളിൽ നിർബന്ധമായും പങ്കുചേരണം, സ്വന്തമായി കൃഷി ഇറക്കി നനച്ചു വളർത്തണം, അതിന്റെ വിള ശേഖരിച്ച് കുശിനിയിൽ എത്തിക്കണം.

ക്രിസ്തീയ വിശ്വാസമുള്ള കുട്ടികൾക്ക് രാവിലത്തേയും വൈകിട്ടത്തേയും പ്രാർത്ഥന നടത്തുക, പ്രഭാത നമസ്കാരത്തിനു തന്നെ ഞായറാഴ്ച പള്ളിയിൽ എത്തുക, സൺഡേ സ്കൂളിൽ പോകുക, എല്ലാ നോയിമ്പും നോക്കുക, പരുമല തീർത്ഥാടനത്തിന് സ്കൂളിൽ നിന്ന് കാൽനടയായി പോകുക മുതലായവ നിർബന്ധമായിരുന്നു. അന്നു മുതൽ തന്നെ നാരങ്ങാമോരും, പച്ചില നാടൻ കറികളും പലതരം അച്ചാറുകളും പരിചയപ്പെടുക മാത്രമല്ല ആസ്വദിക്കാനും പഠിച്ചു. ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീംകളും സന്തോഷമായി ഒരു കൂരയിൻ കീഴിൽ കഴിഞ്ഞുപോന്നു.

രാത്രിയിലെ പഠനസമയത്ത് അച്ചൻ ഉറക്കെ പേരു ചൊല്ലി വിളിക്കും. പേടിച്ചറച്ചാണ് സമീപിക്കുന്നത്. അച്ചന്റെ നീണ്ട നരച്ച മീശയിൽ നിന്ന് ഉറുമ്പിനെ പെറുക്കാനാണെങ്കിൽ വലിയ ആശ്വാസവും സന്തോഷവുമായി. ഒരു വല്യപ്പച്ചന്റെ സ്നേഹവാത്സല്യം ആ നേരങ്ങളിൽ കാട്ടിയിരുന്നു. പഠനകാര്യങ്ങൾ സംബന്ധിച്ചാണെങ്കിൽ അടി സുനിശ്ചയം. അടി ഡസൻ കണക്കിനായിരുന്നു. ചൂരൽ ഒടിയാത്തതു വിസ്മയകരം. പന്നിയെലിയെ തല്ലിക്കൊല്ലുന്നതും, പ്രാവിനെ പിടിക്കാനെത്തുന്ന കാട്ടുമാക്കാനെ നിഗ്രഹിക്കുന്നതും, കുട്ടികളെ ശിക്ഷിക്കുന്നതും ഒരേ ചൂരൽ കൊണ്ടു തന്നെ. അച്ചന്റെ ഒരു മകനും ഞങ്ങളോടൊപ്പം ബോർഡിങ്ങിലുണ്ടായിരുന്നു. മകനോടുള്ള സ്നേഹം ആറടി കൂടുതൽ കൊടുത്താണ് പ്രദർശിപ്പിച്ചിരുന്നത്.

പന്തിയിൽ പക്ഷാഭേദം കാട്ടാത്തതിനാൽ ആർക്കും പരാതിയുമില്ലായിരുന്നു. തിരുവായിക്ക് എതിർവായ് അന്നില്ലാരുന്നല്ലോ?! അച്ചന്റെ എം. ജി. എം. ലെ ഏറ്റവും വലിയ നേട്ടമായി ഞാൻ കണക്കാക്കുന്നത്, അദ്ദേഹം അവിടെ സ്ഥാപിച്ച ഇളക്കമില്ലാത്ത നല്ല പാരമ്പര്യമാണ്. അധ്യാപകരേയും, വിദ്യാർത്ഥികളേയും അതിനു പ്രാപ്തരാക്കി, സന്നദ്ധരാക്കി. പഴയ തല മുറയിലെ എം. ഐ. ഏബ്രഹാം, ഈപ്പൻ, തൊമ്മി, പണിക്കർ, കൊച്ചു കുട്ടി, ഗീവറുഗീസ് എന്നീ അധ്യാപകർക്കു തുണയായി പുതുതലമുറയിലെ കെ. പി. ബേബി, സി. വി. ഉമ്മൻ, പി. റ്റി. തോമസ്, എം. ഒ. ജോൺ, കെ. എം. മാത്യു, ജെയിംസ്, ഏബ്രഹാം മുതലായ അധ്യാപകരെ ഒരുക്കിയെടുത്തു. ഇവരെല്ലാം അവരുടെ ജീവിതം ഒരു പൂജാദ്രവ്യമായി അവിടെ സമർപ്പിച്ചു. ഈ പാരമ്പര്യം അടുത്ത തലമുറയ്ക്കവർ കൈമാറി. ഏറ്റു വാങ്ങാൻ വി. വറുഗീസ് (കൊച്ചുതമ്പി) സാറിനെപ്പോലുള്ളവർ തയ്യാറായി നിന്നിരുന്നു. തലമുറകൾ കൈമാറി ഈ കെടാവിളക്ക് ഇന്നും അണയാതെ സൂക്ഷിക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾക്ക് എം. ജി. എം. എന്നും പുളകം ചാർത്തുന്ന ഒരാവേശമാണ്. സ്കൂളിനേയും, അധ്യാപകരേയും സ്നേഹാദരങ്ങളോടെ ഓർക്കുന്നത് ഒരു പ്രത്യേക അനുഭൂതിയും.

കുട്ടികളെ വഷളാക്കുന്നവൻ വടിയെ സ്നേഹിക്കുന്നു എന്ന് ഉറച്ചു വിശ്വസിച്ച ഒരു തലമുറയുടെ പ്രതിനിധിയായിരുന്നു ടി. എസ്. അച്ചൻ. വെളുത്തവരോടുള്ള ഒരു പ്രത്യേകത, ഇഷ്ടമുള്ളവർ പറയുന്നത് അതേപടി വിശ്വസിക്കുന്ന സ്വഭാവം, ശിക്ഷിക്കപ്പെടുന്നവരുടെ ഭാഗം കേൾക്കാനുള്ള വൈമുഖ്യം, കണ്ണുനീരിൽ കലങ്ങാത്ത മനസ്സ്, തീരുമാനങ്ങൾ പെട്ടെന്നെടുക്കാനും, എടുത്ത തീരുമാനം ഏറ്റം പെട്ടെന്നു നടപ്പാക്കാനുള്ള തിടുക്കം. ഇതെല്ലാം ചേർന്ന അച്ചൻ നിറപ്പകിട്ടാർന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. അപകടമായ ഒരു കുരുന്നു മനസ്സിൽ രൂപം കൊണ്ട്, മങ്ങാതെ ഇന്നും അവശേഷിക്കുന്ന ചില അപൂർണ്ണ ചിത്രങ്ങളാണിവ. ഒരു ശക്തിദുർഗ്ഗമായി എം. ജി. എം. നെ പരിരക്ഷിച്ച ഒരു രൂപം ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

അല്ലയോ പുരോഹിത - അധ്യാപക ശ്രേഷ്ഠാ! അങ്ങയുടെ തിളങ്ങുന്ന ഓർമ്മയുടെ മുൻപിൽ വിടർന്ന കണ്ണുകളുമായി ഈ പഴയ വിദ്യാർത്ഥി കൈകൂപ്പി നില്ക്കുന്നു. അങ്ങയെപ്പോലെ ദീർഘദൃഷ്ടിയുള്ള കർമ്മയോഗികൾ ഇന്നും നമ്മുടെ സ്ഥാപനങ്ങളെ ഉയർച്ചയിലേക്കു കൈ പിടിച്ചു നയിക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പ്രൊഫ. വിൻസന്റ് ജോർജ്

10

മംഗളോപഹാരം

അയിരൂർ മതാപ്പാറ ഓർത്തഡോക്സ് സുറിയാനിപ്പള്ളി വികാരി തെങ്ങുംതോട്ടത്തിൽ ടി.എസ്. ഏബ്രഹാം കത്തനാർ ബി. എ., എൽ. റ്റി. യുടെ പൗരോഹിത്യ രജതജൂബിലി പ്രമാണിച്ച്, പ്രസ്തുത ഇടവകാംഗങ്ങൾ 20-4-1952-ൽ ഭക്ത്യാദരപുരസ്സരം സമർപ്പിച്ചതാണ് ഈ മംഗളപത്രം.

ദിവ്യശ്രീമാൻ

കറയറ്റ ക്രൈസ്തവ സംസ്കാരത്തിന്റെ ദിവ്യപ്രകാശം വീശുന്ന ഒരു ഉജ്ജ്വലദീപസ്തംഭമെന്ന നിലയിൽ ഇക്കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷക്കാലമായി ഈ അയിരൂർ പ്രദേശത്തു മാത്രമല്ല, ഓർത്തഡോക്സ് സുറിയാനിസഭയിലും മാത്രമല്ല, കേരള ക്രൈസ്തവലോകത്തിൽ പൊതുവേ പ്രശോഭിക്കുന്ന അവിടുത്തെ പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കപ്പെടുന്ന ഈ മംഗളസന്ദർഭം ശക്തനായ ദൈവത്തിന്റെ തൃക്കൈകളിൽ പരിപൂർണ്ണമായി ആത്മാർപ്പണം ചെയ്യുന്ന വിനീതനായ മനുഷ്യവ്യക്തിത്വം, സകല സാഹചര്യപരിമിതികൾക്കും ഉപരിയായി എത്ര തേജോമയമായ വികാസരൂപാന്തരങ്ങൾ കൊണ്ട് അനുഗ്രഹിക്കപ്പെടുമെന്നുള്ള ശാശ്വത തത്വത്തിന്റെ ഒരു സജീവനിദർശനമാണ് അവിടുന്ന് എന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവിടുത്തെ അത്യുൽക്കൃഷ്ടമായ ജീവിത മാതൃക ഞങ്ങൾക്ക് എപ്പോഴും ആത്മശാന്തിയരുളുന്ന ഒരു വിലയേറിയ സാധനപാഠമായി നിലകൊള്ളുന്നു.

സംഭവ ബഹുലമായി കഴിഞ്ഞുകൂടിയ കാൽദശാബ്ദക്കാലത്തിന് സുമാർ ഒരു വ്യാഴവട്ടക്കാലം മുമ്പ് അവിടുന്നു പൗരോഹിത്യ പദവിയിലേക്ക് വിളിക്കപ്പെട്ട സന്ദർഭം ഈ അവസരത്തിൽ ഞങ്ങൾ ചാരിതാർത്ഥ്യ സമേതം അനുസ്മരിക്കുന്നു. അയിരൂർ മതാപ്പാറപ്പള്ളിയുടെ സ്ഥാപകനും അവിടുത്തെ പിതാമഹനുമായിരുന്ന ദിവ്യശ്രീ. തെങ്ങുംതോട്ടത്തിൽ അബ്രഹാം കോർ എപ്പിസ്ക്കോപ്പാ അവർകളുടെയും അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന ദിവ്യശ്രീ. ടി. എസ്. പീലിപ്പോസു കത്തനാർ അവർകളുടെയും ഭരണകാലങ്ങൾക്കു ശേഷം ഈ ഇടവകയ്ക്ക് സ്വന്തമായി ഒരു പട്ടക്കാരൻ ഇല്ലാതെയിരുന്നതിനെപ്പറ്റി ഇടവകാംഗങ്ങൾ കുണ്ഠിതപ്പെട്ടുകൊണ്ടിരിക്കവേ, കൊല്ലവർഷം 1089-ാ മാണ്ട്, അന്നു കൊച്ചു മെത്രാച്ചനായിരുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ഈ ഇടവക സന്ദർശിക്കുകയും, ഇടവകാംഗങ്ങളുടെ ഏകാഭിപ്രായമായ അഭ്യർത്ഥനയെ

സദയം പരിഗണിച്ച്, ഈ ഇടവകയിൽ യോഗ്യനായ ഒരാൾക്കു പട്ടം കൊടുക്കാമെന്നു തീരുമാനിക്കുകയും, അതനുസരിച്ച് അന്നു മലയാളം സ്കൂളിൽ അദ്ധ്യയനം നടത്തിക്കൊണ്ടിരുന്ന അങ്ങയെ തെരഞ്ഞെടുക്കുകയും, പരിശുദ്ധ കാതോലിക്കാബാവായായി വാണരുളുന്ന അന്നത്തെ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമേനിയിൽ നിന്നു 1089 മീനം 16-ാം തീയതി ഞായറാഴ്ച സ്വന്തം ഇടവകപ്പള്ളിയിൽവച്ച് "യൗപ്പയക്ക്നോ" പട്ടം ഏല്ക്കുകയും ചെയ്തു. "യൗപ്പയക്ക്നോ" മുതൽ "കശ്ശീശാ" വരെയുള്ള എല്ലാ സ്ഥാനങ്ങളും പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയിൽ നിന്നു തന്നെ അങ്ങേയ്ക്കു ലഭിക്കാനിടയായി എന്നുള്ളതും, ഈ രജതജൂബിലിയും ആ അഭിവന്ദ്യ തിരുമേനിയുടെ മഹനീയ നേതൃത്വത്തിൽ നടക്കാൻ സാധിക്കുന്നു എന്നതും ഒരു മഹാഭാഗ്യവും അത്ഭുതവുമായത്രേ ഞങ്ങൾ പരിഗണിക്കുന്നത്. 1102 വൃശ്ചികം 6-ാം തീയതി ഞായറാഴ്ച അങ്ങു കശ്ശീശാപട്ടം ഏറ്റതുമുതൽ ഇന്നു വരെയുള്ള അവിടുത്തെ ജീവിതം മലങ്കര ഓർത്തഡോക്സ് സുറിയാനി സമുദായത്തിനു വേണ്ടിയുള്ള നിസ്വാർത്ഥനിർമ്മലമായ ഒരു സേവന ശുശ്രൂഷയാണെന്നുള്ള വസ്തുത ഈ അവസരത്തിൽ ഞങ്ങൾ അഭിമാനപുരസ്സരം അനുസ്മരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ വിശുദ്ധ മൂറോൻ കൂദാശ നടത്തപ്പെട്ട രണ്ടു സുപ്രധാന സന്ദർഭങ്ങളിലും "അർക്കദിയാക്കോൻ" എന്ന മഹനീയ വൈദികനെന്ന നിലയിൽ അവിടുന്ന് ആ ചടങ്ങുകളിൽ സംബന്ധിച്ചു. ഇൻഡ്യാ വൈസ്രോയിയായിരുന്ന ഇർവിൻ പ്രഭു തിരുവനന്തപുരം സുറിയാനിപ്പള്ളി സന്ദർശിക്കുകയും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്ത സുസ്മരണീയമായ ആ മഹൽ സന്ദർഭത്തിൽ പ്രധാന ശുശ്രൂഷകസ്ഥാനം വഹിക്കാൻ അവിടുന്നു നിയുക്തനായി. ദൈവദത്തമായി അങ്ങേയ്ക്കു ലബ്ധമായിട്ടുള്ള സ്വരമാധുരിയും, സംഗീതവാസനയും, പ്രഭാഷണചാതുര്യവും പരിപാവനമായ ആരാധനയുടെ മാറ്റുകൂട്ടുകയും, ഭക്തജനങ്ങളെ പരാശക്തിയുമായി കൂടുതൽ അടുപ്പിക്കുന്നതിന് അത്യന്തം സഹായിക്കുകയും ചെയ്യുന്നു. അവിടുന്ന് തുമ്പമൺ മെത്രാസന ഇടവകയുടെ സെക്രട്ടറി, കാതോലിക്കേറ്റു രജതജൂബിലിക്കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിൽ നിർവ്വഹിച്ചിട്ടുള്ളതും ഓർത്തഡോക്സ് സുറിയാനിസഭാ മാനേജിംഗ് കമ്മിറ്റിയംഗം എന്ന നിലയിൽ അനുഷ്ഠിച്ചു പോരുന്നതുമായ സേവനങ്ങൾ സമുദായത്തിന്റെ ഒന്നാകെയുള്ള മതിപ്പിനും ഹൃദയംഗമായ പ്രശംസയ്ക്കും പാത്രീഭവിച്ചിട്ടുള്ളതത്രേ. മദ്രാസു സുറിയാനിപ്പള്ളിയുടെ വികാരി എന്ന നിലയിൽ രണ്ടു വർഷക്കാലം അവിടുന്നു നിർവ്വഹിച്ചിട്ടുള്ള സേവനങ്ങളെയും ഞങ്ങൾ ഈ ഘട്ടത്തിൽ അനുസ്മരിക്കുന്നു. എന്നാൽ അതിനുശേഷം തിരുവനന്തപുരം, കൽക്കട്ടാ,

ബോംബെ, ഡൽഹി, സിംഗപ്പൂർ ആദിയായ പട്ടണ ഇടവകകളുടെ വികാരിയായി പോകുന്നതിനു സഭാധികൃതസ്ഥാനങ്ങൾ അവിടുത്തെ പല പ്പോഴും നിർബന്ധപൂർവ്വം പ്രേരിപ്പിച്ചിട്ടും, സ്വന്ത ഇടവകയെപ്പറ്റിയുള്ള വാത്സല്യപൂർവ്വമായ ഹൃദയബന്ധം ഹേതുവായി അവിടുന്നു സ്വദേശത്തു തന്നെ തുടരുകയാണു ചെയ്യുന്നതെന്നുള്ള വസ്തുതയും ഞങ്ങൾക്കു ബോദ്ധ്യമുള്ളതാണ്.

റാന്നി കുറ്റിയാനി, ചെമ്പന്മുഖം, കീക്കോഴൂർ എന്നീ സ്ഥലങ്ങളിൽ ഓർത്തഡോക്സ് സുറിയാനിസഭ വകയായി പള്ളികൾ സ്ഥാപിക്കുന്നതിനുള്ള പ്രധാന ഉത്സാഹിയും പ്രവർത്തകനും അവിടുന്നായിരുന്നു. സ്വന്തം ഇടവകയുടെ ഭരണത്തിനു പുറമെ, വയലത്തല, തോട്ടമൺ, കീക്കൊഴൂർ കാട്ടൂർ, വഞ്ചിത്തറ, മാരാമൺ എന്നീ ഇടവകകളുടെ വികാരി എന്ന നിലയിൽ അങ്ങു നിർവ്വഹിച്ചിട്ടുള്ള സേവനവും വിലയേറിയതായി പരിഗണിക്കപ്പെടേണ്ടതാണ്. വിസ്തൃതമായ ഈ അയിരൂർ പ്രദേശത്തുള്ള വിവിധ ക്രൈസ്തവ വിഭാഗങ്ങൾ ചേർന്ന് സാഹിത്യ – സംസ്കാര പരിപോഷണത്തെ ലക്ഷീകരിച്ച് പതിനേഴ് വർഷം മുമ്പ് സമാരംഭിച്ച "സാഹിത്യ പരിപോഷണ ക്രൈസ്തവസമിതി" എന്ന സംഘടനയുടെ പ്രവർത്തന സമാജികത്വത്തിൽ ഇതിനിടയിൽ പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും, അതിന്റെ പ്രസിഡന്റ് എന്ന നിലയിൽ ഇക്കാലമത്രയും അങ്ങുതന്നെ തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ടു കൊണ്ടിരിക്കുന്നത് അങ്ങയുടെ സർവ്വജനാഭിരാമമായ വ്യക്തിസൗഭാഗ്യത്തിനും, വ്യാപകമായ ജനരഞ്ജനയ്ക്കും ജനസമ്മതിക്കും, പൊതുരംഗങ്ങളിൽ നേതൃത്വം നൽകുവാനുള്ള കഴിവിനും ഒരുമതിയായ തെളിവാണെന്നുള്ളതിനു സംശയമില്ല. ഉത്തമനും മാതൃകായോഗ്യനുമായ ഒരു അധ്യാപകൻ, കർമ്മ കുശലനും, ഭരണധുരന്ധരനുമായ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, എന്നീ നിലകളിൽ അവിടുന്നു കാൽശതാബ്ദക്കാലമായി നിർവ്വഹിച്ചു പോരുന്ന സേവനം വിദ്യാഭ്യാസരംഗത്തു അങ്ങേയ്ക്കു സമുന്നതമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്.

എല്ലാറ്റിനും ഉപരിയായി അവിടുത്തെ ഇത്രമാത്രം വിശിഷ്ടതരനാക്കിഞങ്ങൾക്ക്, എന്നല്ല അങ്ങുമായി ഒരിക്കലെങ്കിലും ഇടപെടാൻ അവസരം ലഭിച്ചിട്ടുള്ള സകലർക്കും അനുഭവ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുള്ള ഒരു സംഗതി, ജാതിമത സമുദായവർഗ്ഗ ഭേദചിന്ത ലവലേശം കൂടാതെ, സർവ്വമനുഷ്യരേയും സഹോദരബുദ്ധ്യാ വീക്ഷിക്കാനും, അകമഴിഞ്ഞ – ഏറ്റവും ആത്മാർത്ഥമായ – സൗജന്യമനോഭാവത്തോടു കൂടി പെരുമാറാനും, അവരുടെ സുഖദു:ഖങ്ങളിൽ സഹാനുഭൂതിയോടുകൂടി പങ്കുകൊള്ളാനും, സകലർക്കും – ശത്രുക്കൾക്കുപോലും – നന്മനേരാനും പഠിപ്പിച്ച ലോകരക്ഷകനായ ശ്രീ യേശുക്രിസ്തുവിന്റെ കരുണാമസൃണമായ മനോഭാവം അങ്ങയുടെ സ്വഭാവത്തിൽ പ്രസ്ഫുടമായി പ്രതിബിംബിച്ചിരിക്കുന്നു

എന്നതാണെന്നുള്ള പരമാർത്ഥം ഈ അവസരത്തിൽ ഞങ്ങൾ തുറന്നു പ്രസ്താവിച്ചു കൊള്ളുന്നു.

ആദ്ധ്യാത്മികവും സാമുദായികവുമായ എല്ലാ രംഗങ്ങളിലും അങ്ങ് അനുഷ്ഠിച്ചുപോരുന്ന മഹത്തായ സേവനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമോന്നത മേലദ്ധ്യക്ഷനായ നിതാന്ത വന്ദ്യ ദിവ്യ മഹിമശ്രീ മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമേനി ഏറ്റം സംപ്രീതനായിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ലക്ഷണമായിട്ടത്രേ അവിടുത്തേക്ക് ഇന്നത്തെ ഈ ശുഭസന്ദർഭത്തിൽ "കോർ എപ്പിസ്കോപ്പാ" പദവി കല്പിച്ചു നൽകുവാൻ തിരുമനസ്സായതെന്നു തൃപ്പാദഭക്തരായ ഞങ്ങൾ വിശ്വസിക്കുകയും, അതിൽ അഭിമാനം കൊള്ളുകയും, അങ്ങയെ അനുമോദിക്കുകയും ചെയ്യുന്നു.

അത്യധികമായ ദൈവവിശ്വാസം, പരിപക്വമായ ആത്മസംസ്കാരം, നിറഞ്ഞ ഭൂതദയ, തികഞ്ഞ വിവേകം,സാർവ്വജനീനമായ സഹാനുഭൂതി, നിഷ്ക്കന്മഷമായ ആത്മാർത്ഥത, നിരുപരാധികമായ നിസ്സ്വാർത്ഥത, നിർല്ലോപമായ മനുഷ്യ സേവനസന്നദ്ധത, വിനയാതിരേകം എന്നീ വിശിഷ്ടഗുണങ്ങളുടെ വിളനിലമെന്ന നിലയിൽ ഞങ്ങളുടെ അഭിമാനഭാജനമായി പരിലസിക്കുന്ന അങ്ങയെ, കരുണാസ്വരൂപനായ സർവ്വശക്തൻ ദീർഘായുരാരോഗ്യാദി സർവ്വഭാവുകങ്ങൾ കൊണ്ടും നീണാൾ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ, എന്നുള്ള പ്രാർത്ഥനയോടുകൂടി, ഞങ്ങളുടെ സ്നേഹാദരങ്ങളുടെ വിനീതലക്ഷ്യമായ ഈ മംഗളപത്രോപഹാരത്തെ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

11

മലയാ – സിംഗപ്പൂർ പള്ളികളുടെ വികാരി

തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പദവിയിൽ നിന്നു റിട്ടയർ ചെയ്ത ശേഷം 1957 ഓഗസ്റ്റ് മുതൽ 1960 ഓഗസ്റ്റു വരെ മൂന്നു വർഷം ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പാ മലയാ – സിംഗപ്പൂർ ഇടവകകളുടെ വികാരിയായി സേവനം അനുഷ്ഠിച്ചു. അച്ചന്റെയും സഭയുടേയും ഒരു സുവർണ്ണ കാലഘട്ടമായിരുന്നു അത്. മലേഷ്യ – സിംഗപ്പൂർ എന്നീ ദേശങ്ങളിലെ തോട്ടങ്ങളിലും മറ്റും നമ്മുടെ സഭയിൽ പെട്ട ഒട്ടധികം ആളുകൾ സേവനം ചെയ്തു കൊണ്ടിരുന്ന കാലമായിരുന്നു. അവർക്ക് ആഴ്ചതോറും ആരാധനകളിൽ സംബന്ധിക്കുന്നതിനോ ഇടവകകൾ വേണ്ടവിധത്തിൽ രൂപവൽക്കരിക്കുന്നതിനോ സാധിച്ചില്ല. ഈ ചുറ്റുപാടിലാണ് അച്ചൻ ആ പ്രദേശങ്ങളിലേക്ക് നിയോഗിക്കപ്പെട്ടത്. 1938 – 1939 ൽ അച്ചനെ മലേഷ്യയിലേക്ക് നിയോഗിക്കാൻ അലക്സിയോസ് മാർ തേവോദോസിയോസ് നിർദ്ദേശിച്ചതാണ്. എം. ഡി. സെമിനാരിയിൽ നിന്നു മാവേലിക്കര എം. എസ്.എസ്. സ്കൂളിലേക്ക് നിയമിക്കപ്പെടുന്നതിനു മുമ്പാണിത്. എന്നാൽ അച്ചനെ തല്ക്കാലം അയക്കേണ്ടതില്ലെന്നു പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമനാണ് തീരുമാനിച്ചത്. ബാവാ പറയുന്നതനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിർബന്ധമുള്ള ആളായിരുന്നു അച്ചൻ. 1939–ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ മലയായും മറ്റും അപകട മേഖലയായി. നേരത്തെ അച്ചനെ അയക്കാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ സാധിച്ചല്ലോ എന്ന് ബാവാ പറയുകയുണ്ടായി.

മലേഷ്യയിലെ ഇടവക പ്രവർത്തനങ്ങളെപ്പറ്റി അന്നവിടെ ഉണ്ടായിരുന്ന ആളും റിട്ടയർ ചെയ്തു ഇപ്പോൾ പത്തനംതിട്ടയിൽ താമസിക്കുന്ന വ്യക്തിയുമായ കെ. എം. വർഗീസ് അയച്ചുതന്ന ദൃക്സാക്ഷി വിവരണങ്ങൾ അനിഷേധ്യമാകയാൽ അത് അതേപടി ചുവടെ ചേർക്കുന്നു.

ഞാൻ വളരെക്കാലം മലയായിൽ ഡൺലപ്പ് കമ്പനി വക തോട്ടങ്ങളിൽ ജോലിചെയ്തിരുന്നു. ഇപ്പോൾ പത്തനംതിട്ടയിൽ താമസിക്കുന്നു. അച്ചന്റെ മൂത്ത മകളും ഭർത്താവും ഞങ്ങളും ഒരേ സ്ഥലത്താണ് താമസിച്ചുകൊണ്ടിരുന്നത്. ഞങ്ങൾ അവിടെ ഉള്ളപ്പോഴാണു ബഹു: അച്ചൻ വികാരിയായി വരുന്നത്. വരുന്നതിനുമുമ്പ് തിരുവനന്തപുരം സ്വദേശിയായ കെ. എ. ജോർജ് അച്ചനായിരുന്നു അവിടെ ഉണ്ടായിരുന്നത്. ജോർജ് അച്ചൻ

കുറച്ചുനാൾ അസിസ്റ്റന്റ് വികാരിയായി പിന്നെയും തുടർന്നു. അതിനു ശേഷം മുളക്കുളം സ്വദേശിയായ ജോസഫ് അച്ചൻ (കാലം ചെയ്ത പക്കോമിയോസ് തിരുമേനി) അസിസ്റ്റന്റ് വികാരിയായി വന്നു. അന്ന് മലയാ എന്നാണ് അറിയപ്പെട്ടിരുന്നത്. 1965 നു ശേഷമാണ് മലേഷ്യ ആയത്. "സിംഗപ്പൂർ ഒരു ദ്വീപാണ്. ഒരു മൈൽ നീളമുള്ള ഒരു കടൽപാലം മുഖേനയാണ് മലയായേയും സിംഗപ്പൂരിനേയും യോജിപ്പിച്ചിരുന്നത്. അന്ന് ഇതു രണ്ടും ഒരേ ഭരണത്തിൻകീഴിൽ ആയിരുന്നു. മലയായിക്കു കൂടുതൽ സ്ഥലം ഉണ്ട്. സിംഗപ്പൂരിന്റെ വിസ്തീർണ്ണം 16 ച. മൈൽ മാത്രം. എങ്കിലും കര, നാവിക, വ്യോമ സേനകളുടെയെല്ലാം താവളം അവിടെയായതിനാൽ ധാരാളം മലയാളികൾ സിംഗപ്പൂരിൽ ജോലി ചെയ്തുവന്നു. മലയായുടെ മിക്കവാറും മദ്ധ്യത്തിലാണ് കോലാലമ്പൂർ സ്ഥിതിചെയ്യുന്നത്. അവിടെ വളരെ 'ഖനികൾ' ഉണ്ട്. ഇരുമ്പ്, കൽക്കരി, തകരം എന്നിവ അവിടെനിന്നു കുഴിച്ച് എടുക്കുന്നുണ്ട്. അവിടെയും ധാരാളം മലയാളികൾ ജോലി ചെയ്തുവന്നു. മലയായുടെ മറ്റു ഭാഗങ്ങളെല്ലാം തോട്ടങ്ങളാണ്. അന്ന് റബർ, തെങ്ങ് ഇവ ആയിരുന്നു പ്രധാന വിളകൾ. ഇപ്പോൾ എണ്ണപ്പന കൃഷിയാണ് പ്രധാനം. മലയാളികളും ഓർത്തഡോക്സ്കാരുമായി ധാരാളം ആളുകൾ അവിടെ ഉണ്ടായിരുന്നിട്ടും നമുക്ക് സ്വന്തമായി ഒരു പള്ളി ഇല്ലായിരുന്നു. മുൻപും പല അച്ചന്മാർ അവിടെ വന്ന് ആരാധന നടത്തിയിട്ടുണ്ടെങ്കിലും വീടുകളോ, ക്ലബ്ബുകളോ ആണ് അതിനായി ഉപയോഗിച്ചിരുന്നത്. കോലാലമ്പൂരിൽ നമ്മുടെ ആളുകൾ ഒട്ടും കുറവല്ല. അവർക്ക് പള്ളി വേണമെന്ന് വലിയ ആഗ്രഹമായതുകൊണ്ട് അതിനു വേണ്ട സ്ഥലം അവർ വാങ്ങി ഇട്ടിരുന്നു. പന്തളം സ്വദേശിയായ ഫാ. എ. എം. വറുഗീസ് അവിടെ ഇരുന്ന കാലത്ത് മലയാ സന്ദർശിക്കുവാൻ എത്യോപ്യൻ ചക്രവർത്തി ഹെയിലി സെലാസി വന്നു. അദ്ദേഹത്തെക്കൊണ്ട് പള്ളിക്കു കല്ല് ഇടീച്ചു. എങ്കിലും മുൻകൈ എടുത്തു പ്രവർത്തിക്കുവാൻ തക്ക ധൈര്യം ആർക്കും ഇല്ലായിരുന്നു.

1957 ഓഗസ്റ്റിലാണ് നമ്മുടെ തെങ്ങുംതോട്ടത്തിലച്ചൻ വികാരിയായി വരുന്നത്. അച്ചന്റെ ബന്ധുക്കളും, വീട്ടുകാരും വിദ്യാർത്ഥികളുമായി ധാരാളം പേർ മലയായിലും സിംഗപ്പൂരിലും ഉണ്ടായിരുന്നു. അവർക്കെല്ലാം അച്ചന്റെ വരവ് വലിയ സന്തോഷമായി. പള്ളിവേണമെന്നുള്ള കാര്യം അച്ചനോടു പറയുകയും അച്ചന്റെയും ജോസഫ് അച്ചന്റെയും സഹകരണത്തോടെ വേണ്ട പണം പിരിച്ച് എടുക്കുകയും 1958-ൽ പള്ളി പണി പൂർത്തിയാക്കി മാത്യൂസ് മാർ അത്താനിയോസ് തിരുമേനി (പിന്നീട് മാത്യൂസ് പ്രഥമൻ ബാവ) യെ വരുത്തി കൂദാശ ചെയ്യിക്കുകയും ചെയ്തു. കൂദാശ കഴിഞ്ഞ് തിരുമേനിയേയും കൊണ്ട് നേരെ സിംഗപ്പൂരിൽ പോയി അവിടെ പള്ളിയുടെ ശില സ്ഥാപിച്ചു. ആ പള്ളിയും പെട്ടെന്ന് പണിത് 1959-ൽ

ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയെ വരുത്തി അതിന്റെ കൂദാശയും നടത്തി. കൂദാശ കഴിഞ്ഞ ശേഷം തിരുമേനി കോലാലംപൂർക്ക് പോകുന്ന വഴി ഞങ്ങളുടെ സ്ഥലത്തു വന്ന് ഒന്നു രണ്ടു ദിവസം താമസിച്ചു. അന്ന് ഞാൻ താമസിച്ചിരുന്ന വീട് വൃത്തിയാക്കി തിരുമേനിക്കും അച്ചന്മാർക്കും താമസിക്കാൻ കൊടുത്ത ശേഷം ഞാനും കുടുംബാംഗങ്ങളും അച്ചന്റെ മകളുടെ വീട്ടിലേക്ക് മാറി. ഞങ്ങൾ അതിഥികൾക്കുള്ള ഭക്ഷണമൊക്കെ ശരിയാക്കി കൊണ്ടുപോയി കൊടുത്തു. അന്നത്തെ ജീവിതമൊക്കെ വളരെ സന്തോഷകരമായിരുന്നു. രണ്ട് പള്ളികളും തീർന്നിരുന്നുവെങ്കിലും ചിതറിപ്പാർക്കുന്ന ആളുകൾക്ക് പള്ളിയിൽ വന്ന് സംബന്ധിക്കുവാൻ സാധിച്ചിരുന്നില്ല. സിംഗപ്പൂർ പള്ളിയിൽ മാസത്തിൽ രണ്ട് തവണയും കോലാലംപൂരിൽ ഒരു തവണയും ആരാധന നടത്തി വന്നു. ബാക്കിയുള്ള ഞായറാഴ്ചകളിൽ വൈദികർ മാറി മാറി ദൂരെയുള്ള ഓരോ സ്ഥലത്ത് പോയി വീടുകളിലും ക്ലബ്ബുകളിലുമായി കുർബാന ചൊല്ലുകയായിരുന്നു. ഓരോ ഭാഗത്തും അതിനായിട്ട് ഓരോ സ്ഥലം ക്രമീകരിച്ചിരുന്നു. മൂന്നും നാലും മാസത്തിൽ ഒരിക്കലായിരിക്കും അവിടെ വിശുദ്ധ കുർബാന അർപ്പിക്കുക. അവിടെ 30, 40 മൈൽ ചുറ്റളവിൽ താമസിക്കുന്ന നമ്മുടെ ആളുകൾ അവിടുത്തെ അംഗങ്ങൾ ആയിരിക്കും. കുർബാന ഉള്ള ആഴ്ചയിൽ അവരെ വിവരം അറിയിക്കും. അങ്ങനെ അവരെല്ലാം വന്ന് സംബന്ധിക്കും. ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് മൂന്ന് മാസത്തിലൊരിക്കലായിരുന്നു ആരാധന നടത്തിക്കൊണ്ടിരുന്നത്. നാല്പതുമൈൽ ചുറ്റളവിലുള്ളവർ അവിടെ വരുമായിരുന്നു.

ടി. എസ്. അച്ചന്റെ വരവും രണ്ടു പള്ളികൾ പണിയിപ്പിക്കാൻ സാധിച്ചതും എല്ലാവർക്കും വലിയ സന്തോഷകരമായി. അതിനുള്ള പണപ്പിരിവും പ്രയാസമില്ലാതെ നടത്തി. അച്ചനോടുള്ള ബഹുമാനവും ഭയവും മൂലം ആരും എതിരു പ്രകടിപ്പിക്കാതെ പള്ളിക്കുവേണ്ടി പണം കൊടുക്കുമായിരുന്നു. കഷ്ടാനുഭവ ആഴ്ചയിലും ക്രിസ്മസിനും നമ്മുടെ പള്ളിയിൽ വച്ചാണ് ശുശ്രൂഷ നടത്തുന്നത്. ഒരു വൈദികൻ കോലാലംപൂരിലും, ഒരച്ചൻ സിംഗപ്പൂരിലും ശുശ്രൂഷ നടത്തും. അന്ന് അവിടെ സംബന്ധിക്കുവാൻ കഴിവുള്ളവരൊക്കെ പോകും. 1960 ഓഗസ്റ്റിൽ അച്ചൻ തിരികെപ്പോയി. പ്രസിദ്ധനായ അച്ചനെ അറിയാവുന്ന ധാരാളം പേർ അവിടെ ഉണ്ടായിരുന്നത് അച്ചനും, അവിടെയുള്ളവർക്കും വളരെ സന്തോഷമുള്ള കാര്യമായിരുന്നു.



കെ. എം. വർഗീസ്

കൊലാലംപൂർ
പള്ളി

സിംഗപ്പൂർ പള്ളി

ടി. എസ്. അച്ചൻ അർമ്മീനിയൻ സഭാ നേതാക്കളോടൊപ്പം

ടി. എസ്. അച്ചൻ
യാക്കോബ് തൃതീയൻ ബാവായെ സന്ദർശിച്ചപ്പോൾ

12

സഹോദരങ്ങൾ

ടി. എസ്. ഏബ്രഹാം അച്ചനു മൂന്നു സഹോദരിമാരും ഒരു സഹോദരനുമാണുള്ളത്. മൂത്ത സഹോദരി മറിയാമ്മയെ കാട്ടൂർ വാഴക്കുന്നത്തു കുടുംബത്തിൽ നിന്നു കീക്കൊഴൂർ അയ്യംപ്ലാക്കിൽ വീട്ടിൽ താമസിച്ചിരുന്ന ഇട്ടിയവിരായാണു വിവാഹം ചെയ്തത്. ഏ. ഐ. ഏബ്രഹാം (കുഞ്ഞൂഞ്ഞ്) ശോശാമ്മ, ഏലിയാമ്മ, കുഞ്ഞൂഞ്ഞമ്മ. എ. സൈമൺ (ജോയി) എന്നിവരാണു മക്കൾ.

അച്ചന്റെ രണ്ടാമത്തെ സഹോദരി അന്നാമ്മയെ നാക്കട അരീക്കത്തറ വീട്ടിൽ ഏബ്രാഹാം വിവാഹം ചെയ്തു. പരുമല ദേവസ്വം ബോർഡ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. എം. എ. മറിയാമ്മ (റിട്ട. ടീച്ചർ) എം. എ. വറുഗീസ് (റിട്ട. ടീച്ചർ) എം. എ. ഏലിയാമ്മ എന്നിവരാണു മക്കൾ.

അച്ചന്റെ മൂന്നാമത്തെ സഹോദരി ദീനാമ്മയെ ചന്ദനപ്പള്ളി തെക്കേ

മൂത്ത സഹോദരരി മറിയാമ്മയും ഭർത്താവ് ഇട്ടിയവിരായും.



നേരെ ഇളയ സഹോദരരി അന്നാമ്മയും ഭർത്താവ് ഏബ്രഹാമും.

തിൽ ടി. കെ. കൊച്ചാണ്ടിയായിരുന്നു വിവാഹം ചെയ്തത്. ദീനാമ്മ കുറച്ചു നാൾ ബാലികാമഠം സ്കൂളിൽ അധ്യാപികയായിരുന്നു. സഹോദരൻ ടി. എസ്. ഗീവറുഗീസിന്റെ കൂടെ പുത്തൻകാവു മിഡിൽ സ്കൂളിൽ അധ്യാപകനായിരുന്ന കൊച്ചാണ്ടി പിന്നീട് ബഹ്റിൻ പെട്രോളിയം കമ്പനിയിൽ ഉദ്യോഗസ്ഥനായി. ഗൾഫ് നാടുകളിൽ ആദ്യം ജോലിക്കു പോയ മലയാളികളിൽ ഒരാളാണ് കൊച്ചാണ്ടി. ദീനാമ്മയെ അദ്ദേഹം വിവാഹം ചെയ്യുന്നതു ബഹ്റനിൽ വച്ചാണ്. സഹോദരൻ ഫാ. ടി. എസ്. ഏബ്രഹാമാണു ഈ വിവാഹം അവിടെ ആദ്യമായി വി. കുർബാന ചൊല്ലി ബഹ്റൈനിൽ വച്ചു നടത്തിയത്. മോളിക്കുട്ടി കൊച്ചാണ്ടി (മദ്രാസ്) മേരി കൊച്ചാണ്ടി (തിരുവല്ല) ഡോ. ടി. കെ. ഫിലിപ്പ് (മസ്കറ്റ്), ഡോ. ടി. കെ. അലക്സ്, ഐ. എസ്. ആർ. ഒ ഡയറക്ടർ, ബാംഗ്ലൂർ എന്നിവരാണു മക്കൾ.

ദീനാമ്മയുടെ വിവാഹം സംബന്ധിച്ച് അന്നത്തെ മലയാള മനോരമയിൽ വന്ന റിപ്പോർട്ടാണു ചുവടെ ചേർക്കുന്നത്.

A MALAYALEE MARRIAGE OUTSIDE INDIA

മറുനാട്ടിലൊരു മലയാളി വിവാഹം

The above heading was from one of the interesting news reported in Malayala Manorama newspaper in July 1937. The number of Malayalees going abroad was very small in those days and there was no Orthodox Syrian Christian Church in any place out side India. Bahrain was no exception. Kochandy made the unusual decision of having his marriage in Bahrain. Finance and logistics were problems. He sent the necessary tickets to Ayroor in advance. Deenamma started for Bahrain along with her brother Rev. Fr. T. S. Abraham. They travelled to Bombay via. Madras by train. They stayed

ഫാ. ടി. എസ്. ഏബ്രഹാമും സഹോദരരി ദീനാമ്മയും ഭർത്താവ് റ്റി. കെ. കൊച്ചാണ്ടിയും (1937 ൽ ബഹ്റൈനിൽ)

at Bombay in a friend's house. After making some necessary purchases they set sail by S. S Vita. Kochandy's cousin P. V. Alexander from Puthencavu also accompanied them. This was the birde's party. They arrived in Bahrain on 23rd June. Next day (24th, June) Fr. Abraham conducted the holy mass at the American Mission Church with special permission from the church authorities. He carried with him the necessary priestly dress and accessories and service books. This was the first Orthodox Syrian Christian Service held in Bahrain. Kochandy and Deenamma received Holy Communion at the service.

The marriage took place in the evening at 5.30 p.m. Fr. Abraham conducted the marriage service in Malayalam with intermediate translation in English for the sake of the English friends who attended the service. The Orthodox service requires a sexton to assist the priest; his duties include carrying of incense, sounding the bells, holding the candles etc. There was no one else ordained to perform these functions other than the bridegroom who was fully qualified to do so. *Kochandy Multiplexed between the roles of Sexton and bridegroom efficiently!*

Kochandy was wearing an expensive woolen dark blue suit with lines and Deenamma was in a white saree. Normally the dress for Kerala Christian women was Mundu, Chatta and Kasavu Neriaythu (half - Saree). Once Deenamma was in Bahrain she started wearing sarees. After the marriage a grand reception was held at the residence of Kochandy. The large number of friends and relatives were thrilled in Bahrain and back in India about the unusual marriage and its coverage in the paper. There was a very large demand for a copy of their marriage photo. Kochandy got the wedding photo printed by making a block and distributed 200 numbers of it to the friends and relatives.

Though their marriage was over in the church they had to appear before the Political Agent of Bahrain to perform the formalities of the civil portion of the marriage according to the Indian Christian Marriage Act. In the afternoon he took Fr. Abraham and Alexander to his company (BAPCO) and showed the refinery. After spending a hectic week's activities and attending receptions in many friend's houses, Fr. Abraham sailed back on 4th July 1937. Fr. Abraham carried with him lot of presents from Deenamma for all the girls and ladies at home.

(Compiled by Dr. T. K. Alex, S/o. T. K. Kochandy Director, LEOS ISRO using information from personal diary of T. K. Kochandy.)

13

ടി. എസ്. അച്ചന്റെ മക്കൾ

ടി. എസ്. അച്ചനു നാലു പെൺമക്കളും അഞ്ചു ആൺമക്കളുമാണുണ്ടായത്. മൂത്ത പുത്രി ഏലിയാമ്മയെ മേലെടുത്തു കുടുംബശാഖയായ വടക്കേടത്തു തോമസിന്റെ മകൻ വി. റ്റി. ജോൺ വിവാഹം ചെയ്തു. ഇവർ മലേഷ്യയിൽ സേവനം അനുഷ്ഠിച്ച ശേഷം ഇപ്പോൾ പത്തനംതിട്ടയിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ അന്നമ്മയെ അയിരൂർ നീലംപ്ലാലിൽ പിച്ചനാട്ട് എൻ. പി. മത്തായിയുടെ മകൻ ജോൺ മാത്യൂവിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. ജോൺ മാത്യൂസ് എയർ ഇൻഡ്യ ഡപ്യൂട്ടി കൊമേഴ്സ്യൽ മാനേജരായി റിട്ടയർ ചെയ്തു. മൂന്നാമത്തെ മകൾ മറിയാമ്മയെ കോട്ടയം പുത്തൻ പറമ്പിൽ പരേതനായ മാത്യുവിന്റെ മകൻ പി. എം. ജോർജ്ജ് വിവാഹം ചെയ്തു. കുടുംബസമേതം തിരുവനന്തപുരം കുമാരപുരത്ത് താമസിക്കുന്നു. നാലാമത്തെ മകൾ സാറാമ്മയെ ഓമല്ലൂർ വല്യ വീട്ടിൽ ജോർജ്ജിന്റെ മകൻ രാജനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. സാറാമ്മ പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂൾ അധ്യാപികയും രാജൻ ദോഹയിൽ സ്വകാര്യ കമ്പനിയിൽ ഉദ്യോഗസ്ഥനുമാണ്.

സീമന്ത പുത്രൻ ശീമോൻ (ജോയി)

ഇദ്ദേഹം ബഹ്റൈനിൽ അമേരിക്കൻ ഓയിൽ കമ്പനിയിൽ ജോലിയിലിരിക്കവെ പുല്ലാട് വലിയ കാലായിൽ സി. കെ. കോശിയുടെ പുത്രി ഏലിയാമ്മയെ വിവാഹം ചെയ്തു. 1962 വരെ ബഹ്റൈനിൽ ജോലി ചെയ്തശേഷം നാട്ടിൽ തിരിച്ചെത്തി ബിസ്സിനസ്പരമായ കാര്യങ്ങളിൽ ഏർപ്പെട്ടു. വീണ്ടും 1976 മുതൽ 1986 വരെ കുവൈറ്റിൽ ജോലി ചെയ്തു. ഈ ദമ്പതികൾക്ക് മേരി (റാണി) അച്ചാമ്മ (ലീല) ഏലിയാമ്മ (ബായ്) അബ്രഹാം എന്നീ നാല് സന്താനങ്ങൾ ഉണ്ട്. മേരി മരിച്ചു പോയി. മൂത്ത മകൾ മേരി എം. എയെ തിരുവനന്തപുരം മംഗലത്തു മണ്ണിൽ പി. ജി. ജോർജ്ജിന്റെ മകൻ വി. ജോർജ്ജിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അദ്ദേഹം പാലോട് ബൊട്ടാണിക്കൽ ഗാർഡൻ അസിസ്റ്റന്റ് ഡയറക്ടറാണ്. രണ്ടാമത്തെ മകൾ അച്ചാമ്മ എം. എസിയെ കുണ്ടറ തൃപ്പലഴികത്ത് പുത്തൻപുരയ്ക്കൽ ചാണ്ടപ്പിള്ള പണിക്കരുടെ മകൻ ജോർജ്ജ് പണിക്കരും, ഏലിയാമ്മ എം. കോമിനെ തിരുവനന്തപുരം ബേബി സ്റ്റോർ ഉടമയായ തെക്കേടത്ത് ബംഗ്ലാവിൽ മത്തായിയുടെ മകൻ പരേതനായ ജേക്കബ് മാത്യുവും വിവാഹം ചെയ്തു. ഈ കുടുംബം എറണാകുളം പാലാരിവട്ടത്ത് താമസിക്കുന്നു.

ടി. എസ്. അച്ചന്റെ സഹോദരി ദീനാമ്മ കൊച്ചാണ്ടിയുടെ പുത്രനും ബാംഗ്ലൂർ ഐ. എസ്. ആർ. ഒ. ഡയറക്ടറുമായ ഡോ. റ്റി. കെ. അലക്സ്, രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിൽ നിന്നും ഇന്ത്യൻ അസ്ട്രോനോട്ടിക്കൽ സൊസൈറ്റിയുടെ തന്നാണ്ടത്തെ അവാർഡു സ്വീകരിക്കുന്നു. പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡൽ അംഗമായിരുന്ന ഡോ. അലക്സ് ഇപ്പോൾ ബാംഗ്ലൂരിലെ ജലഹള്ളി സെന്റ് മേരീസ് ഇടവകാംഗമാണ്.



മൂത്ത പുത്രൻ സൈമൺ ഏബ്രഹാമും (ജോയി) കുടുംബവും

ഇവരുടെ ഏകമകൻ ഏബ്രഹാം തരകൻ ബിസ്സിനസ്പരമായ കാര്യങ്ങളിൽ ഏർപ്പെട്ട് മാതാപിതാക്കളോടൊപ്പം പാലാരിവട്ടത്ത് താമസിക്കുന്നു. ഇദ്ദേഹം മാരാമൺ കുലത്താക്കൽ കെ. റ്റി. തോമസിന്റെ മകൾ സൂസനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് വിശാഖ്, വിവേക് എന്നീ രണ്ട് പുത്രന്മാർ ഉണ്ട്.

ടി. എ. ജോർജ്ജ്

അച്ചന്റെ ദ്വിതീയ പുത്രൻ ടി. എ. ജോർജ്ജ് ഏതാനും വർഷം ബോംബെയിൽ റയിൽവേയിൽ ജോലി ചെയ്തു. അവിടെ നിന്നും ബ്രിട്ടീഷ് ബാങ്ക് ഓഫ് ദി മിഡിൽ ഈസ്റ്റിലേക്ക് ഉദ്യോഗം ലഭിച്ചു. ആദ്യത്തെ രണ്ടു വർഷക്കാലം മസ്ക്കറ്റിലും പിന്നീട് ദോഹയിലും ജോലി ചെയ്തു. ഇദ്ദേഹം തിരുവല്ല കുറ്റപ്പുഴ പാട്ടപ്പറമ്പിൽ അവിരാ ചാക്കോയുടെ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏബ്രഹാം, ജേക്കബ്, വർഗീസ് എന്നീ മൂന്നു പുത്രന്മാരുണ്ട്. ജോർജ്ജ് 29-04-1977 ൽ ആകസ്മികമായി മരണമടഞ്ഞു.

ടി. എ. ജോർജ്ജിന്റെ മൂത്തപുത്രൻ സോമൻ പിതാവ് ജോലി ചെയ്തിരുന്ന ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. അദ്ദേഹം മല്ലപ്പള്ളിൽ കൈതക്കാട്ടിൽ കുര്യന്റെ പുത്രി ഡെയ്സിയെ വിവാഹം ചെയ്തു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഹോം സയൻസിൽ എം. എസിക്ക് ഒന്നാം റാങ്കോടുകൂടി പാസ്സായ ആളാണ് ഡെയ്സി. ഈ ദമ്പതികൾക്ക് സോണിയ, സനിയ



ടി. എ. ജോർജ്ജും കുടുംബവും

എന്ന് രണ്ട് പുത്രിമാർ ഉണ്ട്. കുടുംബസഹിതം ദോഹയിൽ താമസിക്കുന്നു.

ടി. എ. ജോർജ്ജിന്റെ ദ്വിതീയ പുത്രൻ സണ്ണി ഹോട്ടൽ മാനേജ്മെന്റ്, കമ്പ്യൂട്ടർ കോഴ്സ് എന്നിവ പൂർത്തിയാക്കിയ ശേഷം ദോഹയിൽ ഒരു സ്വകാര്യ കമ്പനിയിൽ ജോലിയിലാണ്. ഇദ്ദേഹം കോട്ടയം ചിറയിക്കൽ കോര ഏലിയാസിന്റെ മകൾ റോഷ്നിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് റിമോഹ് ഗീവർഗീസ് എന്ന പുത്രനുണ്ട്.

ടി. എ. ജോർജ്ജിന്റെ തൃതീയ പുത്രൻ വർഗീസ് ബികോമും, കമ്പ്യൂട്ടർ കോഴ്സും പൂർത്തിയാക്കിയ ശേഷം ദോഹയിൽ ഒരു സ്വകാര്യ കമ്പനിയിൽ ജോലിയിലായിരുന്നു. ഇപ്പോൾ നാട്ടിൽ താമസിക്കുന്നു. മാതാവായ ശോശാമ്മ കുറ്റപ്പുഴയിൽ ജോർജ്ജിന്റെ സ്വയാർജ്ജിതമായ ഭവനത്തിൽ താമസിച്ചു വരുന്നു.

ഫാദർ റ്റി. ഏ. ഏബ്രഹാം

ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ തൃതീയ പുത്രൻ, ഏബ്രഹാം 25-01-1936 ൽ ജനിച്ചു. അയിരൂർ എം. ടി. ഹൈസ്ക്കൂളിലും, തിരുവല്ല എം. ജി. എം. ഹൈസ്ക്കൂളിലുമായി പഠനം പൂർത്തിയാക്കിയ ശേഷം പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്നും ഇന്റർ മീഡിയറ്റ് പാസ്സായി. 1958ൽ കോട്ടയം പഴയസെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. 1960 ഡിസംബർ മാസത്തിൽ കാട്ടൂർ സെന്റ് മേരീസ് പള്ളിയിൽ വച്ച് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. 1961 ൽ വൈദിക പഠനം പൂർത്തിയാക്കി. പിന്നീട് കാതോലിക്കേറ്റ് കോളജിൽ ചേർന്ന് ബി. എ. പാസ്സായി. ഇദ്ദേഹം തുമ്പമൺ ഭദ്രാസനാധിപൻ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1968-ൽ കുരുടാമണ്ണിൽ കുളങ്ങര ഇരുപ്പൂട്ടി കോശിയുടെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു.

ഫാ. ടി. എ. ഏബ്രഹാമും പത്നി അന്നമ്മയും

16-06-1968ൽ കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും പത്തനംതിട്ട മാർ ബേസിൽ അരമന ചാപ്പലിൽ വച്ച് കശീശാ പട്ടവും സ്വീകരിച്ചു. മണ്ണാരക്കുളഞ്ഞി, മല്ലശ്ശേരി, കുമ്പഴ, കോന്നി, കൈപ്പട്ടൂർ, ചെങ്ങന്നൂർ, മതാപ്പാറ എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ അന്നമ്മ പത്തനംതിട്ട കോളജിൽ സുവോളജി വിഭാഗം പ്രൊഫസറായി സേവനം അനുഷ്ഠിച്ച ശേഷം 1993 മാർച്ച് മാസത്തിൽ വിരമിച്ചു. ഈ ദമ്പതികൾക്ക് ഏബ്രഹാം (എബി) ഗീവർഗീസ് (ആബൂൻ) എന്നീ രണ്ട് പുത്രന്മാർ ഉണ്ട്. 12-6-1983 ൽ 47-ാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതദേഹം മതാപ്പാറപ്പള്ളിയുടെ മദ്ബഹായുടെ വടക്കു ഭാഗത്ത് പ്രത്യേകം കല്ലറയിൽ സംസ്കരിച്ചു. ഭാര്യ അന്നമ്മ പത്തനംതിട്ട മാക്കാംകുന്നിൽ സ്വഭവനത്തിൽ താമസിക്കുന്നു.

റ്റി. എ. ഏബ്രഹാം കത്തനാരുടെ സീമന്ത പുത്രൻ എബി മസ്കറ്റിൽ സ്വകാര്യ കമ്പനിയിൽ ആയിരുന്നു. ഇദ്ദേഹം കവുങ്ങുംപ്രയാർ ഒറ്റത്തെങ്ങിൽ ജോർജ്ജിന്റെ മകൾ ഷീലയെ വിവാഹം കഴിച്ചു.

ഏബ്രഹാം കത്തനാരുടെ ദ്വിതീയ പുത്രൻ ഗീവറുഗീസ് പോളിടെക്നിക് പഠനം പൂർത്തിയാക്കി തിരുവനന്തപുരത്ത് പാറശ്ശാലയിലുള്ള സതേൺ റിഫൈനറിയിൽ ജോലി ചെയ്തശേഷം മസ്ക്കറ്റിൽ പ്രവർത്തിക്കുന്നു.

ഫാദർ. റ്റി. എ. ഫിലിപ്പോസ് തരകൻ

തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രാഹാം കോർ എപ്പിസ്കോപ്പായുടെ നാലാമത്തെ പുത്രൻ ഫിലിപ്പോസ് 25-04-1941ൽ ജനിച്ചു. ബിരുദം നേടിയശേഷം 1965 മുതൽ 1967 വരെ ബോംബെയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽസ് കമ്മീഷണേഴ്സ് ഓഫീസിൽ ജോലി

ഫാദർ. ടി. എ. ഫിലിപ്പോസ് തരകനും കുടുംബവും

ഇളയ പുത്രൻ സ്റ്റീഫൻ തരകനും കുടുംബവും

മൂത്ത പുത്രി
കുഞ്ഞമ്മയും
ഭർത്താവ് ജോണും

രണ്ടാമത്തെ പുത്രി
ആനിയും
ഭർത്താവ് എൻ. ജെ.
മാത്യൂവും

ചെയ്തു. 1967-ൽ ജോലി രാജിവച്ച് മദ്ധ്യപ്രദേശത്ത് റായ്പൂരിലുള്ള രവി ശങ്കർ യൂണിവേഴ്സിറ്റിയിൽ ചേർന്ന് എം. എ. ബിരുദം കരസ്ഥമാക്കി. 1970 ജനുവരി 26-ാം തീയതി മുളക്കുളം പൂവത്തിങ്കൽ പി. റ്റി. കുരുവിളയുടെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ആ വർഷം തന്നെ കുവൈറ്റിലേക്ക് പോകുകയും 1986 വരെ അവിടെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുകയും ചെയ്തു. ഭാര്യ സാറാമ്മ കുവൈറ്റ് ആരോഗ്യ മന്ത്രാലയത്തിൽ ജോലിയിലായിരുന്നു. പിതാവിന്റെ മരണത്തെ തുടർന്ന് മാതൃ ശുശ്രൂഷയ്ക്കു വേണ്ടി ഉദ്യോഗം രാജിവച്ച് ഭാര്യാസമേതം സ്വഭവനത്തിൽ തിരിച്ചെത്തി. ഈ ദമ്പതികൾക്ക് മേരി (മെറീന) സൂസൻ, എലിസബേത്ത് (ലിൻഡ) എന്നീ മൂന്നു പുത്രിമാർ ഉണ്ട്. നാട്ടിൽ തിരിച്ചെത്തിയ ശേഷം കുടുംബസ്നേഹികളായ പല മേല്പട്ടക്കാരുടെയും വൈദികരുടെയും മറ്റ് പലരുടെയും പ്രേരണയാൽ വൈദികനാകുന്നതിന് തീരുമാനിച്ചു. മലങ്കര എപ്പിസ്ക്കോപ്പൽ സിന്നഡിന്റെ പ്രത്യേക അനുമതിയോടെ 1988 ഏപ്രിൽ 17-ാം തീയതി ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസിൽ നിന്നും ശെമ്മാശുപട്ടവും മെയ് മാസം 27-ാം തീയതി സ്വർണ്ണവെള്ളിയാഴ്ച പരിശുദ്ധ കാതോലിക്കാ മാർത്തോമ്മാ മാത്യൂസ് പ്രഥമന്റെ സാന്നിദ്ധ്യത്തിൽ കണ്ടനാട്ട് ഭദ്രാസനാധിപൻ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കശ്ശീശാപട്ടവും സ്വീകരിച്ചു. മംഗലം, ഓതറ, മാരാമൺ, വയലത്തല, അയിരൂർ സെന്റ് മേരീസ് പള്ളികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ചെമ്പൻമുഖം സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി വികാരിയായി പ്രവർത്തിച്ചു വരുന്നു. മൂലകുടുംബമായ തായില്ലം കുടുംബത്തിന്റെ പ്രസിഡണ്ടായി 1988 ഡിസംബർ മുതൽ സേവനം അനുഷ്ഠിക്കുന്നു. മൂത്ത പുത്രി മേരിയെ ഏവൂർ വാഴശ്ശേരിൽ ചെറിയാൻ ബേബിക്കുട്ടിയുടെ മകൻ എബി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ സൂസനെ തുമ്പമൺ ഏറം വടുതല വി. എ. മാത്യൂവിന്റെ മകൻ ബിന്നി വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ എലിസബേത്തിനെ മേല്പാടം കൊടുമുളയിൽ കെ. ഐ. വർഗീസിന്റെ മകൻ സിബു വർഗീസ് വിവാഹം ചെയ്തു. അച്ചൻ കുടുംബസമേതം തെങ്ങും തോട്ടത്തിൽ താമസിക്കുന്നു. അച്ചന്റെ സംരക്ഷണയിൽ കഴിഞ്ഞുവരവെ മാതാവ് 12-07-1994 ൽ ഈ ലോകവാസം വെടിഞ്ഞു. ശവസംസ്കാരം മതാപ്പാറപ്പള്ളി സെമിത്തേരിയിൽ നടത്തി.

സ്റ്റീഫൻ

ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ അഞ്ചാമത്തെ പുത്രൻ സ്റ്റീഫൻ ദോഹയിൽ ഒരു സ്വകാര്യ കമ്പനിയിൽ കുറെ വർഷം ജോലി ചെയ്തു. തലവടി തിരുത്താടിയിൽ റ്റി. വി. വർക്കിയുടെ മകൾ റെയിച്ചലിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏബ്രഹാം, മറിയം എന്നീ രണ്ട് സന്താനങ്ങൾ ഉണ്ട്.

മൂന്നാമത്തെ പുത്രി ലില്ലിയും
ഭർത്താവ് പി. എം. ജോർജും മക്കളും

നാലാമത്തെ
പുത്രി
സാറാമ്മയും
ഭർത്താവ്
രാജനും

14
ടി. എസ്. ഗീവറുഗീസ്

തെങ്ങുംതോട്ടത്തിൽ ശീമോന്റെ രണ്ടാമത്തെ പുത്രനും ടി. എസ്. അച്ചന്റെ ഇളയ സഹോദരനുമായ ടി. എസ്. ഗീവറുഗീസ് അതിസമർത്ഥനായ ഒരു വിദ്യാർത്ഥിയും പ്രശസ്തനായ അധ്യാപകനും ഹെഡ്മാസ്റ്ററുമായിരുന്നു. ജന്മനാട്ടിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കോഴഞ്ചേരി സെന്റ് തോമസ് സ്കൂളിൽ ചേർന്നു മിഡിൽ സ്കൂൾ പഠനം പൂർത്തിയാക്കി. തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ നിന്നു എസ്. എൽ. സി. പാസ്സായ ശേഷം ആലുവാ യു. സി. കോളജിൽ നിന്നാണു ബിരുദം നേടിയത്. കെ. എ. മാത്യു എം. എൽ. എ. സഹപാഠികളിൽ ഒരാളായിരുന്നു. യു. സി. കോളജിലെ ആദ്യ ബാച്ചിൽ പഠിച്ച അദ്ദേഹം അതിസമർത്ഥനായിരുന്നതിനാലും ഇന്റർ മീഡിയറ്റിനു കൂടുതൽ മാർക്കു നേടിയതിനാലും ബി. എ. യ്ക്കു പഠിക്കാൻ സ്കോളർഷിപ്പും ലഭിച്ചു. യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ അന്നത്തെ പ്രിൻസിപ്പൽ പ്രശസ്തനായ എ. എം. വർക്കിയായിരുന്നു. കെ. സി. ചാക്കോ, വി. എം. ഇട്ട്യേര മുതലായവരുടെ കീഴിൽ പഠിച്ച അദ്ദേഹത്തിന്റെ സഹപാഠികളിൽ ഏറ്റവും അടുത്ത സുഹൃത്തു തുമ്പമൺ തോപ്പിൽ ടി. ഒ. മാത്യുവും.

തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളജിൽ നിന്നു എൽ. ടി. നേടി. ബി. എ. പാസ്സായപ്പോൾ മലയാള മനോരമയിൽ ജോലിക്കു വേണ്ടി കെ. സി. മാമ്മൻ മാപ്പിളയുടെ സഹോദരൻ കൂടിയായ യു. സി. കോളജ് പ്രൊഫ. കെ. സി. ചാക്കോ ശുപാർശ ചെയ്തു എങ്കിലും അദ്ദേഹം പുത്തൻകാവു മിഡിൽ സ്ക്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി



ടി. എസ്. ഗീവറുഗീസും ഭാര്യ ശോശാമ്മയും

സ്വീകരിക്കയാണുണ്ടായത്. പുത്തൻകാവു മാത്തൻ തരകനും അവിടെ പഠിപ്പിച്ചിരുന്നു. പിന്നീടാണു പുത്തൻകാവു മാർ പീലക്സിനോസ് മെത്രാപ്പോലീത്താ (അന്ന് ശെമ്മാശൻ) ആ സ്ക്കൂളിന്റെ ഹെഡ്മാസ്റ്റർ പദവി സ്വീകരിക്കുന്നത്. പുത്തൻകാവു വിട്ട ഗീവറുഗീസ് തുടർന്ന് അടൂർ ചാവടിയിൽ ഡോ. സി. റ്റി. ഈപ്പന്റെ ഉടമസ്ഥതയിൽ നടത്തി വന്ന ശാസ്താംകോട്ട റസിഡൻഷ്യൽ സ്ക്കൂൾ, പറവൂർ കോട്ടപ്പുറം ഹൈസ്കൂൾ, പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂൾ, മൈലപ്രാ സെന്റ് ജോർജ്ജ് ട്രെയിനിംഗ് സ്കൂൾ എന്നിവിടങ്ങളിലും ഹെഡ് മാസ്റ്ററായിരുന്നു. ഇതിനിടയിൽ കുറെനാൾ ഗോവയിലും പഠിപ്പിച്ചു. തന്റെ അയൽവാസിയും സുഹൃത്തും ആയിരുന്ന പി. ജോഷ്വ (പിന്നീട് അഡ്വക്കറ്റ്) ഗോവയിൽ പഠിപ്പിച്ചിരുന്നതു കൊണ്ടാണു ഗീവറുഗീസും അങ്ങോട്ട് ആകർഷിക്കപ്പെട്ടത്. കാതോലിക്കേറ്റ് ഹൈസ്കൂളിലെ അന്നത്തെ സഹപ്രവർത്തകർ എൻ. ജി. കുര്യൻ (പിന്നീട് വൈദികൻ), പി. ഇ. ചെറിയാൻ, വി. ജി. തോമസ്, സി. സി. മാമ്മൻ, ഫാ. കെ. ഐ. വറുഗീസ്, വി. റ്റി. ഏബ്രഹാം മുതലായവരാ യിരുന്നതിനാൽ സ്ക്കൂളിന്റെ നിലവാരം വളരെ ഉയർന്നു. അക്കാലത്തെ ശമ്പളം തീരെ കുറവായതു കൊണ്ടും എട്ടു മക്കളുടെ പിതാവായതു കൊണ്ടും അധ്യാപകവൃത്തി വിട്ടു ബഹ്റിൻ പെട്രോളിയം കമ്പനിയിൽ ജോലി സ്വീകരിക്കുകയാണുണ്ടായത്. തന്മൂലം കുടുംബത്തിന്റെ സാമ്പ ത്തികനില മെച്ചപ്പെടുത്തുന്നതിനും മക്കളുടെ വിദ്യാഭ്യാസവും വിവാഹവും നല്ല നിലയിൽ നടത്തുന്നതിനും സാധിച്ചു. ബഹ്റനിൽ വച്ച് ആരോഗ്യനില മോശമായതിനാൽ 1958-ൽ നാട്ടിൽ തിരിച്ചെത്തുകയും 1961 ഒക്ടോബർ നാലിനു 59-ാം വയസിൽ അന്തരിക്കുകയുമാണുണ്ടായത്. മൃതദേഹം മാക്കാംകുന്നു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ടി. എസ്. ഗീവറുഗീസിന്റെ ഭാര്യ ശോശാമ്മ പത്തനംതിട്ട മാക്കാംകുന്നു തെങ്ങുംതറയിൽ (പാലമൂട്ടിൽ) മല്പാൻ ഗീവറുഗീസ് കോർ എപ്പിസ്കോപ്പയുടെ മൂത്ത പുത്രിയാണ്. ശോശാമ്മ പത്തനംതിട്ട മിഡിൽ സ്കൂളിലും, തിരുവല്ലാ ബാലികാമഠത്തിലും പഠിച്ചു. മിസ് ബ്രൂക്സ് സ്മിത്ത്, മിസ് ഹോംസ് എന്നിവരുടെയും എം. സി. കുറിയാക്കോസ് റമ്പാച്ചന്റെയും ശിഷ്യയായിരിക്കാൻ ഭാഗ്യം ലഭിച്ചു. ശോശാമ്മ ഗീവറുഗീസ് 1991 ജനുവരി നാലിനു നിര്യാതയായി. മൃതദേഹം മാക്കാംകുന്നു പള്ളി സെമിത്തേരിയിൽ ഭർത്താവിന്റെ കല്ലറയ്ക്കു സമീപം സംസ്കരിച്ചു.

ശോശാമ്മ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പാണു ഇന്റർ മീഡിയറ്റിനു പഠിച്ചു കൊണ്ടിരുന്ന ടി. എസ്. ഗീവറുഗീസിന്റെ ഭാര്യയായത്. ഈ ദമ്പതികൾക്കു ഒൻപതു മക്കൾ ജനിച്ചു. ആദ്യ ജാതൻ ശിശുവായിരിക്കുമ്പോൾ തന്നെ മരിച്ചു. മറ്റുള്ളവർ, ഏലിയാമ്മ,

ടി. എസ്. ഗീവർഗീസിന്റെ മൂത്ത മകൻ സൈമണും കുടുംബവും

ടി. എസ്. ഗീവർഗീസിന്റെ രണ്ടാമത്തെ മകൻ
പ്രൊഫ. ജോർജ് വർഗീസിന്റെ കുടുംബം



പ്രൊഫ. ജോർജ്
വർഗീസ്

സൈമൺ ജോർജ്ജ്, ഏബ്രഹാം, അന്നാമ്മ, ദീനാമ്മ, അമ്മുക്കുട്ടി, ശാന്തമ്മ എന്നിവരാണ്.

ടി. എസ്. ഗീവറുഗീസിന്റെ മൂത്ത പുത്രി ഏലിയാമ്മയെ (എൽസി) കൈപ്പട്ടൂർ കടവിൽ പുത്തൻ വീട്ടിൽ പെരുമാളിന്റെ പുത്രൻ പി. സി. മാത്യൂവും രണ്ടാമത്തെ മകൾ അന്നമ്മയെ സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനായിരുന്ന മാന്നാർ എം. ഐ. ജോർജ്ജിന്റെ പുത്രൻ ജോർജ്ജ് വറുഗീസും, മൂന്നാമത്തെ പുത്രി ദീനാമ്മയെ പുതുപ്പള്ളി തൃക്കോതമംഗലം തുമ്പോലിൽ മണപ്പറമ്പിൽ അബ്രഹാമിന്റെ പുത്രൻ കുറിയാക്കോസും, അമ്മുക്കുട്ടിയെ (സൂസൻ) പത്തനംതിട്ട പുത്തൻപീടികയിൽ മൂക്കം പൊയ്കയിൽ കോശി വൈദ്യന്റെ മകൻ ടി. കെ. ജോണും, ശാന്തമ്മയെ (മറിയാമ്മ) ചെങ്ങന്നൂർ വന്മഴി പെരിഞ്ഞേലി കിഴക്കേതിൽ ചാക്കോയുടെ മകൻ സി. ജേക്കബും ആണു വിവാഹം ചെയ്തിരിക്കുന്നത്.

പെൺമക്കളും മക്കളും

1. ഏലിയാമ്മ മാത്യു (എൽസി) കൈപ്പട്ടൂർ കടവിൽ പുത്തൻവീട്ടിൽ പെരുമാളിന്റെ പുത്രൻ പി. സി. മാത്യു വിവാഹം ചെയ്തു. നേവി ഉദ്യോഗസ്ഥനായിരുന്ന മാത്യു നിര്യാതനായി.

മക്കൾ: ഡോ. പീറ്റർ മാത്യു, ഏബ്രഹാം മാത്യു, ജോർജ്ജ് മാത്യു, മേരി മാത്യു, സൂസൻ, റൂബി

2. അന്നമ്മ: മക്കൾ: സാലി, ആനി, ജോളി, ലിറ്റി, ലിസി.

3. ദീനാമ്മ: ഏകമകൾ ബീന.

ടി. എസ്. ഗീവർഗീസിന്റെ മൂന്നാമത്തെ മകൻ പ്രൊഫ. ഏബ്രഹാം വർഗീസും കുടുംബവും

4. അമ്മുക്കുട്ടി: മക്കൾ: ബീനാ, സറീന, ലീന
5. ശാന്തമ്മ: മക്കൾ: ആൻസി ജേക്കബ്, അനിതാ ജേക്കബ്.

ആൺ മക്കൾ: മൂത്ത പുത്രനായ ടി. ജി. സൈമൺ തലവടി അംബ്രേൽ ചാണ്ടപ്പിള്ളയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഗീവറുഗീസ്, അലക്സ് എന്നിവരാണു മക്കൾ.

രണ്ടാമത്തെ പുത്രനായ പ്രൊഫ. ജോർജ്ജ് വറുഗീസ്. ചുണ്ടമണ്ണിൽ സി. സി. മാമ്മന്റെ മകൾ മറിയാമ്മയെ (അമ്മുക്കുട്ടി) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഗീവർഗീസ് (ഷാജി) ഷീല, ഷീബ, മാമ്മൻ (ഷിബു) എന്നീ നാല് മക്കൾ. 1991-ൽ ജോർജ് വറുഗീസ് അന്തരിച്ചു.

പ്രൊഫ. ഏബ്രഹാം വറുഗീസ് അയിരൂർ കുരുടാമണ്ണിൽ കായിപ്ലാക്കൽ കെ. എം. പിലിപ്പിന്റെ മകൾ ഡെയ്സിയെ വിവാഹം കഴിച്ചു. ഡെയ്സി അയിരൂർ മതാപ്പാറ, പത്തനംതിട്ട കാതോലിക്കേറ്റ്, കോട്ടയം എം. ഡി. എന്നീ ഹൈസ്കൂളുകളിൽ അധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ജോർജ്ജി, സൂസൻ, എലിസബേത്ത് (ഫെമി) എന്നിവരാണു മക്കൾ.



ടി. എസ്. ഗീവർഗീസിന്റെ മൂത്ത പുത്രി എൽസിയും ഭർത്താവ് പി. സി. മാത്യുവും



രണ്ടാമത്തെ പുത്രി അന്നമ്മയും ഭർത്താവ് ജോർജ് വർഗീസും



മൂന്നാമത്തെ പുത്രി ദീനാമ്മയും ഭർത്താവ് കുര്യനും

നാലാമത്തെ പുത്രി അമ്മുക്കുട്ടിയും ഭർത്താവ് റ്റി. കെ. ജോണും

ഇളയ പുത്രി ശാന്തമ്മയും ഭർത്താവ് ജേക്കബും

15
വൈദിക ട്രസ്റ്റി

പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് 1934 ഫെബ്രുവരി 23 നു കാലം ചെയ്തതിനെ തുടർന്നു പകരം മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കാൻ 1934 ഡിസംബർ 26നു കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന ചരിത്രപ്രധാനമായ മലങ്കര അസോസിയേഷൻ യോഗത്തിൽ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ഉപക്രമ പ്രസംഗത്തിനു ശേഷം കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്തായായി കൂടി വാഴിക്കുന്നു എന്നുള്ള പ്രമേയം എം. എ. ചാക്കോ അവതരിപ്പിച്ചതു സദസ്യർ കൈയടിച്ചു സ്വീകരിച്ചു. തുമ്പമൺ പൂതക്കുഴി ഏബ്രഹാം കത്തനാർ പ്രമേയത്തെ പിന്താങ്ങി പ്രസംഗിച്ചു. അപ്പോൾ ലോ കോളജ് പ്രിൻസിപ്പൽ പത്രോസ് മത്തായി കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്തായായി കൂടി തെരഞ്ഞെടുക്കുന്നത് ഒരു ക്ലിപ്ത കാലത്തേക്കായിരിക്കണമെന്നും അത് അഞ്ചു കൊല്ലത്തേക്കായിരിക്കണമെന്നും ഒരു ഉപക്ഷേപം അവതരിപ്പിച്ചു.

കാതോലിക്കാ ബാവ ജീവനോടു കൂടി ഇരിക്കുന്ന കാലം മുഴുവൻ മലങ്കര മെത്രാപ്പോലീത്തായായിരിക്കണമെന്നു വിവരിച്ചു കൊണ്ടു തെങ്ങുംതോട്ടത്തിൽ ഏബ്രഹാം കത്തനാർ ഒരു ചെറിയ പ്രസംഗം ചെയ്തു. പത്രോസ് മത്തായിയുടെയും ഏബ്രഹാം കത്തനാരുടെയും പ്രസംഗങ്ങളെ വിമർശിച്ചു കൊണ്ട് കെ. സി. മാമ്മൻ മാപ്പിള പ്രസംഗിക്കുകയും പത്രോസ് മത്തായി തന്റെ ഉപക്ഷേപം പിൻവലിക്കുകയും പ്രമേയം സദസ്യരുടെ ആഹ്ലാദാരവത്തിനിടയിൽ സർവ്വസമ്മതമായി പാസ്സാക്കിയിരിക്കുന്നതായി അധ്യക്ഷനായ ബാവ പ്രസ്താവിക്കുകയും ചെയ്തു.

(*മലങ്കര സഭയിലെ കാതോലിക്കാമാർ*: കെ. വി. മാമ്മൻ കോട്ടയ്ക്കൽ പബ്ളിഷേഴ്സ് പി. ബി.10, മാങ്ങാനം, കോട്ടയം 18. വില. 175 രൂപ)

തന്റെ കാലാവധി കഴിഞ്ഞു എന്നു പറഞ്ഞു വൈദിക ട്രസ്റ്റി സ്ഥാനം രാജിവച്ച മണലിൽ യാക്കോബു കത്തനാർക്കു പകരം 1965 ഡിസംബർ 28 നു ചേർന്ന മലങ്കര അസോസിയേഷൻ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുക്കുകയും അദ്ദേഹം 17 കൊല്ലം കഴിഞ്ഞു അനാരോഗ്യം മൂലം സ്ഥാനം രാജി വയ്ക്കുകയും ചെയ്തു.

സഭയുടെ നിർണ്ണായക ഘട്ടങ്ങളിൽ സഭയ്ക്കു സുധീരമായ നേതൃത്വം

വൈദിക ട്രസ്റ്റി ടി. എസ്. അച്ചനും സെക്രട്ടറി പി. സി. ഏബ്രഹാമും. ഇടത്ത് സി. വി. ടൈറ്റസ് (കൊച്ചുകൊച്ച്).

നൽകിയ പ്രശസ്ത വ്യക്തികളുടെ നിരയിൽ പ്രശോഭിച്ച ടി. എസ്. അച്ചൻ 1951 ൽ സഭയ്ക്കെതിരായ തിരു - കൊച്ചി ഹൈക്കോടതി വിധി വന്നശേഷം വടക്കൻ പ്രദേശങ്ങളിൽ നടത്തപ്പെട്ട കാതോലിക്കേറ്റു പ്രചരണ വിശദീകരണ യോഗങ്ങളിലും കാതോലിക്കാ ബാവായുടെ അവിടങ്ങളിലെ സ്വീകരണ സമ്മേളനങ്ങളിലും ഉജ്ജ്വലത്തായ പ്രസംഗങ്ങൾ ചെയ്തു. പിറവം, കുറുപ്പുംപടി എന്നിവടങ്ങളിലെ വമ്പിച്ച യോഗങ്ങൾ കഴിഞ്ഞ ദിവസം നടന്നതു പോലെയാണു മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്നത്. 1952-ൽ സി. എം. എസ്. കോളജിൽ ബി. എയ്ക്കു പഠിക്കുമ്പോൾ ഓർത്തഡോക്സ് സഭാംഗങ്ങളായ ഞങ്ങൾ സ്പെഷൽ ബസ്സിൽ കുറുപ്പം പടിക്കു പോയതും റോഡിന്റെ ഇരുവശങ്ങളിലും കറുത്ത കൊടി പിടിച്ചും ബാവായ്ക്കു ഗോ ബായ്ക്കു പറഞ്ഞും നിലകൊണ്ട യാക്കോബായ വിഭാഗക്കാരുടെ ഇടയിലൂടെ ഏറും തല്ലും കിട്ടുമോ എന്നു തെല്ലു ശങ്കിച്ചു സഞ്ചരിച്ചതും അര നൂറ്റാണ്ടു കഴിഞ്ഞിട്ടും ഇന്നലെ നടന്നതു പോലെ കൺമുമ്പിൽ നിൽക്കുന്നു. കുറുപ്പംപടി സമ്മേളനത്തിൽ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പ കാതോലിക്കേറ്റിന്റെ ചരിത്രം വിവരിച്ചു. പിന്നീട് നടത്തപ്പെട്ട ഒട്ടധികം സമ്മേളനങ്ങളെപ്പറ്റി വിസ്തര ഭയത്താൽ വിവരിക്കുന്നില്ല.

ടി. എസ്. അച്ചന്റെ കന്തീലാ
ജോസഫ് മാർ പക്കോമിയോസ് നിർവഹിക്കുന്നു.

കന്തീലാ ശുശ്രൂഷയിൽ പങ്കെടുത്ത മാത്യൂസ് പ്രഥമൻ
ബാവായും മെത്രാപ്പോലീത്താമാരും അച്ചനോടൊപ്പം.

16

അന്ത്യരംഗം

ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ വൈദിക ട്രസ്റ്റി സ്ഥാനം 28-12-1982-ൽ രാജി വച്ചു. പ്രായാധിക്യത്തെ തുടർന്ന് രണ്ടു വർഷ ത്തോളം രോഗിയായിരുന്ന അച്ചന് ജീവിത സായാഹ്നത്തിൽ മികച്ച ശുശ്രൂഷയും പരിചരണവും ലഭിച്ചു. പത്നി മറിയാമ്മയും മക്കളും ഇടവക ജനങ്ങളിൽ പലരും അച്ചന്റെ ക്ഷേമാന്വേഷണത്തിൽ സദാ ബദ്ധശ്രദ്ധ രായിരുന്നു.

ടി. എസ്. അച്ചന്റെ കന്തീലാ ശുശ്രൂഷ പ. ബസ്സേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മിക ത്വത്തിലും ഡാനിയേൽ മാർ പീലക്സിനോസ്, തോമസ് മാർ മക്കാറി യോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താ മാരുടെയും ഒട്ടധികം വൈദികരുടെയും സഹകരണത്തിലും നടത്തപ്പെട്ടു.

ടി. എസ്. അച്ചൻ 1984 ഒക്ടോബർ 31-നു ദിവംഗതനായി. അങ്ങനെ സഫലമായ ഒരു ധന്യജീവിതം അവസാനിക്കയാണുണ്ടായത്. മരണ വാർത്തയറിഞ്ഞു ശതക്കണക്കിനാളുകൾ തെങ്ങുംതോട്ടത്തിൽ ഭവന ത്തിൽ തടിച്ചു കൂടി അന്ത്യോപചാരം അർപ്പിച്ചു. (അന്നു പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനെ തുടർന്നു രാഷ്ട്രം മുഴുവൻ ഹർത്താ ലിലും ദുഃഖാചരണത്തിലും ആയിരുന്നതിനാൽ നാടിന്റെ നാനാ ഭാഗ ങ്ങളിൽ നിന്നും പലർക്കും യഥാസമയം അയിരൂരിൽ എത്തിച്ചേരാൻ സാധി ച്ചില്ലെങ്കിലും പിറ്റേ ദിവസം നടന്ന വിലാപ യാത്രയിലും ശവ സംസ്ക്കാര ശുശ്രൂഷയിലും സഹസ്രക്കണക്കിനാളുകൾ സംബന്ധിച്ചു. പ. ബസ്സേലി യോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമന്റെ മുഖ്യ കാർമ്മിക ത്വത്തിൽ നട ത്തപ്പെട്ട ശവസംസ്ക്കാര ശുശ്രൂഷയിൽ ഡാനിയേൽ മാർ പീലക്സി നോസ്, ജോസഫ് മാർ പക്കോമിയോസ്, ഗീവറുഗീസ് മാർ ദീയസ്ക്കോ റോസ് മുതലായ മേല്പട്ടക്കാരും ഒട്ടധികം വൈദികരും പങ്കെ ടുത്തു. ശുശ്രൂഷയ്ക്കിടയിൽ പ. കാതോലിക്കാ ബാവാ ചെയ്ത പ്രസംഗ ത്തിൽ ടി. എസ്. അച്ചന്റെ ബഹുമുഖ സഭാ സേവന പ്രവർത്തനങ്ങളെ മുക്ത കണ്ഠം പ്രശംസിച്ചു. ശുശ്രൂഷയ്ക്കു ശേഷം മൃതദേഹം മതാപ്പാറപ്പള്ളി യിൽ പിതാമഹനായ അബ്രഹാം കോർഎപ്പിസ്ക്കോപ്പായുടെ കബറിട ത്തിൽ സംസ്ക്കരിച്ചപ്പോൾ ഒരു മഹത്തായ വൈദിക ജീവിതത്തിനു തിരശ്ശീല വീഴുകയായിരുന്നു.

ഒരു ധന്യ ജീവിതത്തിന്റെ പര്യവസാനം

1996 ൽ ചേർന്ന അച്ചന്റെ ജന്മ ശതാബ്ദി സമാപന സമ്മേളനം

'ഏബ്രഹാം കോർ എപ്പിസ്കോപ്പാ സഭയ്ക്കു വൻ സേവനം ചെയ്തു'

കോഴഞ്ചേരി: മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വിവിധ തുറകളിൽ ഉജ്വല സംഭാവന നൽകിയിട്ടുള്ള വൈദീക ശ്രേഷ്ഠനാണ് തെങ്ങും തോട്ടത്തിൽ ടി.എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായെന്ന് മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു പ്രസ്താവിച്ചു. അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ ജന്മശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിവാഹിതനായ ഒരു വൈദികന് ഓർത്തഡോക്സ് സഭയിൽ ലഭിക്കാവുന്ന പരമാവധി സ്ഥാനങ്ങൾ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ വഹിച്ചിട്ടുണ്ട്. ആപൽഘട്ടങ്ങളിൽ സഭയ്ക്ക് ശക്തമായ കൈത്താങ്ങു നൽകാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. പ്രായാധിക്യം മൂലം സഭയുടെ വൈദിക ട്രസ്റ്റി സ്ഥാനത്തു നിന്ന് ഒഴിവാക്കണമെന്നു കാണിച്ച് സമുദായ സെക്രട്ടറിക്ക് രാജിക്കത്തു വരെ നൽകിയത് അച്ചന്റെ സ്വഭാവ ശ്രേഷ്ഠതയ്ക്ക് മാറ്റു കൂട്ടിയെന്ന് കെ. എം. മാത്യു പറഞ്ഞു.

ടി.എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ ജന്മശതാബ്ദി സമ്മേളനത്തിൽ പങ്കെടുക്കുകയെന്നത് തന്റെ കടമയും അവകാശവും ആണെന്നും ഇത് അഭിമാനകരമായി കാണുന്നുവെന്നും കെ. എം. മാത്യു പറഞ്ഞു. കെ. സി. മാമ്മൻ മാപ്പിളയുമായി ഗുരു ശിഷ്യബന്ധം പുലർത്തിയിരുന്ന അച്ചൻ തന്റെ മൂത്ത സഹോദരൻ കെ. എം. ചെറിയാനുമായി ഉറ്റ ബന്ധം പുലർത്തിയിരുന്നു. ആ ബന്ധം താനുമായും നല്ല രീതിയിൽ തുടർന്നിരുന്നു. തന്റെ മൂത്തപുത്രന്റെ വിവാഹത്തിന് ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചതും അച്ചനായിരുന്നു. അച്ചന്റെ സ്മരണ നിലനിർത്തുന്നതിന് അർഹമായ രീതിയിൽ സ്ഥാപനം ആരംഭിക്കണമെന്നും കെ. എം. മാത്യു ആവശ്യപ്പെട്ടു.

ബഹുമാന്യ വ്യക്തികളെ സ്മരിക്കുന്നത് നമ്മുടെ ജീവിതം ചൈതന്യവത്താക്കാൻ ഇടയാക്കുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന ഫിലിപ്പോസ് മാർ യൗസേബിയോസ് പറഞ്ഞു. പ്രതിസന്ധികളുടെ കാലത്ത് ഓർത്തഡോക്സ് സഭയ്ക്ക് ശക്തമായ പിൻബലം നൽകിയ വൈദിക ശ്രേഷ്ഠനായിരുന്നു ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായെന്ന് അദ്ദേഹം പറഞ്ഞു.

കുര്യാക്കോസ് മാർ ക്ലിമ്മീസ്, ഓർത്തഡോക്സ് സിനഡ് സെക്രട്ടറി തെയോഫോറസ് റമ്പാൻ, പി. ജെ. കുര്യൻ എം. പി., മാർത്തോമാ സഭാ സീനിയർ വികാരി ജനറൽ റവ. സി. ജി. അലക്സാണ്ടർ, മാർത്തോമാ സഭാ മുൻ വൈദീക ട്രസ്റ്റി റവ. കെ.ജെ.ജേക്കബ്, പുഷ്പഗിരി ആശുപത്രി അഡ്മിനിസ്ട്രേറ്റർ ഫാ. അലക്സാണ്ടർ പയ്യംപള്ളി, റവ. എം. ചെറിയാൻ മണക്കാലും പള്ളിൽ, ഫാ. ജോൺ മാത്യു, ബ്രൂസ് തടത്തിൽ, പി. വി. തോമസ്, അഡ്വ. സൈമൺ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

തായില്ലം കുടുംബയോഗത്തിന്റെ നേതൃത്വത്തിലും മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ സഹകരണത്തിലുമാണ് സമ്മേളനം നടന്നത്. 1996 നവംബർ 30 നാണ് ജന്മശതാബ്ദി സമ്മേളനം നടന്നത്.

(ഡിസംബർ ഒന്നിന് മനോരമയിൽ വന്ന റിപ്പോർട്ടാണിത്)

ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം നടത്തുന്നു.



വൈദികരുടെ സ്മാരകശില

17

പ്രൗഢസുന്ദരമായ ലേഖനങ്ങൾ

(സഭയുടെ ഭാവി നിർണ്ണയിച്ച പല മതസമ്മേളനങ്ങളിലും പത്തനംതിട്ട (മാക്കാംകുന്ന്) കല്ലൂപ്പാറ, നിലയ്ക്കൽ മുതലായ ആദ്യകാല ആദ്ധ്യാത്മിക കൺവൻഷനുകളിലും ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പ ചെയ്തിട്ടുള്ള അതിശ്രദ്ധേയമായ ആഹ്വാനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയ്ക്കു പുറമേ സഭാംഗങ്ങളെ വിശ്വാസം, ആചാരങ്ങൾ, ചരിത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം മലങ്കര സഭാമാസിക, ചർച്ചു വീക്കിലി മുതലായ പ്രസിദ്ധീകരണങ്ങളിൽ ഒട്ടധികം പ്രൗഢസുന്ദരമായ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവ വായിക്കുന്നവർക്കു സഭാ വിശ്വാസാചാരങ്ങൾ, ചരിത്രം, പൊതുവിജ്ഞാനം എന്നിവ സംബന്ധിച്ച എഴുത്തുകാരന്റെ സംവേദനക്ഷമതയും ഉൾക്കാഴ്ചയും അവഗാഹവും പെട്ടെന്നു മനസിലാകും. പ്രാതിനിധ്യ സ്വഭാവമുള്ള നാലു ലേഖനങ്ങൾ താഴെ ഉദ്ധരിക്കുന്നു. ആദ്യ ലേഖനം റ്റി. എസ്. അച്ചൻ ബഥനി ആശ്രമത്തിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ബഥനി മാസിക'യിൽ 1931 ൽ എഴുതിയതാണ്. ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാടാണ് ഈ ലേഖനം കണ്ടെടുത്തു നൽകിയത്. 1952 ഒക്ടോബർ – 1953 ജനുവരി ലക്കങ്ങളിൽ 'മലങ്കരസഭ' പ്രസിദ്ധപ്പെടുത്തിയതാണ് മറ്റു മൂന്നു ലേഖനങ്ങൾ.

1. ക്രിസ്തീയ സഭകളുടെ പുനരൈക്യം

സഭകളുടെ പുനരൈക്യം പലരുടേയും ചിന്തയെ ആകർഷിച്ചിട്ടുള്ള ഒരു വിഷയം ആണ്. ക്രൈസ്തവരുടെ വകയായ മിക്ക പത്രങ്ങളിലും ഇതിനെ സംബന്ധിച്ചുള്ള ലേഖനങ്ങൾ ഈയിടെ കാണുന്നുണ്ട്. ബഥനി മാസികയിൽ തന്നെ ഈ അടുത്ത കാലത്ത് ബഹുമാനപ്പെട്ട കെ. ദാവീദു കത്തനാർ അവർകൾ ബി. എ. ബി. ഡി. ഈ വിഷയത്തെപ്പറ്റി ഒരു ലേഖനം എഴുതിയിരുന്നു. ഇതു സംബന്ധമായി എന്റെ ചില അഭിപ്രായങ്ങൾ താഴെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പുനരൈക്യത്തിനു വേണ്ടി എല്ലാ ക്രിസ്തീയ വകുപ്പുകളും പ്രാർത്ഥനകൾ നടത്തുകയും മറ്റു വിധത്തിൽ ശ്രമിക്കയും ചെയ്യുന്നുണ്ട്. എന്നാൽ ഓരോ വകുപ്പുകാരും അവരവരുടെ സമുദായത്തോട് ഇതര വകുപ്പുകാർ

പരിപൂർണ്ണമായി വിശ്വാസാചാരങ്ങളിൽ കീഴ്പ്പെട്ട് ഒരൈക്യമുണ്ടാകുന്നതിനാകുന്നു ആഗ്രഹിക്കുന്നത്. എന്നാൽ പുനരൈക്യത്തിനു തടസ്സമായിരിക്കുന്ന ഏക കാരണം ഇതു തന്നെയാണെന്ന് ഏവരും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

റോമാസഭക്കാർ ലോകത്തിലുള്ള എല്ലാ സഭകളും അവരുടെ സഭയിൽ ലയിക്കണമെന്നും, എല്ലാവരും റോമാ പാപ്പായുടെ മേലധികാരത്തെ സ്വീകരിക്കണമെന്നും ശഠിക്കയും അങ്ങനെ ചെയ്യാത്തവർക്ക് രക്ഷയില്ലെന്ന് ഉപദേശിക്കയും ചെയ്യുന്നു. റോമാ സഭയുടെ കാതോലികവും അപ്പോസ്തോലികവും അല്ലാത്ത പാഷാണ്ഡ ഉപദേശങ്ങളെ സ്വീകരിക്കാനുള്ള വൈമനസ്യം മൂലം എല്ലാ പുരാതനസഭകളും ഇവരുടെ സിദ്ധാന്തത്തെ നിക്ഷേധിക്കുന്നു. റോമ്മാസഭ തനിച്ച് വിളിച്ചുകൂട്ടിയിട്ടുള്ള പ്രാദേശിക സുന്നഹദോസുകളുടെ തീരുമാനങ്ങളെ സ്വീകരിച്ച് ഐക്യം പുലർത്താൻ ആഗ്രഹമില്ലാത്ത എപ്പിസ്ക്കോപ്പൽ സഭകൾ തമ്മിൽ പുനരൈക്യത്തിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഇങ്ങനെയുള്ള സഭകളിൽ പ്രധാനപ്പെട്ടത് യവനായ സഭയാണ്. കുസ്തന്തീനോസ്പോലീസിലെ യവുനായ പാത്രിയർക്കീസിന്റെ കീഴിൽ ഒരു കാലത്ത് റോമാ സഭയേക്കാൾ പ്രചുര പ്രചാരങ്ങളായ അനേക പ്രാദേശിക സഭകൾ ഉണ്ടായിരുന്നു. രാഷ്ട്രീയ കാരണങ്ങളാലും മറ്റും അവയിൽ പലതും സ്വതന്ത്രങ്ങളായി തീരുകയാൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിന്റെ പ്രാബല്യം പിന്നീട് കുറയുവാൻ ഇടയായി. എന്നാൽ ഇപ്പോൾ ആ പ്രാദേശിക സഭകളിൽ മിക്കവാറും എല്ലാം തന്നെ കുസ്തന്തീനോസ്പോലീസ് പാത്രിയർക്കീസിനെ തങ്ങളുടെ തലവനായി സ്വീകരിച്ച് ഉൾഭരണ സ്വാതന്ത്ര്യത്തോടുകൂടി അന്യോന്യം ഐക്യതയിൽ വർത്തിക്കുന്നതായി നമ്മിൽ പലരും കേട്ടിരിക്കുമല്ലോ. തന്മൂലം കുസ്തന്തീനോസ്പോലീസിലെ യവുനായ പാത്രിയർക്കീസിന്റെ പ്രാധാന്യം മുമ്പലത്തേതിൽ അനേകമടങ്ങ് വർദ്ധിച്ചാണ് വരുന്നത്. അദ്ദേഹത്തെ പരമാധികാരിയായി സ്വീകരിക്കാത്ത യാതൊരുത്തർക്കും രക്ഷയില്ലെന്ന് അദ്ദേഹം റോമാ പാപ്പായെപ്പോലെ ശഠിക്കുന്നില്ല. എന്നിരുന്നാലും അതിനേക്കാൾ ശക്തിയേറിയ സ്നേഹബന്ധം മൂലം പാത്രിയർക്കീസും സഭാവിഭാഗങ്ങളും ഐക്യതയിൽ കഴിഞ്ഞുകൂടുന്നു. പതിനാറിൽപരം പാത്രിയർക്കീസന്മാരും ഏകദേശം ഇരുപതു കോടിയോളം ജനങ്ങളും അദ്ദേഹത്തിന്റെ അധികാരസീമയിൽ ഉണ്ട്. റോമാക്കാരുടെ ഉപദേശ തെറ്റുകളെപ്പറ്റി ഇവർ വളരെ വെറുപ്പുള്ളവരാണ്. അടുത്ത കാലത്ത് മലങ്കര സന്ദർശിച്ചിട്ടുള്ള റഷ്യൻ വൈദികൻ ഈ സഭയുടെ ഒരംഗം ആണ്.

ആംഗ്ലേയസഭയും യവുനായ സഭയുമായി ഒരൈക്യം ഉണ്ടാകുന്നതിനു വേണ്ട ശ്രമങ്ങൾ ഇപ്പോൾ നടന്നു വരുന്നു. ആംഗ്ലേയസഭയുടെ കൈവെപ്പു

സ്വീകരിക്കുന്നതിനു തെറ്റില്ലെന്നു യവുനായ സഭയിൽ മിക്കവരും ഇപ്പോൾ സമ്മതിക്കുന്നുണ്ട്. വിദൂരമല്ലാത്ത ഒരു ഭാവിയിൽ ഈ സഭകൾ തമ്മിൽ ഐക്യമുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

യൂറോപ്പിലുള്ള പല നവീകരണസഭകളും അവയുടെ അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർത്തു ഒന്നായി തീരാൻ ശ്രമിക്കയും അതു ഏറെക്കുറെ സാധിക്കയും ചെയ്യുന്നു. തെക്കേ ഇൻഡ്യയിലുള്ള പ്രോട്ട സ്റ്റന്റു സഭകൾ തമ്മിലും ഐക്യത്തിനുള്ള ഒരു പദ്ധതി തയാറാക്കി അതിൻ പ്രകാരം എല്ലാ വകുപ്പുകാരും യോജിക്കുന്ന നിലയിൽ എത്തിയി രിക്കയാണെന്നു പലർക്കും അറിവുള്ളതാണല്ലോ. കൈവെപ്പു സംബ ന്ധിച്ചു അപ്പോസ്തോലികമായ പിന്തുടർച്ച ആവശ്യമാണെന്നു ശഠിക്കു ന്നവരും അങ്ങനെ നിർബന്ധമില്ലെന്നു പഠിപ്പിക്കുന്നവരും തമ്മിൽ യോജിക്ക എന്നുള്ളതു അപ്പോസ്തോലികവും കാതോലികവും ആയ ഉപദേശമല്ല, എന്നാൽ അപ്പോല്തോലികമായ കൈവെപ്പു കാലാന്ത രത്തിൽ സ്വീകരിക്കുന്നതിനു വിരോധമില്ലെന്നുള്ള തത്വം അനുസരിച്ചാണ് നോൺ എപ്പിസ്കോപ്പൽ സഭകൾ എപ്പിസ്ക്കോപ്പൽ സഭകളോടു യോജി ക്കുന്നതെന്നു തോന്നുന്നു. നോൺ എപ്പിസ്ക്കോപ്പൽ സഭകൾ അവരുടെ ഉപദേശത്തിൽ പുറകോട്ടു മാറി പഴയ വിശ്വാസത്തെ സ്വീകരിക്കാമെന്നു വയ്ക്കുന്നതു ശ്ലാഘനീയം തന്നെ. എന്നാൽ എപ്പിസ്കോപ്പൽ സഭകൾ നോൺ എപ്പിസ്കോപ്പൽ സഭകളിലെ പട്ടക്കാരെ കൈവെപ്പു കൂടാതെ സ്വീകരിക്കാമെന്നു വെയ്ക്കുന്നതു സഭയുടെ മൂലതത്വത്തെ തകർക്ക യാണെന്നുള്ളതിനു തർക്കമില്ല.

കേരളത്തിലുള്ള എപ്പിസ്കോപ്പൽ സഭകൾ തമ്മിൽ ഒരു ഐക്യം ഉണ്ടാക്കണമെന്നു പലരും ആഗ്രഹിക്കയും പ്രാർത്ഥിക്കയും അതിനായി ശ്രമിക്കയും ചെയ്യുന്നുണ്ടല്ലോ. ഈ സഭകളിൽ പ്രധാനപ്പെട്ടതു മലങ്കര സുറിയാനി സഭയും മറ്റേതു മാർത്തോമ്മാ സഭയും ആംഗ്ലേയ സഭയും ആകുന്നു.

ഇതിൽ ആംഗ്ലേയ സഭയും മാർത്തോമ്മാ സഭയും തമ്മിൽ വിശ്വാസ കാര്യങ്ങളിൽ എന്തെങ്കിലും കാതലായ വ്യത്യാസം ഉണ്ടെന്നു തോന്നു ന്നില്ല. എന്നാൽ ആചാരാനുഷ്ഠാനങ്ങളിലും ആരാധനാ സമ്പ്രദായ ത്തിലും ഈ സഭകൾ തമ്മിൽ വിഭിന്നങ്ങളായി വർത്തിക്കുന്നുണ്ട്. എന്നിരു ന്നാലും വിശ്വാസത്തിലുള്ള യോജിപ്പു കൊണ്ട് ഈ സഭകൾ തമ്മിലുള്ള ഒരൈക്യം ദുസ്സാദ്ധ്യമല്ലെന്നു തന്നെ പറയാം. എന്നാൽ മലങ്കര സുറിയാനി സഭയും ഈ സഭകളുമായി ഒരു യോജിപ്പുണ്ടാകുക എന്നുള്ളതു ക്ഷണ സാദ്ധ്യമല്ല തന്നെ. അതിനു പ്രധാന തടസ്സമായി നിൽക്കുന്നതു സുറിയാനി സഭയിലെ ഇപ്പോഴത്തെ ആഭ്യന്തരകലഹമാകുന്നു. വളരെ നിസ്സാര കാര്യ ങ്ങളെ അടിസ്ഥാനപ്പെടുത്തിയുണ്ടായ മത്സരമാണെന്നിരുന്നാലും അതു

ശരിപ്പെടുത്തുന്നതിനു വളരെ പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും ആസന്നഭാവിയിൽ ഒരു യോജിപ്പുണ്ടാകുമെന്നും കാതോലിക്കോസിന്റെ കീഴിൽ സഭ ഏകയോഗക്ഷേമമായി നിലനിന്നു പോകുമെന്നും വിചാരിപ്പാൻ തക്ക ഭാവിശ്രേയപിശുനശകുനങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ടെന്നു മിക്കവാറും തീർത്തു പറയാം. മലങ്കര സുറിയാനി സഭയുടെ പുനരൈക്യം സാധിതപ്രായമായാൽ മാർത്തോമ്മാസഭയോടും ആംഗ്ലേയസഭയോടും ഒരൈക്യം സാദ്ധ്യമാണോ എന്ന് ഇനിയും ചിന്തിക്കാം. മലങ്കര സുറിയാനി സഭയും ഈ സഭകളുമായി പല തർക്കങ്ങളും ഉണ്ടായിട്ടുണ്ടെന്നിരുന്നാലും ഇപ്പോൾ അവയെല്ലാം മറന്നു പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടെന്നു പറയുന്നതിൽ വലിയ തെറ്റില്ല. മാർത്തോമ്മാ സഭയിലെ മെത്രാപ്പോലീത്തന്മാരെയും ടി. സഭയേയും പറ്റി മനോരമ മുതലായ പത്രങ്ങളും വളരെ ധിക്കാരമായ ലേഖനങ്ങൾ ഒരു കാലത്തു എഴുതിയിട്ടുള്ളതായി മാർത്തോമ്മാക്കാരിൽ പലരും പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആകട്ടെ മനോരമയുടെ സ്വരം പാടെ മാറിയിട്ടുള്ളതായി അവർ തന്നെ സമ്മതിക്കുന്നു. മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ജൂബിലി സംബന്ധിച്ചു കോട്ടയത്തു നടത്തിയ വലിയ മീറ്റിംഗിൽ ശ്രീമാൻ മാമ്മൻ മാപ്പിള അവർകൾ ഒരു പ്രസംഗം ചെയ്കയുണ്ടായി. അടുത്ത കാലത്തു മനോരമയിൽ പുനരൈക്യത്തെപ്പറ്റി അദ്ദേഹം എഴുതുന്ന ലേഖനങ്ങളും എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഒന്നാണ്. മാർത്തോമ്മാ സഭക്കാരുടെ വകയായ മലങ്കര സഭാതാരകയും നവഭാരതിയും മലങ്കര സുറിയാനി സഭയോടു വൈരാഗ്യ ബുദ്ധിയോടു കൂടി വർത്തിച്ചിട്ടുണ്ടെന്നുള്ളതും നിസ്തർക്കമാണ്. മലങ്കര സുറിയാനി സമുദായത്തിലെ പിണക്കം അവസാനിക്കരുതെന്നു തന്നെ മാർത്തോമ്മാക്കാരിൽ പലരും വിചാരിച്ചിരുന്നിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് വട്ടിപ്പണക്കേസിൽ തോറ്റു മനസ്സു നൊന്ത് ഇരിക്കുന്ന അവസരത്തിൽ നവഭാരതിയിൽ എഴുതിയിരുന്ന ചില ലേഖനങ്ങൾ എത്ര കഠിനമായിരുന്നു എന്നു ചിലരെല്ലാം ഓർക്കുന്നുണ്ടായിരിക്കുമല്ലോ. എന്നാൽ ഇപ്പോൾ ആ നിലയും മാറി ഐക്യതയുടെ മനസ്ഥിതിയോടു കൂടി പ്രസ്തുത പത്രം വർത്തിക്കുന്നുണ്ടെന്നു നിസ്സംശയം പറയാം. ഇങ്ങനെയുള്ള ഇരു കൂട്ടരുടെയും സഹകരണബുദ്ധി പ്രശംസനീയം തന്നെ. ആംഗ്ലേയസഭയും മലങ്കര സുറിയാനി സഭയും തമ്മിലും ഉണ്ടായിരുന്ന മത്സരങ്ങൾ ഇപ്പോൾ ഒട്ടും തന്നെ ഇല്ലെന്നു പറയാം. അതുകൊണ്ട് ഇപ്പോൾ ഐക്യത്തിനു തടസ്സമായിരിക്കുന്നതു വിശ്വാസ വ്യത്യാസമൊന്നു മാത്രമാകുന്നു. മലങ്കര സുറിയാനി സഭയുടെ വിശ്വാസത്തോടു ആംഗ്ലേയ സഭയും മാർത്തോമ്മാ സഭയും എത്ര കണ്ടു യോജിക്കുമെന്നു പറയാറായിട്ടില്ല. മാർത്തോമ്മാ സമുദായ നേതാക്കന്മാരിൽ ചിലർക്കു തെക്കേ ഇൻഡ്യയിലുള്ള നവീകരണ സഭകളു

മായി ഒരൈക്യമുണ്ടാകണമെന്നു ആഗ്രഹമുണ്ടെന്നിരുന്നാലും അവരിൽ തന്നെ യാഥാസ്ഥിതികന്മാരായ ചിലർക്കു മലങ്കര സുറിയാനി സഭയുമായി ഒരു പുനരൈക്യം നടത്തണമെന്നു ആഗ്രഹമുള്ളതിനാൽ മേൽപറഞ്ഞ വരുടെ അഭിപ്രായത്തിനു പ്രാബല്യം സിദ്ധിക്കാതെ മുൻ പോട്ടു പൊയ് ക്കൊണ്ടിരുന്നു. ശ്രീമാന്മാരായ കെ. കെ. കുരുവിള എം. എ. ബി. ഡി, സി. പി. മാത്യു എം. എ. ഇവരെല്ലാം മലങ്കര സുറിയാനി സഭയും മാർത്തോമ്മാ സഭയും തമ്മിൽ ഒരു പുനരൈക്യം ഉണ്ടാകുന്നതിനു അക്ഷീണപരിശ്രമം ചെയ്യുന്നവരാണ്. മലങ്കര സഭാതാരകയിൽ മി. സി. പി. മാത്യു എം. എ. അടുത്ത കാലത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖന ങ്ങൾ എല്ലാവരും സശ്രദ്ധം വായിക്കുന്നതു കൊള്ളാം. മി. മാത്യുവിന്റെ അഭിപ്രായത്തോടു യോജിക്കാത്ത ഒരു കൂട്ടരും മാർത്തോമ്മാ സഭയിൽ ഉണ്ട്. അവരുടെ നേതൃത്വം വഹിക്കുന്നതു മി. കെ. എൻ. ദാനിയേൽ ആണ്. വി. കുർബാന, പരിശുദ്ധന്മാരോടുള്ള അപേക്ഷ, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന ഈ വിഷയങ്ങളെപ്പറ്റിയുള്ള മലങ്കര സുറിയാനിസഭയുടെ ഉപദേശം മാർത്തോമ്മാക്കാർ നമ്മോടു യോജിക്കുന്നതിൽ തടസ്സമായി നിൽക്കുന്നില്ല എന്നു അദ്ദേഹം ശക്തിയുക്തം തെളിയിച്ചിട്ടുണ്ട്. ഇങ്ങനെ സഹതാപ ബുദ്ധ്യാ അന്യോന്യം അഭിപ്രായങ്ങൾ പഠിക്കുന്നതിനും പ്രചരി പ്പിക്കുന്ന തിനും ഉള്ള ശ്രമം അഭിനന്ദനീയം തന്നെ.

സഭകൾ തമ്മിലുള്ള ഐക്യത്തിനു വേണ്ടി തിരുവനന്തപുരം കേന്ദ്ര മാക്കി ചില കമ്മറ്റികളും മറ്റും രൂപവൽക്കരിച്ചിട്ടുള്ളതായി അറിയുന്നു. അവർ ചില പദ്ധതികൾ തയ്യാറാക്കി ഐക്യശ്രമങ്ങൾ നടത്തുന്നുമുണ്ട്. മദ്രാസിലുള്ള സുറിയാനിക്കാരും ഐക്യശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്ക യാണ്. മി. പി. ഒ. ഫിലിപ്പ് ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യത്തെ ലാക്കാക്കി എഴുതിയിട്ടുള്ള ലേഖനങ്ങൾ പലരും വായിച്ചിരിക്കാൻ ഇട യുണ്ട്. ഇങ്ങനെയുള്ള പലരുടേയും ഐക്യശ്രമങ്ങളുടെ ഫലമായി നമ്മുടെ മലങ്കര സുറിയാനിസഭയുടെ യോജിപ്പിനു വേണ്ടി ആംഗ്ലേയ സഭക്കാരും മാർത്തോമ്മാക്കാരും പ്രാർത്ഥനകളും മറ്റും നടത്തുന്നത് ഒരു ശുഭലക്ഷണം തന്നെ.

ഇതിനും പുറമെ യൂണിയൻ കോളജ് പ്രവർത്തകന്മാരുടെ ശ്രമം എപ്പി സ്കോപ്പൽ സഭകളായ ഈ മൂന്നു സഭകളും തമ്മിൽ കാലാന്തരത്തിൽ ഒരൈക്യം ഉണ്ടാക്കണമെന്നുള്ളതാണെന്നു തോന്നുന്നു. ഈ ആദർശം മനസ്സിൽ വച്ചു കൊണ്ടുള്ള പരിശ്രമം ദീർഘകാലം കൊണ്ടെങ്കിലും ഫല പ്രദമാകാതെയിരിക്കയില്ലെന്ന് വിശ്വസിക്കുന്നു. യൂണിയൻ കോളജിന്റെ ആദർശത്തോടു കൂടി നടത്തുന്ന ഒരു സ്ഥാപനമാണല്ലോ ആലുവായിലെ ക്രൈസ്തവ മഹിളാലയം. ഈ സ്ഥാപനകളെല്ലാം വിജയപ്രദമാകണമെ ങ്കിൽ അതിനു വേണ്ടി ശ്രമിക്കുന്ന ആളുകൾ എല്ലാം ഉദ്ദേശശുദ്ധിയോടു

കൂടി വർത്തിക്കേണ്ടിയിരിക്കുന്നു. അവരവരുടെ ഇഷ്ടം മാത്രം നടക്കണമെന്ന് ഓരോരുത്തരും ശഠിച്ചാൽ ഐക്യശ്രമം മുമ്പിലത്തേതിൽ കഷ്ടതരമായ ഭിന്നതയ്ക്ക് കാരണമാക്കിയേക്കാം. ഇതിനെ തെളിയിക്കുന്നതിന് പര്യാപ്തമായ ഒരു സംഭവം താഴെ പ്രസ്താവിച്ചു കൊള്ളട്ടെ. കുറച്ചു വർഷങ്ങൾക്കു മുമ്പ് മദ്ധ്യതിരുവിതാംകൂറിലുള്ള അഞ്ചാറു ക്രിസ്ത്യൻ ഹൈസ്കൂളുകൾ തമ്മിൽ യോജിച്ച് ആണ്ടു തോറും കളികൾ (സ്പോട്സ്) നടത്താൻ തീരുമാനിച്ചിരുന്നു. ഇതു വിശ്വാസത്തോട് യാതൊരു ബന്ധവും ഇല്ലാത്ത ഒരേർപ്പാടായതു കൊണ്ട് പല ക്രിസ്ത്യൻ സ്കൂളുകാരും ഇതിൽ സഹകരിക്കയും ഏതാനും വർഷം കായിക മത്സരങ്ങൾ മുറയ്ക്കു നടത്തുകയും ചെയ്തു. എന്നാൽ കുറച്ചുനാൾ കഴിഞ്ഞപ്പോഴേക്ക് കളികളുടെ മാദ്ധ്യസ്ഥം വഹിക്കുന്ന ആളുകൾ അവരവരുടെ സമുദായക്കാർക്ക് അനുകൂലമായി വർത്തിച്ചു എന്ന കാരണത്താൽ ഈ യോജിപ്പ് (Federation) ക്ഷണഭംഗുരമായി തീർന്നു. ഇതിൽ നിന്നും ഒരു സംഗതി കൂടെ വിശദമാകുന്നുണ്ട്. അതായത് വിശ്വാസകാര്യങ്ങളിൽ ഐകരൂപ്യം ഇല്ലാതെ വന്നാൽ ബാഹ്യമായ ഒരു യോജിപ്പ് മാത്രം നിലനിൽക്കാൻ പ്രയാസമാണെന്നുള്ളതത്രെ.

മലങ്കരയുള്ള ക്രിസ്ത്യൻ സഭകൾ തമ്മിൽ ഒരൈക്യതയുണ്ടാകാതെയിരിക്കുന്നത് എല്ലാ തരത്തിലും ദോഷകരമാണെന്ന് ഏവരും സമ്മതിക്കും. ഒന്നാമതായിട്ടുള്ള പ്രയാസം സുവിശേഷവേല കാര്യത്തിലാണ്. പാശ്ചാത്യ രാജ്യ കാര്യങ്ങളിൽ നിന്ന് മിഷ്യനറിമാർ വന്ന് ഇൻഡ്യയിൽ ചെയ്യാവുന്നതിൽ കൂടുതൽ ഫലപ്രദമായ ജോലി ചെയ്യാൻ കഴിയുന്നത് മലങ്കരയുള്ള ക്രിസ്ത്യാനികൾക്കാകുന്നു. എന്നാൽ കഴിഞ്ഞ പത്തൊൻപതു നൂറ്റാണ്ടുകളോളം ഇവിടെ നിലനിന്ന മലങ്കരസഭ സുവിശേഷ പ്രചരണാർത്ഥം കാര്യമായി ഒന്നും തന്നെ പ്രവർത്തിച്ചിട്ടില്ലെന്നു പറയാം. പഴയകാലത്ത് രാഷ്ട്രീയമായ തടസ്സങ്ങൾ ശരിയായ ജോലി നടത്തിപ്പിന് വിഘാതമായിരുന്നിരിക്കാം. എന്നാൽ ഇപ്പോൾ ഉള്ള കാര്യമായ തടസ്സം സഭകൾ തമ്മിലുള്ള മത്സരമാണ്. ക്രിസ്ത്യേതരുടെ ഇടയിൽ ശരിയായി ജോലി ചെയ്യുന്നതിന് ആളും പണവും സൗകര്യവുമുണ്ടാകണമെങ്കിൽ സഭകൾ തമ്മിലുള്ള യോജിപ്പ് ആവശ്യമാകുന്നു.

കേരളത്തിലെ ക്രിസ്ത്യാനികളുടെ രാഷ്ട്രീയമായ നിലയെപ്പറ്റി ചിന്തിച്ചാൽ ഒരു യോജിപ്പ് ഏറ്റവും ആവശ്യമാണെന്ന് സമ്മതിച്ചേ തീരൂ. എന്നാൽ പുനരൈക്യത്തിനു നമ്മെ പ്രേരിപ്പിക്കുന്ന പ്രധാന കാരണം രാഷ്ട്രീയമായിരിക്കരുത് എന്ന് എനിക്ക് ആഗ്രഹമുണ്ട്. ദൈവതിരുനാമ മഹത്വത്തിനു വേണ്ടി സുവിശേഷവേല ലാക്കാക്കി പ്രവർത്തിക്കുമ്പോൾ രാഷ്ട്രീയമായ ഉന്നതി ഉണ്ടായികൊള്ളും. മലങ്കരയുള്ള ക്രിസ്ത്യാനികളുടെ സഹകരണം കൂടാതെ ഗവൺമെന്റുകൾക്ക് എന്തെങ്കിലും പ്രവർത്തി

ക്കാൻ സാധിക്കയില്ലെന്ന് വന്നു കൂടുന്നതാണ്. തിരുവിതാംകൂ റിന്റെ ഉയർച്ചയ്ക്ക് അത്ര വളരെ കാര്യങ്ങൾ ക്രിസ്തീയ സമുദായങ്ങൾ ഇന്നു ചെയ്യുന്നുണ്ട്. സമുദായങ്ങൾ തമ്മിലുള്ള ഭിന്നതകൾ മൂലം ഓരോ കൂട്ടർക്കും ശരിയായി സഭാഭരണം നടത്തിക്കൊണ്ടു പോകുന്നതിനും പ്രയാസം നേരിടുന്നുണ്ട്. ഏതെങ്കിലും ഒരു സഭയിൽ നിന്നു പിണങ്ങു ന്നവരെ ഇതര സഭക്കാർ കൂട്ടിചേർക്കുന്നതിന് തയ്യാറായിരിക്കുന്നിട ത്തോളം കാലം വ്യവസ്ഥാപിതമായ നിലയിൽ ആർക്കും ഭരണം നടത്താൻ സാധിക്കാതെ വന്നുപോകുന്നതാണ്. എന്നാൽ ഈ സഭകൾ തമ്മിൽ ഐക്യമുണ്ടായാലും റോമാ സഭക്കാർ ഐക്യതയ്ക്കു വഴിപ്പെടാത്ത കാല ത്തോളം ഇതു നിഷ്പ്രയാസം പരിഹരിക്കുവാൻ സാധിക്കുമോ എന്ന് പലരും ചോദിച്ചേക്കാം. അതിനെപ്പറ്റിയും ഈ സഭകൾ തമ്മിലുള്ള ഐക്യ ത്തിന് തടസ്സമായിരിക്കുന്ന ചില കാര്യങ്ങളെപ്പറ്റിയും പിന്നാലെ പ്രസ്താ വിച്ചു കൊള്ളാം.

(ബഥനി മാസിക, വാല്യം 7, ലക്കം 2, 3, 1107 കുംഭം, മീനം)

2. സഭയും നവീകരണവും

ഇംഗ്ലീഷ് മിഷനറിമാരുടെ ആവിർഭാവത്തോടുകൂടിയാണ് സുറിയാനി സഭയിൽ നവീകരണം ഉണ്ടായിട്ടുള്ളത്. ആംഗ്ലിക്കൻ സഭ എന്നു പറ ഞ്ഞാൽ സി. എം. എസ്. സഭ എന്ന് ആരും തെറ്റിദ്ധരിക്കരുത്. ആംഗ്ലി ക്കൻ സഭ എന്നു പറഞ്ഞാൽ ഇംഗ്ലണ്ടിലെ സഭ – ഇംഗ്ലണ്ടിൽ രാഷ്ട്രീയ മായ അംഗീകരണം ഉള്ള സഭ – ഇംഗ്ലണ്ടിലെ രാജാവ് തലവനായിരിക്കുന്ന സഭ – എന്നൊക്കെ പറയാം. ഹെൻറി എട്ടാമൻ എന്ന രാജാവിന്റെ കാലം വരെ ഇംഗ്ലണ്ടിലെ സഭ മാർപാപ്പായുടെ ഭരണാധികാരത്തിൻ കീഴിലായി രുന്നു. അക്കാലത്ത് യൂറോപ്പിൽ പല സ്ഥലങ്ങളിലും നവീകരണം ആവിർഭ വിച്ചു. അതു റോമാ സഭയെ അലട്ടിക്കൊണ്ടിരുന്നു. യൂറോപ്പ് ഭൂഖണ്ഡ ത്തിൽ നിന്നും നവീകരണം ഇംഗ്ലണ്ടിലെ സഭയിലേക്ക് പടർന്നു പിടി ക്കാതെ ഹെൻറി എട്ടാമൻ വളരെ കരുതലോടെയാണിരുന്നത്. റോമാ സഭക്കു വേണ്ടി അദ്ദേഹം അനുഷ്ഠിച്ച മഹത്തായ സേവനങ്ങളെ പുര സ്കരിച്ച് മാർപാപ്പാ തിരുമേനി അദ്ദേഹത്തിന് "വിശ്വാസ രക്ഷകൻ" എന്ന സ്ഥാനം നൽകി എന്നത് പ്രത്യേകം സ്മരണീയമാണ്.

എന്നാൽ പിൽക്കാലത്ത് വിശ്വാസ സംരക്ഷകൻ എന്ന പദവിയാൽ മാനിതനായിരുന്ന ഹെൻറി എട്ടാമൻ മാർപാപ്പായെ എതിർക്കാൻ തുടങ്ങി. ഹെൻറി എട്ടാമൻ ആദ്യം വിവാഹം ചെയ്തത് തന്റെ ജ്യേഷ്ഠസഹോദ രൻ ആർതറിന്റെ ഭാര്യയായിരുന്ന കാതറൈൻ എന്ന സ്ത്രീയെ (ഭർത്താ വിന്റെ മരണാനന്തരം) ആയിരുന്നു. അങ്ങനെ സഹോദര പത്നിയും വിധവ

യുമായ കാതറൈനെ കല്യാണംകഴിക്കുന്നതിന് രാഷ്ട്രീയമായ ചില കാരണങ്ങളാൽ ഹെന്റിക്ക് മാർപാപ്പാ അനുമതി നല്കി. ആ വിവാഹത്തിൽ മേരി എന്നൊരു മകൾ ജാതയായി. കാലാന്തരത്തിൽ മേരി രാജ്ഞി എന്ന പേരിൽ ഈ മകൾ ഇംഗ്ലണ്ട് ഭരിച്ചിട്ടുണ്ട്. സഹോദര പത്നിയെ വിവാഹം കഴിച്ചത് തെറ്റിപ്പോയി എന്നു മേരിയുടെ ജനനാനന്തരം ഹെൻറിക്കു തോന്നിയതിനാൽ വിവാഹമോചനത്തിന് അനുമതി നൽകണമെന്ന് അദ്ദേഹം മാർപാപ്പായോട് അപേക്ഷിച്ചു. എന്നാൽ മാർപാപ്പാ ആ അപേക്ഷ അനുവദിച്ചില്ല. അതിനാൽ ക്രുദ്ധനായ രാജാവ് ഇംഗ്ലീഷ് സഭ മേലിൽ മാർപാപ്പായെ തലവനായി സ്വീകരിപ്പാൻ പാടില്ലെന്നും, പാപ്പായുടെ കല്പന രാജ്യത്തു യാതൊരു പള്ളിയിലും വായിച്ചുകൂടെന്നും സഭയുടെ തലവൻ താൻ തന്നെയാണെന്നും പ്രഖ്യാപിച്ചു. അന്നുമുതൽ ഇന്നുവരെ ഇംഗ്ലണ്ടിലെ സഭയുടെ തലവൻ ഇംഗ്ലണ്ടിലെ രാജാവാണ്. എന്നാൽ ഹെൻറി എട്ടാമൻ സഭയുടെ വിശ്വാസകാര്യങ്ങളിലോ ആചാരാനുഷ്ഠാനങ്ങളിലോ അണു മാത്രമെങ്കിലും വ്യത്യാസം വരുത്തിയില്ല. മാർപാപ്പായുടെ ആത്മീയ നേതൃത്വം ത്യജിക്കപ്പെട്ട ഒരു 'സ്വതന്ത്ര റോമൻ സഭ' എന്ന നിലയിൽ ഇംഗ്ലണ്ടിലെ സഭ മുന്നോട്ട് നീങ്ങി. കാന്റർബറിയിലെ കത്തോലിക്കാ ബിഷപ്പ് രാജാവിന്റെ ഹിതാനുസരണം വിവാഹമോചനം അനുവദിക്കുകയും പുനർ വിവാഹാനുമതി നൽകുകയും ചെയ്തു. ഈ ഹെൻറി ആറു സ്ത്രീകളെ തുടർച്ചയായി ഭാര്യമാരായി സ്വീകരിച്ചു. അവരിൽ ചിലരെയെല്ലാം വധിക്കുകയാണു ചെയ്തത്. ആറു ഭാര്യമാരെ സ്വീകരിച്ച ഹെൻറിക്ക് ആദ്യത്തെ മേരി എന്ന മകൾക്കു പുറമേ, രണ്ടാമത്തെ ഭാര്യയിൽ നിന്ന് എലിസബത്ത് എന്ന ഒരു മകളും, വേറൊരു സ്ത്രീയിൽ നിന്ന് ഒരു മകനും ജനിച്ചു. ഹെൻറി എട്ടാമന്റെ കാലശേഷം അദ്ദേഹത്തിന്റെ പുത്രൻ രാജാവായി. അദ്ദേഹത്തിന്റെ കാലത്ത്, യൂറോപ്പിൽ ചില സ്ഥലങ്ങളിൽ നിലവിലിരുന്ന നവീകരണ ഉപദേശങ്ങൾ ആംഗ്ലിക്കൻ സഭയിൽ പ്രചരിച്ചു. എന്നാൽ ആ രാജാവ് അധികം താമസിയാതെ ചരമമടഞ്ഞു. തുടർന്നു പെൺമക്കളിൽ മൂത്തയാളായ മേരി രാജ്ഞിയായി. മേരി ഭരണാധിപയായി അവരോധിക്കപ്പെട്ടതോടെ നവീകരണത്തിന് എതിരായി ശക്തി പ്രയോഗിക്കുകയും ഏതാനും നവീകരണ ബിഷപ്പന്മാരെ ദഹിപ്പിക്കുകയും ചെയ്തു. മേരിരാജ്ഞിയും ഏറെക്കാലം കഴിയുന്നതിനുമുമ്പു മരണമടഞ്ഞു. പിന്നീട് ഭരണം ലഭിച്ചത് എലിസബേത്ത് എന്ന മകൾക്കാണ്. മേരി നവീകരണവിരുദ്ധ മനോഭാവക്കാരിയായിരുന്നെങ്കിൽ ഏലിസബത്ത് നവീകരണ മനോഭാവക്കാരിയായിരുന്നു. നവീകരണത്തെ പ്രോത്സാഹിപ്പിച്ച ഏലിസബത്തിന്റെ കാലത്താണ് ആഗ്ലിക്കൻ സഭയിൽ നവീകരണം വളർച്ച പ്രാപിച്ചത്. ആഗ്ലിക്കൻ സഭ നവീകരണസഭയായിത്തീർന്ന പരിതസ്ഥിതി മേൽവിവരിച്ചതാണ്.

നവീകരണക്കാരെ പ്രൊട്ടസ്റ്റന്റുകാർ എന്നും പറയാറുണ്ട്. പ്രൊട്ടസ്റ്റ് എന്നു പറഞ്ഞാൽ എതിർക്ക എന്നാണ് അർത്ഥം. പ്രൊട്ടസ്റ്റന്റ് എന്നതിന് എതിർപ്പുകാർ എന്നു പറയാം. മാർപാപ്പായേയും റോമാസഭയേയും എതിർത്തവരെ റോമൻ കത്തോലിക്കർ പ്രൊട്ടസ്റ്റന്റുകാർ എന്നു വിളിച്ചതുകൊണ്ടാണ് ആ പേരുണ്ടായതാണ്. ഇംഗ്ലണ്ടിൽ എതിർപ്പ് ഉണ്ടായതിന്റെ മുഖാന്തിരവും പരിതസ്ഥിതിയും മേൽ പ്രസ്താവിച്ചതാണ്. ഇംഗ്ലണ്ടിലെ സഭയിൽ എതിർപ്പുണ്ടാക്കിയത് ലൂഥർ എന്ന ആളാണെന്ന് പലരും ധരിച്ചിട്ടുണ്ട്. ലൂഥർ ഇംഗ്ലീഷുകാരൻ അല്ലായിരുന്നു. ലൂഥർ, വിക്ലിഫ്, സിൻക്ളി, കാൾവിൻ മുതലായ പല നവീകരണക്കാർ യൂറോപ്പിൽ പല രാജ്യങ്ങളിൽ വിവിധ കാരണങ്ങളാൽ എഴുന്നേറ്റിട്ടുണ്ട്. അവരുടെ ഉപദേശങ്ങൾ ഭിന്നങ്ങളുമായിരുന്നു. അവർ രൂപവൽകരിച്ച പല സഭകളിലും എപ്പിസ്കോപ്പൽ ഭരണത്തോടു തന്നെ എതിർപ്പുണ്ടായിട്ടുണ്ട്. അവരും ഇംഗ്ലീഷുകാരും പ്രൊട്ടസ്റ്റന്റുകാർ തന്നെ. പക്ഷേ രാജാവു തലവനായ ഒരു എപ്പിസ്കോപ്പൽ സഭയായിട്ടാണ് ഇംഗ്ലീഷ് സഭ വളർന്നത്. ഇംഗ്ലണ്ടിലെ രാജാവിനെ വാഴിക്കുന്നതു കാന്റർബറി ആർച്ചു ബിഷപ്പാണ്. ഒരു ആർച്ചു ബിഷപ്പ് കാലം ചെയ്താൽ പകരം ആർച്ചുബിഷപ്പിനെ നിയമിക്കുന്ന കല്പന കൊടുക്കേണ്ടതു രാജാവാണ്.

ഇംഗ്ലണ്ടിൽ രാജാവ് തലവനായിരിക്കുന്ന നവീകരണ സഭക്കുപുറമേ അനേകം നവീകരണ സഭാവിഭാഗങ്ങളുണ്ട്. അവരിൽ പലർക്കും ബിഷപ്പന്മാർ ഇല്ല. അത്തരം സഭകളുടെ തലവൻ ഇംഗ്ലണ്ടിലെ രാജാവും അല്ല. അവരുടെ ഉപദേശങ്ങളും രാജാവു തലവനായിരിക്കുന്ന സഭയുടെ ഉപദേശങ്ങളും ഭിന്നങ്ങളാണ്. ഇംഗ്ലണ്ടിലെ സഭ മാർപാപ്പയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ മാർപാപ്പായെ സ്വീകരിക്കുന്ന റോമാക്രിസ്ത്യാനികൾക്കും ആംഗ്ലിക്കൻ സഭയിൽ നിന്നും ഭിന്നങ്ങളായ നവീകരണ വിഭാഗങ്ങൾക്കും വളരെ പീഡകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പീഡകളുടെ അസഹനീയത നിമിത്തം പല നവീകരണ സഭാ വിഭാഗക്കാർക്കും രാജ്യം വിട്ടു സ്വതന്ത്രമായി പ്രസംഗിക്കുവാനും ആരാധന നടത്തുവാനുമായി അമേരിക്കയിൽ പോയി കുടിപ്പാർക്കേണ്ടതായി വന്നു. രാജാവിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സഭാവിഭാഗത്തെ മാത്രം രാഷ്ട്രം സഹായിച്ചു പോന്നു. ബിഷപ്പന്മാർ തന്നെയും മറ്റു ഉദ്യോഗസ്ഥന്മാരെപ്പോലെ ഖജനാവിൽ നിന്നു ശമ്പളം പറ്റുന്നവരായിത്തീർന്നു. പള്ളികൾക്കും രാജ്യ ഭണ്ഡാരത്തിൽ നിന്നു സംരക്ഷണം ലബ്ധമായി. അംഗീകാരമുള്ള ആംഗ്ലിക്കൻ സഭയുടെ വിശ്വാസത്തിൽ നിന്നു വ്യതിചലിക്കുന്ന രാജാവിനു തന്മൂലം രാജസ്ഥാനം നഷ്ടപ്പെടുമെന്ന് ഇംഗ്ലണ്ടിൽ നിയമം ഉണ്ടാക്കി. റോമൻ കത്തോലിക്കക്കാർക്കും മറ്റു നവീകരണ വിഭാഗക്കാർക്കും ന്യായമായി ലഭിക്കേണ്ട ജോലിയോ പ്രമോഷനോ ലഭ്യമല്ലെന്നായി. ആംഗ്ലേയ സഭയുടെ ഏകദേശമായ ഒരു രൂപമാണു മേല്പറഞ്ഞത്.

കാലാന്തരത്തിൽ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള അപേക്ഷ മുതലായ ഉപദേശങ്ങൾ ആംഗ്ലിക്കൻ സഭ നിരാകരിച്ചു. ആരാധന ലത്തീൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. വേദപുസ്തകം അച്ചടിപ്പിച്ചു പ്രചരിപ്പിച്ചു. എന്നാൽ നവീകരണപ്രേമികൾ സഭയിൽ പറ്റിപ്പിടിച്ചിരുന്ന അഴുക്കുകൾ വലിച്ചെറിഞ്ഞ കൂട്ടത്തിൽ അനർഘങ്ങളായ പല ഉപദേശരത്നങ്ങളും ദൂരവലിത്യജിച്ചു പോയി എന്നു പിൽക്കാലത്തു ചിന്തകരും ഭക്തന്മാരുമായ നവീകരണ സഭാനേതാക്കന്മാർക്ക് ബോദ്ധ്യമായി. തൽഫലമായി 19-ാം നൂറ്റാണ്ടായപ്പോഴേക്ക്, സഭയിലെ ഉപദേശങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ത്യജിക്കപ്പെട്ടുപോയ ഉപദേശരത്നങ്ങളെ സ്വീകരിക്കാനുള്ള ഒരു വ്യഗ്രത ദൃശ്യമായി. ആംഗ്ലിക്കൻ സഭയിൽ തന്നെ പല മിഷനുകളും ആവിർഭവിച്ചു. ചർച്ചുമിഷൻ സൊസൈറ്റി അതിൽ ഒന്നു മാത്രമാണ്. അവരെ സി. എം. എസ്. എന്നു ചുരുക്കി പറഞ്ഞുവന്നു. കൂടാതെ എസ്. പി. ജി., ഓക്സ്ഫോർഡുമിഷൻ, കൗളി ഫാദേഴ്സ് ഇവരെല്ലാം ആംഗ്ലിക്കൻ സഭയിലെ പല മിഷൻ സമൂഹങ്ങളാണ്. അവരുടെ മിഷൻ വേല പലതരത്തിലുള്ളതാണ്. അവരെല്ലാം തന്നെ ആംഗ്ലിക്കൻ സഭയിൽ പെട്ടവരും, സഭയുടെ മേലുള്ള രാജാവിന്റെ മേൽക്കോയ്മ സ്വീകരിക്കുന്നവരും കാന്റർബറി ആർച്ചുബിഷപ്പിന്റെ ആത്മീയ നേതൃത്വം സ്വീകരിക്കുന്നവരുമാണ്. അവരുടെ പട്ടത്വം, തക്സാ ഇവയിൽ യാതൊരു വ്യത്യാസവുമില്ല. ഉപദേശ വ്യത്യാസമനുസരിച്ച് ഹൈചർച്ചുകാരെന്നും ലോ ചർച്ചുകാരെന്നും പറഞ്ഞു വരുന്നു. സി. എം. എസ്. കാർ ലോചർച്ചുകാരും, ഓക്സ്ഫോർഡ് മിഷൻകാരും മറ്റും ഹൈ ചർച്ചുകാരുമാണ്. ഹൈ ചർച്ചുകാർ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള അപേക്ഷ മുതലായി മുമ്പ് ത്യജിച്ച പല ഉപദേശങ്ങളും സ്വീകരിക്കാൻ തുടങ്ങി. ഹൈ ചർച്ച് ഉപദേശങ്ങൾക്ക് സഭയിൽ പ്രചുരപ്രചാരം സിദ്ധിക്കുകയാൽ ഇരുപതാം നൂറ്റാണ്ട് ആയപ്പോഴേക്ക് ആംഗ്ലിക്കൻ സഭയിലുള്ള ബഹുഭൂരിപക്ഷം ആളുകളും യാഥാസ്ഥിതികന്മാരും പഴയ ഉപദേശങ്ങളിൽ പലതും സ്വീകരിക്കുന്നവരുമായിത്തീർന്നു. എന്നാൽ ഒരു സഭയിലെ വിവിധ മിഷൻ പ്രവർത്തകർ എന്ന നിലയിൽ ഭിന്നോപദേശക്കാരായ ആംഗ്ലിക്കർ തമ്മിൽ ഐക്യതയിലാണ് കഴിഞ്ഞു കൂടുന്നത്. ഹൈ ചർച്ചുകാരും ലോ ചർച്ചുകാരും ഒരു സഭയിലെ രണ്ട് അഭിപ്രായക്കാർ അഥവാ മിഷൻ പ്രവർത്തകർ എന്നു മാത്രം ധരിച്ചാൽ മതിയാകും. തക്സായും പട്ടത്വവും, മേലധികാരവും അന്യോന്യം അംഗീകരിക്കുന്നതുകൊണ്ടും തക്സായിൽ ഭേദമില്ലാത്തതിനാലും പരസ്പരം കുർബാന കൊടുക്കുകയും സ്വീകരിക്കുകയും ചെയ്തുവരുന്നു. ലോചർച്ചു ബിഷപ്പിനു ഹൈചർച്ചുകാരെ ഭരിക്കുന്നതിനും ഹൈ ചർച്ച് ബിഷപ്പ് ലോ ചർച്ചുകാരെ ഭരിക്കുന്നതിനും വിരോധമില്ല. ഇന്നു ഹൈചർച്ച് അഭിപ്രായ ഗതിക്കാരാണ് ആംഗ്ലേയ സഭയിലെ

ബഹുഭൂരിപക്ഷവും. അവരുടെ സ്വാധീന ഫലമായി 1928-ൽ ആംഗ്ലിക്കൻ സഭയിൽ നിലവിലിരുന്ന തക്സായിൽ ചില ഭേദഗതികൾ വരുത്തി. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരോടുള്ള അപേക്ഷയും ചേർത്തു തക്സാ പരിഷ്കരിച്ചു. പട്ടക്കാരുടേയും ബിഷപ്പന്മാരുടേയും ബഹുഭൂരിപക്ഷമാണ് പരിഷ്കരിച്ച തക്സാ പാസ്സാക്കിയത്. എന്നാൽ സഭയുടെ തലവൻ രാജാവാകയാൽ പരിഷ്കരിച്ച തക്സാക്ക് ബ്രിട്ടിഷ് പാർലമെന്റിന്റെ അംഗീകരണം ആവശ്യമായിവന്നു. പാർലമെന്റ് എന്നു പറയുന്നത് ആംഗ്ലിക്കൻ സഭാംഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു സമിതിയല്ലെന്ന് എല്ലാവർക്കും അറിയാമല്ലോ. ആംഗ്ലിക്കൻ സഭാംഗങ്ങൾക്കു പുറമെ വിവിധ ക്രിസ്തീയ വകുപ്പുകാരും യഹൂദന്മാരും നിരീശ്വരന്മാരും പാർലമെന്റിൽ അംഗങ്ങളായിട്ടുണ്ട്. തന്മൂലം പാർലമെന്റിൽ പരിഷ്കരിച്ച തക്സാക്ക് ഭൂരിപക്ഷം ലഭിക്കാതെ വന്നു. അതിനാൽ പരിഷ്കരിച്ച തക്സാ ആംഗ്ലിക്കൻ പള്ളികളിൽ ഉപയോഗിക്കണമെന്നു നിർബന്ധിക്കാൻ നിയമദൃഷ്ട്യാ നിവൃത്തിയില്ലാതെ വരികയാൽ എതിർപ്പില്ലാത്ത പള്ളികളിൽ മാത്രം പ്രസ്തുത തക്സാ ഇപ്പോൾ ഉപയോഗത്തിൽ ഇരിക്കുന്നു. ഇത്രയും പ്രസ്താവിച്ചത് പരിഷ്കരിച്ച ആളുകളുടെ പിൻഗാമികൾ വിശ്വാസകാര്യങ്ങളിൽ യാഥാസ്ഥിതിക മനോഭാവക്കാരായി പുറകോട്ടു വന്നു എന്നു കാണിക്കുന്നതിനാണ്.

ആംഗ്ലിക്കൻ സഭയിലെ സി. എം. എസ്. കാരായ ലോ ചർച്ചുകാരാണ് സുറിയാനി സഭയിൽ വേലക്കായി വന്നത്. അവരുടെ ആഗമനം മൂലം സാമൂഹ്യമായി വളരെ പ്രയോജനമുണ്ടായിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. എന്നാൽ സുറിയാനി സഭയുടെ വിശ്വാസ കാര്യങ്ങളിൽ അവർ സ്വാധീനം ചെലുത്തിയതു മാത്രം തെറ്റിപ്പോയി. തെറ്റിപ്പോയി എന്നു നാം പറയുകയല്ല, അവരിൽ ഭൂരിപക്ഷം, അന്നുതള്ളിയത് ഇന്നു സ്വീകരിക്കുന്നു എന്നുള്ളതു നമ്മുടെ ഉപദേശങ്ങളുടെ പരിപാവനത്വവും ആരാധനയുടെ മാറ്റും വളരെ വർദ്ധിപ്പിക്കയത്രെ ചെയ്തിരിക്കുന്നത്. സി. എം. എസിന്റെ ഒരു വലിയ മീറ്റിംഗിൽ പരേതനായ എ. എം. വർക്കി ചെയ്ത ഒരു പ്രസംഗത്തിൽ അവരുടെ സേവനങ്ങളെ വളരെ പ്രശംസിക്കുകയും എന്നാൽ അതിന്റെ ഒടുവിൽ, സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം ആംഗ്ലിക്കൻ സഭയിലെ സി. എം. എസിനു പകരം ഹൈചർച്ചുകാർ വന്നിരുന്നെങ്കിൽ സഭയിൽ ഭിന്നതയുണ്ടാകയില്ലായിരുന്നു എന്നു പറയുകയും ചെയ്തതായി ഓർക്കുന്നു. ഇൻഡ്യയിലെ ഈ പുരാതന സഭയെ സഹായിക്കാനാണ് ആംഗ്ലിക്കൻ മിഷനറിമാരെ പഴയ സെമിനാരിയിൽ പ്രവേശിപ്പിച്ചത്. പഴയ സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെയും (പിൽക്കാലത്ത് മാർ ദിവന്യാസോസ് രണ്ടാമൻ) പുന്നത്ര മാർ ദിവന്യാസോസിന്റെയും കാലം കഴിഞ്ഞു ചേപ്പാട്ടു മാർ ദീവന്യാസോസിന്റെ കാലം

ആയപ്പോഴേക്കും നവീകരണത്തിന്റെ വലിയ സ്വാധീനം പഴയ സെമിനാരിയിൽ പ്രത്യക്ഷപ്പെട്ടു.

പഴയ സെമിനാരിയിലെ സുറിയാനി മല്പാനായിരുന്ന പാലക്കുന്നത്ത് അബ്രഹാം മല്പാനച്ചനും ഏതാനും ശെമ്മാശന്മാരും സി.എം.എസ്. ഉപദേശം ശരിയെന്നു വിശ്വസിക്കുകയും മല്പാനച്ചൻ തക്സായിൽ സ്വയമായി തിരുത്തുകൾ വരുത്തുകയും അങ്ങനെ നവീകരണത്തിന്റെ വലിയ പ്രവർത്തകനായിത്തീരുകയും ചെയ്തതിനാൽ അദ്ദേഹത്തേയും അനുയായികളായ ശെമ്മശന്മാരേയും മുടക്കുകയും സി.എം.എസുകാർ സെമിനാരിയിൽ പഠിപ്പിക്കരുതെന്ന് വിലക്കുകയും ചെയ്തു. കൂടാതെ 1836- ൽ മാവേലിക്കര പള്ളിയിൽ ഒരു വലിയ മീറ്റിംഗ് വിളിച്ചുകൂട്ടി സി. എം. എസ്കാരുമായി സഹകരിച്ചു കൂടാ എന്നു തീരുമാനിച്ചു. പ്രസ്തുത തീരുമാനം മാവേലിക്കര പടിയോല എന്ന പേരിനാൽ അറിയപ്പെടുന്നു. ഈ കാലഘട്ടത്തിൽ പാലക്കുന്നത്ത് മൽപ്പാനച്ചന്റെ വീട്ടിൽപെട്ട മാത്യൂസ് ശെമ്മാശൻ ശീമയിൽ പോയി മെത്രാപ്പട്ടം ഏറ്റു തിരിച്ചു വന്നു ചേപ്പാട്ട് മാർ ദീവന്യാസോസിന് എതിരായി മത്സരിച്ചു. സി. എം. എസ്കാരുടെ സ്വാധീനം മൂലം അദ്ദേഹത്തെ സ്ഥാനത്തുനിന്നും ബഹിഷ്കരിച്ചു ഭരണം ഏറ്റു. എന്നാൽ ചേപ്പാട്ട് മാർ ദീവന്യാസോസിന്റെ അനുയായികൾ പാത്രിയർക്കീസിനെ യഥാർത്ഥവിവരം ധരിപ്പിച്ചു. മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കിച്ചു. ഈ അവസരത്തിൽ കുന്നംകുളത്തുനിന്നു പുലിക്കോട്ടിൽ യൗസേപ്പ് കത്തനാർ ശീമയിൽപോയി മെത്രാപ്പട്ടം ഏറ്റു മടങ്ങിവന്നു. മാത്യൂസ് മാർ അത്തന്യാസോസിന്റെ സ്ഥാനം കൈവശപ്പെടുത്താൻ ശ്രമിച്ചു. ആ ശ്രമം കേസിനു മുഖാന്തിരമായി. കേസിൽ പുലിക്കോട്ടു മാർ ദീവന്യാസോസ് ജയിച്ചു. തൊഴിയൂർ ഇടവക മെത്രാപ്പോലീത്തായിൽനിന്നു പട്ടം ഏറ്റു എന്നത് ന്യൂനതയായി ഉന്നയിച്ചുകൊണ്ടായിരുന്നു ചേപ്പാട്ട് മാർ ദീവന്യാസോസിനെ മാത്യൂസ് മാർ അത്താനാസ്യോസ് അധികാരത്തിൽനിന്നു വിടർത്തിയത്. മാത്യൂസ് മാർ അത്തനാസ്യോസ് ഉപയോഗിച്ച ആ കരു തന്നെ പ്രയോഗിച്ചാണ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജയം നേടിയത്. മാത്യൂസ് മാർ അത്താനാസ്യോസ് തന്നെയാണ് പിൻഗാമിയെ വാഴിച്ചത്. നവീകരണ ഉപദേശം സ്വീകരിച്ചവർ പിൽകാലത്ത് "മാർത്തോമ്മാക്കാർ" എന്ന പേരു സ്വീകരിച്ചു. മാത്യൂസ് മാർ അത്താന്യാസോസിന്റെ പിൻഗാമികളായി ആ കുടുംബത്തിൽ തന്നെ മൂന്ന് മെത്രാന്മാർ കൂടെയുണ്ടായി. ഇപ്പോൾ മാർത്തോമ്മാ സഭയിൽ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വൈദികരിൽ ഒരാളായ പനംപുന്നയിൽ ബ: പി. തോമസു അച്ചന് മെത്രാൻ സ്ഥാനം നൽകുന്ന കാര്യത്തിൽ ഏതാനും ആളുകൾ എതിരഭിപ്രായക്കാരാണ്. ഇതു സംബന്ധിച്ച് ഇതിനകം ആറേഴു ലഘുലേഖകൾ ഇറക്കിയിട്ടുണ്ട്. ബ: പി. തോമസ് അച്ചൻ ഓർത്തഡോക്സ്

വിശ്വാസമുള്ള ആളാണെന്നുള്ള ഒരാരോപണമാണുന്നയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പി. തോമസ് അച്ചനോടുകൂടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള രണ്ടു പേരും തോമസ് അച്ചന്റെ വിശ്വാസത്തിൽ നിന്നു സാരമായ ഭിന്നതയുള്ള വരല്ലെന്നാണ് പലരുടേയും അഭിപ്രായം. കഴിഞ്ഞകാലത്ത് ആംഗ്ലിക്കൻ സഭയിൽ ബഹുഭൂരിപക്ഷം പഴയ വിശ്വാസത്തിലേക്ക് പിന്തിരിഞ്ഞുവന്നതുപോലെ മാർത്തോമ്മാ സഭയിലും പരിവർത്തനമുണ്ടാകുന്നു എന്നു കാണാവുന്നതാണ്. യാക്കോബായ വിശ്വാസം പാടെ സ്വീകരിച്ചില്ലെങ്കിലും തള്ളിക്കളഞ്ഞ പലതിലും സത്യമുണ്ടെന്നു സമ്മതിക്കുന്നു. എന്നതു നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

നമ്മുടെ പിതാക്കന്മാർ വിശ്വാസാചാരാനുഷ്ഠാനങ്ങളെ മുറുകെ പിടിച്ചു നിന്നു എങ്കിലും നമ്മുടെ ഇടയിലും നവീകരണത്തിന്റെ ഒരു കാറ്റു വീശിയിട്ടുണ്ട് എന്നു പറഞ്ഞാൽ സഭയുടെ ഉള്ളിൽ നവീകരണമുണ്ടായി എന്നാണ് അർത്ഥം. Reformation within the Church ആവശ്യമാണെന്ന് എല്ലാവരും സമ്മതിക്കും. Reformation without the Church ഒരിക്കലും ആദരണീയമല്ല. യൂറോപ്പിലെ നവീകരണം റോമ്മാസഭയെ വളരെ പുതുക്കിയിട്ടുണ്ട്. സഭയിൽ പറ്റിപ്പിടിച്ചിരുന്ന പല ദൂഷ്യങ്ങളെ മാറ്റി സഭയെ ശുദ്ധീകരിക്കാൻ ഇടയായി എന്നുള്ളതു കേവലം ഒരു ചരിത്രസത്യമാണ്. നമ്മുടെ സഭയിലും മാറ്റത്തിന്റെ ആവശ്യമുണ്ടായിരുന്നു. ഇനിയും ഉണ്ടാകയും വേണം. പക്ഷേ വിശ്വാസത്തിലല്ല മാറ്റം വേണ്ടത്. വിശ്വാസം ശരിയായി പഠിപ്പിക്കുന്നതിലും ജീവിതത്തെ നന്നാക്കുന്നതിലും സുവിശേഷപരമായി പ്രവർത്തിക്കുന്നതിലും, ജീവകാരുണ്യപരമായ പ്രവർത്തനങ്ങളിലും നമ്മുടെ സഭയുടെ പരിപാവനമായ വിശ്വാസത്തിന്റെ മാറ്റുപ്രതിഫലിച്ചും അനുഭവം പ്രത്യക്ഷപ്പെട്ടും കാണണം. നമ്മുടെ കൂദാശകൾ രക്ഷാ മാർഗ്ഗങ്ങളാണ്. എന്നാൽ യോഗ്യമായ വിധം കൂദാശകൾ അംഗീകരിച്ചില്ലെങ്കിൽ രക്ഷ കിട്ടുകയില്ലെന്നു മാത്രമല്ല ശിക്ഷിക്കപ്പെടുകയും ചെയ്യും. മരണാനന്തരം നടത്തുന്ന പ്രാർത്ഥന ഫലം ചെയ്യുമെന്നു കരുതി ജീവിതകാലത്തുദൈവത്തിൽ നിന്ന് അകന്നു ജീവിക്കുവാൻ പാടില്ല. നമ്മുടെ സഭ അങ്ങനെ പഠിപ്പിക്കുന്നില്ല. പഠിപ്പിക്കുകയുമില്ല. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നമ്മെ സഹായിക്കും. എന്നാൽ ഏതു തിന്മക്കും പരിശുദ്ധന്മാർ കൂട്ടു നില്കുമെന്ന് ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അതു കേവലം മൗഢ്യമാണ്. അങ്ങനെ ആരും പഠിപ്പിക്കുന്നില്ല. പഠിപ്പിക്കുവാൻ പാടില്ലതാനും. ആരാധന ഭക്തി നിർഭരമായി നടത്തണം. വേദപുസ്തകവും ശരിയായ കാനോനാകളും നല്ലവണ്ണം പഠിക്കുകയും ശരിയായി അനുഭവത്തിൽ വരുത്തുകയും ചെയ്യണം. ഇവയെല്ലാം സഭയുടെ ഉള്ളിൽ അവശ്യം വരുത്തേണ്ട നവീകരണങ്ങളാണ്. ഇതും ഇതുപോലെ അവശ്യം വേണ്ടകാര്യങ്ങളും നടപ്പിലാക്കുവാനും അനുഭവത്തിലാക്കുവാനും സഭയായും

വ്യക്തികളായും നാം കടപ്പെട്ടവരാണ്. അതിലേക്ക് നമ്മുടെ എളിയ കഴിവുകൾ വിനിയോഗിക്കേണ്ടതാണ്.

3. മാർത്തോമ്മാ ജൂബിലിയിലൂടെ നേട്ടം കൈവരുത്തുക

കർത്താവിന്റെ അപ്പോസ്തോലന്മാരിൽ ഒരുവനായ മാർ തോമാശ്ലീഹാ ഇൻഡ്യയിൽ - അഥവാ കേരളത്തിൽ - വന്ന് ക്രിസ്തുമതം പ്രചരിപ്പിച്ചതിന്റെ പത്തൊൻപതാം ശതവർഷ ജൂബിലി കൊണ്ടാടുന്ന ഈ ഘട്ടത്തിൽ അദ്ദേഹത്തിന്റെ വേലയെപ്പറ്റിയുള്ള ഒരു സാമാന്യ ജ്ഞാനം സാധാരണക്കാർക്ക് അവശ്യം ഉണ്ടായിരിക്കേണ്ടതാണ്. ജൂലൈമാസം 16-ാം തീയതി അതായത് സുറിയാനി പഞ്ചാംഗം അനുസരിച്ച് തൊമ്മൂസ്മാസം 3-ാം തീയതിയാണ് നാം അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ആണ്ടു തോറും ആഘോഷിക്കുന്നത്. അദ്ദേഹം മരിച്ചത് ധനുമാസം (സുറിയാനി കണക്കിന്) 21-ാംതീയതി ആണെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. ജൂലൈ 16-ാം തീയതി (മൂന്നാം നൂറ്റാണ്ടിൽ) വിശുദ്ധന്റെ അസ്ഥികൾ മൈലാപ്പൂരിൽ നിന്നു എടുത്ത് പേർഷ്യയിലുള്ള എഡേസാ (ഉറഹ) പട്ടണത്തിലേക്ക് കൊണ്ടുപോയതിന്റെ പെരുന്നാളാണ്. പേർഷ്യൻ സഭയും ഇൻഡ്യൻ സഭയും ആ തീയതി പെരുന്നാളായി ആഘോഷിക്കുന്നതു മൂലം ഇൻഡ്യൻ സഭ പുരാതന കാലം മുതൽ പേർഷ്യയിലെ കാതോലിക്കോസിന്റെ കീഴിലായിരുന്നു എന്നു തെളിയുന്നു.

മാർത്തോമ്മാ ശ്ലീഹാ മരിച്ച തീയതിയെപ്പറ്റിയും വിധത്തെപ്പറ്റിയും അഭിപ്രായവ്യത്യാസങ്ങളുണ്ട്. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നു സമർത്ഥിച്ചിട്ടുള്ള ചരിത്രകാരന്മാരും ഇല്ലാതില്ല. എന്നാൽ മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നു എന്നു സമർത്ഥിക്കുന്നവരാണ് ചരിത്രകാരന്മാരിൽ അധികപങ്കും. ചരിത്രം എഴുതി സൂക്ഷിക്കുന്ന പതിവുതന്നെ നമ്മുടെ ആളുകൾക്ക് ഇല്ലായിരുന്നു. അതിനാൽ ഐതിഹ്യങ്ങളെയും ഇവിടെയും വെളിയിലുമുള്ള പുരാതന എഴുത്തുകാരുടെ ചരിത്ര ഗ്രന്ഥങ്ങളിലും മത ഗ്രന്ഥങ്ങളിലുമുള്ള തെളിവുകളേയും ആണ് ആശ്രയിക്കേണ്ടിയിരിക്കുന്നത്. തോമസ്സു അപ്പോസ്തോലൻ കേരളത്തിൽ വന്നു സുവിശേഷം അറിയിച്ചു എന്നതിന് ധാരാളം തെളിവുകളുണ്ട്.

അദ്ദേഹത്തിന്റെ പ്രേഷിതവൃത്തിയുടെ ഗതിയെപ്പറ്റി പരിശോധിക്കുമ്പോൾ അദ്ദേഹം ആദ്യം യഹൂദസങ്കേതമായ പാർത്യരാജ്യത്തും ഇൻഡോ പാർത്യൻ രാജ്യത്തിന്റെ തലസ്ഥാനമായ തക്ഷശിലയിലും എത്തി അവിടെ നിന്ന് ചൈനാ വരെ പോയിട്ടു തിരിച്ചു പാലസ്തീൻ നാട്ടിലെത്തി ക്രിസ്താബ്ദം 51 -ൽ യറുശലേമിൽ നടന്നതായി അപ്പോസ്തോല പ്രവൃത്തിക

ളിൽ രേഖപ്പെടുത്തിയിരിക്കുന്ന യറുശലേം സുന്നഹദോസിൽ സംബന്ധിച്ചു എന്നും തദനന്തരം ജലമാർഗ്ഗേണ തിരുവഞ്ചിക്കുളത്തും, എത്തി എന്നും വടക്കു പാലയൂർ ഗ്രാമം മുതൽ തെക്ക് കൊല്ലം വരെ യാത്ര ചെയ്ത് അനേകരെ ക്രിസ്തുമതത്തിൽ ചേർത്ത് പള്ളികളും സ്ഥാപിച്ചതിനു ശേഷം മലനാടായ നിലക്കൽ വഴി തമിഴ്നാട്ടിൽ എത്തിയെന്നും അവിടെ എത്തിയപ്പോൾ മദ്രാസ് എന്നു പറഞ്ഞു വരുന്ന സ്ഥലത്തു വച്ചു വധിക്കപ്പെട്ടു എന്നും മൈലാപ്പൂരിൽ കബറടക്കപ്പെട്ടു എന്നുമാണ് അറിയപ്പെട്ടിരിക്കുന്നത്. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടയ്ക്കൽ), നിരണം, കൊല്ലം, ചായൽ, ഗോക്കമംഗലം എന്നീ സ്ഥലങ്ങളിൽ എല്ലാം പള്ളികൾ സ്ഥാപിച്ചതായി ഐതിഹ്യങ്ങളും രേഖകളും തെളിയിക്കുന്നു. മാർത്തോമ്മാ ശ്ലീഹാ കൊല്ലപ്പെട്ടത് എ.ഡി. 72-ൽ ആണെന്നത്രേ വിശ്വസിക്കപ്പെടുന്നത്. മദ്രാസിൽ ചിന്ന മല എന്നും പെരിയ മല എന്നും രണ്ട് മലകൾ വിശുദ്ധന്റെ പേരിനോടനുബന്ധിച്ചുണ്ട്. ഒരു മലയിൽ വച്ച് തന്നെ ശത്രുക്കൾ പിടിക്കാനായി വന്നപ്പോൾ അടുത്ത മലയിലേക്ക് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ ശത്രുക്കൾ അവിടെയും അനുധാവനം ചെയ്ത് അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. ഈ രണ്ട് മലകളിലും പുരാതനങ്ങളായ പള്ളികളുണ്ട്. മരിച്ച സ്ഥലത്തു നിന്ന് അകലെയായി കടൽതീരത്ത് അടക്കിയതായി വിചാരിക്കപ്പെടുന്ന സ്ഥലത്താണ് മൈലാപ്പൂർ സെന്തോം പള്ളി സ്ഥിതിചെയ്യുന്നത്. ആ പള്ളിയുടെ മദ്ധ്യഭാഗത്തു വിശുദ്ധനെ കബറടക്കിയ സ്ഥലം ഇന്നും കാണാം. മൈലാപ്പൂർ സെന്തോം പള്ളിയിൽ നിന്നാണ് തിരുശേഷിപ്പുകൾ എഡേസ്സായിലേക്ക് കൊണ്ടുപോയത്.

ഒന്നാം നൂറ്റാണ്ടിൽ ഫലസ്തീൻ നാട്ടിൽ നിന്നു കരമാർഗ്ഗമായും ജലമാർഗ്ഗമായും കേരളത്തിൽ എത്തുന്നതിനു സൗകര്യമുണ്ടായിരുന്നു. കേരളത്തിൽ മാത്രം വിളഞ്ഞിരുന്ന കുരുമുളക്, കറുവാ, ഏലം, ഇഞ്ചി മുതലായ സാധനങ്ങൾ പാശ്ചാത്യരെ ഇൻഡ്യയിലേക്ക് ആകർഷിച്ചിരുന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കച്ചവടത്തിലേർപ്പെട്ടിരുന്ന യഹൂദന്മാർക്കു കേരളത്തിലും കച്ചവട സങ്കേതങ്ങളുണ്ടായിരുന്നു. യഹൂദ ജനത ഏക ദൈവത്തിൽ വിശ്വസിക്കുന്നവരും ബലി മുഖാന്തിരം പാപപരിഹാരം നേടാമെന്നു വിശ്വസിക്കുന്നവരും ആയിരുന്നു. അക്കാലത്ത് പാർത്യൻ സാമ്രാജ്യം ടൈഗ്രീസ, യൂപ്രട്ടീസു നദീതടമായ മെസ്സപ്പൊട്ടേമിയ മുതൽ ഹിന്ദുക്കുഷ് പർവ്വതം വരെ വ്യാപിച്ചിരുന്നു. പാർത്യർ വളരെ മതസഹിഷ്ണുതയുള്ളവരും ബലിയിൽ വിശ്വാസമുള്ളവരും ആയിരുന്നു. അതിനാൽ രക്തം വഴിയുള്ള വീണ്ടെടുപ്പു മനസ്സിലാക്കുവാൻ അവർക്ക് പ്രയാസമുണ്ടായിരുന്നില്ല. കൂടാതെ നക്ഷത്രത്തെ നോക്കിയുള്ള ഗണിതശാസ്ത്രത്തിലും അവർ പ്രവീണന്മാരായിരുന്നു. തന്മൂലം തോമസ്സു അപ്പോസ്തോലൻ ജോലിക്കു തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ വേല ഫലപ്രദമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരുന്നു.

പെരിയാർ നദീതീരത്തുണ്ടായിരുന്ന "മുശ്ശിരി" പട്ടണത്തിന് കൊടുങ്ങല്ലൂർ, തിരുവഞ്ചിക്കുളം, വഞ്ചി എന്നിങ്ങനെ പല പേരുകളുണ്ടായിരുന്നു. ആ സ്ഥലം കച്ചവട പ്രാധാന്യമുള്ള ഒരു തുറമുഖമായിരുന്നതിനാൽ തോമാ ശ്ലീഹാ കച്ചവടക്കപ്പലിൽ വന്നിറങ്ങിയത് അവിടെയാണ്. കേരളം അക്കാലത്തു പെരുമാക്കന്മാരുടെ ഭരണത്തിലായിരുന്നു. പെരുമാക്കന്മാർ വളരെ മത സഹിഷ്ണുതയുള്ളവരായിരുന്നതിനാൽ മാർത്തോമാ ശ്ലീഹായ്ക്ക് സ്വതന്ത്രമായി മത പ്രസംഗം ചെയ്യുന്നതിന് സൗകര്യം ലഭിച്ചു.

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നു എന്നുള്ള അഭിപ്രായം ശരിയാണെന്നാണ് സർ എസ്. രാധാകൃഷ്ണന്റെ എഴുത്തുകളിൽ കാണുന്നത്. കൂടാതെ ക്ലോഡിയസ് ബുക്കാനാൻ, ബിഷപ്പ് ഹീബർ, ഡോക്ടർ വിജ്ഞാനാ മുതലായ ചരിത്രപടുക്കളും ഇതേ അഭിപ്രായമുള്ളവരാണ്. ക്രിസ്തബ്ദം 232 -ൽ ഒരു സുറിയാക്കാരൻ എഴുതിയിട്ടുള്ള "ആക്ടാ തോമ്മാ" എന്ന പുസ്തകം മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യയിലെ വേലയെ പ്രകീർത്തിക്കുന്നതാണ്. ബയ്ജാൻ എന്നൊരു എഴുത്തുകാരൻ രക്തസാക്ഷികളുടേയും പുണ്യവാന്മാരുടേയും ചരിത്രം എഴുതിയിട്ടുള്ളതിലും മാർത്തോമാ ശ്ലീഹാ ഇൻഡ്യയിൽ വന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആദായി എഴുതിയിട്ടുള്ള "അപ്പോസ്തോല നിയമങ്ങൾ" എന്ന പുസ്തകത്തിലും തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ക്രിസ്തബ്ദം 373- ൽ മരണം പ്രാപിച്ച മഹാ പണ്ഡിതനും സുറിയാനി കവിയുമായിരുന്ന മാർ അപ്രേമിന്റെ കൃതികളിലും മാർ ത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്ന് സുവിശേഷം അറിയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

ഹൃദായ കാനോൻ ക്രോഡീകരിച്ച മാർ ഗ്രീഗോറിയോസ് ബാർ എബ്രായ മഹാ വലിയ പണ്ഡിതനും തിഗ്രീസിലെ കാതോലിക്കയുമായിരുന്നു. "ഞങ്ങൾ മാർത്തോമ്മായുടെ ശിഷ്യന്മാരാണ്" എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. പേർഷ്യൻ സഭയും ഇൻഡ്യൻ സഭയും മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായി എന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്. 1166 മുതൽ 1199 വരെ അന്ത്യോക്യാ പാത്രിയർക്കീസ് ആയിരുന്ന മാർ മിഖായേൽ പാത്രിയർക്കീസും മാർത്തോമ്മാ ഇൻഡ്യയിൽ സുവിശേഷം അറിയിച്ചതായി പറയുന്നു. അവയ്ക്കെല്ലാം പുറമെ ഒറിജൻ, യൗസേബിയോസ് മുതലായ പണ്ഡിതന്മാരും മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം അറിയിച്ചതായി ഉരപ്പിച്ചു പറയുന്നുണ്ട്.

ഇൻഡ്യയിൽ ക്രിസ്തബ്ദം ഒന്നാം നൂറ്റാണ്ടുമുതൽ ക്രിസ്തു മതം ഉണ്ടായിരുന്നുവെന്നും ഒരു അപ്പോസ്തോലനാണ് മതം ഇവിടെ അറിയിച്ചതെന്നുമുള്ളത് നമുക്കേവർക്കും അഭിമാനകരമായ കാര്യമാണ്. അതു കൊണ്ട് അദ്ദേഹത്തിന്റെ പ്രേഷിത ജൂബിലി കൊണ്ടാടിയതു മൂലം നാം

നമ്മുടെ കർത്തവ്യം നിർവ്വഹിക്കുകയായിരുന്നു ചെയ്തത്. മാർത്തോമ്മാ ദിനം ഭാരത ക്രൈസ്തവരുടെ ഒരു ദേശീയ ദിനമാക്കുന്നതു മൂലം വലിയ പ്രയോജനവും വമ്പിച്ച നേട്ടങ്ങളും കൈവരുത്താവുന്നവതാണ്.

ജൂബിലി എന്നുള്ള പദം യഹൂദന്മാരുടെ ഇടയിൽ നിന്നു വന്നിട്ടുള്ള താണ്. ലേവ്യ പുസ്തകത്തിൽ പറയുന്ന യോവേൽ എന്ന പദത്തിന് ഇംഗ്ലീഷിൽ പറയുന്ന വാക്ക് ജൂബിലി എന്നാണ്. യോവേൽ എന്ന എബ്രായ വാക്കിന് മോചനത്തിന്റെ കാലം - കടങ്ങൾ ഇളച്ചു കിട്ടുന്ന കാലം - അന്യാധീനപ്പെട്ട വസ്തുക്കൾ തിരിച്ചു കിട്ടുന്ന കാലം - പരദേശി സ്വദേശത്തേക്ക് തിരിച്ചു വരുന്ന കാലം എന്നൊക്കെയാണ് അർത്ഥം ഉദ്ദേശിക്കുന്നത്. അൻപതാം വർഷം തോറും അവർ ജൂബിലി ആഘോഷിച്ചു വന്നു. നിത്യമായ കട ബാദ്ധ്യതയോ, നിത്യമായ അടിമത്വമോ, നിത്യമായ പരദേശ വാസമോ ഒന്നും യഹൂദജനത ഇഷ്ടപ്പെട്ടിരുന്നില്ല എന്നത്രേ കാണുന്നത്.

ഭാരതീയരായ നാം വി. അപ്പോസ്തലന്റെ ജൂബിലി ആഘോഷിച്ചു. എന്തിനാണ് നാം യോവേൽ അഥവാ ജൂബിലി ആഘോഷിച്ചത്.? ഭാരതത്തിലെ ക്രിസ്തു സഭ വൈദേശികമല്ലെന്നും, പാശ്ചാത്യരാണ് ഇവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചതെന്നുമുള്ള ചിലരുടെ ധാരണ തെറ്റാണെന്നു പഠിപ്പിക്കുവാൻ ക്രൈസ്തവ സഭ അത്യുന്നതവും അഭികാമ്യവും ഉത്തമവുമായ ആശയങ്ങളും ആദർശങ്ങളും ഇൻഡ്യക്ക് പ്രദാനം ചെയ്തിട്ടുണ്ടെന്നു തെളിയിക്കുവാൻ ക്രിസ്തീയ സഭ നിസ്വാർത്ഥസേവനങ്ങൾ നടത്താൻ ഉപദേശിക്കുകയും, പ്രവൃത്തി രൂപേണ പ്രതത്യക്ഷമാക്കുകയും ചെയ്യുന്നുവെന്നും ഇതര മതസ്ഥർക്കു ബോദ്ധ്യം വരുവാൻ മാർ തോമ്മാ ശ്ലീഹാ കൊളുത്തിയ ദീപം പറയിൻ കീഴിൽ വയ്ക്കാൻ ഉള്ളതല്ലെന്നും, ആ ദീപത്തെ ഉദ്ദീപിപ്പിയ്ക്കേണ്ടത് നമ്മുടെ ധർമ്മമാണെന്നും സ്മരിക്കുവാൻ. നമ്മുടെ ചുമതലാ ബോധം മറന്ന് മുൻ കാലങ്ങളിൽ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പറ്റി പശ്ചാത്തപിച്ചു കൊണ്ടു കുറവുകൾ പരിഹരിച്ച് കർമ്മനിരതരായിത്തീരുന്നതിന് മാർഗ്ഗം കണ്ടുപിടിക്കുവാൻ, മേൽപ്പറഞ്ഞ ലക്ഷ്യങ്ങളിലെത്തിച്ചേരുവാൻ നാം കഴിവുള്ളവരായി തീരുന്നുവെങ്കിൽ നമ്മുടെ ഉദ്യമം സഫലമായി.

മാർത്തോമ്മാ ശ്ലീഹായെപ്പറ്റി വേദപുസ്തകത്തിൽ നിന്നും പഠിക്കാവുന്നത് എന്തെല്ലമെന്ന് ഇനിയും പരിശോധിക്കാം. വി. യോഹന്നാന്റെ സുവിശേഷം 11 -ാം അദ്ധ്യായം 16-ാം വാക്യം "ദിദിമോസ് എന്നു പേരുള്ള തോമസ് സഹ ശിഷ്യന്മാരോട് അവനോടുകൂടി മരിക്കേണ്ടതിന് നമുക്കും പോകാം എന്നു പറഞ്ഞു". കർത്താവ് ലാസറിനെ കാണുവാനായി യഹൂദയിലേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ റബ്ബീ, നിന്നെ യഹൂദന്മാർ ഇപ്പോൾ തന്നെ കല്ലെറിയുവാൻ ഭാവിക്കുന്നല്ലോ. നീ പിന്നേയും അവിടെ

പോകുന്നുവോ എന്നു ശിഷ്യന്മാർ അവനോടു ചോദിച്ചു. എങ്കിലും കർത്താവു പോകുവാനായി തീരുമാനിച്ചപ്പോഴാണ് വി. തോമസ് മേല്പറഞ്ഞ വാക്യം ഉദ്ധരിച്ചത്. കർത്താവിനോടുകൂടി മരിക്കുവാൻ പോലുമുള്ള ധൈര്യം അദ്ദേഹം പ്രദർശിപ്പിച്ചു. അതിനുവേണ്ടി പ്രചോദനം സഹശിഷ്യന്മാർക്ക് പ്രദാനം ചെയ്തു. ആ തോമസ് ഏകനായി ഇൻഡ്യയിൽ വരികയും രക്തസാക്ഷി മരണം വരിക്കയും ചെയ്തതിൽ എന്താണ് അത്ഭുതം.

കർത്താവ് തന്റെ കഷ്ടാനുഭവത്തിനു മുമ്പ് ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നകൂട്ടത്തിൽ "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നേയും വന്നു ഞാൻ നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു എന്നു കല്പിച്ചു. (യോഹ, 14-ൽ 3 മുതലുള്ള വാക്യങ്ങൾ) തോമസ് അവനോട് കർത്താവെ !നീ എവിടെപ്പോകുന്നുവെന്നു ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? എന്നു പറഞ്ഞു. യേശു അവനോട് ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്നു പറഞ്ഞു. സാക്ഷാൽ വഴിയും സത്യവും ജീവനും അവതാരം ചെയ്ത മിശിഹാ ആകുന്നു എന്നുള്ള വെളിപാട് ലഭിക്കുന്നത് വി. തോമസ് മുഖാന്തിരമാണ്. തനിക്ക് അറിയുവാൻ പാടില്ലാത്ത കാര്യത്തെപ്പറ്റി അറിയുവാനുള്ള ആകാംക്ഷയാൽ ആത്മാർത്ഥമായി ചോദിച്ച ചോദ്യം കർത്താവിന് ഇഷ്ടമായി തോന്നിയതുകൊണ്ടത്രേ ഈ വെളിപാട് നൽകുന്നത്. മാർത്തോമാ ശ്ലീഹായുടെ ശിശുസഹജമായ ഹൃദയ നൈർമ്മല്യത്തെ കർത്താവു ബഹുമാനിച്ച് ഉടനെ ഉത്തരം നൽകുന്നു.

അപ്പോസ്തോലന്മാരുടെ കൂട്ടത്തിൽ മാർത്തോമ്മാശ്ലീഹായെ വേർതിരിച്ചു കാണിക്കുന്ന ഒരു സംഭവമുണ്ട്. കർത്താവു ഉയിർത്തെഴുന്നേറ്റതിനു ശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട അവസരത്തിൽ തോമസു ആദ്യം ഇല്ലായിരുന്നു. ഉയിർപ്പിനെപ്പറ്റി മറ്റുള്ളവർ പറഞ്ഞത് തോമ്മാ വിശ്വസിച്ചില്ല. ഗുരുവിനെ നേരിട്ടുകണ്ടു തൊട്ടു നോക്കാതെ വിശ്വസിക്കയില്ലെന്നു അദ്ദേഹം നിർബന്ധമായി പറഞ്ഞു. കർത്താവു തോമ്മായുടെ ആഗ്രഹത്തെ സാധിക്കുന്നതായി കാണുന്നു. തിരുവിലാവിൽ കൈയിട്ടുനോക്കിയപ്പോൾ ശ്ലീഹായുടെ ഹൃദയം പൊട്ടിത്തകർന്നുവീണ വാക്കുകൾ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നായിരുന്നു. തന്റെ അവിശ്വാസത്തെപ്പറ്റിയുള്ള പശ്ചാത്താപത്തിന്റെയും കറയറ്റ സ്നേഹത്തിന്റെയും ബാഹ്യ പ്രകടനമായിരുന്നു ഹൃദയംഗമമായ ആ പ്രസ്താവന. ക്രിസ്തുവിന്റെ ദൈവത്വത്തെ നിസന്ദേഹമായ ഭാഷയിൽ അദ്ദേഹം പ്രഖ്യാപിക്കുകയത്രേ ചെയ്തത്. പത്രോസ്, പീലിപ്പോസിന്റെ കൈസരിയായിൽ വച്ച് ഏറ്റു പറഞ്ഞത്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ

ആണെന്നു മാത്രമായിരുന്നു. ഇവിടെ തോമ്മാശ്ലീഹാ മിശിഹാ ദൈവമാണെന്നു തന്നെ തീർത്തു പ്രഖ്യാപിക്കുന്നു. ഈ വിശ്വാസ പ്രഖ്യാപനം അതി പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിതന്നെയാണ്. അനേകം പാപികൾക്കും അനുതാപികൾക്കും ഇന്നും ആശ്വാസ പ്രദമായും ശക്തികേന്ദ്രമായും ഈ പദങ്ങൾ നിലകൊള്ളുന്നു. മിശിഹായുടെ പുനരുദ്ധാനം ദൈവത്വം മനുഷ്യത്വം ഇവയെപ്പറ്റിയുള്ള ഖണ്ഡിതമായ ഒരു പ്രഖ്യാപനം തന്നെയായിരുന്നു അത്. ഒരു പക്ഷേ തോമ്മാശ്ലീഹാ മുഖാന്തിരം ഈ തത്വം വെളിപ്പെടേണ്ടതിനായിരിക്കാം ആദ്യം ഒരു സംശയം അദ്ദേഹത്തിനുണ്ടായത്.

കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ഈ കേരളത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നെങ്കിലും ഇവിടെ ലഭിച്ച പ്രകാശം മറ്റുള്ളവർക്ക് പ്രദാനം ചെയ്യാൻ ഒട്ടും ശ്രമിച്ചില്ലെന്നുള്ളത് ഏറ്റവും പരിതാപകരമാണ്. അക്കാലത്ത് അതിന് സാമൂഹ്യമായും രാഷ്ട്രീയമായും ഭൂമിശാസ്ത്രപരമായും പല തടസ്സങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതിനു ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഭാരതം സ്വതന്ത്രയായി. സ്വതന്ത്രഭാരതം ഒരു മതേതര രാഷ്ട്രമായി രൂപം പ്രാപിച്ചു പുരോഗമിക്കുകയാണ്. ആധുനിക ഭാരതത്തിൽ ആർക്കും അവരുടെ മതം പ്രചരിപ്പിക്കുന്നതിന് തടസ്സമൊന്നുമില്ല. ഗവർമ്മെന്റ് യാതൊരു മതത്തെയും വിശേഷാൽ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നതല്ല. അതിനാൽ ഇത്തരുണത്തിൽ സുവിശേഷപരമായി നാം ഉണർന്നു പ്രവർത്തിക്കേണ്ടതാണ്. സുവിശേഷപ്രചരണത്തിനു പുറമെ നമ്മുടെ കുടുംബബന്ധത്തിലുള്ള പരിപാവനത്വം, പാതിവ്രത്യം, മിതവ്യയശീലം, ശുഭ്ര വസ്ത്രധാരണരീതി, അടക്കമൊതുക്കം, ഗുരുജനങ്ങളോടുള്ള ഭക്തി, ദായക്രമം മുതലായി നമുക്കു പരമ്പരാഗതമായി സംസിദ്ധമായിട്ടുള്ള ഗുണവിശേഷങ്ങൾ മറ്റുള്ളവർക്ക് പ്രദാനം ചെയ്യാനുള്ള ചുമതലയുമുണ്ട്.ക്രിസ്ത്യാനികൾ രാഷ്ട്രീയമായ മേന്മയേക്കാൾ നിസ്വാർത്ഥമായ സേവനത്തിന് പ്രാധാന്യം കൽപ്പിക്കുന്നുണ്ടെന്നു നാം മറ്റുള്ളവരെ ധരിപ്പിക്കുകയും., വിദ്യാലയങ്ങൾ, അനാഥമന്ദിരങ്ങൾ, ആശുപത്രികൾ മുതലായി പരോപകാര പ്രദങ്ങളായ സ്ഥാപനങ്ങൾ ആരംഭിക്കുകയും, പരിപോഷിപ്പിക്കുകയും വേണം. നമ്മുടെ പൂർവ്വന്മാരുടെ പരിശ്രമ ശീലം വിട്ടുകളയാതെ നിരന്തരം യത്നിക്കുന്നവരായിത്തീരണം. അങ്ങനെ വിവിധ പന്ഥാവിലൂടെ പരോപകാര പ്രദമായ സേവനങ്ങളിൽ ഏർപ്പെട്ടു ജനസമുദായത്തിനും രാഷ്ട്രത്തിനും മഹത്തായ നേട്ടം കൈവരുത്താൻ നമുക്ക് ശ്രമിക്കാം. നിരന്തരം നന്മ ചെയ്യാം. ഇതത്രെ അവശ്യകരണീയം. ജൂബിലി വർഷം ഈ കർത്തവ്യങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിന് പ്രാരംഭമായിരിക്കട്ടെ.

4. ത്രിവിധ പട്ടത്വപദവികളും ചുമതലകളും

നമ്മുടെ സഭയിൽ അഞ്ച് എപ്പിസ്കോപ്പന്മാർ കൂടി വാഴിക്കപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ എപ്പിസ്കോപ്പാ സ്ഥാനത്തെപ്പറ്റിയും, മറ്റു വൈദിക സ്ഥാനങ്ങളെ കുറിച്ചും സംക്ഷിപ്തമായ ഒരു ലേഖനം എഴുതുന്നത് അസ്ഥാനത്തല്ലെന്നു കരുതുന്നു.

"മേൽപ്പട്ടക്കാർ – പട്ടക്കാരൊടു – ശെമ്മാശന്മാർ – ഏർപ്പാടാക്കി – കർത്താവിവരെ ഭൂമിയിതിങ്കൽ" എന്നു നാം കുർബാന ക്രമത്തിൽ ചൊല്ലുന്നു.

ശെമ്മാശന്മാർ– ശുശ്രൂഷിക്കുന്നവരാണ്. അപ്പോസ്തോല പ്രവൃത്തികളിൽ സ്തേപ്പാനോസ് മുതലായ ഏഴുപേരെ ശുശ്രൂഷക്കാരായി നിയമിക്കുന്നതായി നാം വായിക്കുന്നു. ശുശ്രൂഷക്കാരെ ശെമ്മാശന്മാർ എന്നു നാം വിളിക്കുന്നു. ശെമ്മാശനെ കൂടാതെ ശുശ്രൂഷക്കായി അർക്കദിയാക്കോനും ഉണ്ട്.

പട്ടക്കാർ– ഫേറെദ് യൂത്തൊ, കോറെപ്പിസ്ക്കൂപ്പാ, കൊഹന ഇവരെല്ലാം ആചാര്യന്മാരാണ്. ഫേറെദ് യൂത്തൊ എന്ന പദത്തിന്റെ അർത്ഥം സഞ്ചാര സന്ദർശകൻ എന്നാണ്. അദ്ദേഹം എപ്പിസ്കോപ്പായുടെ നിയോഗമനുസരിച്ച് ഇടവകകൾ സന്ദർശിച്ചു വന്നിരുന്നു.

കോറെപ്പിസ്കോപ്പാ,– എന്ന വാക്കിന്റെ അർത്ഥം ഗ്രാമ എപ്പിസ്കോപ്പാ എന്നാകുന്നു. പഴയകാലത്ത് എപ്പിസ്കോപ്പന്മാർ പട്ടണ മെത്രാപ്പോലീത്തന്മാരായിരുന്നു. അവരെക്കൊണ്ടു മാത്രം ഭരണനിർവ്വഹണം സുഗമമല്ലാത്ത വിധം സഭ ഗ്രാമപ്രദേശങ്ങളിലേക്കു വ്യാപിക്കുകയും വികസിക്കുകയും ചെയ്തതോടുകൂടി അത്തരം പ്രദേശങ്ങളിലേക്ക് പ്രത്യേക സ്ഥാനികൾ നിയോഗിക്കപ്പെടേണ്ടതായി വന്നു. അങ്ങനെ നിയമിക്കപ്പെടുന്നവർ കോറെപ്പിസ്കോപ്പന്മാർ എന്നു വിളിക്കപ്പെട്ടുവന്നു. കോറെപ്പിസ്കോപ്പന്മാർ ഏതേതു പള്ളികളിൽ നിയമിക്കപ്പെടുന്നുവോ ആ പള്ളികളിലെ ആചാര്യന്മാരിൽ മുമ്പനും, പ്രാർത്ഥനകളിൽ ആദ്യത്തെ "ശുബഹോ" ചൊല്ലുന്നതിന് അർഹതയുള്ളവനുമാകുന്നു.

കൊഹനൊ – ഈ പദത്തിന്റെ അർത്ഥം ആചാര്യൻ എന്നാണ്. ആചാര്യനെ കശീശാ എന്നും വിളിച്ചു വരുന്നു. "കശീശാ" എന്ന പദത്തിന് " മൂപ്പൻ" എന്നും അർത്ഥമുണ്ട്.

മേൽപട്ടക്കാർ പ്രധാന ആചാര്യന്മാരാണ്. പാത്രിയർക്കീസ്, കാതോലിക്കാ (മപ്രിയാനാ) മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ ഈ സ്ഥാനികളെല്ലാം മേൽപ്പട്ട സമൂഹത്തിൽ പെട്ടവരാണ്.

പാത്രിയർക്കീസ് എന്ന പദത്തിന് കുലപതി അല്ലെങ്കിൽ പിതാക്കന്മാരിൽ പ്രധാനി എന്ന് അർത്ഥമാകുന്നു. അന്ത്യോക്യാ പാത്രിയർക്കീസിന്റെ സ്ഥാനപ്പേര് ഇഗ്നാത്യോസ് എന്നാണ്.

കാതോലിക്കാ എന്ന പദത്തിന് സാർവ്വത്രിക അധികാരമുള്ള മേല്പട്ടക്കാരൻ എന്നാണ് അർത്ഥം. അർമ്മീനിയാ സഭയിൽ പാത്രിയർക്കീസിന്റെ മേൽ ഭരണാധികാരമുള്ള ആളാണ് കാതോലിക്കാ. നമ്മുടെ സഭയിൽ കാതോലിക്കായുടെ സ്ഥാന നാമം ബസ്സേലിയോസ് എന്നാകുന്നു. കാതോലിക്കോസിന്റെ ഇടവകയിൽ – അധികാരസീമയിൽ – പാത്രിയർക്കീസിനോ, പാത്രിയർക്കീസിന്റെ ഇടവകയിൽ കാതോലിക്കോസിനോ ക്ഷണിക്കപ്പെടുമ്പോളല്ലാതെ ഭരിക്കാൻ എന്ന ഭാവത്തിൽ പ്രവേശിക്കുവാൻ അർഹതയില്ലാത്തതാകുന്നു.

മപ്രിയാനാ എന്ന പദത്തിന് വി. സഭയ്ക്ക് മക്കളെ വർദ്ധിപ്പിക്കുന്നവൻ – ഫലം കായ്ക്കുന്നവൻ – ഇത്യാദി അർത്ഥം വിവക്ഷിക്കപ്പെടുന്നു. കിഴക്കിന്റെ കാതോലിക്കാ ചില കാരണങ്ങളാൽ പിൽക്കാലത്ത് മപ്രിയാനാ എന്നു കൂടി വിളിക്കപ്പെട്ടുവന്നിരുന്നു.

മെത്രാപ്പോലീത്താ എന്ന വാക്കിന് പ്രധാന പട്ടണത്തിലെ മേൽപ്പട്ടക്കാരൻ എന്ന അർത്ഥമാണുള്ളത്. "മെട്റോ പോലീസ്" എന്നതിന് പ്രധാന പട്ടണം എന്നത്രെ അർത്ഥം.

എപ്പിസ്കോപ്പാ. മേലദ്ധ്യക്ഷൻ എന്നാണ് ഈ പദത്തിന് അർത്ഥം. പാത്രിയർക്കീസിന്റെയോ കാതോലിക്കായുടേയോ മെത്രാപ്പോലീത്തായുടേയോ കീഴിൽ ഏക ഇടവകയുടെ പൂർണ്ണ അധികാരം എപ്പിസ്കോപ്പായ്ക്കാണ്.

എപ്പിസ്കേപ്പായുടെ കീഴിൽ ഇടവകപ്പള്ളിയുടെ ഭരണം നടത്തുന്ന ആചാര്യനെ വികാരി എന്നു വിളിക്കുന്നു. മെത്രാപ്പോലീത്തായുടെ പ്രതിപുരുഷൻ മാത്രമാണ് വികാരി. ആചാര്യന്മാരെല്ലാം വികാരിമാരായിരിക്കണമെന്നില്ല. പ്രത്യേകം അധികാരം ലഭിക്കുന്നവർ മാത്രമേ വികാരിമാരായിരിക്കുകയുള്ളു.

മേൽപ്പട്ടക്കാർക്കു എല്ലാ കൂദാശകളും നടത്താൻ അധികാരമുണ്ടെങ്കിലും അവരെ ഏല്പിച്ചിരിക്കുന്ന അഞ്ചു ചുമതലകൾ. 1. ഭരണം 2. വിശ്വാസം പഠിപ്പിക്കൽ 3. മാമോദീസാ 4. കുർബാന 5. പട്ടം കൊടുക്കൽ എന്നിവയാണെന്ന് മാർ യാക്കൂബ് ബർസ്ളീബി നിർദ്ദേശിച്ചിരിക്കുന്നു.

ശെമ്മാശൻ അർക്കദിയാക്കോൻ ഇവരെ കൂടാതെ വേർതിരിവിന്റെ അനുഗ്രഹ സ്ഥാനികളുണ്ട്. എവുപ്പദിയക്കിനോ, കോറൂയോ, മ്സ്മ്റോനൊ, മൗമ്യോനൊ ഇവരെല്ലാം അതിൽ താണപടിയിൽ പെട്ട ശുശ്രൂഷകരാണ്.

സന്യാസ വ്രതത്തിന്റെ അനുഗ്രഹ സ്ഥാനങ്ങളുമുണ്ട്. ദയറോയൊ, ഗെൽദൊയൊ ഇവരെല്ലാം പ്രസ്തുത പട്ടികയിൽ ഉൾപെടും. ശുശ്രൂഷക്കാരായ സ്ത്രീകളെ മ്ശ്മ്ശോനിസോ എന്നും കന്യാവ്രതക്കാരായ സ്ത്രീകളെ "ബസ്ക്യോമൊ" എന്നും വിളിച്ചു വന്നിരുന്നു.

സന്യാസികളായ ദയറായക്കാരിൽ പല വകുപ്പുകൾ ഉണ്ട്. നമ്മുടെ സഭയിലുള്ള ദയറാക്കാരെ റമ്പാന്മാർ എന്നു വിളിച്ചു വരുന്നു. റമ്പാൻ വ്രതക്കാരനാണ്. വി. അന്തോനിയോസിന്റെ ഓർഡറിൽ പെട്ട ദയറാക്കാരാണ് നമ്മുടെ സഭയിലുള്ളത്. അല്ലാതെയുള്ള ദയറാക്കാരുമുണ്ട്.

റമ്പാൻ, ശെമ്മാശനൊ, കശീശായൊ, എപ്പിസ്കോപ്പായൊ, മെത്രാപ്പോലീത്തായൊ, കാതോലിക്കായൊ, പാത്രിയർക്കീസോ ആയിരിക്കാം. സന്യാസ വ്രതങ്ങൾ പാലിച്ചു കൊണ്ടിരിക്കണമെന്നുള്ളത് നിർബന്ധമാണ്. മസനപ്സാ കൊണ്ട് തല മൂടിയിരിക്കണം. ദിനചര്യകൾ പ്രാർത്ഥനാ രീതി ഇവയെല്ലാം റമ്പാന്റേതു പ്രത്യേകമാണ്. മാംസം ഒരിക്കലും ഭക്ഷിക്കാൻ പാടില്ല.

റമ്പാന്മാർക്കും മേൽപട്ടക്കാർക്കും മസനപ്സായുള്ളതിനാൽ റമ്പാന്മാരും മേൽപ്പട്ടക്കാരുടെ വൃന്ദത്തിൽ പെട്ടവരാണെന്നു സാധാരണക്കാർ ധരിച്ച് അവരെ തിരുമേനിമാർ എന്നു വിളിക്കയും ബഹുമാനിക്കയും ചെയ്തു വരുന്നു. നമ്മുടെ സഭയിലെ ഇപ്പോഴത്തെ നടപ്പനുസരിച്ച് ഒരാളെ മേൽപ്പട്ടക്കാരനാക്കുന്നതിനു മുമ്പ് റമ്പാനാക്കുന്നു. അതിനാൽ നമ്മുടെ മേൽപ്പട്ടക്കാരെല്ലാം റമ്പാന്മാരാണ്. എന്നാൽ എല്ലാ റമ്പാന്മാരും മേൽപ്പട്ടക്കാർ ആകണമെന്നും ആക്കണമെന്നും ഇല്ല. റമ്പാന്മാരും മേൽപ്പട്ടക്കാരും സന്യാസ വ്രതമുള്ളവരാണെങ്കിലും ആദ്യത്തെ പട്ടികയിൽ പെട്ടവർ 'മഹർഷികളും' രണ്ടാമത്തെ പട്ടികയിൽ പെട്ടവർ 'രാജർഷികളും' ആകുന്നു. രാജർഷിക്ക് രാജസ്ഥാനം അഥവാ ഭരണാധികാരവുമുണ്ട്. മഹർഷികൾ ഭരണം നടത്തുന്നവരല്ല. അവർ ഒതുങ്ങി ജീവിതം നയിക്കേണ്ടവരും, അനാഡംബരവേഷധാരികളും സേവനമനുഷ്ഠിക്കേണ്ടവരുമാണ്.

സഭയുടെ പ്രധാന ചുമതലക്കാരൻ എപ്പിസ്കോപ്പായാണ്. ആദ്യകാലത്ത് എപ്പിസ്കോപ്പാ – ബിഷോപ്പ് – മെത്രാൻ ഇങ്ങനെ വിളിക്കപ്പെട്ടു വന്നു. മെത്രാപ്പോലിത്താ, പാത്രിയർക്കീസ്, കാതോലിക്കാ മുതലായ സ്ഥാനമാനങ്ങൾ സഭ വളർന്നു വന്നപ്പോൾ കൂടുതൽ അധികാരത്തെ കുറിക്കുന്നതിനും ഭരണരീതി ശരിപ്പെടുത്തുന്നതിനുമായി ആവിർഭവിച്ചിട്ടുള്ളതാണ്.

എപ്പിസ്കോപ്പാ എന്ന പദവും ബിഷോപ്പ് അഥവാ ബിസ്കോപ്പ് എന്ന പദവും ഒരേ ധാതുവിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. "എപ്പി" എന്ന പദത്തിനു "മുകളിൽ" എന്നും "സ്കോപ്പ്" എന്നതിന് "നോക്കുക" എന്നും

ഇംഗ്ലീഷിൽ അർത്ഥമാകുന്നു. അതിനാൽ എപ്പിസ്കോപ്പാ എന്നതിന് 'മുക ളിൽ ഇരുന്നു നോക്കുന്നവൻ' എന്ന് അർത്ഥം വരും. എപ്പിസ്കോപ്പാ എന്ന തിന്റെ രൂപഭേദമാണ് ബിസ്കോപ്പ് അഥവാ ബിഷോപ്പ്.

കുഞ്ഞാടുകളെയും പെണ്ണാടുകളെയും ആണാടുകളെയും നോക്കാ നായി പത്രോസിന് - അതെ അപ്പോസ്തോലന്മാർക്ക് - കൊടുത്ത അധി കാരമാണ് എപ്പിസ്കോപ്പായ്ക്ക് ലഭിച്ചിരിക്കുന്നത്. Where there is a bishop there is a Church, and the Church is in the bishop എന്ന് അഭിപ്രായപ്പെ ട്ടിട്ടുള്ള വേദശാസ്ത്രജ്ഞന്മാരുണ്ട്. ശ്ലീഹന്മാരിൽ നിന്നു പരമ്പരയാ കൈവെപ്പിന്റെ തുടർച്ച ലഭിച്ചിരിക്കണമെന്നുള്ളത് സഭയുടെ പ്രധാന ആവ ശ്യമാണ്. ജനങ്ങൾ - അയ്മേനികൾ - ഒരുമിച്ചു കൂടിയോ, പട്ടക്കാർ ഒരു മിച്ചു കൂടിയോ മേൽപ്പട്ടക്കാരെ വാഴിക്കാൻ എപ്പിസ്കോപ്പൽ സഭകളിൽ പാടില്ല. സഭയുടെ ചുമതല മേൽപ്പട്ടക്കാരിൽ സ്തിതിചെയ്യുന്നതിനാൽ എപ്പിസ്കോപ്പൽ സഭകളിൽ പരമാധികാരം സുന്നഹദോസിൽ സമർപ്പി ക്കപ്പെട്ടിരിക്കുന്നു. അപ്പസ്തോല പ്രവൃത്തികൾ 20-ൽ 28-29 "ആകയാൽ ദൈവം തന്റെ സ്വന്ത രക്തം കൊണ്ട് നേടിയ സഭയുടെ പരിപാലനത്തി നായി പരിശുദ്ധാത്മാവിനാൽ ഏതേതിടവകകളിൽ എപ്പിസ്കോപ്പന്മാരായി നിങ്ങൾ നിയമിതരായിരിക്കുന്നുവോ, അതാതു ഇടവകകളെയും തങ്ങ ളെത്തന്നെയും സൂക്ഷിച്ചു കൊൾവിൻ." ഈ വാക്യത്തിൽ എപ്പിസ്കോ പ്പായുടെ ചുമതല അടങ്ങിയിട്ടുണ്ട്.

കർത്താവ് ഒന്നു തന്നെയെങ്കിലും ശുശ്രൂഷയുടെ വരങ്ങൾ പലതാ ണ്. പരിശുദ്ധാത്മാവ് ഒന്നെങ്കിലും പട്ടത്വവര വിഭാഗങ്ങൾ പലതെന്ന് നാം ഇതിനുപരി കണ്ടു. പ്രധാനാചാര്യത്വവരവും ആചാര്യത്വവരവും ശുശ്രൂ ഷത്വവരവും ഒരേ പരിശുദ്ധാത്മാവു തന്നെ നൽകുന്നു.

പ്രധാനാചാര്യത്വവരത്തിലേക്ക് ഒരുവൻ നിയമിക്കപ്പെടേണ്ടി വരുമ്പോൾ പ്രതിപുരുഷ യോഗം കൂടി തെരഞ്ഞെടുപ്പുനടത്തുന്നു. തദനന്തരം സുന്ന ഹദോസ് കൂടി ആ തെരെഞ്ഞെടുപ്പിനെ സ്ഥിരപ്പെടുത്തിയാൽ പട്ടം കൊടു ക്കുന്നു. പ്രതിപുരുഷയോഗതീരുമാനം അംഗീകരിക്കാനും നിരാകരിക്കാ നുമുള്ള പരമാധികാരം സുന്നഹദോസിൽ നിക്ഷിപ്തമായിരിക്കുന്നു. പ്രധാ നാചാര്യത്വപദവിയിലേക്കു തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് സാമാന്യമായ ഗുണങ്ങൾ ഉണ്ടായിരിക്കണം. അവയിൽ പ്രധാനമായവ ദൈവഭക്തിയും അനുസരണവും വിനയവുമാകുന്നു. അങ്ങനെയുള്ളവർക്കു പരിശുദ്ധാത്മ നൽവരം നൽകപ്പെടുന്നു. വി. സഭയുടെ ജീവനും അഭിവൃദ്ധിയും പ്രധാ നാചാര്യന്മാരുടെ യോഗ്യതയെ മുഖ്യമായി ആശ്രയിച്ചാണ് നിലകൊള്ളു ന്നത്.

മിശിഹായുടെ പ്രധാനാചാര്യത്വമാകുന്ന അഹറോന്റെ വടിയും, മന്നാ

യാകുന്ന വി. കുർബാന അടക്കം ചെയ്തിരിക്കുന്ന പൊൻ ചെപ്പും, നിയമത്തിന്റെ പലകകളാകുന്ന ജീവന്റെ വചനങ്ങളും അടക്കം ചെയ്തിരിക്കുന്ന സാക്ഷിയിൻ പെട്ടിയത്രേ വി. സഭ. അതിന്റെ താക്കോൽ സൂക്ഷിക്കുന്നവരത്രെ മേൽപ്പട്ടക്കാർ. 1. തീമോത്തിയോസ് – മൂന്നാം അദ്ധ്യായത്തിൽ എപ്പിസ്കോപ്പായുടെ യോഗ്യതകൾ വിവരിക്കുന്നുണ്ട്. ജിതേന്ദ്രിയനും, സുശീലനും, അതിഥി പ്രിയനും, ഉപദേശിക്കാൻ സമർത്ഥനമായിരിക്കണം. മദ്യ പ്രിയനും തല്ലുകാരനും അരുത്. ശാന്തനും കലഹിക്കാത്തവനുമായിരിക്കണം. ദ്രവ്യാഗ്രഹിയായിരിക്കരുത്. നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ പുതു ശിഷ്യനായിരിക്കരുത്.

രണ്ടോ മൂന്നോ എപ്പിസ്കോപ്പന്മാരുടെ സാന്നിദ്ധ്യമില്ലാതിരിക്കെ ഒരു എപ്പിസ്കോപ്പാ വാഴിക്കപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്തു കൂടാത്തതാകുന്നു. എപ്പിസ്കോപ്പാ സ്ഥാനത്തിന് സുന്നഹദോസിന്റെ തലവൻ മാധ്യസ്ഥ്യം വഹിക്കുന്നു. വിശ്വാസത്തെ വിസ്താരമായി തെളിയിക്കുന്ന സത്യവാചകം മൂലമാണ് അധികാര വ്യത്യാസമനുസരിച്ചുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുന്നത്. പത്രോസിനു ഭയം നിമിത്തം ക്രിസ്തുവിനെ ഉപേക്ഷിക്കേണ്ടി വന്നുവെങ്കിലും തന്റെ പുനരുദ്ധാരണത്തിനു ശേഷം കർത്തൃസ്നേഹത്തിൽ അവൻ ഉറപ്പിക്കപ്പെടുകയും അനുതാപം മൂലം വി. പട്ടത്വാധികാരത്തിൽ വീണ്ടും നിയമിക്കപ്പെടുകയും ചെയ്യുന്നതായി നാം വായിക്കുന്നു.

അധികാര സ്ഥാനികൾ ഉടമ്പടി എഴുതി ഒപ്പു വച്ചു കൊടുക്കണം. അതിന് "ശൽമുസാ" (സമ്മതപത്രം) എന്നാണ് പേര് പറയുന്നത്. ശുശ്രൂഷയുടെ വരത്തിലെ അധികാര സ്ഥാനികളെയും മറ്റും പ്രധാനാചാര്യൻ വായിച്ചു കേൾപ്പിച്ച് ഒപ്പു വയ്പിക്കുന്ന വിശ്വാസത്തെപ്പറ്റിയുള്ള ഏറ്റുപറച്ചിലിന് "ആമോലോഗിയാ" എന്നു പേർ പറയുന്നു. ശൽമൂസായുടേയും സാരം ഒന്നുതന്നെയാകുന്നു. ശൽമൂസാ പല വാചകങ്ങളിൽ ഉണ്ട്. വി. സഭയിൽ നിന്നു തള്ളപ്പെട്ട വിശ്വാസ വിപരീതികളുടേയും പേരുകൾ ശൽമൂസായിലുണ്ട്. ഇപ്പോൾ നടപ്പിലിരിക്കുന്ന ശൽമൂസാ മോർസേവീറെ ക്രോഡീകരിച്ചതാണെന്നു പറയപ്പെടുന്നു.

ശൽമൂസായിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. 1. മുഖവുര 2. നിഖ്യാവിശ്വാസപ്രമാണത്തിലുള്ള സമ്മതം 3. ത്രിത്വത്തിലുള്ള വിശ്വാസത്തെ സംബന്ധിച്ച്. 4. ദൈവപുത്രന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ചുള്ള സമ്മതം. 5. പരിശുദ്ധാത്മാവു മുഖാന്തിരം വി. പട്ടത്വത്തെ ഭരമേല്പിക്കുന്ന സമ്മതം. 6. വി. കൂദാശകളിലും, വി. പുസ്തകങ്ങളിലും വി. സഭയുടെ ചട്ടങ്ങളിലും, ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും മധ്യസ്ഥ പ്രാർത്ഥനകളിലും തിരുശേഷിപ്പുകളിലുമുള്ള സമ്മതം. 7. പൊതു സുന്നഹദോസുകളിലും വി. പിതാക്കന്മാരുടെ നിശ്ചയങ്ങളിലുമുള്ള

സമ്മതം. 8. വേദവിപരീതികളെ തള്ളുന്നതിലും വി. പിതാക്കന്മാരെ സ്വീകരിക്കുന്നതിലുമുള്ള സമ്മതം. 9. മേലദ്ധ്യക്ഷനോടുള്ള അനുസരണം. 10. പ്രതിജ്ഞയും പ്രാർത്ഥനയും.

ശൽമൂസായുടേയും ആമോലോഗിയായുടേയും സാരാംശം ഒന്നു തന്നെയാണെങ്കിലും ഉപദേശം, കൽപ്പന ഇവ രണ്ടും കൂടുതലായി ആമോലോഗിയായിൽ കാണുന്നുണ്ട്. "നാം ശപിക്കുന്ന എല്ലാവനേയും നീ ശപിക്കണം" എന്ന് പ്രധാനാചാര്യൻ പറയുമ്പോൾ "അവിടുത്തെ പ്രധാനാചാര്യത്വം ശപിക്കുന്നവരെ ഞാനും ശപിക്കുന്നു" എന്നും മറ്റും സമ്മതിച്ചു പറയുക, സ്ലീബായുടെ അടയാളം വരച്ച് ഒപ്പ് വയ്ക്കുക മുതലായവയും കൂടുതലായി കാണുന്നവയാണ്. പ്രധാനാചാര്യന്മാരുടെ പട്ടംകൊടയിൽ അംശവടിയും മറ്റും നല്കിയ ശേഷം സ്ഥാനം ഏൽക്കുന്ന ആളിനോട് മദ്ധ്യസ്ഥൻ ചെവിയിൽ രഹസ്യമായി ഉപദേശിക്കുക കൂടി ചെയ്യുന്നുണ്ട്.

വി. മദ്ബഹാ മുമ്പാകെ വിശ്വാസം വിസ്തരിച്ചു സമ്മതിക്കുന്നതിനു പുറമെ സത്യപ്രതിജ്ഞാ വാചകം പാത്രിയർക്കീസു ഭാഗത്തുള്ള മെത്രാന്മാരെക്കൊണ്ട് എഴുതിച്ചു രജിസ്റ്റർ ചെയ്തു വാങ്ങുന്ന ഒരു രീതി ഇപ്പോൾ നടപ്പിലുണ്ട്. സ്നേഹം കൊണ്ട് ഉറപ്പിക്കേണ്ട ക്രിസ്തീയ ബന്ധം രജിസ്ട്രാരുടെ മുമ്പാകെയുള്ള പ്രമാണം കൊണ്ട് സ്ഥായിയായി ഉറപ്പിച്ചു കളയാമെന്ന് വിചാരിക്കുന്നത് ശരിയായ രീതിയല്ലെന്നു നാം വിശ്വസിക്കുന്നു.

മേൽപ്പട്ട പദവിയിലേക്ക് അവരോധിക്കപ്പെടുന്നവർ ആദ്യമായി ശുശ്രൂഷയുടെ വരവും പിന്നീട് ആചാര്യത്വവരവും മൂന്നാമതായി പ്രധാനാചാര്യത്വവരവും പ്രാപിക്കണം. ഇങ്ങനെ ആരോഹണക്രമത്തിൽ മേൽപ്പറഞ്ഞ മൂന്നു സ്ഥാനങ്ങളും ക്രമാനുഗതമായി പ്രാപിക്കേണ്ടതാണ്.

പരിശുദ്ധാത്മ വരത്തിലെ അധികാര സ്ഥാനികൾക്ക് 'തലവൻ അധികാരപത്രം' നൽകുന്നു. പ്രധാനാചാര്യത്വവരത്തിലെ അധികാര സ്ഥാനികൾക്ക് നൽകപ്പെടുന്ന അധികാരപത്രത്തിന് "സ്ഥാത്തിക്കോൻ" എന്നാണ് പേര്. അധികാര പത്രത്തിൽ വിവരിച്ചിട്ടുള്ള അധികാര പരിധിയെ അതിലംഘിച്ച് പ്രവർത്തിക്കുവാൻ സ്ഥാനിക്ക് അവകാശമില്ലാത്തതും അങ്ങനെ ചെയ്തുകൂടാത്തതുമാകുന്നു. എന്നാൽ അധികാര സീമയ്ക്കപ്പുറം വല്ലതും പ്രവർത്തിക്കണമെന്നിരുന്നാൽ അതിലേക്കു സുന്നഹദോസിന്റെയോ മേലധികാരിയുടേയോ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

സാധാരണ വൈദികന്മാർ ധരിക്കുന്ന അംശവസ്ത്രങ്ങൾക്കു പുറമെ കാപ്പയുടെ പുറത്ത് പത്രസീൻ, തലയിൽ ശീലമുടി, കഴുത്തിൽ സ്ലീബാ, കൈയിൽ സ്ലീബാ, അംശവടി ഇതെല്ലാം പ്രധാനാചാര്യന്റെ സ്ഥാന ചിഹ്നങ്ങളാകുന്നു. പ്രധാനാചാര്യൻ മഹർഷിയും രാജർഷിയുമാണെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജസ്ഥാനത്തെ അതായത് അധികാര പദവിയെ കുറിക്കുന്നതിനാണ് ചുമന്ന കുപ്പായവും അംശവടിയും ധരിക്കുന്നത്.

ഇടവക ഭരണത്തിനല്ലാതെ തീബേലിന്റെ മെത്രാന്മാരേയും വാഴിക്കുക പതിവുണ്ട്. അവർക്ക് ഇടവകഭരണം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ആവശ്യമെന്നു കാണുമ്പോൾ ഇടവക ഭരണത്തിനായി അവരെ തെരെഞ്ഞെടുത്ത് നിയമിക്കാവുന്നതാണ്.

നമ്മുടെ എല്ലാ മേല്പട്ടക്കാർക്കും വിശിഷ്യ പുതിയ മേൽപ്പട്ടക്കാർക്കും സമൃദ്ധിയായ കൃപ ലഭിക്കുന്നതിനും, ദൈവം തിരുസഭയെ കാത്തുസൂക്ഷിക്കുന്നതിനും നമുക്ക് പ്രാർത്ഥിക്കാം.

രണ്ടാം ഭാഗം



പോപ്പിന്റെ കൂടെ

1964-ൽ വത്തിക്കാനിൽ എത്തിയ ടി. എസ്. അച്ചനെ പോൾ ആറാമൻ മാർപാപ്പാ സ്വീകരിക്കുന്നു.

1

സമൂഹത്തിനു ലഭിച്ച അണയാത്ത ദീപം

മാർത്തോമ്മാ സഭ മുൻ വികാരി ജനറാളും ടി. എസ്. അച്ചന്റെ ശിഷ്യനുമായ ചെറുകര വെ. റവ. സി. ജി. അലക്സാണ്ടറുടെ ഗുരുദർശനമാണ് ചുവടെ ചേർക്കുന്നത്: തെങ്ങുംതോട്ടത്തിൽ വന്ദ്യ ദിവ്യശ്രീ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പാ അയിരൂർ ഗ്രാമത്തിൽ ഉൽകൃഷ്ട പാരമ്പര്യത്തിന്റെ മകുടമായി ജനിച്ചു വളർന്ന് വിദ്യാസമ്പന്നനായി, വൈദികനായി, അദ്ധ്യാപകനായി, സാംസ്കാരിക നേതാവായി മാതൃകാ കുടുംബനാഥനായി പരിലസിച്ചു. ബഹുമാനപ്പെട്ട അച്ചന്റെ നൈസർഗിക സിദ്ധികൾ ദൈവാനുഗ്രഹത്താൽ വിശാലമായ മണ്ഡലങ്ങളിൽ വിനിമയം ചെയ്തു.

ദേശത്തു പട്ടക്കാർ എന്ന നിലയിൽ എന്റെ പിതാവ് പരേതനായ സി. കെ. വറുഗീസ് കശ്ശീശായും തെങ്ങുംതോട്ടത്തിൽ അച്ചനും ഉറ്റ സ്നേഹിതരായിരുന്നു. ഇരുഭവനങ്ങളിലെയും മക്കൾ ചെറുകര പപ്പായെന്നും തെങ്ങുംതോട്ടത്തിൽ പപ്പായെന്നും സംബോധന ചെയ്യുമായിരുന്നു.

മതാപ്പാറ സ്കൂളിൽ ഞാൻ പഠിക്കുമ്പോൾ ബ. അച്ചൻ അദ്ധ്യാപകനും, അച്ചന്റെ മക്കൾ സഹപാഠികളും സ്നേഹിതരും ആയിരുന്നു. അച്ചന്റെ വിദ്യാർത്ഥി ആകുവാൻ ഇടയായത് ഭാഗ്യമായി കരുതുന്നു. പഠിപ്പിക്കുവാനുള്ള കഴിവ്, അച്ചന്റെ വ്യക്തിത്വം, ശിക്ഷണം, നർമ്മരസം മുതലായവ മായാത്ത സ്മരണകളാണ്. തെങ്ങും തോട്ടത്തിൻ കുടുംബത്തിലെ വൈദികർ ഈ ദേശവാസികളുടെ ആദ്ധ്യാത്മികവും, സാംസ്കാരികവും, ലൗകികവുമായ വേദികളിൽ കാലാനുസൃതമായ നേതൃത്വം നല്കിയിട്ടുണ്ട്.

ടി. എസ്. ഏബ്രഹാം അച്ചൻ, അദ്ധ്യാപകൻ, പ്രഥമാദ്ധ്യാപകൻ, വികാരി, ദേശത്തു പട്ടക്കാരൻ, കോർ എപ്പിസ്കോപ്പാ, വൈദിക ട്രസ്റ്റി, ദേശീയവും അന്തർദേശീയവുമായി വിവിധ മണ്ഡലങ്ങളിലെ നേതാവ് മുതലായ നിലകളിൽ സഭയേയും സമൂഹത്തേയും ധന്യമാക്കിയിട്ടുണ്ട്.

ദൈവാനുഗ്രഹത്താലും കുടുംബപാരമ്പര്യത്താലും സമ്പന്നതയാലും വിശാല വീക്ഷണത്താലും ശ്രേഷ്ഠ ജീവിതം നയിച്ചു.

സഹധർമ്മിണിയുടെ കാര്യക്ഷമതയും ഹൃദ്യമായ വർത്തനാരീതിയും കുടുംബജീവിതത്തെ സമ്പുഷ്ടമാക്കി. മാതാപിതാക്കളുടെ മാതൃക പിൻതലമുറ കാത്തു സൂക്ഷിക്കുന്നതിൽ ദൈവത്തെ സ്തുതിക്കാം.

ബഹുമാനപ്പെട്ട അച്ചന്റെ ധന്യമായ ജീവിത സ്മരണകൾ അണയാത്ത ദീപമായി എക്കാലവും സഭയ്ക്കും സമൂഹത്തിനും പ്രകാശം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.



2

എന്റെ ഓർമ്മയിലെ ശ്രേഷ്ഠാചാര്യൻ

അയിരൂർ തെങ്ങും തോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർ എപ്പി സ്കോപ്പാ വിവിധ മണ്ഡലങ്ങളിൽ ശോഭിച്ച ശ്രേഷ്ഠ വൈദികനാണ്. ആരെയും ആകർഷിക്കുന്ന ശബ്ദ സൗകുമാര്യം, പെരുമാറ്റ രീതി, ആകാരഭംഗി ഇവയാൽ അദ്ദേഹം അനുഗൃഹീതനായിരുന്നു എന്നത്രെ ഫാ. കെ. സി. കോശി അനുസ്മരിക്കുന്നത്.

കുരുടാമണ്ണിൽ കുടുംബത്തിന്റെ മൂല കുടുംബമായ തെങ്ങും തോട്ടത്തിലെ ഈ ശ്രേഷ്ഠ വൈദികനോട് എന്റെ മാതാപിതാക്കൾക്കുണ്ടായിരുന്ന സ്നേഹ ബഹുമാനങ്ങൾ എന്നെ വളരെയധികം സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ചിന്തോജ്ജ്വലമായ പ്രസംഗം ആരെയും ആകർഷിക്കുന്നതായിരുന്നു. നമ്മുടെ ആരാധനയിലെ ഗീതങ്ങൾ ചൊല്ലി അതിന്റെ അർത്ഥം വ്യാഖാനിച്ചു തരിക, ആണ്ടടക്കമുള്ള പെരുന്നാളുകളിൽ സംബന്ധിക്കുമ്പോൾ ഓരോ പെരുന്നാളിന്റെയും പ്രാധാന്യം മനസ്സിലാക്കിത്തരുക, ഓരോ നോമ്പിനെക്കുറിച്ചും അത് അനുഷ്ഠിക്കേണ്ട ആവശ്യകതയെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുക എന്നീ കാര്യങ്ങളിലെല്ലാം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ കാലത്ത് ഇവ അസാധാരണമായിരുന്നു. ബുധൻ, വെള്ളി ഉൾപ്പെടെയുള്ള നോമ്പുകൾ നിഷ്ഠയോടു കൂടി അനുഷ്ഠിച്ചു.

വൈദികനാകുവാൻ ഞാൻ ആഗ്രഹിച്ചപ്പോൾ അതിനു വേണ്ട എല്ലാ പ്രോത്സാഹനവും ചെയ്തു തന്നു. വിദ്യാഭ്യാസപരമായും ജോലി സംബന്ധമായും തന്നാലാവുന്ന സഹായം മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുകയും അവരുടെ ഉയർച്ചയിൽ അകമഴിഞ്ഞ് സന്തോഷിക്കുകയും ചെയ്യുന്ന ഒരു തുറന്ന മനസ്സിന്റെ ഉടമയായിരുന്നു. അങ്ങനെ ഞാൻ ശെമ്മാശനായിരിക്കുമ്പോൾ എന്റെ എല്ലാവിധത്തിലുള്ള ഉയർച്ചയും ആഗ്രഹിച്ച ഒരാളായിരുന്നു ബഹുമാനപ്പെട്ട വല്യച്ചൻ.

വൈദികനായി ആദ്യത്തെ ആറു വർഷക്കാലം അതായത് 1974 മുതൽ 1980 വരെ ബഹുമാനപ്പെട്ട വല്യച്ചന്റെ സഹായ പട്ടക്കാരനായി മതാപ്പാറ പള്ളിയിൽ സേവനമനുഷ്ഠിച്ച സമയത്ത് ഇപ്പോൾ കാണുന്ന പള്ളിയുടെ മദ്ബഹാ തീർത്തു. ത്രോണോസിന്റെ കല്ലിടീൽ കർമ്മം നടത്തി, ഹൈക്കലായുടെ പണി ആരംഭിച്ചു.

പ്രായവും ക്ഷീണവും വകവയ്ക്കാതെ ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും നമസ്കാരം തുടങ്ങുന്നതിന് മുൻപ് തന്നെ ബഹു. അച്ചൻ പള്ളിയിൽ എത്തിയിരുന്നു. സദാ സമയവും സംസാരത്തിലും പെരുമാറ്റത്തിലും ഒരു ശ്രേഷ്ഠ വൈദികനു ചേർന്ന അന്തസ്സ് നിലനിർത്തി.

നമ്മുടെ സഭയിലും നാട്ടിലും വ്യക്തിമുദ്ര പതിച്ച് അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ അഭിമാനപാത്രമായിത്തീർന്ന വന്ദ്യവൈദികനിൽ തിളങ്ങിയിരുന്ന സൽഗുണങ്ങളും അദ്ദേഹം നൽകിയ സാരോപദേശങ്ങളും മേലിലും ഏവരുടേയും ജീവിതത്തിന് വഴികാട്ടിയായിത്തീരട്ടെ.

3

ജീവിതത്തിലെ ഉത്തമ വഴികാട്ടി

വൈദിക ജീവിതരംഗത്തു തന്റെ മാർഗ്ഗദർശിയായിരുന്ന ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായെ സഭാ മാനേജിംഗ് കമ്മിറ്റി അംഗം കൂടിയായ ഫാ. തോമസ് ജോൺസൺ കൈപ്പള്ളിൽ, കൊറ്റാത്തൂർ ആദരപൂർവ്വം ഇവിടെ അനുസ്മരിക്കുന്നു.

അയിരൂർ തായില്ലം കുടുംബത്തിന്റെ തെങ്ങുംതോട്ടത്തിൽ ശാഖയിലെ വല്യവല്യച്ചൻ അബ്രഹാം കോർ എപ്പിസ്കോപ്പാ ആയിരുന്നെങ്കിലും എന്നെപ്പോലെയുള്ളവർക്ക് വല്യച്ചനായിരുന്നത് അദ്ദേഹത്തിന്റെ പൗത്രനായ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായാണ്. ദീർഘകാലം മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്ന വല്യച്ചനെപ്പറ്റിയുള്ള എന്റെ ആദ്യ ഓർമ്മ ശനിയാഴ്ചകളിൽ സന്ധ്യാനമസ്കാരത്തിനായി സന്തത സഹചാരിയായ പുളിക്കത്തറയിൽ മാമ്മച്ചനുമായി എത്തിച്ചേരുന്ന പിതാവെന്ന നിലയിലാണ്. ദേവാലയത്തിനടുത്തുള്ള എന്റെ പിതാവിന്റെ ഭവനത്തിനു സമീപം വന്ന് "യോഹന്നാച്ചായൻ അവിടെ ഉണ്ടോ" എന്ന് ചോദിക്കുന്ന ശബ്ദം പലപ്പോഴും ഞാൻ ശ്രവിച്ചിട്ടുണ്ട്. അടുത്ത ചോദ്യം എന്റെ വല്യമ്മച്ചിയോട്. "ചേടത്തി, എന്തൊക്കെയുണ്ട് വിശേഷങ്ങൾ?" അവിസ്മരണീയമായ - ഊഷ്മളമായ - അച്ചന്റെ കുശലാന്വേഷണം മരണം വരെ തുടർന്നു.

1957-ൽ വല്യച്ചൻ മലയാ-സിംഗപ്പൂർ പള്ളികളുടെ വികാരിയായി പോകുന്ന സന്ദർഭം. വിദേശത്തേക്ക് ഒരാൾ പോകുന്നത് അക്കാലത്ത് എല്ലാവരിലും ജിജ്ഞാസയും ആകാംക്ഷയും ഉളവാക്കുമായിരുന്നു. വിദേശ സേവനത്തിനു ശേഷം തിരിച്ചെത്തിയപ്പോൾ വളരെ ആനന്ദം. ഒട്ടേറെ പുതിയ കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞതിന്റെയും മധുര സ്മരണകൾ ഇന്നും മാഞ്ഞിട്ടില്ല. പകരം വികാരിയായി സേവനം അനുഷ്ഠിച്ച വെള്ളാട്ടേത്ത് ഏബ്രഹാം അച്ചന്റെ വാക്കുകൾ കേൾക്കുക. "സൂര്യൻ കിഴക്കേ ചക്രവാളത്തിൽ ഉദിക്കുന്നു; ചന്ദ്രൻ പടിഞ്ഞാറെ ചക്രവാളത്തിൽ താഴുന്നു". അതേ ഉദയസൂര്യനെപ്പോലെ പ്രകാശം പരത്തി, സുസ്മേരവദനായി തിരികെ മതാപ്പാറ പള്ളയിൽ എത്തി തന്റെ സ്വന്തം ജനങ്ങളെ സേവിക്കുന്നതിൽ വ്യാപൃതനാകുന്നു.

1962 ൽ കുരുടാമണ്ണിൽ മുണ്ടപ്ലാക്കൽ ശീമോൻ കുഞ്ഞിന്റെ ഭവനത്തിൽ കൂടിയ കുടുംബയോഗത്തിൽ പങ്കെടുക്കുന്ന സന്ദർഭം. ഇളവട്ടെ ദിവ്യശ്രീ.

ഫീലിപ്പോസ് കശ്ശീശാ മുഖ്യ പ്രസംഗകനും, വല്യച്ചൻ അദ്ധ്യക്ഷനും. ഇള വട്ടെ വല്യച്ചൻ എന്തോ പറഞ്ഞപ്പോൾ തൊട്ടടുത്തുനിന്ന ജോയിച്ചായൻ (ടി. എസ്. അച്ചന്റെ സീമന്തപുത്രൻ) പൊട്ടിച്ചിരിച്ചു. പെട്ടെന്ന് അത്രയും ആളുകളുടെ മുന്നിൽവച്ചും സദസ്സിൽ വച്ചും മകനെ ശാസിക്കുന്ന മുഖം. ഒരു ഗുരുവിന്റെ എല്ലാ ഭാവവും, ഗുണവും ആ മുഖത്ത് പ്രകടമായിരുന്നു. ആദരിക്കേണ്ടവരെ ആദരിക്കുവാനും ബഹുമാനിക്കേണ്ടവരെ ബഹുമാ നിക്കുവാനും ഇളം തലമുറയ്ക്ക് വല്യച്ചൻ കാണിച്ചുകൊടുത്ത മാതൃക എത്രയോ ശ്ലാഘനീയം.

1964-ൽ റോമിൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെ ടുത്ത് തിരിച്ചെത്തി മതാപ്പാറപ്പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചതിനു ശേഷം നടത്തിയ പ്രഭാഷണം ഏവരേയും കോരിത്തരിപ്പിച്ചു. സമീപ പ്രദേ ശങ്ങളിലെ ദേവാലയങ്ങളിൽ നിന്നുപോലും വിശ്വാസികൾ പ്രസംഗവും യാത്രാവിവരണവും കേൾക്കുന്നതിന് എത്തിയിരുന്നു.

1965 വല്യച്ചനെ സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവായിരുന്നു. നമ്മുടെ സഭയിലെ ഒരു വൈദികൻ ഉയരാവുന്നതിന്റെ പര കോടിയിൽ അദ്ദേഹം എത്തി. സഭാ വൈദിക ട്രസ്റ്റി ആയി അദ്ദേഹത്തെ തെരഞ്ഞെ ടുത്തത് കുടുംബാംഗങ്ങൾക്കും ഇടവകജനങ്ങൾക്കും നാട്ടുകാർക്കും സഭാംഗങ്ങൾക്കും പുതിയ ഉണർവും അഭിമാനവും നൽകി. വൈദിക ട്രസ്റ്റി യുടെ പേരും പെരുമയും പ്രശസ്തിയും അഭിമാനവും എല്ലാം കാത്ത് സൂക്ഷിച്ച് സഭയ്ക്ക് നിർണ്ണായകമായ നേതൃത്വം നൽകി, മലങ്കര സഭ യുടെ യശ്ശസ് ആവോളം ഉയർത്തുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് സഭാ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്താവുന്നതാണ്.

1964 ജനുവരി ആറിനു ദനഹാ പെരുനാളിൽ വന്നു ഈ ലേഖകൻ ബാലനായി വി. കുർബ്ബാനയിൽ പങ്കെടുത്തു. അന്നു തന്നെ എന്റെ പിതാ വിനെ വല്യച്ചൻ വിളിപ്പിച്ചു. "മകൻ ഇന്ന് പ്രഭാത നമസ്കാരം മുതലേ പള്ളിയിൽ ഉണ്ടായിരുന്നു. അവന്റെ ഗീതങ്ങളും മറ്റും എന്നെ വളരെ ആകർഷിച്ചു. അവനെ ഉടനെ മദ്ബഹായിൽ ശുശ്രൂഷയ്ക്കായി അയ യ്ക്കണം." അങ്ങനെ 'ദൈവവിളി' ആദ്യമായി ആ പിതാവിലൂടെ വെളി വായി എന്ന് സംതൃപ്തിയോട് ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം 1964 ഫെബ്രുവരി 9-ാം തീയതി പള്ളിപ്പെരുന്നാൾ ദിവസം 12-ാം ജന്മദിനത്തിൽ വി. മദ്ബഹായിലെ ശുശ്രൂഷകനായി പ്രവേശിപ്പി ച്ചു. തുടർന്നുള്ള 12 വർഷം വല്യച്ചന്റെ ശിക്ഷണത്തിലും ശുശ്രൂഷയിലും സസന്തോഷം വ്യാപൃതനാകുവാൻ സാധിച്ചു. എന്റെ ഓർമ്മയിൽ ശനി യാഴ്ച, മാറാനായപ്പെരുന്നാൾ ദിവസങ്ങളിലെ സന്ധ്യാനമസ്കാരങ്ങൾ മുടക്കിയിട്ടില്ല. വി. കുർബ്ബാന ചൊല്ലേണ്ട എല്ലാ ദിവസങ്ങളിലും അർപ്പി ക്കുമായിരുന്നു.

കൂദാശകൾ ഊനമില്ലാതെ നിർവ്വഹിക്കുന്ന കാര്യത്തിൽ വല്യച്ചൻ മുൻപന്തിയിലായിരുന്നു. വി. കുർബ്ബാനയ്ക്കുള്ള ഒരുക്കം, യാമപ്രാർത്ഥനകൾ, രഹസ്യപ്രാർത്ഥനകൾ ഇവ യാതൊരു വിഘ്നവും കൂടാതെ നിർവ്വഹിച്ചിരുന്നു. വി. കുർബ്ബാനയ്ക്കുപയോഗിക്കുന്ന വസ്ത്രങ്ങൾ കാപ്പാ, കുപ്പായം മുതലായവ ഏറ്റവും വെണ്മയുള്ളതും മോടിയായതുമായിരിക്കണം. സ്ഥാനോചിത വേഷഭൂഷാദികൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ആരാധനയിൽ തികഞ്ഞ ഭക്തിയോടും തീക്ഷണതയോടും ഭാഗഭാക്കുകളാകണമെന്ന ചിട്ട കർക്കശമായിരുന്നു. അക്ഷരങ്ങൾ സ്ഫുടമായി സംസാരിക്കണമെന്നും അർത്ഥവ്യത്യാസം കൂടാതെ ചൊല്ലണമെന്നും പഠിപ്പിച്ചു. തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും കർശനമായി താക്കീത് നൽകുകയും ചെയ്തു വന്നു. ആരാധനയിൽ കൂടി സ്വർഗീയ ആനന്ദം യഥാർത്ഥത്തിൽ ആസ്വദിച്ചിട്ടുള്ളത് വല്യച്ചന്റെ കൂടെ ശുശ്രൂഷകളിൽ സംബന്ധിച്ചിട്ടുള്ള സന്ദർഭങ്ങളിലാണ്. ഗീതങ്ങളൊക്കെയും പാടി അർത്ഥം പറഞ്ഞുതന്ന് വ്യാഖ്യാനിച്ച് അതിലുള്ള ദൈവശാസ്ത്രവും സഭയുടെ കാഴ്ചപ്പാടും ഒക്കെയും മനസ്സിലാക്കി തന്നിട്ടുള്ള അനേകം സന്ദർഭങ്ങൾ ഇന്നും തെളിഞ്ഞുനിൽക്കുന്നു. കഷ്ടാനുഭവ ആഴ്ചക്കാലം ഞങ്ങൾക്ക് വലിയ അനുഭൂതി നൽകുന്ന ദിവസങ്ങളാണ്. മിക്കവാറും എല്ലാ ദിവസങ്ങളിലും പള്ളിയിൽ തന്നെ താമസം. കൗമാ പ്രാർത്ഥനകൾ ഒരക്ഷരം വിടാതെ ചൊല്ലി കുമ്പിട്ട് നമസ്കരിക്കുന്ന രീതി വാർദ്ധക്യത്തിലും കൃത്യമായി നിർവഹിച്ചിരുന്നു. ഇടവേളകളിൽ ഗീതങ്ങൾ പരിശീലിപ്പിക്കുന്നതിലും അടുത്ത ദിവസങ്ങളിലെ ശുശ്രൂഷകളുടെ തയ്യാറെടുപ്പും നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കഷ്ടാനുഭവ ആഴ്ചയിൽ പള്ളിയും പരിസരവും എല്ലാം വൃത്തിയാക്കുന്ന ജോലിയിൽ വ്യാപൃതനാവുകയും അപ്രകാരം ഞങ്ങളെ പരിശീലിപ്പിക്കുകയും ചെയ്തുവന്നു. ദുഃഖവെള്ളിയാഴ്ചകളിലെ ആരാധനയും പ്രസംഗങ്ങളും ആരേയും രോമാഞ്ചം അണിയിക്കും. കുരിശും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും തത്സമയത്ത് ചൊല്ലിക്കൊടുത്ത് ജനങ്ങളെക്കൊണ്ട് ഏറ്റുപറയിക്കുന്ന വാചകക്കരുത്തും ഹൃദയസ്പർശിയായിട്ടുള്ളതാണ്. കബറടക്കത്തിനു മുമ്പുള്ള പ്രദക്ഷിണം ആരേയും ഈറനണിയിക്കും. ഈ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ ഇതര സഭാവിഭാഗങ്ങളിലെ ജനങ്ങളും അക്രൈസ്തവർ പോലും എത്തും.

ഉയിർപ്പു ഞായറാഴ്ച രാത്രി പ്രാർത്ഥനകൾ രാത്രി ഒരുമണിക്ക് ആരംഭിച്ചാലും അവസാനിക്കുന്നത് 7 മണിക്ക്. എന്നിരുന്നാലും ആർക്കും ഒരു മുഷിച്ചിലും തോന്നില്ല. ആരാധന ഹൃദ്യവും ആകർഷകവും അർത്ഥം മനസ്സിലാക്കിയും ദൈവികവും ആയിരിക്കണമെന്ന് നിർബന്ധമായിരുന്നു. ഉയിർപ്പുമുതൽ പെന്തിക്കൊസ്തി വരെയുള്ള ദിവസങ്ങളിൽ ഭവനങ്ങൾ സന്ദർശിച്ച് കൂദാശ ചെയ്തുവന്നു. രോഗികൾക്കു വേണ്ടി പള്ളിയിൽ

പ്രത്യേകം പ്രാർത്ഥിക്കുകയും ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തുകയും ചെയ്യും. ഇടവക ഭരണ കാര്യങ്ങളിൽ അതിനിപുണനും സമർത്ഥനുമായിരുന്നതിനാൽ ആരെയും വ്രണപ്പെടുത്താതെ നയ ചാതുര്യത്തോടെ കാര്യങ്ങൾ അവതരിപ്പിച്ച് നടപ്പാക്കുന്നതിൽ അദ്ദേഹത്തിന്റെ സാമർത്ഥ്യം വളരെ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. യുവജന പ്രസ്ഥാനത്തിൽ ഞങ്ങൾക്ക് നല്ല നേതൃത്വം നൽകി, പ്രോത്സാഹനം നൽകി, പരിശീലിപ്പിച്ച് വളർത്തിയ ഒരു മഹാനുഭാവനായിരുന്നു വല്യച്ചൻ. സൺഡേസ്കൂൾ സീനിയർ ക്ലാസ്സ് വല്യച്ചൻ തന്നെയായിരുന്നു കൈകാര്യം ചെയ്തിരുന്നത്. ഉത്തമനായ ഭരണകർത്താവായും മാതൃകാദ്ധ്യാപകനായും, ഇടയശ്രേഷ്ഠനായും കാണിച്ചിട്ടുള്ള മാതൃകകൾ ആധുനിക തലമുറയിലെ പട്ടക്കാർക്ക് ഒരു ചൂണ്ടുപലകയായിരിക്കും, നിശ്ചയം.

1964 മുതൽ 1974 വരെ ആത്മീയ കാര്യങ്ങളിൽ വല്യച്ചനെ അനുഗമിക്കുവാൻ സാധിച്ചത് ഒരു പദവിയായി ഞാൻ കരുതുന്നു. ഇക്കാലങ്ങളിൽ അദ്ദേഹത്തോടൊപ്പം മലങ്കരസഭയിലെ പല ദേവാലയങ്ങളിലും പുണ്യസ്ഥലങ്ങളിലും പോകുന്നതിനും പല പ്രധാന മീറ്റിംഗുകളിലും പങ്കെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. സഭാ മാനേജിംഗ് കമ്മിറ്റി യോഗം ആദ്യമായി കാണുന്നതും വല്യച്ചനോടൊപ്പം പഴയ സെമിനാരിയിൽ ചെന്നപ്പോഴാണ്.

അദ്ദേഹം തന്നെ താല്പര്യം എടുത്ത് 1974-ൽ എന്നെ വൈദിക സെമിനാരിയിൽ നേരിട്ട് വന്ന് ചേർത്ത് പ്രോത്സാഹനവും ഉത്തേജനവും എല്ലാം നൽകി. സെമിനാരിയിൽ പഠിക്കുമ്പോഴും കഷ്ടാനുഭവ ആഴ്ചയിലും മറ്റും എന്നെ ശുശ്രൂഷയ്ക്കു വിളിക്കുമായിരുന്നു. 1978 ൽ പഠനം കഴിഞ്ഞ് വൈദികനായപ്പോൾ അദ്ദേഹം ഏറ്റവും അധികം സന്തോഷിച്ചു. പട്ടം കൊടശുശ്രൂഷ കഴിഞ്ഞുള്ള അദ്ദേഹത്തിന്റെ പ്രസംഗം ശ്രദ്ധേയമായിരുന്നു. "പുതുതായി പട്ടം ഏറ്റ വൈദികനെ ഇടവക അനുമോദിക്കുന്നു. ഇടവകയുടെ പൂർണ്ണ പിന്തുണയും സഹകരണവും യുവവൈദികന് വാഗ്ദാനം ചെയ്യുന്നു. ദൈവത്തേയും ജനങ്ങളേയും ത്യാഗസന്നദ്ധതയോടെ, സ്നേഹത്തോടെ സേവിക്കുവാൻ ദൈവം കൃപ ചെയ്യട്ടെ." ഈ വാക്കുകൾ ഇന്നും കാതിൽ മുഴങ്ങി കേൾക്കുന്നു.

അദ്ദേഹത്തിന്റെ സാമീപ്യവും സംസർഗ്ഗവും എന്റെ പൗരോഹിത്യ ജീവിതത്തിൽ സാരമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇടവകകളിൽ സേവനം ചെയ്യുമ്പോഴൊക്കെയും അദ്ദേഹത്തിൽ നിന്നു ലഭിച്ച പരിശീലനം വിജയകരമായി പ്രയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്. പെന്തിക്കോസ്തി ഞായറാഴ്ച അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആദ്യബലി അർപ്പിച്ചു. അന്ന് വല്യച്ചൻ എന്നെ മുക്തകണ്ഠം പ്രശംസിച്ചത് ഇന്നും സന്തോഷത്തോടെ ഓർക്കുന്നു.

1981-ൽ തായില്ലം കുടുംബ പൊതു സമ്മേളനത്തിൽ ഒരു ആശംസാ പ്രസംഗകനായിരുന്ന എന്നെ വല്യച്ചൻ അനുമോദിച്ച് പ്രസംഗിച്ചതും ഓർത്ത് പോകുന്നു. അങ്ങനെ മറ്റുള്ളവർ വളരണമെന്നും അവരുടെ വളർച്ചയിൽ സന്തോഷിക്കണമെന്നും വല്യച്ചൻ പഠിപ്പിച്ചിരുന്നു. എന്നെ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ വികാരിയായി നിയമിച്ചപ്പോൾ വല്യച്ചൻ അകമഴിഞ്ഞ് സന്തോഷിച്ചതും മറക്കാനാവാത്ത സന്ദർഭമാണ്.

മകൻ രാജനച്ചന്റെ വിയോഗം 1983 ൽ അദ്ദേഹത്തെ ഒരളവുവരെ തളർത്തിക്കളഞ്ഞു. അന്ത്യനാളുകൾ കഴിച്ചുകൂട്ടിയത് പത്തനംതിട്ടയിൽ മകൾ കുഞ്ഞമ്മയുടെ ഭവനത്തിലായിരുന്നു. അപ്പോഴും വല്യച്ചനെ കാണുവാനും വേണ്ട ശുശ്രൂഷകൾ ചെയ്യുവാനും ഭാഗ്യം ലഭിച്ചു. 1984 ഒക്ടോബർ 31 നു രാത്രി അദ്ദേഹം ഈ ലോകത്തോടു യാത്ര പറഞ്ഞു. മരണാനന്തരം ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്ത് മൃതശരീരം അയിരൂർ തറവാട്ടിൽ എത്തിച്ച് ഗുരുവിനോടുള്ള കടമ നിറവേറ്റുവാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

ദീർഘകാലം മലങ്കര സഭയ്ക്കും, തുമ്പമൺ ഭദ്രാസനത്തിനും, അയിരൂർ പ്രദേശത്തിനും പ്രത്യേകിച്ച് മതാപ്പാറ ഇടവകയ്ക്കും കുടുംബത്തിനും ഒരു തേജോഗോളം പോലെ പ്രകാശിച്ച ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ ജീവിതവും മാതൃകയും അർപ്പണ മനോഭാവവും ത്യാഗ സന്നദ്ധതയും, പ്രതിബദ്ധതയും പ്രാർത്ഥനയും ആധുനിക തലമുറയ്ക്ക് വെളിച്ചം പകരട്ടെ.

"പിതാവേ സന്തോഷത്തിന്റെ മണവറയിൽ ഞങ്ങൾ അങ്ങയെ കാണുവാനിടയാകട്ടെ."

'ധന്യാചാര്യ - പോയാലും ശാന്ത്യാ
പൂകണമേ നീ - ഭാസുര മണവറയിൽ'

'ധന്യപിതാവേ - പോയാലും ശാന്ത്യാ
ചേർക്കാം നിന്നെ - മശിഹാ മണവറയിൽ.'



4

എല്ലാ അർത്ഥത്തിലും നല്ല ഗുരു

തെങ്ങും തോട്ടത്തിൽ വന്ദ്യദിവ്യശ്രീ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പാ എന്ന പേരു കേൾക്കുമ്പോൾ തന്നെ ഒരു സമുന്നത ഗുരുശ്രേഷ്ഠനും മാതൃകാ പുരോഹിതനുമാണു മുമ്പിൽ വന്നു നിൽക്കുക. അയിരൂർ എം. ടി. സ്കൂളിൽ അദ്ധ്യാപക ജീവിതം തുടങ്ങിയ അദ്ദേഹം കോട്ടയം എം. ഡി, തഴക്കര എം. എസ്, തിരുവല്ലാ എം. ജി. എം. തുടങ്ങിയ ഉന്നത വിദ്യാലയങ്ങളിൽ ദീർഘകാലം പ്രധാനാദ്ധ്യപകനായി പ്രശസ്ത സേവനം നടത്തി സകലരുടേയും പ്രശംസയാർജ്ജിച്ചു. വിദ്യാർത്ഥികൾക്കും സഹാദ്ധ്യാപകർക്കും അച്ചൻ കർശന നിയമപാലകനായിരുന്നെങ്കിലും ഏവർക്കും സ്നേഹവാത്സല്യങ്ങൾ ലഭിച്ചിരുന്നു എന്ന് ഫാ. ടി. ജി. ജോൺ പറയുന്നു.

തെങ്ങുംതോട്ടത്തിലച്ചൻ ഞങ്ങളുടെ ഹെഡ്മാസ്റ്ററായിരുന്നു എന്ന് വിദ്യാർത്ഥികളും സഹാദ്ധ്യാപകരും ഇന്നും അഭിമാനത്തോടെ പറയുന്നുണ്ട്. വേണ്ട ശിക്ഷണ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും വിദ്യാർത്ഥികളുടെ ഭാവി ജീവിതം ധന്യമാക്കിയ അവരുടെ സ്നേഹിതനും വഴികാട്ടിയുമായിരുന്നു അദ്ദേഹം.

ഉന്നതസ്ഥാനങ്ങളിൽ പ്രവർത്തിച്ചു. വിശ്രമജീവിതം നയിക്കുന്ന പല വ്യക്തികൾക്കും തങ്ങളുടെ വിജയത്തിന് പോന്ന കാരണഭൂതനായ അച്ചനെപ്പറ്റി നല്ല സാക്ഷ്യമേ പറയാനുള്ളൂ.

സഭയുടെ പരമാദ്ധ്യക്ഷന്മാരായിരുന്ന പ: ഗീവറുഗീസ് ദ്വിതീയൻ പ. ഔഗേൻ പ്രഥമൻ, പ: മാത്യൂസ് പ്രഥമൻ എന്നീ ബാവാമാർക്ക് നിർണ്ണായക ഘട്ടങ്ങളിൽ ശക്തിയും ബലവും പകർന്നുകൊടുത്തവരിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. മെത്രാസന യോഗങ്ങളിലും സഭാ മാനേജിംഗ് കമ്മിറ്റിയിലും അച്ചന്റെ അഭിപ്രായങ്ങൾ ഏവർക്കും സ്വീകാര്യവുമായിരുന്നു.

വിശുദ്ധ ആരാധനയിലും കൂദാശാനുഷ്ഠാനങ്ങളിലും "മഹാചാര്യന്മാരുടെ മഹാനായ മല്പാൻ" എന്നു വിശേഷിപ്പിക്കപ്പെടുന്ന തന്റെ ഗുരുവും ബന്ധുവുമായിരുന്ന തെങ്ങുംതറയിൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പായുടെ പാത പിന്തുടർന്നിരുന്നു. ബലിയനുഷ്ഠാനത്തിൽ ചിട്ടയും, നിഷ്ഠയും ക്രമവും ശരിക്കും പാലിച്ചിരുന്നു. ആരാധനയിൽ സംബന്ധിക്കുന്നവർക്കു ശരിയായ അർത്ഥവും ആഴവും മനസ്സിലാക്കത്തക്കവിധ

ത്തിൽ തക്സായിൽ നിന്നു പ്രാർത്ഥനകൾ അദ്ദേഹം ഉരുവിട്ടിരുന്നു. ഇങ്ങനെ ഒരുക്കത്തോടും, ഭയഭക്തിയോടും അർപ്പണ മനോഭാവത്തോടും ദൈവിക സാന്നിദ്ധ്യ ബോധത്തോടും കഴിഞ്ഞ തലമുറയിലെ പുരോഹിതന്മാർ അർപ്പിച്ചിരുന്ന ആരാധനകൾ വിശ്വാസികൾക്ക് ഹൃദ്യവും സ്വർഗീയാനന്ദം പകരുന്നതുമായിരുന്നു. ഇന്നു പല ദേവാലയങ്ങളിലെ ആരാധനകളിൽ നിന്നും ഈ ആനന്ദം ലഭിക്കുന്നില്ല.

ബഹുമുഖ സേവനങ്ങൾക്കിടയിലും സുവിശേഷ യോഗങ്ങളിൽ പ്രസംഗിക്കുന്നതിനും വിശ്വാസപരമായ ക്ലാസ്സുകൾ എടുക്കുന്നതിനും അച്ചൻ സമയം കണ്ടെത്തിയിരുന്നു. മലങ്കര സഭയിലെ ഏറ്റവും പുരാതനവും പ്രശസ്തവുമായ മാക്കാംകുന്ന് കൺവൻഷനിൽ പല വർഷങ്ങളിൽ അദ്ദേഹം ഒരു പ്രമുഖ പ്രസംഗകനായിരുന്നു.

ഓർത്തഡോക്സ് യൂത്ത് മാസികയുടെ പ്രാരംഭകാലത്ത് തുടർച്ചയായി അതിൽ ലേഖനങ്ങൾ എഴുതി. സഭാ വൈദിക ട്രസ്റ്റി, മികച്ച അദ്ധ്യാപകൻ, മാതൃകാ പുരോഹിതൻ തുടങ്ങിയ നിലകളിൽ ടി. എസ്. അച്ചൻ സമുദായത്തിനും സഭയ്ക്കും നൽകിയിട്ടുള്ള മഹത്തായ സേവനങ്ങൾ അവിസ്മരണീയമായി അവശേഷിക്കും.



5
വിശ്വാസ വഴിയിലെ പ്രകാശ ഗോപുരം

പ്രൊഫ. കെ. എ. മാത്യു അയിരൂരിന്റെ അനുസ്മരണമാണിത്: മനുഷ്യ ജീവിതത്തിലെ അമൂല്യ സമ്പത്തുകളിൽ സ്മരണകളും ഉൾപ്പെടുന്നു. അവ യിലൂടെയാണ് അനുഭവങ്ങളുടെ അമൃത് നാം നുകരുന്നത്. കാലയവനി കയ്ക്കുള്ളിൽ മറഞ്ഞ ബഹുമാനപ്പെട്ട ടി. എസ്. അച്ചന്റെ സ്മരണകൾ ഒരു പ്രകാശവീചിപോലെ നമ്മെ വലയം ചെയ്യുന്നു. ഒരു കർമ്മ കാണ്ഡ ത്തിന്റെ സാഫല്യവും സംതൃപ്തിയും ദീപ്തമാക്കിയ ചൈതന്യം നമ്മുടെ മുമ്പിൽ ശേഷിപ്പിച്ചിട്ടാണ് അച്ചൻ വിടപറഞ്ഞത്. ഉത്സാഹപൂർണ്ണമായ വ്യക്തിത്വം, കളങ്ക സ്പർശമേല്ക്കാത്ത പാദമുദ്ര, ദൈവശാസ്ത്ര നിപു ണത, സുവിശേഷ തല്പരത, മികവുറ്റ അദ്ധ്യാപനശേഷി തുടങ്ങിയവ യിൽ ഒരു പ്രകാശഗോപുരം പോലെ ചൈതന്യം പരത്തിയ ആ മഹത് വ്യക്തിത്വത്തിന്റെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാന റിയുന്ന ടി. എസ്. അച്ചനെപ്പറ്റി ഇവിടെ അല്പം കാര്യങ്ങൾ കുറിയ്ക്കട്ടെ.

1896 ഒക്ടോബർ 4 നു ജനിച്ച ടി. എസ്. ഏബ്രഹാം പഠനം പൂർത്തി യാക്കി വൈദികവൃത്തി വലിയ ദൈവാനുഗ്രഹവും ദൈവനിയോഗമെന്നു ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ട് ഇടയ ശുശ്രൂഷയിൽ മുന്നേറി മതാ പ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ ആയുഷ്ക്കാല വികാരിയായി ശുശ്രൂഷ ചെയ്തു. അതുകൊണ്ടുതന്നെ എല്ലാവരേയും കരു തുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ഒരു പട്ടക്കാരനെന്ന വലിയ കീർത്തിമുദ്ര അദ്ദേഹത്തിനു സ്വന്തം. ലാളിത്യവും വിശുദ്ധിയും പ്രാർത്ഥ നാനിർഭരമായ ജീവിതവും അദ്ദേഹത്തെ ഒരു ദൈവ പുരുഷനാക്കി മാറ്റി.

അച്ചന്റെ സഭാ പ്രവർത്തനങ്ങൾ മറ്റുള്ളവരിൽ നിന്നും വേറിട്ടുനിന്നി രുന്നു. ക്രിസ്തീയ സഭകളുടെ മാത്രം ഐക്യമല്ല, മാനവരാശിയുടെ മുഴു വൻ ഐക്യമായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. പരസ്പര സ്നേഹവും സഹകരണവും പ്രദാനം ചെയ്യുന്ന പാപക്ഷമ നൽകി പുതു മനുഷ്യത്വം പ്രാപിക്കുന്ന ദൈവരാജ്യദർശനം പ്രഘോഷിക്കുക ക്രൈസ്തവ സാക്ഷ്യ നിർവഹണത്തിൽ ഒഴിവാക്കാൻ കഴിയാത്ത നിയോഗമായി അദ്ദേഹം കരു തിയിരുന്നു. പതിനായിരക്കണക്കിനു വേദികളിലൂടെ ആയിരങ്ങളെ ക്രിസ് തുവിന്റെ സ്നേഹത്തിലേയ്ക്കും രക്ഷയുടെ വഴിയിലേയ്ക്കും നയിച്ചു. അനുരഞ്ജനത്തിന്റെ അയൽക്കൂട്ടങ്ങൾ സൃഷ്ടിക്കുന്നതായിരിക്കണം സഭ യുടെ പ്രവർത്തനങ്ങളെന്നദ്ദേഹം ഉദ്ഘോഷിച്ചു.

എക്യുമെനിക്കൽ പ്രവർത്തനങ്ങൾ

എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഒരു പ്രധാന പ്രവർത്തകനെന്ന നിലയിൽ സഭയിലും മറ്റും വേദികളിലും സാരഥ്യം വഹിച്ചിട്ടുണ്ട്. എക്യുമെനിക്കൽ ഫോറത്തിന്റെ പ്രസിഡന്റായി പല വർഷങ്ങൾ പ്രവർത്തിച്ചത് പ്രത്യേകം സ്മരണീയമാണ്. വിവിധ സഭകളിൽ വിഭിന്നമായ ആചാരാനുഷ്ഠാനങ്ങളുണ്ടെങ്കിലും യോജിക്കാവുന്ന മേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കാൻ കഴിയണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. അത്തരം വേദികളൊരുക്കി ജനങ്ങളെ അതിനു സജ്ജമാക്കിയിട്ടുണ്ട്. തന്റെ ദൗത്യത്തെക്കുറിച്ച് എപ്പോഴും വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. തന്മൂലം സഭാ വ്യത്യാസം കൂടാതെ കേരളത്തിലെ ക്രൈസ്തവർ അച്ചന് ആദരവും ബഹുമാനവും നൽകി.

അദ്ധ്യാപകവൃത്തി

ഒരു വൈദികനെന്ന നിലയിൽ സഭയിലും സമൂഹത്തിലും പ്രകടമായിരുന്ന വ്യക്തിപ്രഭാവം അദ്ധ്യാപകരംഗത്തേയും തിളക്കമുള്ളതാക്കിത്തീർത്തു. അദ്ധ്യാപനത്തിലും പ്രഭാഷണത്തിലും വൈദികവൃത്തിയിലും ഒരുപോലെ പേരെടുത്ത അച്ചൻ ദന്തഗോപുരത്തിൽ സുഖസമൃദ്ധിയിൽ ജീവിച്ച ഒരാളല്ല. മറിച്ച് വർത്തമാന കാലത്തോട് ഫലപ്രദമായി സംവദിക്കുകയും മാനുഷികമായ എല്ലാ പ്രശ്നങ്ങളിലും ഇടപെടുകയും ചെയ്തിരുന്നു. പ്രഭാഷണങ്ങൾ സാഗരഗർജ്ജനം പോലെ ഒരനുഭവമായിരുന്നു. ഇന്നിന്റെ ആവശ്യങ്ങളും നാളെയുടെ ലക്ഷ്യങ്ങളും ഒന്നിച്ച് സമരസപ്പെടുത്തിക്കൊണ്ടുപോകാൻ കഴിയണമെന്നും നാളത്തെ ചക്രവാളത്തിൽ രൂപപ്പെട്ടുവരുന്ന കാർമേഘങ്ങളെ കാണാൻ കഴിയണമെന്നും അദ്ദേഹം വിദ്യാർത്ഥി സമൂഹത്തെ ഓർപ്പിക്കുമായിരുന്നു.

കേരളത്തിലെ സാമൂഹിക ജീവിതം താളം തെറ്റിത്തുടങ്ങിയപ്പോൾ അച്ചനിലെ അദ്ധ്യാപകൻ ദുഃഖിക്കുകയും കുട്ടികളെ ശരിയായി ഉപദേശിക്കുകയും ചെയ്തിരുന്നു. നമ്മുടെ കുടുംബങ്ങളിലെ മുതിർന്ന സ്ത്രീപുരുഷന്മാരും മാതാപിതാക്കളും വിദേശങ്ങളിൽ ചേക്കേറിയപ്പോൾ പല കുടുംബങ്ങളിലും നാഥനില്ലാതായി. ശരിയായ വിനിമയ ലക്ഷ്യങ്ങളില്ലാതെ കേരളത്തിലേക്കു വിദേശ നാണ്യപ്രവാഹമുണ്ടായതും ഈ കാലഘട്ടം മുതലാണ്. അദ്ധ്വാനിക്കാത്ത അനർഹരുടെ പക്കൽ കുമിഞ്ഞു കൂടിയ ധനം കെട്ടുറപ്പില്ലാത്ത സാമ്പത്തിക വ്യവസ്ഥയ്ക്ക് വഴിയൊരുക്കി. സമൂഹത്തിന്റെ ഗതിമാറ്റത്തിൽ ജീവിത മൂല്യങ്ങളുടെ അന്തസത്തയും സദാചാരത്തിലധിഷ്ഠിതമായ കീഴ്വഴക്കങ്ങളും തന്റെ കുട്ടികളെ അഭ്യസിപ്പിക്കാനും മാതാപിതാക്കളുടേയും കുട്ടികളുടേയും സ്നേഹവും ആദരവും ആർജ്ജിക്കാനും അച്ചനു എന്നും കഴിഞ്ഞിട്ടുണ്ട്.

കാർഷിക സംസ്കാരം

അച്ചൻ ഒരു കാർഷിക സംസ്കാരത്തിനുടമ കൂടിയായിരുന്നു. പാടത്തെ കൃഷിയിടങ്ങളിൽ കൂടി നടന്ന് നെല്ലോലകളെ തലോടുന്നതും നെൽക്കതിരുകൾ കണ്ട് അഭിമാനം കൊള്ളുന്നതും മറ്റു വൈദികരിൽനിന്ന് അച്ചനെ മാറ്റി നിർത്തുന്ന ഒരു വ്യക്തിത്വമാണ്. കൃഷിപ്പണികളിൽ സജീവ ശ്രദ്ധയും കർഷകത്തൊഴിലാളികളോട് പ്രത്യേക കരുതലുമുണ്ടായിരുന്നു. കാർഷിക വൃത്തി ഉപജീവന മാർഗ്ഗമല്ലെങ്കിലും അതിനോട് അതീവ താല്പര്യം കാണിച്ചിരുന്നു. കാർഷിക കാര്യങ്ങളെക്കുറിച്ചുള്ള കുശലാന്വേഷണം അദ്ദേഹത്തിനു വലിയ കൗതുകകരമായിരുന്നു. നെല്ലുൽപ്പാദനം നഷ്ടക്കച്ചവടമാണെങ്കിലും യഥാകാലങ്ങളിലെ നെൽകൃഷി ഒരിക്കലും അദ്ദേഹം മുടക്കുമായിരുന്നില്ല.

ജീവകാരുണ്യ പ്രവർത്തനങ്ങൾ

ജീവകാരുണ്യ പ്രവർത്തനങ്ങളും അതിനുള്ള കർമ്മ പരിപാടികളും അദ്ദേഹം ഒരു വലിയ ദൗത്യമായി ഏറ്റെടുത്തിരുന്നു. അയിരൂർ കേന്ദ്രമായി സാധുജന സംരക്ഷണ സമിതിയെന്ന ഒരു സംഘടന രൂപവൽക്കരിച്ച് നീണ്ട നാളുകൾ വിജയകരമായി പ്രവർത്തിച്ചിരുന്നു. അധസ്ഥിതരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും നിരാലംബരുടേയും അത്താണിയായി അവർക്കൊപ്പം സഹാനുഭൂതിയോടെ അച്ചൻ നിലകൊണ്ടു. അർഹിക്കുന്ന രോഗികൾക്ക് സഹായമെത്തിക്കുക,പാർപ്പിട സൗകര്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുക തുടങ്ങിയ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുന്നിട്ടു പ്രവർത്തിച്ച അച്ചന്റെ ഈ രംഗത്തെ സേവനങ്ങൾ കൃതാർത്ഥതയോടെ ഓർമ്മിക്കുകയാണ്.

സാമൂഹിക പ്രവർത്തനം

അയിരൂരിന്റെ അനുരണനങ്ങൾ അടുത്തറിയുകയും നാടിന്റെ എല്ലാ പ്രശ്നങ്ങളിലും സജീവ പങ്കാളിയാവുകയും ചെയ്തിരുന്നു. അയിരൂരിൽ മദ്യഷാപ്പുകൾ പ്രവർത്തിപ്പിക്കാതിരിക്കുവാനുള്ള ധർമ്മസമരത്തിന് നേതൃത്വം നൽകിയവരിൽ ഒരാളായിരുന്നു അച്ചൻ. അങ്ങനെ ഇവിടെ മദ്യഷാപ്പുകൾ അനുവദിച്ചിരുന്നില്ല. ദേശപരിഷ്ക്കരണ സമിതി, ഗ്രാമോദ്ധാരണ സമിതി തുടങ്ങിയ പ്രാദേശിക സംഘടനകളുമായി ചേർന്ന് നാട്ടിൽ നിരവധി വികസനപ്രവർത്തനങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയത് ആദരപൂർവ്വം സ്മരിക്കുന്നു. കാഞ്ഞീറ്റുകര ഗവ. ആശുപത്രി, ചെറുകോൽപുഴ പാലം ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിന് അച്ചന്റെ സംഭാവനകൾ വിലപ്പെട്ടതായിരുന്നു.

സുദീർഘമായ 88 വർഷക്കാലം ഒരു ദൈവദൂതനെപ്പോലെ ഭൂമിയിൽ ജീവിച്ച് അരനൂറ്റാണ്ടിലേറെ സഫലമായ ഇടയശുശ്രൂഷയിലൂടെ ആയുസ്സ് ധന്യമാക്കിയ ആദരണീയനായ തെങ്ങുംതോട്ടത്തിലച്ചന്റെ ജീവിതം മധുരമായിരുന്നു, ദീപ്തമായിരുന്നു, സുതാര്യമായിരുന്നു. സഭയ്ക്കും സമൂഹത്തിനും വഴികാട്ടിയായും വിശ്വാസികൾക്ക് മാർഗ്ഗ ദീപമായും അച്ചന്റെ ദർശനങ്ങൾ എന്നും അണയാതെ പ്രകാശം പരത്തട്ടെ.

6

സർവ രംഗങ്ങളിലും തിളങ്ങിയ വൈദികതാരം

മുക്കാൽ നൂറ്റാണ്ടു മുമ്പ് തന്നെ പഠിപ്പിച്ച ടി. എസ്. ഏബ്രഹാം അച്ച നെപ്പറ്റി ഫാദർ ഫിലിപ്പ് സി. പന്തോളിന്റെ ഒളിമങ്ങാത്ത സ്മരണകൾ വായിക്കുക.

എന്റെ വന്ദ്യ ഗുരുഭൂതനായ ബ. തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ മദ്ധ്യതിരുവിതാംകൂർ പ്രദേശത്തെ സഭാ വേദിയിലും വിദ്യാഭ്യാസ മേഖലയിലും സാമൂഹ്യ പ്രവർത്തനരംഗത്തും തിളങ്ങിയ ഒരുജ്ജ്വല താര മായിരുന്നു. അദ്ദേഹം എനിക്ക് ഒരു പിതാവും ഗുരുനാഥനും മാർഗ്ഗദർ ശിയും ഏറ്റവും പ്രിയപ്പെട്ട അഭ്യുദയകാംക്ഷിയുമായിരുന്നു. വൈദിക പാര മ്പര്യമുള്ളതും ഇന്നും വൈദികരുള്ളതുമായ അച്ചന്റെ ഭവനം എന്റെ വീടിന്റെ സമീപത്താകയാൽ ആ കുടുംബത്തിലുള്ള എല്ലാവരും എനിക്ക് സുപരിചിതരാണ്. അച്ചന്റെ സഹധർമ്മിണി എന്റെ മൂലകുടുംബമായ കോഴ ഞ്ചേരി വെള്ളാറേത്ത് കുടുംബാംഗവുമായിരുന്നു.

സുകുമാര കളബേരനും സംഭാഷണ ചതുരനും പ്രസന്നവദനനുമായ അദ്ദേഹത്തോട് സംഭാഷണം നടത്തുന്നത് ഒരു നല്ല അനുഭവമായിരുന്നു. തന്നെ അഭിമുഖീകരിക്കുന്നവരെ തന്നിലേക്കു ആകർഷിക്കുന്ന ഒരു പ്രത്യേക കാന്തശക്തി അദ്ദേഹത്തിനുണ്ടായിരുന്നു.

മുക്കാൽ നൂറ്റാണ്ടിനു മുമ്പ് ബ. അച്ചൻ ശെമ്മാശനായിരുന്ന കാലം തൊട്ടേ എനിക്ക് അദ്ദേഹത്തെ അറിയാം. കൂടുതൽ അടുത്ത് അറിയുന്നത് അയിരൂർ എം. ടി. ഹൈസ്കൂളിൽ (അന്ന് മിഡിൽ സ്കൂൾ) സെക്കൻഡ് ഫോമിലും തേർഡ്ഫോമിലും എന്റെ ക്ലാസ്ടീച്ചറും ഇംഗ്ലീഷ് അദ്ധ്യാപ കനും ആയിരിക്കുമ്പോഴാണ്. മിക്കവാറും എല്ലാ വിഷയങ്ങൾക്കും ക്ലാസ്സിൽ ഞാനാണു ഫസ്റ്റ് റാങ്ക് നേടിയിരുന്നത്. അതിനാൽ അദ്ദേഹ ത്തിന് എന്നോട് പ്രത്യേക വാത്സല്യവുമുണ്ടായിരുന്നു. ടേം പരീക്ഷകളും അവധിയും കഴിഞ്ഞ് മാർക്കിട്ട ആൻസർ ബുക്കുകൾ കുട്ടികൾക്ക് തിരികെ കൊടുത്തിരുന്ന വേളകളിൽ അദ്ദേഹം എന്റെ ആൻസർ ബുക്ക് മോഡ ലായി കണക്കാക്കി ക്ലാസ്സിൽ പരസ്യമായി വായിച്ചശേഷമേ എനിക്കു തരു മായിരുന്നുള്ളു.

ക്ലാസ്സു വിഷയങ്ങൾ സംബന്ധിച്ച അഭ്യസനം മാത്രമല്ല അതിനോട്

അനുബന്ധമായി ഉത്തമ ക്രൈസ്തവ ജീവിതം കഴിക്കുന്നതിനുള്ള എല്ലാ ഉപദേശങ്ങളും സന്ദർഭോചിതമായി നൽകുമായിരുന്നു. അച്ചന് നല്ല നർമ്മ ബോധമുണ്ടായിരുന്നതിനാൽ എല്ലാ ക്ലാസ്സിലും ഞങ്ങൾക്ക് ആവശ്യത്തിന് ചിരിക്കാനുള്ള വകകൾ കിട്ടുമായിരുന്നു. താൻ പഠിപ്പിച്ചിരുന്ന മറ്റു ക്ലാസ്സുകളിലെ ചിരിക്കാനുള്ള വകകൾ ഞങ്ങൾക്ക് വിളമ്പിത്തരുമായിരുന്നു. ഒരു ഉദാഹരണം. ഐക്കാട്ടെ കുഞ്ഞൂഞ്ഞ് (പിൽക്കാലത്ത് സ്കൂളിന്റെ ഹെഡ് മാസ്റ്റർ, പരേതനായ സൈമൺസാർ) അന്ന് പ്രിപ്പാറട്ടറി ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഞങ്ങളുടെ അദ്ധ്യാപകനായിരുന്നു കൈപ്പള്ളാലുങ്കലെ കുഞ്ഞൂഞ്ഞ് സാർ. കുഞ്ഞൂഞ്ഞ് സാറിന്റെയും കുഞ്ഞൂഞ്ഞിന്റെയും മൂല കുടുംബം കുരുടാമണ്ണാണ്. കുടുംബത്തലമുറയുടെ ദായക്രമമനുസരിച്ച് കുഞ്ഞൂഞ്ഞുസാറിന്റെ വല്യപ്പച്ചനായി വരുമായിരുന്നു ഐക്കാട്ടെ കുഞ്ഞൂഞ്ഞ്. അങ്ങിനെ സരസനായ കുഞ്ഞൂഞ്ഞൂസാർ ഐക്കാട്ടെ കുഞ്ഞൂഞ്ഞിനെ വല്യപ്പച്ചൻ എന്നു വിളിച്ചിരുന്നു. നർമ്മബോധമുള്ള കുഞ്ഞൂഞ്ഞിന്റെ സഹപാഠികളും അത് ഏറ്റെടുത്തു. പോരെങ്കിൽ കുഞ്ഞൂഞ്ഞിന് പ്രായത്തിൽ കവിഞ്ഞ പക്വതയും അവരുടെ ദൃഷ്ടിയിൽ ഒരു വല്യപ്പച്ചന്റെ മട്ടുമുണ്ടായിരുന്നു. ഒരു നൂൺ ഇന്റർവെല്ലിന് ഭക്ഷണം കഴിച്ച് കുഞ്ഞൂഞ്ഞിനെ ക്ലാസ്സിലേക്ക് കയറി വന്നപ്പോൾ സതീർത്ഥ്യരായ പ്രിപ്പാറട്ടറി കുട്ടികളെല്ലാം കൂടി വല്യപ്പച്ചാ, വല്യപ്പച്ചാ എന്നു വിളിച്ച് അസഹ്യപ്പെടുത്തി. നല്ല തടിമിടുക്ക് ഉണ്ടായിരുന്ന കുഞ്ഞൂഞ്ഞ് എല്ലാവർക്കും നിരപ്പേ ഓരോ അടിയും കൊടുത്തു. ഉച്ചകഴിഞ്ഞ് ഫസ്റ്റ് പീരിയഡ് ക്ലാസ്സെടുക്കാൻ തെങ്ങുംതോട്ടത്തിലച്ചൻ ക്ലാസ്സിൽ ചെന്നപ്പോൾ കൂട്ട കംപ്ലെയിന്റ്. "അച്ചാ കുഞ്ഞൂഞ്ഞ് ഞങ്ങളെ എല്ലാവരേയും അടിച്ചു." അച്ചൻ ചൂരൽ കൈയിലെടുത്തു. കുഞ്ഞൂഞ്ഞിനെ കൈകാര്യം ചെയ്യാൻ കൈയ്ക്കു പിടിച്ചു. കുഞ്ഞൂഞ്ഞ് അപ്പോൾ പറയുകയാണ്. "അച്ചാ എന്നെ കേട്ടതിനുശേഷം വേണേൽ തല്ലിക്കോ. ഈ പിള്ളേരെല്ലാം വല്യപ്പച്ചാ വല്യപ്പച്ചാ എന്നു വിളിച്ചു പരിഹസിച്ചു. വിളിച്ചതുപോകട്ടെ. പക്ഷെ വല്യപ്പച്ചനെ കണ്ടിട്ട് എഴുന്നേല്ക്കുകയോ ബഹുമാനിക്കുകയോ ചെയ്തില്ല. അപ്പോൾ ഞാൻ വല്യപ്പച്ചന്റെ അധികാരം ഉപയോഗിച്ച് ഓരോന്നു കൊടുത്തു. അതു വേണ്ടതല്ലേ അച്ചാ." അച്ചനും പിള്ളേരും ചിരിച്ചു. കേസ് അങ്ങിനെ തീർന്നു. ബ. അച്ചൻ ഞങ്ങളുടെ ക്ലാസ്സിൽ ഈ സംഭവകഥ പറഞ്ഞപ്പോൾ ഏറെ നേരത്തേക്ക് കൂട്ടച്ചിരി മുഴങ്ങി. അന്നുമുതൽ കുഞ്ഞൂഞ്ഞ് എല്ലാവരുടേയും വല്യപ്പച്ചനായി.

ബ. തെങ്ങുംതോട്ടത്തിലച്ചന്റെ സേവനരംഗം അതി ബൃഹത്തും വൈവിദ്ധ്യപൂർണ്ണവുമായിരുന്നു. മതാപ്പാറ ഓർത്തഡോക്സ് പള്ളിയോടൊപ്പം ഒരേ സമയം ചുറ്റുപാടുമുള്ള അനേകം പള്ളികളുടെ മികച്ച വികാരിയായിരുന്നു. സഭാ ഭദ്രാസന സേവനരംഗത്തും സഭയുടെ അത്യുന്നത ശ്രേണി

കളിലും അദ്ദേഹത്തിന്റെ സേവനം വളരെ വിലപ്പെട്ടതാണ്. അവിവാഹിതനായിരുന്നെങ്കിൽ തീർച്ചയായും സഭയിലെ എപ്പിസ്കോപ്പൽ തലത്തിലേക്ക് ഉയർത്തപ്പെടുമായിരുന്നു. ആഗോള കത്തോലിക്കാ സഭയുടെ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ ഓർത്തഡോക്സ് സഭയുടെ നിരീക്ഷകനായി തെങ്ങുംതോട്ടത്തിലച്ചനെയാണ് അയച്ചതെന്ന് ഓർക്കുമ്പോൾ അദ്ദേഹത്തിന് സഭയിൽ ഉണ്ടായിരുന്ന അദ്വിതീയ സ്ഥാനം വെളിവാകുമല്ലോ. അയിരൂരെ സഭൈക്യ പ്രസ്ഥാനത്തിന്റെ (എക്യുമെനിക്കൽ ഫോറം) അനേക വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായിരുന്നു ബ. അച്ചൻ. അദ്ദേഹത്തിന്റെ കാലശേഷം ആ സ്ഥാനം വഹിക്കാൻ ശിഷ്യനായ എനിക്കാണ് കുറി വീണത്. പ്രായാധിക്യത്താൽ ഞാൻ ആ സ്ഥാനം ഒഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മകൻ ബ. തരകനച്ചൻ ആ സ്ഥാനം അലങ്കരിക്കുന്നു.

എന്റെ വൈദിക സേവനത്തിനിടയ്ക്ക് വീട്ടിൽ വരുന്ന മിക്കവാറും എല്ലാ അവസരത്തിലും ഞാൻ ബ. അച്ചനെ കണ്ടു ദീർഘമായി സൗഹൃദ സംഭാഷണം നടത്തുകയും അനുഗ്രഹം സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ബ. അച്ചനും അന്നത്തെ ശിഷ്യരായിരുന്ന എന്റെ സഹപാഠികളിൽ പലരും നിയതിയുടെ മാറാത്ത നിയമം ആദരിച്ച് കാലയവനിയ്ക്ക് അപ്പുറത്തേക്ക് പോയി. അവിടെ അവൻ പരസ്പരം കണ്ട് പിരിയാത്ത കൂട്ടായ്മയാൽ സ്വർഗ്ഗീയ സൗഭാഗ്യം അനുഭവിക്കുന്നുണ്ടാവും. അച്ചന്റെ പാവന സ്മരണയ്ക്കു മുമ്പിൽ തല കുനിക്കുന്നു.

7

എം. ജി. എം. എച്ച്. എസും, ടി. എസ്. അച്ചനും

1953–81 വരെ എം. ജി. എം. സ്കൂളിൽ അദ്ധ്യാപകനായും 1985–1988 വരെ ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചു. അദ്ധ്യാപകർക്കുള്ള സംസ്ഥാന, ദേശീയ അവാർഡുകൾ നേടിയ തിരുവല്ലാ കെ. എം. മാത്യു വാണ് ഈ അനുസ്മരണ കുറിച്ചിരിക്കുന്നത്:

എം. ജി. എം. ഹൈസ്കൂളിലെ പ്രഥമാധ്യാപകനായും കറസ്പോണ്ടന്റായും 1952-ൽ പ്രശസ്തനായ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പായെ മാനേജരും അച്ചന്റെ വലിയ അഭ്യുദയകാംക്ഷിയുമായിരുന്ന പ. ഗീവറുഗീസ് രണ്ടാമൻ ബാവ നിയമിച്ചതിനെ തുടർന്ന് അദ്ദേഹം സ്കൂളിനെ സ്വന്തം വീടുപോലെയും കുട്ടികളെ മക്കളെ പോലെയും കരുതി സ്നേഹിച്ചു. അതുല്യമായ ശരീരകാന്തിയും വ്യക്തിത്വവും സഭാ സ്നേഹവും അദ്ദേഹത്തെ വൈദികട്രസ്റ്റി എന്ന മഹോന്നത സ്ഥാനത്തേക്കു ആനയിച്ചു. പൊന്നിൻ കുടത്തിനു പൊട്ടെന്ന പോലെ പിന്നീട് രണ്ടാം വത്തിക്കാൻ കൗൺസിലിലെ സഭയുടെ നിരീക്ഷകനായും നിയോഗിക്കപ്പെട്ടു. മലേഷ്യ – സിംഗപ്പൂർ പള്ളികളുടെ വികാരി സ്ഥാനവും പ്രശസ്തിയുടെ തലപ്പാവിലെ തൂവൽ തന്നെയായിരുന്നു.

ഞാൻ അധ്യാപകനായ 1953ലാണു ബോർഡിംഗ് ഹോം ആരംഭിച്ചത്. അച്ചൻ പ്രധാന വാർഡനും ഞാൻ ബോർഡിംഗ് മാസ്റ്ററും. ബോർഡിംഗ് ഹോമിൽ ഞങ്ങൾ ഒന്നിച്ചു താമസിച്ചതിനാൽ അച്ചനെ ശരിക്കു മനസ്സിലാക്കാനും കഴിഞ്ഞു. കർമ്മനിരതരായ അദ്ധ്യാപകരും ഉത്സാഹികളായ കുട്ടികളും സ്കൂളിനു നവചൈതന്യം പകർന്നു. വഴിയമ്പലം പോലെ തുറന്നു കിടന്ന സ്കൂൾ, ഗേറ്റിട്ടും പറമ്പും പന്തുകളി സ്ഥലവും മതിൽ കെട്ടിയും ഭദ്രമാക്കി. പലരും മറന്നു പോയ സ്കൂളിന്റെ കനകജൂബിലി ആഘോഷിച്ച് അതിലൂടെ ലഭിച്ച പണം കൊണ്ടാണിത് സാധിച്ചത്. സ്കൂളിനു വേണ്ട പണം പുതിയ അധ്യാപക നിയമനത്തിലൂടെയും കുട്ടികളുടെ പ്രവേശനത്തിലൂടെയും സമാഹരിക്കാതെ സ്കൂളിന്റെ സുഹൃത്തുക്കളിൽ നിന്നു തന്നെ സംഭരിച്ചു. സ്കൂളിനു മുമ്പിൽ ഒരു കുരിശിൻ തൊട്ടി നിർമ്മിച്ച് അതിൽ നിന്നുള്ള ആദായം അർഹരായ പാവപ്പെട്ട കുട്ടികൾക്കു നൽകി. പൂർവ്വ വിദ്യാർത്ഥിയും തോട്ടം ഉടമയുമായ പി. സി. ചാക്കോയാണു സേവനത്തിനായുള്ള കുരിശിൻതൊട്ടി പണിയിക്കാനുള്ള പണം അച്ചനെ ഏല്പിച്ചത്.

സുന്ദരമായ രണ്ടു ടവ്വറുകൾ മകുടം ചാർത്തുന്ന ആദ്യത്തെ സ്കൂൾ കെട്ടിടത്തിനു കാലപ്പഴക്കം വരുത്തിവച്ച കേടുപാടുകൾ മാറ്റി. മുറ്റത്തും ഫീൽഡിലും നിന്ന പ്ലാവും മാവും സ്കൂളിനകത്തെ ഫർണിച്ചറായി മാറി. സമുദായക്കേസിന്റെ ചരടിൽ കുടുങ്ങിയ എം. ജി. എം വസ്തുവിലെ മരങ്ങൾ വെട്ടിമാറ്റാൻ പാത്രിയർക്കീസ് ഭാഗത്തെ കോടിയാട്ടു ഷെവ. കെ. ജെ. ഏബ്രഹാം ടി. എസ്. അച്ചനു പൂർണ്ണ സഹകരണം നൽകി, "പരിശുദ്ധനായ തിരുമേനിയുടെ സ്കൂൾ അല്ലേ? അച്ചൻ വേണ്ടതു ചെയ്യുക". ഏബ്രഹാം, തന്നെ സന്ദർശിച്ച ടി. എസ്. അച്ചനോടു പറഞ്ഞു.

സുവർണ്ണ ജൂബിലി ഒരു വലിയ സംഭവമായിരുന്നു. അധ്യാപകരെയും, രക്ഷാകർത്താക്കളെയും പൂർവ്വവിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ആലോചനായോഗം, പിന്നെ പണസമാഹരണം, വിവിധ സമ്മേളനങ്ങൾ ലഭിക്കുന്ന പണത്തിന്റെ ശരിയായ വിനിയോഗം തുടങ്ങിയ കാര്യങ്ങൾ എല്ലാം ഭംഗിയായി നടന്നു. ധനശേഖരണത്തിനു പി. സി. ചെറിയാൻ, കെ. പി. ബേബി, ചെത്തിക്കാട്ടു സി. വി. ഉമ്മൻ എന്നീ അധ്യാപകർ അക്ഷീണയത്നം നടത്തി. സഭാധ്യക്ഷനും സ്കൂൾ മാനേജരുമായ പ: ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായാണു അധ്യക്ഷനായിരുന്നു ജൂബിലി സമ്മേളനത്തിനു മഹനീയ പരിവേഷം നൽകിയത്.

സ്കൂളിന്റെ ഭൗതികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിൽ 24 മണിക്കൂറും ജാഗരൂകനായിരുന്ന ഹെഡ്മാസ്റ്റർ സീനിയർ അധ്യാപകരെ സഹോദരന്മാരായും യുവ അധ്യാപകരെ സ്കൂളിന്റെ ശക്തിദുർഗ്ഗമായും പരിഗണിച്ചിരുന്നു.

സ്കൂളിലെത്തിയാൽ ഓഫീസു കാര്യങ്ങളിൽ നിർദ്ദേശം നല്കിയ ശേഷം വരാന്തയിൽ കൂടി നടന്ന് മൊത്തത്തിൽ ഒരു പരിശോധന നടത്തും. അധ്യാപകർ ഇല്ലാത്ത ക്ലാസിൽ കയറി കുട്ടികളോട് നർമ്മ സംഭാഷണത്തിൽ ഏർപ്പെട്ട ശേഷം ഇംഗ്ലീഷ് ഗ്രാമർ പഠിപ്പിക്കും. രണ്ടാം പീരിഡു കഴിയാറാകുമ്പോഴേക്കും ഓഫീസിൽ എത്തും. സമർത്ഥനായ – എല്ലാം തിട്ടമുള്ള – വാലയിലെ ചാക്കോ സാറിനായിരുന്നു ഓഫീസിന്റെ ചുമതല. ഒപ്പിടാനുള്ള ഫയലുകൾ മുമ്പിൽ വന്നാൽ ഇടയ്ക്കിടെ 'അവിരാ', 'ഇത്താക്കേ' എന്ന് ഉറക്കെ വിളിക്കും. അന്ന് പ്രായമേറിയ രണ്ടു ഓഫീസ് സഹായികളായിരുന്നു അവറാൻ ചേട്ടനും ഇത്താക്കു ചേട്ടനും.

പ്രധാന വാർഡനായി അച്ചനും സഹവാർഡന്മാരായി പയ്യംപള്ളിൽ അച്ചനും പി. സി. ഈപ്പൻ സാറും പ്രവർത്തിച്ചിരുന്നു. ബോർഡിംഗ് കാര്യക്ഷമമായി നടത്തിയതു കൊണ്ട് ക്രമേണ കുട്ടികളുടെ എണ്ണം വർദ്ധിച്ചു വന്നു.

ബോർഡിംഗ് വിദ്യാർത്ഥികൾക്കു ക്ലാസ്സെടുക്കുമായിരുന്നു. അച്ചൻ വിരമിക്കുന്നതുവരെ അവരുടെ ആത്മീയ കാര്യങ്ങളിലും ശ്രദ്ധിച്ചിരുന്നു. ഫീസ് ഈടാക്കിയിരുന്നുമില്ല. മെസ്സ് ഹാളിലും ശ്രദ്ധിച്ചിരുന്നു. ചില കുട്ടികളുടെ പ്ലെയിറ്റിൽ കറികൾ ഉപയോഗിക്കാതെ തന്നെയിരിക്കുന്നുണ്ടാവും. അവർക്ക് അത് ഇഷ്ടമല്ലത്രെ. അച്ചൻ പറയും, "ഇഷ്ടമില്ലാത്തതിനെ കണ്ടു കൊണ്ട് എത്ര നേരമാ ഇരിക്കുന്നത്. അത് ശാപ്പിട്ടു കള" എന്ന്. കുട്ടികൾ മനസ്സില്ലാ മനസ്സോടെ അത് തിന്നുന്നതു കണ്ട് അച്ചൻ ഊറിച്ചിരിക്കും.

ബോർഡിംഗിനും കുട്ടികൾക്കും വേണ്ടി ഇത്രയുമൊക്കെ ത്യാഗങ്ങൾ ചെയ്തുവെങ്കിലും മാസം തോറും മറ്റ് അധ്യാപകർ തരുന്നതിനേക്കാൾ മുമ്പേ ബോർഡിംഗ് ഫീസ് അച്ചൻ കൃത്യമായി നൽകിയിരുന്നു.

ഒരു പുരോഹിതന്റെ മുഖ്യ ദൗത്യം അജപാലനമായിരുന്നു, എന്നാൽ വൃക്ഷലതാദി പരിപാലനം കൂടി ചേർന്നപ്പോഴാണ് ഇന്നു നാം വിലപ്പെട്ടതായി കരുതുന്ന പരിസ്ഥിതി സംരക്ഷണമെന്ന വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം ശ്രദ്ധേയമാകുന്നത്. കാടുപിടിച്ചു കിടന്ന സ്ഥലം കിളപ്പിച്ച് കപ്പ, വാഴ, ചീമച്ചേമ്പ് മുതലായ വിളകൾ ഇറക്കി. അവയെല്ലാം നല്ല ഫലം തന്നു.

തിരുവല്ലാ നിവാസികളെ ഹരം പിടിപ്പിച്ച വാശിയേറിയ ഫുട്ട് ബോൾ മത്സരങ്ങളാണ് അച്ചന്റെ ഭരണകാലത്ത് നടന്നത്. ഫീൽഡിൽ നിറഞ്ഞു കവിയുന്ന ജനക്കൂട്ടം. ഒടുവിൽ നടന്ന മത്സരം എം. ജി. എം, സെന്റ് ജോൺസ് എന്നീ സ്കൂളുകളിലെ ടീമുകൾ തമ്മിലായിരുന്നു. എം. ജി. എം. ഒരു ഗോളിനു ജയിച്ചു.

അല്പം കുടുംബകാര്യം

ഒരിക്കൽ അച്ചന് കലശലായ ബ്രോങ്കൈറ്റിസ് പിടിപെട്ടു. ബോർഡിംഗിൽ തന്നെ താമസിച്ച് ചികിത്സ നടത്തി. ഡോക്ടർ മുറയ്ക്കു വന്നു കൊണ്ടിരുന്നു. നഴ്സ് എല്ലാ ദിവസവും വന്നു കുത്തി വയ്ക്കും. അച്ചന്റെ സഹധർമ്മിണി ബോർഡിംഗിൽ വന്നു മണൽക്കിഴി കുത്തുക, ഭക്ഷണം കൊടുക്കുക മുതലായവ ചെയ്ത ശേഷം തിരിച്ചു പോകും. ഏതാനും ദിവസം കൊണ്ട് അച്ചന്റെ അസുഖം പൂർണ്ണമായി മാറി. വളരെ വൈഭവത്തോടു കൂടി കുടുംബം പരിപാലിക്കാൻ കഴിവുള്ള ഒരു കൂട്ടുകാരിയെയാണ് ദൈവം അച്ചന് നല്കിയത്.

1957ൽ അറുപതു തികഞ്ഞപ്പോൾ ജോലിയിൽ നിന്നു വിരമിച്ച ശേഷം അച്ചൻ മലയാ, സിംഗപ്പൂരിൽ ഇടവകകളുടെ വികാരിയായി നിയമിക്കപ്പെട്ടു. ആ ഇടവകയുടെ ഇംഗ്ലീഷിലുള്ള ഭരണഘടന മലയാളത്തിലാക്കി

അച്ചടിപ്പിച്ച് കൊടുക്കണമെന്ന് എന്റെ പേർക്ക് എഴുതി. അതനുസരിച്ചു ഞാൻ ചെയ്തു. 1973 ൽ എനിക്ക് സ്റ്റേറ്റ് അവാർഡു കിട്ടിയപ്പോൾ അനുമോദന സമ്മേളനത്തിൽ സംബന്ധിക്കുന്നതിന് തിരുവല്ലായിൽ അച്ചൻ വന്നു. അച്ചൻ പുനരാരംഭിച്ച വിശിഷ്ട പാരമ്പര്യങ്ങൾ ഇന്നും എം. ജി. എം. അന്യൂനം പാലിക്കുന്നത് അച്ചനുള്ള പരോക്ഷമായ ഒരു വലിയ ബഹുമതിയാണ്.

8

കർമ്മ മേഖലയിൽ ചൈതന്യം പകർന്നു

ടി. എസ്. അച്ചൻ 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ജനിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം കടന്നു പോകുന്നതിനിടയിൽ പ്രവർത്തിച്ച അര നൂറ്റാണ്ടു കാലം എല്ലാ മണ്ഡലങ്ങളിലും കർമ്മ ചൈതന്യം പകർന്നിരുന്നു എന്നത്രെ മതാപ്പാറപ്പള്ളിയുടെ വികാരി ഫാ. വറുഗീസ് മാത്യുവിന്റെ അഭിപ്രായം. ആയുഷ്കാല വികാരി എന്ന നിലയിൽ, തന്റെ പിതാമഹൻ ആരംഭിച്ച പള്ളി ടി. എസ്. അച്ചൻ പുതുക്കിപ്പണിഞ്ഞു. ആ പള്ളിയിൽ വികാരിയായിരിക്കുന്നതിനും ടി. എസ്. അച്ചൻ ആരംഭിച്ച ഇഴടപ്പാവൂർ മാർ ഗ്രീഗോറിയോസ് പള്ളി പുതുക്കിപ്പണിയുന്നതിനുമുള്ള ഭാഗ്യം എനിക്കു ലഭിച്ചിരിക്കുന്നു. സ്നേഹം, ബുദ്ധി, കരുണ എന്നിവയുടെ കേദാരമായിരുന്ന ടി. എസ്. അച്ചനു ദീർഘകാലം സ്വന്തം ഇടവകയെ കാര്യക്ഷമമായി നയിക്കാൻ സാധിച്ചു. സഭാ നൗകയെ കാറ്റും കോളും കുലുക്കിയ സന്ദർഭങ്ങളിൽ പ. വട്ടശ്ശേരിൽ തിരുമേനി, ഗീവറുഗീസ് ദ്വിതീയൻ ബാവ, ഔഗേൻ ബാവാ എന്നിവരുടെ പിന്നിൽ അച്ചൻ പാറ പോലെ ഉറച്ചു നിൽക്കുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു എന്നത് ഒരു രഹസ്യമല്ല. ഓർത്തഡോക്സ് വിശ്വാസത്തിനു നവീകരണ വിഭാഗം ആഘാതമേൽപ്പിക്കാൻ ശ്രമിച്ച അവസരങ്ങളിൽ മറ്റു വൈദികരോടൊപ്പം അച്ചൻ സഭാംഗങ്ങളെ ബോധവൽക്കരണം, പ്രസംഗങ്ങൾ, ചരിത്ര - വിശ്വാസ വിശദീകരണങ്ങൾ എന്നിവ വഴി നേർവഴിയിൽ തന്നെ പിടിച്ചു നിറുത്തി എന്നത് എടുത്തു പറയേണ്ട ഒരു പ്രധാന കാര്യമാണ്. വല്ല്യച്ചന്റെ സേവന പ്രവർത്തനങ്ങൾ വരും തലമുറകളും അനുസ്മരിക്കുന്നതിനും, തദ്വാരാ സൽപ്രേരണകൾ ലഭിക്കുന്നതിനും ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പയ്ക്കു സമുചിതമായ ഒരു സ്മാരകം ജന്മനാട്ടിൽ ഉയരണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ടും അതിനു വേണ്ടി എല്ലാ ജനവിഭാഗങ്ങളെയും ആഹ്വാനം ചെയ്തു കൊണ്ടും ഈ അനുസ്മരണയ്ക്കു വിരാമം ഇടട്ടെ.



9

ഒരു മരുമകളുടെ മനതാരിൽ നിന്ന്

സ്ഥാനം ന്യായേന ടി. എസ്. അച്ചന്റെ മരുമകളും റിട്ട. ഹൈസ്ക്കൂൾ അധ്യാപികയുമായ ഡെയ്സി എം. ഏബ്രഹാം പറയുന്നത് അച്ചൻ എന്നും എല്ലാവരുടെയും പപ്പാ ആയിരുന്നു എന്നാണ്. ഡെയ്സിയുടെ മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്ന ഓർമ്മകൾ ഇവിടെ നിരത്തുകയാണ്.

ഞാൻ 12 വയസ്സുള്ള ഒരു ബാലികയായിരുന്നപ്പോൾ എന്റെ പിതാവ് കുരുടാമണ്ണിൽ കായിപ്ലാക്കൽ കെ. എം. ഫിലിപ്പും ഞാൻ വിവാഹിതയാകുന്നതിനു മുൻപ്, എന്റെ ഭർത്താവ് പ്രൊഫ. ടി. ഏബ്രഹാം വറുഗീസിന്റെ (കുട്ടപ്പൻ) പിതാവും ടി. എസ്. അച്ചന്റെ സഹോദരനുമായ ടി. എസ്. ഗീവറുഗീസും മരണമടഞ്ഞിരുന്നു. അങ്ങനെ എനിക്കും ഭർത്താവിനും ടി. എസ്. അച്ചൻ പപ്പാ തന്നെയായി. കൂടാതെ എന്റെ പിതാവും അച്ചനും കസിൻസ് ആയിരുന്നു.

ഞാനും ഭർത്താവും മതാപ്പാറ എം. ടി. സ്കൂളിൽ അധ്യാപകരായിരുന്നതിനാൽ പപ്പായുടെ തെങ്ങുംതോട്ടത്തിൽ ഭവനം ഞങ്ങളുടെയും വീടായിരുന്നു. തെങ്ങുംതോട്ടത്തിൽ ദിവസവും വെളുപ്പിന് അഞ്ചു മണിക്കും വൈകിട്ടുമുള്ള കുടുംബ പ്രാർത്ഥനകൾക്കു മാറ്റമില്ലായിരുന്നു. അച്ചന്റെ പുത്രന്മാരായ അനിയനും (ഇന്നു ഫാ. ടി. എ. പീലിപ്പോസ് തരകൻ), കുഞ്ഞുമോനും വേഗത്തിൽ പ്രാർത്ഥന ചൊല്ലി വന്നു. ഇതറിയാവുന്ന പപ്പാ ഒരിക്കൽ പറഞ്ഞു. "ഡെയ്സിയും നിങ്ങളുടെ കൂടെ ഒപ്പം എത്താൻ വേണ്ടി പ്രാർത്ഥന നിറുത്തി സാവകാശം ചൊല്ലുക" പ്രഭാത പ്രാർത്ഥന കഴിഞ്ഞു പപ്പാ പറമ്പിൽ ഒക്കെ ഒന്നു നടന്നു നല്ല ഒരു റോസാപ്പൂവ് പറിച്ചു ഡെയ്സിക്കു കൊടുക്കണമെന്നു പറഞ്ഞു അമ്മയെ (അച്ചന്റെ പത്നി) ഏല്പിക്കും. ചിലപ്പോൾ കുട്ടപ്പൻ അതു തട്ടിയെടുത്തു എന്റെ മുടിയിൽ ചൂടിച്ചാൽ പപ്പായുടെ മുഖത്തായിരിക്കും സന്തോഷത്തിന്റെ റോസാപ്പൂ വിരിയുക.

കാതോലിക്കേറ്റ് ഹൈസ്കൂളിൽ ഒരു ഒഴിവു വന്നപ്പോൾ ഞാൻ ഇന്റർമാനേജ്മെന്റ് ട്രാൻസ്ഫർ വാങ്ങി അവിടെ ചാർജ്ജെടുത്തു. കുന്നിന്റെ താഴെയുള്ള എന്റെ ഭർതൃ ഭവനത്തിൽ നിന്നു സ്കൂളിലേക്കു 150 മീറ്റർ ദൂരമേയുള്ളു എങ്കിലും പതിനെട്ടാംപടിപോലെ കുത്തനെയുള്ള പത്തിരുപതു കൽപടവുകൾ കയറിയാലേ സ്കൂളിന്റെ അടിവാരം ചുറ്റിയുള്ള റോഡിൽ എത്താനാവൂ. മടങ്ങി വരുമ്പോഴും ഈ പടികൾ ഇറങ്ങണം.

എന്റെ രണ്ടാമത്തെ മകൾ സൂസൻ ഉദരത്തിൽ കിടക്കുന്ന സമയം. ഒരിക്കൽ പപ്പാ വന്നപ്പോൾ ഉച്ചയ്ക്കു ഉണ്ണാൻ വന്ന എന്റെ ഈ കഷ്ടപ്പെട്ട കയറ്റിറക്കം കണ്ട് "അവൾക്ക് ഉച്ചയ്ക്ക് ഒരു പിടിച്ചോറു കൊടുത്തയച്ചു കൂടെ" എന്നു അല്പം പരിഭവത്തോടെ വീട്ടിലുള്ള അമ്മയോടു ചോദിച്ചതായി ഞാൻ വൈകിട്ടു വന്നപ്പോൾ അമ്മായിയമ്മ പറഞ്ഞു. അതോടൊപ്പം "പപ്പായ്ക്കു മരുമകളോടു എന്തൊരു കരുതൽ" എന്നും പറയാൻ അമ്മ മറന്നില്ല. ആ കരുതൽ ആത്മാർത്ഥമായ സ്നേഹപ്രകടനമല്ലെങ്കിൽ പിന്നെന്ത്?

അമ്മവീട്ടിൽ വച്ച് എന്റെ മകൻ ജനിച്ചു പത്താംപക്കം കുട്ടപ്പൻ ഉപരിപഠനാർത്ഥം മധ്യപ്രദേശിലേക്കു പോയി. മൂന്നു മാസം കഴിഞ്ഞപ്പോൾ മോനെ കൊണ്ടു പോയി അച്ചനെ ഒന്നു കാണിക്കുക എന്നു അമ്മ പറഞ്ഞതനുസരിച്ച് ഒന്നര കിലോമീറ്റർ ദൂരമുള്ള തെങ്ങുംതോട്ടത്തിൽ എത്തി. പപ്പാ പറമ്പിലായിരുന്നു. കുഞ്ഞിനെ കട്ടിലിൽ കിടത്തി മാറിനിൽക്കാൻ അവിടത്തെ അമ്മ പറഞ്ഞു. പപ്പാ കയറി വന്നപ്പോൾ കട്ടിലിൽ കണ്ട കുഞ്ഞിനെ എടുത്ത് ഓമനിച്ചു. കുഞ്ഞാണെങ്കിൽ വാ പിളർന്നു ചിരിച്ച് വല്ല്യപ്പച്ചനെ ആനന്ദത്തേരിലാക്കി.

പപ്പാ അമ്മച്ചിയെ (ഭാര്യ) വിളിച്ച് കുഞ്ഞു ഏതാണെന്നാരാഞ്ഞു. "കുഞ്ഞേതാണെന്നറിയാതെ എന്തിനാണ് അതിനെ ഓമനിച്ചതും ഉമ്മ വച്ചതും" അമ്മച്ചി പ്രതിവചിച്ചു. "ഇവനെ കണ്ടിട്ട് എനിക്കുള്ളതാണെന്നു തോന്നുന്നു" ഇരുവരും ചിരി തന്നെ ചിരി. അമ്മച്ചി എന്നെ ഒന്നു വിളിച്ചതിനാൽ പപ്പായ്ക്കും കാര്യം നേരത്തെ പിടികിട്ടി. ഉടൻ തന്നെ മോനെ മടിയിൽ ചാരിക്കിടത്തി തൊപ്പിയെടുത്ത് അവന്റെ തലയിൽ വച്ചു കൊണ്ട് തൊപ്പി ഇവനു നല്ലവണ്ണം ചേരുന്നല്ലോ എന്നും പറഞ്ഞു.

എനിക്കു 1966-ൽ കോട്ടയം എം. ഡി. എച്ച്. എസിലേക്കു സ്ഥലം മാറ്റം വാങ്ങിത്തന്നതും പപ്പായാണ്. ഞങ്ങൾ അന്നു ജില്ലാ ആശുപത്രിക്കു സമീപം വാടക വീട്ടിലാണു താമസിച്ചിരുന്നത്. ചിലപ്പോൾ പപ്പായുടെ ആശ്രിതരെയും ബന്ധത്തിലുള്ള ചിലരെയും ചികിത്സാർത്ഥം കോട്ടയത്തു കൊണ്ടു വരുമ്പോൾ അവരെ ഞങ്ങളുടെ കൂടെ താമസിപ്പിക്കുമായിരുന്നു. അവർക്കു വേണ്ട ഭക്ഷണവും താമസ സൗകര്യവും നൽകണമെന്നും പപ്പാ ശട്ടം കെട്ടുമായിരുന്നു. ഞങ്ങൾ കഴിവതു ചെയ്തിട്ടുമുണ്ട്.

പരീക്ഷയെഴുതാൻ പോകുന്നവരും ജോലി കിട്ടിപ്പോകുന്നവരും പല പ്പോഴും തെങ്ങുംതോട്ടത്തിൽ വന്ന് പപ്പായുടെ പ്രാർത്ഥനയും അനുഗ്രഹവും വാങ്ങിപ്പോകാറുണ്ടായിരുന്നു.

1971-ൽ എനിക്കു കാൻസർ ആണെന്നു ധരിച്ചു തിരുവനന്തപുരത്തു ചികിത്സക്കു പോയി. എന്റെ സഹോദരീ ഭർത്താവ് ഡോ. കെ. ഇ. വറുഗീസും വിവരമറിഞ്ഞു വന്നു. "കുട്ടപ്പാ നമുക്കു വെല്ലൂർ വരെ പോയി

നോക്കാം. ഇവിടെ ഒന്നും വിശ്വസിക്കാനാവില്ല" എന്നു ഡോക്ടർ പറഞ്ഞു. വീട്ടുകാര്യങ്ങൾ നോക്കാൻ ശേഷിയില്ലാതെ എന്റെ സഹോദരി കല്ലുപാലത്തിങ്കൽ ഓമനയുടെ വീട്ടിലായിരുന്നു അന്നു താമസം.

വെല്ലൂർക്ക് പോകുന്ന ദിവസം ഓർത്തഡോക്സ് സഭയിലെ പല വൈദികരും വന്നു പ്രാർത്ഥിച്ചു. പപ്പായും വന്നിരുന്നു. ഞങ്ങൾ താമസിച്ച വീട്ടിലെ ആളുകൾ സി. എസ്. ഐക്കാരായിരുന്നതിനാൽ പപ്പാ കൗമാപ്രാർത്ഥന, കർത്താവിന്റെ പ്രാർത്ഥന ചൊല്ലി അവസാനിപ്പിക്കയാണുണ്ടായത്. കന്യകമറിയാമിനോടുള്ള അപേക്ഷയും മൗനമായി ചൊല്ലിയിരിക്കും. ഒടുവിൽ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു "പോയി വാ മോളെ" എന്നു പറഞ്ഞയച്ചു. വെല്ലൂരിൽ ചെന്നു പല പരിശോധനകൾ കഴിഞ്ഞിട്ടും ഡോക്ടർമാർ നോക്കിയിട്ടും രോഗത്തിന്റെ ഒരു ലാഞ്ഛനയും കാണാൻ കഴിഞ്ഞില്ല.

ഞങ്ങൾ തിരിച്ചു തെങ്ങുംതോട്ടത്തിൽ ചെന്നപ്പോൾ പപ്പായും സതീർത്ഥ്യനും സന്തതസഹചാരിയും ബന്ധുവുമായ ചേരാനിപ്പൊയ്കയിലെ ഉണ്ണൂണ്ണിച്ചായനും തമ്മിൽ സംസാരിക്കുകയായിരുന്നു. രോഗമില്ലാത്ത എന്നെ നോക്കി "ഇവളെ കാണുമ്പോൾ എനിക്കു സങ്കടവും സന്തോഷവും ഒന്നിച്ചുണ്ടാകും" എന്നു ഉണ്ണൂണ്ണിച്ചായൻ പറഞ്ഞു. "ഇവരുടെ വിവാഹം നടത്തിയത് ഞാനാണ്. ഇവളുടെ സംസ്കാരവും ഞാൻ തന്നെ നടത്തേണ്ടി വരുമോ എന്നും നേരത്തെ ചിന്തിച്ചു പോയി" എല്ലാവരോടൊപ്പം ചിരിക്കാതെന്തു ചെയ്യും.

ആയിടെ വീട്ടിൽ പപ്പാ വന്നു വരാന്തയിൽ ഒന്നിരുന്നപ്പോൾ മൂന്നു വയസുള്ള എന്റെ മകൾ ഫെമി പപ്പായുടെ മടി ബലമായി പിടിച്ചടക്കി ഇരിപ്പായി. പപ്പായിക്കു കുളിക്കാൻ വേണ്ടി വെള്ളം ചൂടാക്കട്ടെ എന്നു ഞാൻ ചോദിച്ചപ്പോൾ, "ചൂടു വെള്ളത്തിൽ കുളിച്ചാൽ പപ്പായുടെ മീശയെല്ലാം കരിഞ്ഞു പൊഴിഞ്ഞു പോകില്ലേ" എന്ന ഫെമിയുടെ നിഷ്കളങ്ക ചോദ്യം പപ്പായ്ക്കും രസകരമായി തോന്നി.

1984 ഒക്ടോബർ 31. ഞാൻ എം. ഡി. സ്കൂളിൽ പഠിപ്പിക്കുന്നു. എന്നെ ഹെഡ്മാസ്റ്റർ കെ. എം. മാത്യു വിളിക്കുന്നു എന്ന് ഒരു പ്യൂൺ വന്നു പറഞ്ഞു. ഞാൻ പെട്ടെന്നു ചെന്നു. സാർ ഉറക്കെ പറഞ്ഞു. "ഡെയ്സി ക്ലാസ്സെടുക്കുകയാണോ? ടി. എസ്. അച്ചൻ മരിച്ചു പോയി. പിള്ളേരേം കൊണ്ട് ഉടൻ പുറപ്പെടുക. ഇന്ദിരാഗാന്ധിയെ ആരോ വെടിവച്ചു കൊന്ന ദിവസമാകയാൽ അയിരൂരിൽ എത്താൻ പാടായിരിക്കും."

കോളജിൽ പഠിക്കുന്ന പെൺമക്കളെ വിളിച്ചിറക്കി അയിരൂർക്കു തിരിച്ചു. എന്റെ ഭർത്താവു നൈജീരിയായിലും മകൻ ബാംഗ്ലൂരിലുമായിരുന്നു. കോഴഞ്ചേരിയിൽ എത്തിയപ്പോഴേക്കും ഹർത്താൽ തീർന്നു.

ഭാഗ്യത്തിനു ഒരു ടാക്സിയിൽ അയിരൂരിൽ എത്തി. പപ്പായുടെ എല്ലാ മക്കളും ബന്ധുക്കളും എത്തുന്നതിനു മുമ്പു തന്നെ. ഇരുപതു കൊല്ലം കഴിഞ്ഞിട്ടും പപ്പാ മരിച്ചില്ലെന്നു തോന്നുകയാണ്.

10
ഒരനന്തരവന്റെ അനുസ്മരണ

ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പയുടെ ഇളയ സഹോദരി ടി. എസ്. അന്നമ്മയുടെ പുത്രനായ എം. എ വറുഗീസ് നാക്കട, അമ്മ വീടായ അയിരൂർ തെങ്ങുംതോട്ടത്തിൽ കുടുംബത്തിൽ ബാലനായി നാലു വർഷം ചെലവഴിച്ച കാലത്തെപ്പറ്റി തിരിഞ്ഞു നോക്കുകയാണ്. നാലാം ക്ലാസ്സിനു ശേഷമുള്ള നാലു കൊല്ലം മതാപ്പാറ സ്കൂളിൽ പഠിച്ച സമയത്തെ അമ്മാച്ചന്റെ ശിക്ഷണമാണു എന്റെ ജീവിത വിജയത്തിന്റെ അടിസ്ഥാനം. പപ്പായുടെ (ടി. എസ്. അച്ചൻ) ജീവിതരീതി, വെള്ള വസ്ത്ര ധാരണം, മറ്റുള്ളവരോടുള്ള സ്നേഹം, സൽപെരുമാറ്റം എന്നിവ ഒരിക്കലും മറക്കാനാവില്ല. വീട്ടിലായാലും എപ്പോഴും കുപ്പായവും തൊപ്പിയും ധരിച്ചിരിക്കും. മറ്റു സഭാ വിശ്വാസികളെയും മതക്കാരെയും കുറ്റം പറയുന്നതും ആരെങ്കിലും കുറ്റം പറയുന്നതു കേൾക്കുന്നതും ഇഷ്ടമല്ലായിരുന്നു. സഹായത്തിന് ആരു വന്നാലും നിർത്തി താമസിപ്പിക്കാതെ കഴിവുള്ള സഹായം സത്വരം നൽകി വന്നു.

ശനിയാഴ്ച വൈകിട്ട് കുളിച്ചു പ്രാർത്ഥനയും അത്താഴവും കഴിഞ്ഞു നേരത്തെ ഉറങ്ങാൻ കിടക്കും. ഞായറാഴ്ച കുർബാനയ്ക്കുള്ള ഒരുക്കം ആണത്. കുർബാന കഴിഞ്ഞാലുടൻ ഒരു ഗ്ലാസ്സ് കടും കാപ്പി പതിവാണ്. അടുത്തുള്ള ഒരു ബന്ധുവീട്ടിൽ നിന്നു കൊണ്ടു വരുന്ന രുചികരമായ കാപ്പി ഞാനും കുടിച്ചിട്ടുണ്ട്. ആ വീട്ടിൽ ഇന്നു പ്രഗല്ഭനായ ഒരു വൈദികനുണ്ട്. വീടു സന്ദർശനാർത്ഥം ചെമ്പൻമുഖം വരെ ഞാനും പപ്പായോടൊപ്പം നടന്നു പോയിട്ടുണ്ട്.

പപ്പാ പതിനൊന്നാം വ്യാഴദശക്കാരനായിരുന്നു എന്നും ഈ അപൂർവ്വ ദശാസന്ധിയിൽ ജനിക്കുന്നവർ വളരെ ഉയരുമെന്നും ഒന്നും സമ്പാദിച്ചു വയ്ക്കാതെ എല്ലാമുണ്ടാകുമെന്നും അമ്മ എന്നോടു പറഞ്ഞിട്ടുള്ളത് ഓർക്കുന്നു. ഞാൻ പരുമല ദേവസ്വം ബോർഡു ഹൈസ്കൂളിൽ നിന്നു 1986-ൽ റിട്ടയർ ചെയ്യുന്നതു വരെ പപ്പായുടെ അധ്യാപന രീതിയാണു സ്വീകരിച്ചതും വിജയിച്ചതും എന്നു എടുത്തു പറയുന്നതിൽ സന്തോഷമുണ്ട്.

11

എം. ജി. എമ്മിന്റെ നവോത്ഥാന നേതാവ്

1956-ൽ എം. ജി. എം. ൽ പഠനം പൂർത്തിയാക്കി എയർഫോഴ്സ് സേവനത്തിനുശേഷം അമേരിക്കയിൽ എത്തിയ കെ. ടി. ഇടിക്കുള കല്ലറക്കൽ ഇന്ന് ന്യൂയോർക്കിൽ നന്നായി പ്രവർത്തിക്കുന്ന ഒരു വ്യവസായ സ്ഥാപനത്തിന്റെ ഉടമയാണ്. 1988 -ൽ സാമൂഹ്യ സേവനത്തിനുള്ള ദേശീയ ധിഷണാ അവാർഡിന് അർഹനായ ഇടിക്കുള ഇങ്ങനെ എഴുതുന്നു:

ആയിരത്തി തൊള്ളായിരത്തിയമ്പതുകൾ തുടങ്ങുമ്പോഴാണ് എം. ജി. എം. സ്കൂളിന്റെ നവോത്ഥാന കാലം ആരംഭിക്കുന്നത്. ഇംഗ്ലീഷ്, ഗണിത ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രഗല്ഭനായിരുന്ന കെ. ഏ. മാത്യു സാറിന്റെ ആകസ്മിക വേർപാടു മൂലമുള്ള വിടവു നികത്തുന്നതിന് ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായെ ഹെഡ്മാസ്റ്ററായി അന്നത്തെ മാനേജർ പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ നിയമിച്ചു. അദ്ദേഹം ബോർഡിംഗ് ഹോം പുനരാരംഭിച്ചു. അവിടെ താമസിച്ചു രാപകലെന്യേ സ്ഥാപനത്തിന്റെ പുരോഗതിക്കു വേണ്ടി അക്ഷീണം പരിശ്രമിച്ചു.

വ്യക്തിവൈഭവം, ആത്മാർത്ഥത, സമൂഹത്തിലും സഭയിലുമുണ്ടായിരുന്ന സ്വാധീനം എന്നിവ ഒത്തു ചേർന്നപ്പോൾ അത്ഭുതങ്ങൾ ഓരോന്നായി സംഭവിച്ചു തുടങ്ങി. കളിസ്ഥലം നിരപ്പാക്കി, ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കി. സ്കൂളും മതിലുകൾ ഉയർത്തി ഭദ്രമാക്കുകയും ഭംഗിയുള്ള രണ്ടു കവാടങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇന്നു കാണുന്ന സയൻസ് ബ്ലോക്കിന്റെ ആദ്യത്തെ നിലയും പൈനുംമൂട്ടിൽ പ്ലാന്റർ പി. സി. ചാക്കോയെ പ്രേരിപ്പിച്ച് മനോഹരമായ കുരിശിൻ തൊട്ടിയും പണികഴിപ്പിച്ചു. കുരിശിൻ തൊട്ടിയിൽ നിന്നുള്ള വരുമാനം അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നല്കുന്ന മാതൃകാപരമായ പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നു. പ്രധാന സൗധത്തിന്റെ അറ്റകുറ്റപ്പണികൾ മിക്കവാറും പൂർത്തിയാക്കിയത് അദ്ദേഹത്തിന്റെ കാലത്താണ്. രണ്ടാം നിലയിലേക്കു കയറുന്ന സ്റ്റെയർകേയ്സിന് ചുറ്റുമുണ്ടായിരുന്ന നാലു കട്ടിളകൾക്കും കതക് ഇട്ടും മുൻവശത്ത് ഒരു ഗേറ്റ് സ്ഥാപിച്ചും രണ്ടാം നിലയിലേക്ക് ആർക്കും ഏത് സമയത്തും കടന്നുചെല്ലാനുള്ള സൗകര്യം ഇല്ലാതെയാക്കി. അന്ന് സ്ഥാപിച്ച തടി ഗേറ്റ് ഇന്നും കേടുകൂടാതെ നില നിൽക്കുന്നു.

അദ്ധ്യാപകർ ഹാജരില്ലാത്തപ്പോൾ ഒഴിഞ്ഞു കിടക്കാറുള്ള ക്ലാസ്സുകളിൽ അച്ചൻ കയറിച്ചെല്ലും. അവിടെയെല്ലാം ഇംഗ്ലീഷ് ഗ്രാമർ പഠിപ്പിക്കുക പതിവായിത്തീർന്നു. ശിക്ഷണം വർദ്ധിച്ചുവെന്നു മാത്രമല്ല വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നാട്ടുകാരുടെയും ആദരം ആർജ്ജിക്കാൻ ഇടയാവുകയും ചെയ്തു.

അദ്ദേഹത്തിന്റെ ആഗ്രഹത്തിന് ആശീർവാദമെന്നതു പോലെ യുവാക്കളായ ഏതാനും അധ്യാപകരും നിയമിതരായി. ബഹുമാന്യരായ കെ. പി. ബേബി, ജി. ചാക്കോ, സി. വി. ഉമ്മൻ, തോമസ് പി. വറുഗീസ്, കെ. എം. മാത്യു, ഇ. പി. പൗലോസ്, കെ. ജി. അന്നമ്മ, സി. ജി. അന്നമ്മ മുതലായവരെ ഞാൻ ഓർക്കുന്നു. അച്ചന്റെ വലംകൈയായി പ്രവർത്തിച്ച എം. ഐ. അബ്രഹാം സാറിനെ കൂടാതെ ബഹുമാന്യരായ പയ്യംപള്ളി അച്ചൻ, പി. സി. ഈപ്പൻ, പി. റ്റി. തോമസ്, കെ. എം. ഗീവറുഗീസ്, തലയാർ പണിക്കർ, എൻ. കെ. ജോർജ്ജ് തുടങ്ങിയ മുതിർന്ന അദ്ധ്യാപകരും എന്റെ സ്മരണയിലുണ്ട്. നല്ല ഒരു ടീം വർക്ക് ഇവർ കാഴ്ചവെച്ചു. സ്ഥാപനത്തെ ഇന്നത്തെ നിലയിലെത്തിക്കാൻ സഹായിച്ചത് ഇവരും ഇവർക്കുശേഷം നിയമിതരായ അർപ്പണബോധമുള്ള അധ്യാപകരുമായിരുന്നുവെന്നത് വളരെ വ്യക്തമാണ്.

12

അച്ഛനച്ചനെപ്പറ്റി മകൻ അച്ചൻ

ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായെപ്പറ്റി പുത്രനായ ഫാ. ടി. എ. ഫിലിപ്പോസ് തരകനുള്ള സ്മരകണകളിൽ ചിലതാണു ചുവടെ ചേർക്കുന്നത്.

ഞങ്ങളുടെ പിതാവായ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പയെ പപ്പാ എന്നാണു വിളിച്ചിരുന്നത്. പപ്പായെപ്പറ്റിയുള്ള എന്റെ ബാല്യകാലസ്മരണകളിൽ പലതും അവ്യക്തതയുടെ മൂടൽ മഞ്ഞിൽ പൊതിഞ്ഞതാണെന്നു പറയുന്നതായിരിക്കും ഏറെ ശരി. അവിസ്മരണീയമായ ആദ്യത്തെ സംഭവം അമ്മവീട്ടിൽ വച്ചുള്ള എന്റെ അനുജന്റെ ജനനത്തോടനുബന്ധിച്ചുള്ളതാണ്. അക്കാലത്തു നവജാതശിശുക്കൾക്കു പൊന്നും തേനും കൊടുക്കുന്ന പതിവുണ്ടായിരുന്നു. എന്നെക്കൊണ്ടാണ് ആ കൃത്യം നിർവ്വഹിപ്പിച്ചത്. എന്റെ കാലിലുണ്ടായ ഒരു മുറിവു പഴുത്തു വ്രണമായതിനെ തുടർന്ന് കോഴഞ്ചേരി ആശുപത്രിയിൽ ചികിത്സയ്ക്കു കൊണ്ടുപോയ അവസരത്തിലാണു വഞ്ചിത്രയിലുള്ള അമ്മവീട്ടിൽ ചെല്ലാനും പൊന്നും തേനും കുഞ്ഞിനു നൽകാനും ഇടയായത്.

പപ്പാ മാവേലിക്കര എം. എസ്. എസ്. ഹൈസ്കൂളിൽ പഠിപ്പിക്കുന്ന കാലമാണ്. തിങ്കളാഴ്ച രാവിലെ സ്കൂളിലേക്കു പോയാൽ വെള്ളിയാഴ്ച വൈകിട്ടേ വീട്ടിൽ തിരിച്ചെത്തുകയുള്ളു. ആദ്യകാലത്തു സൈക്കിളിലായിരുന്നു യാത്ര. യാത്രാ വേളയിൽ ഹാറ്റ് ധരിക്കുമായിരുന്നു. പള്ളിയിൽ എന്തെങ്കിലും അത്യാവശ്യകാര്യങ്ങൾ നിർവഹിക്കാനുണ്ടെങ്കിൽ ചില ഇടദിവസങ്ങളിലും ഓടി എത്തും. ശനിയും ഞായറും പള്ളി സംബന്ധിച്ച കാര്യങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കും. തന്നിമിത്തം വീട്ടിൽ പപ്പാ ഉണ്ടായിരിക്കുകയില്ല. കുട്ടിക്കാലത്തു പപ്പായുടെ സാന്നിധ്യവും സ്നേഹപരിലാളനയും അങ്ങനെ വേണ്ടത്ര ലഭിക്കാതെ പോയെന്നു ചുരുക്കം.

അങ്ങനെയിരിക്കെ കോഴഞ്ചേരിയിൽ നിന്നു പത്തനംതിട്ട മാവേലിക്കര വഴി ആലപ്പുഴയ്ക്ക് ഒരു ബസ് (ബേബി ഫാൻസി) സർവ്വീസ് ആരംഭിക്കുകയും പപ്പാ സൈക്കിളിന് നീണ്ട അവധി കൊടുത്തശേഷം ബസിൽ യാത്ര ആരംഭിക്കുകയും ചെയ്തു. ബസ് അതിരാവിലെയായിരുന്നതിനാൽ വീട്ടിൽ നിന്നു വെളുപ്പിനെ ഒരുങ്ങി ചെറുകോൽപുഴ കടവു കടന്നു കോഴഞ്ചേരി വരെ നടന്നാണു ബസിൽ കയറിക്കൊണ്ടിരുന്നത്.

ഞാൻ മിഡിൽ സ്ക്കൂളിൽ പഠിക്കുന്ന കാലം. ശനിയാഴ്ചതോറും വൈകിട്ട് എന്നെയും സഹോദരങ്ങളായ ലില്ലി, രാജൻ (പിന്നീട് വൈദികൻ), അമ്മിണി എന്നിവരെയും പപ്പാ ഒന്നിച്ചിരുത്തി ആരാധനാ ക്രമത്തിലെ പാട്ടുകളും ശുശ്രൂഷാക്രമത്തിലെ ഗാനങ്ങളും പഠിപ്പിച്ചു വന്നു. പാടുമ്പോൾ വാക്കുകൾ സ്ഫുടമായി ഉച്ചരിക്കാതിരിക്കുകയോ തെറ്റിക്കുകയോ ചെയ്താൽ ശാസനയും ചിലപ്പോൾ അടിയും ലഭിക്കും.

അറയും നിരയുമുള്ള ഞങ്ങളുടെ സാമാന്യം വലിപ്പമായ വീടിനു 240 വർഷത്തെ പഴക്കമുണ്ട്. പിന്നീടു പല തവണ പുതുക്കിപ്പണിതു എങ്കിലും അറയ്ക്കു മാത്രം സ്ഥാനചലനം ഉണ്ടായിട്ടില്ല. അന്നു പുരമേയാൻ 80 കെട്ട് ഓല വേണമായിരുന്നു. ആദ്യകാലങ്ങളിൽ വീട്ടുകാരും ഇടവകക്കാരും കൂടി വീടു മേയുന്ന രീതിയായിരുന്നു. പിന്നീടു കൂലിക്കാരെ വച്ചു പുരമേഞ്ഞു വന്നു. കൂലിക്കാരോടൊപ്പം കുട്ടികളായ ഞങ്ങളും അവധി വരുമ്പോൾ ഓല മെടഞ്ഞു പഠിച്ചിരുന്നു. ഓല മെടയുക, പശുവിനു പുല്ലു പറിയ്ക്കുക മുതലായ ജോലികൾ ചെയ്തെങ്കിൽ മാത്രമേ ഉപ്പാപ്പന്റെയും മാവിമാരുടെയും വീടുകളിൽ പോകാനുള്ള അനുവാദം ഞങ്ങൾക്കു ലഭിച്ചിരുന്നുള്ളു. പ്രൈമറി സ്കൂളിൽ പഠിക്കുമ്പോൾ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. അന്നു തുണിക്കു വളരെ ക്ഷാമമായിരുന്നു. പിൽക്കാലത്ത് "ഇന്ത്യൻ ടൈ" എന്ന പേരു ലഭിച്ച കൗപീനം കൊച്ചുകുട്ടികൾ എല്ലാം നിർബന്ധമായി ധരിച്ചിരിക്കണം.

അക്കാലത്തു കാർ അപൂർവ്വ കാഴ്ചയായിരുന്നതിനാൽ റോഡിലൂടെ ഒരു കാർ വന്നാൽ കുട്ടികളെല്ലാം കൗതുകപൂർവ്വം അതു കാണാൻ ഓടും. ഒരിക്കൽ കുട്ടികളായ ഞങ്ങൾ പറമ്പിൽ കളിച്ചു കൊണ്ടിരിക്കേ ഒരു കാർ ഞങ്ങളുടെ വീട്ടിലേക്കു വരുന്നതു കണ്ടു 'കാർ വരുന്നേ, കാർ വരുന്നേ' എന്നു പറഞ്ഞു എല്ലാവരും അങ്ങോട്ടു കുതിച്ചു. ഉടൻ തന്നെ സന്ദർഭത്തിനൊത്തവിധം ഉയർന്ന എന്റെ മൂത്ത സഹോദരി എന്നെ പിടിച്ചു വീട്ടിലേക്കു കൊണ്ടു പോകുകയും എന്റെ 'ഇന്ത്യൻ ടൈ' മാറ്റി നിക്കർ ധരിപ്പിക്കുകയും ചെയ്ത കാര്യം ഒരവിസ്മരണീയ സംഭവമാണ്. കാരണം കാറിൽ വന്നതു പുത്തൻകാവു കൊച്ചുതിരുമേനിയായിരുന്നു. മെത്രാപ്പോലീത്തായുടെ മുമ്പിൽ മാന്യമായ വേഷം ആവശ്യമാണല്ലോ.

എന്റെ വല്യമ്മച്ചി മരിക്കുമ്പോൾ എനിക്കു ഏഴര വയസ്സുണ്ട്. ഏതാനും ദിവസം കഴിഞ്ഞു എന്റെ മൂത്ത സഹോദരൻ ജോയിച്ചായൻ ബഹ്റിനിൽ നിന്നു അവധിക്കു വന്നു. ഞങ്ങൾക്കെല്ലാം പുതിയ വസ്ത്രങ്ങളും സമ്മാനങ്ങളും ലഭിച്ചു. ജോയിച്ചായൻ തന്റെ പഴയ പാന്റ്സും കൊണ്ടുവന്നിരുന്നു. അവ പിന്നീട് വെട്ടി തയ്ച്ച് നിക്കറാക്കി ഉപയോഗിച്ചത് അന്നത്തെ തുണിക്ഷാമത്തെ മുൻനിർത്തിയാണ്. ഞങ്ങളുടെ വീട്ടിലുള്ളവരുടെയെല്ലാം

വസ്ത്രങ്ങൾ തയിച്ചു കൊണ്ടിരുന്നത് വഞ്ചിത്ര കോർക്കുന്നത്തു പൊടിയൻ പണിക്കനായിരുന്നു.

എനിക്കു പത്തു വയസ്സായപ്പോൾ എന്നോടു നേരത്തെ പറയാതെ ഒരു ദിനഹാപ്പെരുന്നാൾ സമയത്ത് എന്നെ മദ്ബഹായിൽ പ്രവേശിപ്പിച്ചു. (പള്ളിയിൽ രാവിലെ ചെന്നപ്പോഴാണ് വിവരം അറിയിച്ചത്). ഒരു പഴയ ശുശ്രൂഷക്കുപ്പായം ധരിപ്പിച്ചും വെള്ളം നിറച്ച കുപ്പി കൈയിൽ പിടിപ്പിച്ചും തലയിൽ ശോശപ്പാ ഇട്ടും പള്ളിക്കുള്ളിൽ പ്രദക്ഷിണം നടത്തി. പിന്നീട് മറ്റു ശുശ്രൂഷകളും ഉണ്ടായിരുന്നു. അന്നുമുതൽ ഞാൻ ഒരു ശുശ്രൂഷകനായി എല്ലാ ഞായറാഴ്ചയും മദ്ബഹായിൽ എത്തിയിരുന്നു. മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ പള്ളി ശുശ്രൂഷകനായിരുന്ന 'കുട്ടിച്ചിറ്റപ്പൻ' കവുങ്ങിൽ നിന്നു വീണു അവശനായിരുന്നപ്പോൾ ഏഴെട്ടുമാസം ഞാൻ 'സാക്ഷാൽ കപ്യാരായി'. അമ്മീറാ തയ്യാറാക്കാനും കുഴച്ചുവയ്ക്കാനും അടിച്ചു കാച്ചാനും എല്ലാം പഠിപ്പിച്ചതും പപ്പാ തന്നെ.

എനിക്കോർമ്മ വച്ചകാലം മുതൽ വീടുമായി കൂടുതൽ അടുപ്പമുള്ളവരും വീട്ടിലെ കൃഷികാര്യങ്ങളിൽ സഹായിച്ചവരുമായ ചിലരുടെയെങ്കിലും പേരു പറഞ്ഞില്ലെങ്കിൽ അതു നന്ദികേടാവും. അതുകൊണ്ടു കുട്ടിച്ചിറ്റപ്പനു പുറമേ, മണക്കാടം പള്ളിൽ അവറാച്ചൻ, പുളിക്കത്തറയിൽ മാമ്മൻ അളിയൻ, വടക്കേലെ കുഞ്ഞോമ്മ അളിയൻ, പള്ളത്തെ കെ. വി. വറുഗീസ് സാർ മുതലായവരെ മറക്കാനാവില്ല. ഇവരെല്ലാം പപ്പായുടെ വലിയ സഹായികളായിരുന്നു. പപ്പാ പള്ളിയിൽ പോകുന്ന ദിവസങ്ങളിലെല്ലാം പുളിക്കത്തറയിലെ മാമ്മനളിയൻ, നിഴൽപോലെ കൂടെ ഉണ്ടാവും. രാവിലെ പള്ളിയിൽ നടന്നു പോകുമ്പോൾ വഴിയിൽ ആരെ കണ്ടാലും പപ്പാ മിണ്ടുകയില്ലായിരുന്നു.

സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ വല്ല കുറ്റവും ചെയ്തതിനു അടികിട്ടി എന്നറിഞ്ഞാൽ വീട്ടിൽ വരുമ്പോൾ വീണ്ടും അടി നിശ്ചയമായിരുന്നു. പപ്പായും അമ്മയും തമ്മിൽ ഒരിക്കൽ പോലും പിണങ്ങുകയോ വഴക്കുണ്ടാക്കുകയോ ചെയ്തതായി എനിക്കോർമ്മയില്ല. തിരുമേനിമാരോ വിശിഷ്ട വ്യക്തികളോ പള്ളിയിൽ വന്നാൽ ഭക്ഷണം വീട്ടിൽ നിന്നാവും. വീട്ടുജോലികൾ കൂടാതെ ഇതെല്ലാം വേണ്ടവിധത്തിൽ നിറവേറ്റിയ അമ്മ പപ്പായുടെ ജീവിതവിജയത്തിന്റെ ആത്മാർത്ഥത നിറഞ്ഞ പിന്നണി ഗായികയായിരുന്നു എന്നു സന്തോഷപൂർവ്വം സാക്ഷിക്കുകയാണ്.

ഞാൻ എസ്. എസ്. എൽ. സി. ക്കു പഠിക്കുമ്പോഴാണ് എം. ജി. എം. ൽ നിന്നു റിട്ടയർ ചെയ്ത പപ്പായെ മലേഷ്യയിലേക്കു വിടാൻ ഗീവറുഗീസ് രണ്ടാമൻ ബാവാ തീരുമാനിച്ചത്. ഒരുക്കങ്ങൾ പൂർത്തിയാക്കി ബാവായോടു യാത്ര ചോദിക്കാൻ പപ്പാ ദേവലോകം അരമനയിൽ ചെന്നു.

പ്രത്യേകം പ്രാർത്ഥിച്ച് അനുഗ്രഹിച്ചു വിട്ടശേഷം ഞങ്ങൾ മാറി മറയുന്ന തുവരെ ബാവാ അരമനയുടെ വാതിലിൽ നിന്നിരുന്നു. അരമനയിൽ നിന്നു പപ്പായുടെ കുട എടുക്കാൻ മറന്നതിനാൽ ഞാൻ തിരിച്ച് അതെടുക്കാൻ ചെന്നപ്പോഴും ആ സഭാധ്യക്ഷൻ അവിടെത്തന്നെയുണ്ട്. മാനേജരച്ചൻ (ഫാ. ടി. സി. ജേക്കബ്) കുടയെടുത്തു തന്ന ശേഷം "വയസ്സു കാലത്തു ഞാൻ അയാളെ മലയായ്ക്കു പറഞ്ഞയച്ചു. വല്ല ആപത്തും വരുമോ" എന്നു പറഞ്ഞു ബാവാ കരഞ്ഞു എന്നറിയിച്ചു. ബാവായ്ക്കു പപ്പായോട് അത്രമാത്രം വാത്സല്യമാണുണ്ടായിരുന്നത്.

മലയായിൽ നിന്നു 1960 ഓഗസ്റ്റിൽ തിരിച്ചെത്തിയശേഷം മിക്ക സമയത്തും പപ്പാ വീട്ടിൽ തന്നെ ഉണ്ടായിരുന്നു. സെമിനാരിയിൽ പഠിച്ചു കൊണ്ടിരുന്ന രാജനച്ചനൊഴിച്ചുള്ളവരുടെയെല്ലാം വിവാഹം കഴിഞ്ഞ കാലഘട്ടം. പപ്പായും അമ്മയും ഞാനും ഇളയ സഹോദരൻ കുഞ്ഞുമോനുമേ വീട്ടിലുള്ളു. അന്നാണു പപ്പായുടെ സ്നേഹം ശരിക്കും ആസ്വദിക്കാൻ കഴിഞ്ഞത്. സ്കൂളിൽ പഠിച്ചു കൊണ്ടിരുന്നപ്പോൾ അടിക്കുമായിരുന്ന പപ്പാ ഞാൻ കോഴഞ്ചേരി കോളജിൽ ചേർന്ന ശേഷം തെറ്റു കണ്ടാൽ ശാസിക്ക മാത്രമെ ചെയ്തിരുന്നുള്ളു. 1963-ൽ ഞാൻ കോഴഞ്ചേരി കോളജിൽ പഠിക്കുമ്പോൾ സ്നേഹിതരുടെ നിർബന്ധം മൂലം യൂണിയൻ ചെയർമാൻ സ്ഥാനത്തിനു മത്സരിച്ചു ജയിച്ചു. പപ്പാ വഴക്കു പറഞ്ഞേക്കുമെന്നു ഭയന്നു എങ്കിലും എന്നെ സസന്തോഷം പ്രോത്സാഹിപ്പിക്കുകയാണു ചെയ്തത്.

പപ്പായ്ക്ക് മൂന്നു സഹോദരിമാരും ഒരു സഹോദരനുമാണുണ്ടായിരുന്നത്. അവരുടെ പരസ്പര സ്നേഹവും സഹകരണവും ഞങ്ങൾക്കെന്നും മാതൃകയായിരുന്നു. പരസ്പരം ആലോചിക്കാതെ ആരും ഒരു കാര്യവും ചെയ്തിരുന്നില്ല. ജീവിതത്തിൽ പാലിക്കേണ്ട ഒരുപാടു കാര്യങ്ങൾ ഞങ്ങൾക്ക് പറഞ്ഞു തന്നിട്ടുണ്ട്. മറ്റുള്ളവരുടെ കുറവുകളും കുറ്റങ്ങളും ഞങ്ങളോടു പറയുമായിരുന്നില്ല. ആരുടെയെങ്കിലും കുറവുകളൊ കുറ്റങ്ങളൊ ഞങ്ങൾ പറഞ്ഞറിഞ്ഞാൽ ശാസിക്കുമായിരുന്നു. പ്രായമുള്ളവർ സംസാരിക്കുന്നിടത്ത് ഇരിക്കുകയോ, അഭിപ്രായം പറയുകയോ ചെയ്യരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രായമുള്ളവർ ആരു തന്നെയായിരുന്നാലും അവരെ ബഹുമാനിക്കണമെന്നും, അവരുടെ മുൻപിൽ ഇരിക്കരുതെന്നും ഓർപ്പിക്കുമായിരുന്നു. പ്രാർത്ഥന, വേദപുസ്തക വായന, പള്ളിയാരാധനയിൽ മുടക്കം കൂടാതെ സംബന്ധിക്കുക, നോമ്പു നോക്കുക ഇവയെല്ലാം ജീവിത നിഷ്ഠയായിരിക്കണമെന്നു അനുശാസിച്ചിട്ടുണ്ട്. ഞാൻ ഇന്ത്യയ്ക്കു വെളിയിൽ കുറെ വർഷം ജോലിയിലായിരുന്ന കാലത്ത് അവധിക്കു വരുമ്പോൾ മാത്രമെ പപ്പായെ കാണാനും കൂടെ താമസിക്കുവാനും കഴിഞ്ഞിരുന്നുള്ളൂ. 1981 ജൂണിലാണ് പപ്പായുമായി അവസാനമായി സംസാരിക്കുന്നത്. മരിക്കുന്നതിനു രണ്ടു വർഷം മുമ്പേ ഓർമ്മ നഷ്ടപ്പെട്ടു പോയിരുന്നു.

ഒരിക്കൽ ഞാൻ അവധിക്കു വന്നപ്പോൾ എന്നെ മനസ്സിലായില്ല. ആ സംഭവം വളരെ ദുഃഖത്തോടു കൂടി ഞാനെപ്പോഴും ഓർക്കും. ഓർമ്മയില്ലാതെ രണ്ടുവർഷക്കാലം പപ്പായെ ശുശ്രൂഷിക്കുന്നതിൽ അമ്മയെ സഹായിച്ചത് ഞങ്ങളുടെ റബ്ബർ വെട്ടിക്കൊണ്ടിരുന്ന ജോൺ ആയിരുന്നു. ജോണിന്റെ സേവനം എന്നും ഞാനോർക്കും. പിന്നീട് പപ്പാ മരിച്ച് പള്ളിയിൽ അവസാന ശുശ്രൂഷ നടക്കുമ്പോഴാണ് എനിക്കു വന്നെത്താൻ കഴിഞ്ഞത്. ഞാനും എന്റെ ഇളയ സഹോദരനും അന്ത്യ ചുംബനം ചെയ്ത ശേഷം ശോശപ്പാ കൊണ്ട് മുഖം മൂടി കല്ലറയിൽ വയ്ക്കുകയായിരുന്നു. ഞാൻ ജീവനു തുല്യം സ്നേഹിച്ച വന്ദ്യപിതാവിന്റെ സ്മരണ എക്കാലവും നിലനില്ക്കും. വന്ദ്യപിതാവിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അപൂർണ്ണമായ ഈ അനുസ്മരണയ്ക്കു വിരാമമിടട്ടെ.



13
നാടിന്റെ കെടാവിളക്ക്

ജില്ലാ പഞ്ചായത്തു മെമ്പർ മറിയാമ്മ സൈമൺ അച്ചനെ കാണുന്നത് ഒരണയാത്ത ദീപമായിട്ടാണ്. വൈദിക വൃത്തി എന്ത്, എങ്ങനെ, എന്ന് സ്വന്തം ജീവിതം കൊണ്ട് കാട്ടിക്കൊടുത്ത ഒരു മഹത് വ്യക്തിയത്രേ ബഹു: തെങ്ങും തോട്ടത്തിൽ ഏബ്രഹാം കോർഎപ്പിസ്ക്കോപ്പ.

ദൈവദർശനപ്രകാരം തന്നിലേക്ക് നീട്ടപ്പെട്ട ചുരുൾ ഭക്ഷിച്ചപ്പോൾ "തേൻ പോലെ മധുരിച്ച" എസക്കിയേലിനുണ്ടായ അനുഭവമായിരുന്നു 17-ാം വയസ്സിൽ അദ്ദേഹത്തിനു ലഭിച്ച ശെമ്മാശപട്ടം. 1927 - ൽ വൈദിക പട്ടം ലഭിച്ച അദ്ദേഹം മതാപ്പാറ സെന്റ് തോമസ് പള്ളിയിൽ ആയുഷ്കാല വികാരിയായിരുന്നു. ഭദ്രാസനത്തിലെ 10 പള്ളികളിൽ സേവനമനുഷ്ഠിച്ച അദ്ദേഹത്തിന് മദ്രാസ്, മലയാ, സിംഗപ്പൂർ തുടങ്ങിയ ബാഹ്യ ഇടവകകളിലും വികാരിയായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1 തീമോത്തിയോസിന്റെ 3-ാം അദ്ധ്യായത്തിൽ വൈദികനുണ്ടായിരിക്കേണ്ട സവിശേഷതകളെപ്പറ്റി വായിക്കുമ്പോൾ അവയെല്ലാം തന്നെ തികച്ചും അന്വർത്ഥമാക്കിയ ഒരു ജീവിതമായിരുന്നു അച്ചന്റേത് എന്ന് നമുക്ക് ബോധ്യമാകും.

ഒരു നല്ല അധ്യാപകൻ, ഒരു നല്ല ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ വിദ്യാഭ്യാസരംഗത്ത് അദ്ദേഹത്തിന്റെ സംഭാവനകളേറെയാണ്. ഒരു ആത്മീയ പിതാവെന്നതിലപ്പുറം ഒരു നല്ല സാമൂഹ്യ പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. ക്രൈസ്തവ സാഹിത്യ സമിതി പ്രസിഡന്റ്, സാധുജന സംരക്ഷണ സമിതി പ്രസിഡന്റ്, എക്യൂമെനിക്കൽ ഫോറം പ്രസിഡന്റ് തുടങ്ങിയ പദവികളിൽ അദ്ദേഹമനുഷ്ഠിച്ച സേവനങ്ങൾ ഏറെയാണ്. ഒരു ഗ്രാമാധിപന്റെ നേതൃത്വത്തിലെന്ന പോലെ അനേകം പ്രാദേശിക പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തീർപ്പു കല്പിക്കുക അക്കാലത്തെ നിത്യസംഭവങ്ങളായിരുന്നു.

ഒരു വൈദിക കുടുംബത്തിലെ ശ്രേഷ്ഠ വൈദികനായിരുന്ന അദ്ദേഹം "വൈദികപാരമ്പര്യം" നിലനിറുത്താനും മറന്നില്ല. അദ്ദേഹത്തിന്റെ പുത്രനായിരുന്ന രാജനച്ചന്റെ വിയോഗത്തിനു ശേഷം ടി. എ. ഫിലിപ്പോസ് തരകനെ വൈദിക പദവിയിലേക്ക് നിയോഗിക്കുന്നതിനും സാധിച്ചു. അങ്ങനെ പൗരോഹിത്യ പാരമ്പര്യം നിലനിറുത്തി ആത്മിക, സാമൂഹിക, സാമുദായിക കാര്യങ്ങളിൽ നല്ല പ്രവർത്തനം കാഴ്ചവച്ചു കൊണ്ടിരിക്കുന്ന ഫിലിപ്പോസ് തരകനച്ചന്റെ പ്രവർത്തനങ്ങൾ വല്യച്ചന് ആത്മസംതൃപ്തി നൽകും.

14

ചില കൊച്ചു കൊച്ചു സ്മരണകൾ

റിട്ട. ഐ. എ. എസ്. ഓഫീസറായ സി. കെ. കൊച്ചു കോശി എഴുതുന്നു: ഇരുപതു വർഷം മുമ്പ് ദിവംഗതനായ നമ്മുടെ ടി. എസ്. അച്ച നെപ്പറ്റി ഓർക്കുമ്പോൾ സ്വാഭാവികമായി പല സ്മരണകളും മനസ്സിൽ പൊങ്ങി വരുന്നു. പരേതനായ എന്റെ അപ്പച്ചനും ടി.എസ്. അച്ചനും ചിര കാല സുഹൃത്തുക്കളായിരുന്നു. അച്ചനും, എന്റെ അമ്മയും മിക്കവാറും ഒരേ പ്രായക്കാരും. അച്ചന്റെ മുഖത്ത് ഈശ്വര ചൈതന്യ ജന്യമായ പ്രസ രിപ്പ് സദാ ദൃശ്യമായിരുന്നു. കാര്യ കാരണ സഹിതം ഏത് വിഷയത്തെ കുറിച്ചും സംസാരിക്കുന്നതിനുള്ള കഴിവും.

ഞങ്ങൾ തമ്മിലുള്ള അടുപ്പം എന്റെ ഇളയ സഹോദരി കുഞ്ഞൂഞ്ഞ മ്മയും അച്ചന്റെ മൂത്ത മകൻ പരേതനായ ജോയിക്കുട്ടിയും തമ്മിലുള്ള വിവാഹത്തോടു കൂടിയാണ് ആരംഭിച്ചത്. സഭയുടെ വൈദിക ട്രസ്റ്റിയായി 1965 അവസാനം മുതൽ 1982 വരെ അച്ചൻ പ്രവർത്തിച്ചിരുന്ന കാലത്ത് സഭാ ഭരണവുമായി എനിക്ക് പറയത്തക്കബന്ധം ഒന്നും ഉണ്ടായിരുന്നില്ല. കാരണം ഞാൻ അഖിലേന്ത്യാ ഭരണ രംഗത്തായിരുന്നു. 1981-ന് ശേഷ മാണ് ബാവാ എന്നെ സഭാ മാനേജിംഗ് കമ്മിറ്റിയിൽ നിയമിച്ചത്. എന്നാൽ അച്ചൻ വൈദിക ട്രസ്റ്റിയായി സ്തുത്യർഹമായ സേവനം നടത്തി വന്ന തായി എനിക്കറിയാമായിരുന്നു. അച്ചനും തുമ്പമൺ ഭദ്രാസനത്തിന്റെ ഡിസ്ട്രിക്ട് - സെക്രട്ടറിയായിരുന്ന എന്റെ പിതാവ് സി. കെ. കോശിയും തമ്മിൽ ഗാഢമായ സ്നേഹബന്ധമുണ്ടായിരുന്നു. മക്കളുടെ കല്ല്യാണം മൂലം അടുത്ത ബന്ധുക്കളായി. ചുരുക്കം ചില അവസരങ്ങളിൽ ഡൽഹി യിൽ നിന്നു ഞാൻ വീട്ടിൽ വന്ന് താമസിക്കുമ്പോൾ അച്ചനും എന്റെ വീട്ടിൽ വന്ന് താമസിച്ചിരുന്നു. ഒരപ്രതീക്ഷിത സംഭവം അനുസ്മരിപ്പി ക്കട്ടെ.

ഒരിക്കൽ അച്ചൻ വന്ന് ഉറങ്ങിയത് എന്റെ പിതാവ് ഉപയോഗിച്ചിരുന്ന അകത്തെ മുറിയിലായിരുന്നു. അപ്പച്ചൻ അന്ന് വരാന്തയിലും കിടന്നുറ ങ്ങി. രാത്രിയിൽ മുറിക്കുള്ളിൽ ചൂടായതിനാൽ രണ്ടുപേരും പരസ്പരം കിടക്ക മാറിക്കിടന്നു. ഇതറിയാതെ വെളുപ്പിന് അമ്മച്ചി അച്ചന്റെ കിട യ്ക്കക്കരികെ ചെന്ന് അപ്പച്ചനാണെന്ന് തെറ്റിദ്ധരിച്ച് വിളിച്ചുണർത്തിയ പ്പോൾ മാത്രമാണ് അത് അച്ചനാണെന്ന് മനസ്സിലായത്.

പക്ഷെ രാവിലെ ഞങ്ങൾ എല്ലാവരും കാപ്പി കുടിക്കാൻ ഒന്നിച്ചിരുന്നപ്പോൾ ദീർഘനേരം ഞങ്ങളെയെല്ലാം ചിരിപ്പിച്ച ഒരു തമാശയാണ് അച്ചൻ പൊട്ടിച്ചത്. അമ്മച്ചി അച്ചനെ വിളിച്ചുണർത്തി ഒരു ചോദ്യം ചോദിച്ചു എന്നും അത് "കേട്ടോ! രാവിലെ അച്ചന് എത്ര അപ്പം കൊടുക്കണം" എന്നായിരുന്നു എന്നും. എല്ലാവരും പൊട്ടിച്ചിരിച്ചു. പക്ഷെ സംഭവത്തെപ്പറ്റി അച്ചൻ പറഞ്ഞ കഥ വെറും ഭാവന മാത്രം. അദ്ദേഹത്തിന്റെ നർമ്മരസം അപാരമായിരുന്നു.

ക്രൈസ്തവ സഭയിൽ പുരോഹിതന്മാരുടെ യഥാർത്ഥ സേവനത്തിന് അച്ചൻ ഒരു ഉത്തമ മാതൃക തന്നെ. പ്രസംഗപാടവം, സഭാവിശ്വാസത്തെപ്പറ്റിയും വിശുദ്ധവേദപുസ്തകത്തെപ്പറ്റിയും അഗാധമായ ജ്ഞാനം, സത്യസന്ധത, ആരേയും ആകർഷിക്കത്തക്ക സംഭാഷണ ചാതുര്യം, ചുമതലാബോധം മുതലായ പല വിശിഷ്ട ഗുണങ്ങളും ഈ അച്ചനിൽ ആർക്കും കാണാൻ കഴിയും. സ്വഭാവ വൈശിഷ്ട്യവും സേവന ചാതുര്യവും അനുകരണീയവുമാണ്; പ്രത്യേകിച്ച് വൈദിക ശ്രേഷ്ഠന്മാർക്ക്. അദ്ദേഹം ഒരു ഉത്തമ അധ്യാപകനും ആയിരുന്നു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.



15

വാടാത്ത കിരീടം ലഭിച്ച വൈദികൻ

റിട്ട. വി. എച്ച്. എസ്. പ്രിൻസിപ്പൽ സി. പി. സൈമൺ എഴുതുന്നു: നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അത് നിർബന്ധം മൂലമായിരിക്കരുത്; ദൈവത്തെപ്രതിസന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്. തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെ മേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്. സന്മാതൃക നൽകി കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ തേജസിന്റെ വാടാത്ത കിരീടം നിങ്ങൾക്കു ലഭിക്കും (1. പത്രോസ് 5:2-4).

തെങ്ങുംതോട്ടത്തിൽ വല്യച്ചനെ സ്മരിക്കുന്നതും അദ്ദേഹത്തോടു ബന്ധപ്പെട്ട പഴയകാല അനുഭവങ്ങൾ പങ്കു വെയ്ക്കുന്നതും പിൻതല മുറയ്ക്ക് പ്രചോദന പ്രദമാകും. ഭക്തിനിർഭരമായ ബലിയർപ്പണം. ഗാനാലാപങ്ങളിലും വായനകളിലും ഉണ്ടാകുന്ന തെറ്റുകൾ ചൂണ്ടിക്കാണിച്ച് അത് തിരുത്തുന്നതിൽ വളരെ ശ്രദ്ധാലുവായിരുന്നു. സുറിയാനിയിലുള്ള ഗീതാലാപനം വളരെ ഇമ്പകരവും.

ഒരു ഘട്ടത്തിൽ പല ഇടവകകളിലും ഉണ്ടായിക്കൊണ്ടിരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് ബാവാ തിരുമേനി അച്ചനെ നിയോഗിച്ചിരുന്നു. ആ രീതിയിലാണ് അച്ചന്റെ സേവനം സിംഗപ്പൂർ ഇടവകക്ക് ലഭിക്കാൻ ഇടയായത്. എം. ജി. എം. ന്റെ പുനരുദ്ധാരണത്തിനും സ്കൂൾവക വസ്തുവകകൾ അന്യാധീനപ്പെട്ടു പോകാതിരിക്കാനും അച്ചന്റെ നയചാതുര്യം വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബാവാ തിരുമേനിയുടെ പ്രത്യേക നിയോഗപ്രകാരമാണ് അച്ചനെ എം. ജി. എം. ഹൈസ്കൂളിന്റെ പ്രഥമാദ്ധ്യാപകനായി നിയമിച്ചത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടു ഒരു ബോർഡിങ്ങ് ആരംഭിച്ചു.

മതാപ്പാറപ്പള്ളിയുടെ വികാരിയായി 60 വർഷത്തോളം സ്തുത്യർഹമായ രീതിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തന്നെ പ്രശ്നപരിഹാരത്തിനായി മറ്റ് ഇടവകകളിലെ വികാരി സ്ഥാനവും താൽക്കാലികമായി വഹിച്ചു.

വാഹന സൗകര്യങ്ങൾ പരിമിതമായിരുന്ന കാലഘട്ടത്തിൽ സൈക്കിളിലാണ് മാവേലിക്കര സ്കൂളിൽ പൊയ്ക്കൊണ്ടിരുന്നത്. വെളുപ്പിനെ

അച്ചൻ വന്ന ശേഷം മാത്രമേ ചെറുകോൽപ്പുഴ കടവിലെ വള്ളം അക്കരയ്ക്കു പോകുകയുള്ളുവെന്ന് നിർബന്ധമുള്ള വള്ളക്കാരനും ഉണ്ടായിരുന്നു.

അയിരൂരിലെ സാമുദായിക സാംസ്കാരിക മണ്ഡലങ്ങളിൽ ഒരു നിർണ്ണായക സ്ഥാനം അച്ചൻ വഹിച്ചു. എഴുപതിന്റെ കാലഘട്ടത്തിൽ ഒരു ജീപ്പപകടത്തിൽ നിസ്സഹായരായ മൂന്നു പേർക്ക് പരുക്ക് പറ്റുകയും അവരെ സംരക്ഷിക്കുന്നതിന് മുന്നോട്ടിറങ്ങുകയും ചെയ്തു. അതിന്റെ ഫലമായി സാധുസംരക്ഷണ സമിതി രൂപം പ്രാപിച്ചു. വളരെ വർഷങ്ങളോളം പാവപ്പെട്ടവരുടെ അത്താണിയായി പ്രസ്തുത സംഘടന പ്രവർത്തിക്കുകയും കാലാന്തരത്തിൽ സംഘടന അയിരൂരിലെ ഗ്രാമോദ്ധാരണ സമിതിയിൽ ലയിപ്പിക്കുകയും ചെയ്തു. പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി ദീർഘകാലം അച്ചനോടൊപ്പം പ്രവർത്തിക്കാൻ എനിക്കു അവസരം ലഭിച്ചിട്ടുണ്ട്. ക്രൈസ്തവ സാഹിത്യ സമിതിയെന്ന പേരിൽ സംഘടനയ്ക്കു രൂപം നൽകുകയും പ്രസ്തുത സംഘടനയുടെ ആഭിമുഖ്യത്തിൽ സിമ്പോസിയങ്ങൾ, സാഹിത്യ സമ്മേളനങ്ങൾ മുതലായവ സംഘടിപ്പിക്കുകയും ചെയ്തു വന്നു. പ്രഗല്ഭരായ വ്യക്തികളെ വരുത്തി സാഹിത്യ സമ്മേളനം നടത്തുക പതിവായിരുന്നു. അത് യുവതലമുറയ്ക്ക് പ്രചോദനം നൽകി.

ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റിയാകുന്നതിന് മുൻപ് തന്നെ സഭാകാര്യങ്ങളിൽ ഒരു നിർണ്ണായക പങ്ക് അച്ചന് ഉണ്ടായിരുന്നു. അച്ചന്റെ അഭിപ്രായങ്ങൾക്ക് ബാവാ തിരുമേനി വേണ്ട സ്ഥാനം നൽകിയിരുന്നു. ഇരുവിഭാഗങ്ങളും തമ്മിലുള്ള യോജിപ്പ്, പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനം, കാതോലിക്കായെ വാഴിക്കൽ മുതലായവയിൽ ഒരു സുപ്രധാനമായ പങ്ക് വല്യച്ചനുണ്ടായിരുന്നു. ഇത് പിൽക്കാലത്ത് എക്യുമെനിസത്തിന് നാന്ദിയായി കണക്കാക്കാം.

ബഹുമുഖ സാമുഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനോടൊപ്പം ആരാധനയിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. യൽദോ, ഉയിർപ്പ്, പെസഹാ, മുതലായ രാത്രി ശുശ്രൂഷകൾക്ക് പുളിക്കത്തറ മാമ്മച്ചനോടൊപ്പം റാന്തൽ വിളക്കുമായി വെളുപ്പാൻ കാലത്ത് പള്ളിയിൽ എത്തിച്ചേരും. ഉയിർപ്പിന് ശേഷം സ്വർഗ്ഗാരോഹണം വരെയുള്ള ദിവസങ്ങളിൽ ഇടവകയിലെ എല്ലാ ഭവനങ്ങളും കൂദാശ നടത്തുക അച്ചന്റെ നിഷ്ഠയായിരുന്നു. കാട്ടാത്താനി, പൂവൻമല, കുരിശുമുട്ടം മുതലായ ഭാഗങ്ങളിൽ നിന്ന് രാത്രി വളരെ വൈകി ശുശ്രൂഷകനായ കുട്ടിച്ചിറപ്പനോടൊപ്പം ചൂട്ടുകറ്റ വെളിച്ചത്തിലാണ് വീട്ടിലെത്തിയിരുന്നത്. ഇന്ന് വീടുകൂദാശ അന്യം നിന്നു പോയിരിക്കുന്നു. ഇന്ന് പുരോഹിതർക്ക് സ്വന്തവാഹനവും വാഹന അലവൻസും ഉണ്ടായിട്ടും പ്രയോജനമില്ല. അത് ഇടവകാംഗങ്ങളുമായി നേരിട്ടു ബന്ധപ്പെടു

ന്നതിനുള്ള അവസരമായിരുന്നു. അയിരൂരും സമീപ പ്രദേശ ങ്ങളുമായി ചിതറിക്കിടക്കുന്ന ഭവനങ്ങളിൽ കാൽനടയായോ സൈക്കിളിലോ യാത്ര ചെയ്താണ് ഇടവകാംഗങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുവന്നത്. ഇടവകാംഗങ്ങളുമായി സ്നേഹബന്ധം പുലർത്തുന്നതിനും വിശ്വാസ ത്തിൽ സ്ഥിരപ്പെടുത്തുന്നതിനും നല്ല ഇടയനു സാധിച്ചു.

ഇടവകയിൽ പരേതരെ അതത് ആഴ്ചയിൽ കുർബാനയിൽ ഓർക്ക ത്തക്കവിധം ക്രമീകരണം ചെയ്തിട്ടുണ്ടായിരുന്നു. അതിനാൽ ദിവസ കുർബാനയിൽ ഓർത്തവരുടെ പേരുകൾ പള്ളിയിൽ പ്രസ്താവിക്കുകയും ചെയ്യുമായിരുന്നു. മൺമറഞ്ഞ തലമുറയെ ഓർക്കുന്നതിന് ഇന്നത്തെ തലമുറയ്ക്ക് അവസരം ലഭിച്ചിരുന്നു.

ആരാധനയ്ക്കും സഭാകാര്യങ്ങൾക്കും ഇത്രമാത്രം ശുഷ്കാന്തി കാണിച്ച് വല്യച്ചനെ അനുസ്മരിക്കുന്നത് വരും തലമുറയ്ക്ക് പ്രചോദന മാകട്ടെ. അങ്ങനെ കുഞ്ഞാടുകളെ മേയിക്കാൻ നല്ല ഇടയന്മാർ ഉണ്ടാകട്ടെ.



16
ജനസേവനത്തിന്റെ പ്രദീപ്ത പ്രതീകം

ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പയുമായി വളരെയടു ത്തിട പെട്ടിട്ടുള്ള ടി. എസ്. തോമസ് പറയുന്നത് അച്ചൻ അയിരൂർ ഗ്രാമത്തിന്റെ മാത്രമല്ല, മധ്യതിരുവിതാംകൂറിന്റെ തന്നെ സാംസ്ക്കാരിക മണ്ഡലത്തിനും സഭയുടെ ആത്മീയ പുരോഗതിക്കും വൻ സംഭാവനകൾ ചെയ്തിട്ടു ണ്ടെന്നും അദ്ദേഹം ജനസേവനത്തിന്റെ പ്രദീപ്തമായ പ്രതീകമായി പ്രശോഭിച്ചു എന്നുമാണ്. ഇരുപതാം ചരമ വാർഷികത്തോട നുബന്ധി ച്ചുള്ള അനുസ്മരണ സമ്മേളനവും ജീവചരിത്ര പ്രകാശനവും സമുചിത മായ നടപടികളാണെന്നും തോമസ് എഴുതുന്നു.

ഓർത്തഡോക്സ് സഭ വക ഒന്നാംകിട വിദ്യാലയമായ തിരുവല്ലാ എം. ജി. എം. സ്കൂളിന്റെ പ്രഥമാധ്യാപകനായിരിക്കെ ഒട്ടധികം കുട്ടികളുടെ നല്ല ഭാവിക്കു അസ്തിവാരമിട്ടതും സ്കൂളിന്റെ പ്രശസ്തി വർദ്ധിപ്പിച്ചതും സ്കൂളിനെതിരായി പ്രവർത്തിച്ച ചിലരെ വിളിച്ചു വരുത്തി വിദ്യാല യത്തിന്റെ മിത്രങ്ങളാക്കിയതും ഒരു ചെറിയ കാര്യമല്ലല്ലോ. കൂടെ നല്ല ബോർഡിംഗ് നടത്തിയതും പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ കുരിശിൻ തൊട്ടി നിർമ്മിച്ച് അതിൽ നിന്നു ലഭിച്ച നേർച്ചകൾ വിനിയോഗിച്ചതും ഇന്നും അനുകരണീയമാണ്.

അച്ചന്റെ വൈദിക വൃത്തിയുടെ ആരംഭ കാലത്ത് മധ്യ തിരുവിതാം കൂറും പ്രത്യേകിച്ച് അയിരൂർ ഗ്രാമവും വളരെ കലുഷിതമായിരുന്നു. നവീകരണത്തിന്റെ അടിയൊഴുക്കു പ്രധാനമായി ഉണ്ടായിരുന്നത് അയി രൂർ, മാരാമൺ, കോഴഞ്ചേരി എന്നീ പ്രദേശങ്ങളിലാണ്. പൂർവ്വിക വിശ്വാസ ത്തിൽ അടിയുറച്ച് നിന്നവരും നവീകരണആശയക്കാരും അച്ചന്റെ കുടുംബത്തിലും ചാർച്ചക്കാരിലും ഉണ്ടായിരുന്നു. അയിരൂർ മല്പാനച്ചൻ, നാറണത്ത് അച്ചൻ, പുല്ലുകുന്നിൽ അച്ചൻ, ചെമ്പോത്രയിൽ അച്ചൻ, ചെറുകര അച്ചൻ, കുറ്റിക്കണ്ടത്തിൽ അച്ചൻ തുടങ്ങി പ്രമുഖരായ പല വൈദികർ അയിരൂർ ഗ്രാമത്തിൽ ഉണ്ടായിരുന്നു. കൂടാതെ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, മാത്യൂസ് മാർ അത്തനാസ്യോസു എപ്പിസ്ക്കോപ്പാ എന്നിവരും അച്ചന്റെ സമകാലികരായിരുന്നു. അച്ചന്റെ പ്രസംഗ പാടവവും സേവന സന്നദ്ധതയും ക്ഷമാശീലവും കൊണ്ട് ഇടവകയിലെ ആളുകളെ അധികം നഷ്ടപ്പെടാതെ പിടിച്ചു നിറുത്തുവാൻ കഴിഞ്ഞു.

നവീകരണത്തിന്റെ ശക്തി കുറഞ്ഞപ്പോഴാണ് ഓർത്തഡോക്സ് സഭയിലെ ബഥനി മെത്രാനായ മാർ ഈവാനിയോസും ഏതാനും മെത്രാന്മാരും റോമിലെ മാർപാപ്പായെ സ്വീകരിച്ചു കൊണ്ട് ഓർത്ത ഡോക്സ് സഭയുടെ ശൈലിയിൽ തന്നെ റീത്തു പ്രസ്ഥാനം രൂപവൽക്കരിച്ചത്. മതാപ്പാറ ഇടവകയിൽ നിന്നും കുറെ ആളുകൾ അതിലേക്ക് പൊഴിഞ്ഞു പോയി. എങ്കിലും അതിലൊന്നും പതറാതെ ഇടവകയെ മുന്നോട്ടു നയിച്ച മഹൽ വ്യക്തിയായിരുന്നു വന്ദ്യപിതാവ്. ഒരു മേല്പട്ടക്കാരനല്ലെങ്കിലും അയിരൂർ ഗ്രാമത്തിൽ ഉണ്ടായ രണ്ടു മേല്പട്ടക്കാരിൽ ഒട്ടും പിറകിലല്ലാതെ കോർ എപ്പിസ്ക്കോപ്പ ഇവിടെ വിരാജിച്ചു.

ഇവിടത്തെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ് വല്യച്ചനായിരുന്നു. അനേകവർഷം അതിന്റെ പ്രസിഡണ്ടായി പ്രവർത്തിച്ചു. ആ സ്ഥാനം ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ ഫാ. ടി. എ. ഫിലിപ്പോസ് തരകന്റെ ചുമലിലാണ്. അയിരൂരിൽ ഒരു ക്രൈസ്തവ സമതിയും തീയാടിക്കൽ ഒരു ഓർത്തഡോക്സ് കൺവൻഷനും നടത്തിപ്പോന്നു. അതിന്റെ നടത്തിപ്പിന് ടി. എസ്. അച്ചനും കുറ്റിക്കണ്ടത്തിൽ ഫാ. കെ. സി. അലക്സാണ്ടറും നേതൃത്വം നല്കി. മതാപ്പാറ ഇടവകയും ആയുഷ്ക്കാല വികാരിയായിരിക്കുമ്പോൾ തന്നെ സമീപത്തുള്ള എട്ടു ഓർത്ത ഡോക്സ് ഇടവകകളുടെ വികാരി സ്ഥാനം കൂടി തന്നിൽ നിക്ഷിപ്ത മായിരുന്നു. എന്നിരുന്നാലും മാതൃ ഇടവകയിലെ ഒരു ആരാധനയും മുടക്കിയിരുന്നില്ല.

കുടുംബ ബന്ധങ്ങളിൽ അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു. ആളുകളെ ഉയർത്തിക്കാട്ടുന്നതിൽ പ്രത്യേക ശ്രദ്ധ പതിച്ചു. അദ്ദേഹം ഉൾപ്പെട്ട തായില്ലം കുടുംബത്തിന്റെ പ്രസിഡണ്ടായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. കാന്തപ്പള്ളിൽ മാത്യൂസ് മാർ അത്തനാസ്യോസു തിരുമേനി കുടുംബയോഗത്തിന്റെ രക്ഷാധികാരിയായിരുന്നു. സഹോദരങ്ങൾക്കു വേണ്ടി പണം കൊണ്ടും വാക്കു കൊണ്ടും നോട്ടം കൊണ്ടും സഹായങ്ങൾ ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. അദ്ദേഹത്തോടൊപ്പം അധ്യാപകവൃത്തിക്കു എന്നെ ക്ഷണിച്ചെങ്കിലും സമീപ സ്ഥലത്ത് ജോലി കിട്ടുകയാൽ പോയില്ല. എന്നാൽ കുടുംബയോഗം സെക്രട്ടറിയായും, ഇടവക ട്രസ്റ്റിയായും കമ്മിറ്റിയംഗമായും ശുശ്രൂഷ കനായും സഹകരിക്കുവാൻ എനിക്കു സാധിച്ചു.

മാർത്തോമ്മാ ശ്ലീഹായുടെ കേരള പ്രവേശനത്തിന്റെ 19-ാം ശതവാർഷികം 1952-ൽ കൊണ്ടാടുവാൻ മുൻകൈയെടുത്ത് പ്രവർത്തിച്ചത് കോറെപ്പിസ്ക്കോപ്പാ അച്ചനാണ്.

അതിഥി സല്ക്കാരങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിച്ചിരുന്നു. ഇടവകയിൽ

വരുന്ന മിക്കവാറും അതിഥികളെ സ്വീകരിച്ച് സല്ക്കരിക്കുന്നതിൽ അച്ചനും കൊച്ചമ്മയും ഉത്സാഹിച്ചിരുന്നു.

ജീവിതം സുഖദുഃഖ സമ്മിശ്രമാണല്ലോ. അച്ചന് രണ്ടു പുത്രന്മാരുടെ നിര്യാണം അനുഭവിയ്ക്കേണ്ടതായി വന്നു. അതിൽ ഒന്ന് വൈദികനായിരുന്ന ടി. എ. ഏബ്രഹാം കത്തനായിരുന്നു. ഏബ്രഹാം അച്ചന്റെ ഇളയ സഹോദരൻ ടി. എ. ഫിലിപ്പോസ് തരകൻ വൈദിക പാരമ്പര്യം മാന്യമായ നിലയിൽ പരിരക്ഷിച്ചു വരുന്നു.

ദീർഘായുസ്സോടെയിരുന്നു അര നൂറ്റാണ്ടിലധികം ഇടവകപ്പള്ളിയേയും ഉന്നത വിദ്യാലയങ്ങളെയും സർവ്വോപരി സഭയേയും അന്യൂനം സേവിച്ചു കടന്നു പോയ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പ നമുക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു എന്ന ചിന്ത, അദ്ദേഹത്തിന്റെ വേർപാടിലുള്ള ദുഃഖത്തെ ലഘൂകരിക്കുന്നു.



17
മരണമില്ലാത്ത സ്മരണ

കെ. ആർ. ഗോദവർമ്മ കെ. എസ്. ഇ. ബി. യിലെ ജോലിയിൽ നിന്നു വിരമിച്ച് പാലക്കാട്ട് താമസിക്കുന്നു. സ്കൂൾ യുവജനോത്സവങ്ങളിൽ എം. ജി. എം. ന് തുടർച്ചയായ വിജയം നേടിത്തന്നിരുന്നു. വിവിധ സംഗീതങ്ങളോടൊപ്പം നാടകാഭിനയ, നൃത്ത ഇനങ്ങളിലും പ്രാഗത്ഭ്യം തെളിയിച്ചിരുന്നു. 1960-ലെ സംസ്ഥാന യുവജനോത്സവത്തിൽ നാടോടി നൃത്തത്തിന് ഒന്നാം സ്ഥാനം നേടി. ആ തലത്തിൽ എം. ജി. എം. ന് ലഭിക്കുന്ന ആദ്യ അംഗീകാരം. ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകൾ കൃത്യതയോടെ അവതരിപ്പിച്ചിരിക്കുന്നു:

"എം. ജി. എം. ൽ ഞാൻ ചേർന്ന കാലത്ത് ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പയായിരുന്നു ഹെഡ്മാസ്റ്റർ. 'ഹെഡ്മാസ്റ്റച്ചൻ' എന്നു തന്നെയാണ് അറിയപ്പെട്ടിരുന്നത്. പ്രൗഢസുന്ദരമായ രൂപം. അന്തസ്സും ആഭിജാത്യവും ഗൗരവവും ബുദ്ധികൂർമ്മതയും തുടിച്ചു നിൽക്കുന്ന മുഖം. സിംഹമെന്നു വിശേഷിപ്പിക്കാൻ തോന്നും. വരാന്തയിൽക്കൂടി വെറുതെ നടന്നാൽ മതി, ക്ലാസ്സുകൾ നിശ്ശബ്ദം, ഭയവും ആദരവും പിടിച്ചു പറ്റുന്ന വ്യക്തിത്വം. ഒന്നാന്തരം അഡ്മിനിസ്ട്രേറ്റർ, സഹൃദയൻ.

അദ്ധ്യാപകരില്ലാത്ത ക്ലാസ്സു കണ്ടാൽ കയറി വരും. 'Parts of speech' എത്ര? എന്ന ചോദ്യത്തോടു കൂടി ഇംഗ്ലീഷ് വ്യാകരണം എടുക്കുകയായി. കേന്ദ്രമന്ത്രിയായിരുന്ന രാജകുമാരി അമൃത്കൊറിന് സ്കൂൾ നല്കിയ സ്വീകരണത്തിൽ അവരുടെ ഇംഗ്ലീഷിലുള്ള പ്രസംഗം തൽക്ഷണം മൊഴിമാറ്റം നടത്തി ഞങ്ങൾ വിദ്യാർത്ഥികളെയും മറ്റുള്ളവരെയും അമ്പരപ്പിച്ചു."



18

ക്രാന്തദർശിയായ ശ്രേഷ്ഠാചാര്യൻ

അഡ്വ. സൈമൺ ഏബ്രഹാം ഇങ്ങനെ എഴുതുന്നു: 1964 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ ദിവസത്തെ സന്ധ്യ. അന്ന് ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുകയാണ്. തെരെഞ്ഞെടുപ്പിൽ വിജയിച്ച പത്തു മെമ്പർമാർക്കും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. കെ. ജി. ജോർജിനും അയിരൂർ പൗരാവലി ചിറപ്പുറം ജംഗ്ഷനിൽ വൻ സ്വീകരണം നൽകുന്നതായി ഉച്ചഭാഷിണിയിലൂടെ പറഞ്ഞു പോകുന്നത് കണ്ടപ്പോൾ എനിക്കും അവിടേക്കു പോകണമെന്ന് മോഹം തോന്നി. പക്ഷേ ചിറപ്പുറം വരെ തനിയെ പോകുവാൻ എനിക്ക് അനുമതിയില്ലായിരുന്നു. അച്ചാച്ചൻ ദൂരെ ജോലിസ്ഥലത്താകയാൽ എന്നെ കൂട്ടിക്കൊണ്ടുപോകുവാനും ആളില്ല. എന്റെ നിർബന്ധം കാരണം അമ്മച്ചി അപ്പുറത്തെ കുഞ്ഞവറാച്ചായനെ (ഇളവട്ടത്തോട്ടുങ്കൽ ടി. എം. ഏബ്രഹാം) ശട്ടം കെട്ടി അദ്ദേഹത്തിന്റെ കൂടെ എന്നെയും യോഗസ്ഥലത്ത് അയച്ചു. അവിടെ എത്തിയപ്പോൾ സമ്മേളനം തുടങ്ങിക്കഴിഞ്ഞു. അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നത് തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പാ. അച്ചന്റെ ആകാരസൗഷ്ഠവത്തിൽ വേദി പങ്കിടുന്ന മറ്റു വിശിഷ്ട വ്യക്തികൾക്ക് താരശോഭ കുറഞ്ഞുപോയോ എന്നു ആരും സംശയിച്ചുപോകും. ആയിരത്തോളം ആളുകൾ. പ്രസംഗകരേയും ക്രമസമാധാനത്തിനെത്തിയ പോലീസുകാരേയും മറ്റും കണ്ടും കേട്ടും ഞാൻ കുഞ്ഞവറാച്ചായന്റെ കൈപിടിച്ച് വേദിക്ക് എതിരെ കയ്യാലഇറമ്പിൽ നില ഉറപ്പിച്ചു.

പെട്ടെന്നാണ് അതുണ്ടായത്. അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്ന അച്ചൻ വേദിക്ക് എതിർ വശത്തായി നിന്നിരുന്ന എന്നെ കണ്ടിട്ട് സമ്മേളന സംഘാടകരിൽ ആരെയോ പറഞ്ഞയച്ച് എന്നെ അടുത്തേക്ക് വിളിപ്പിച്ചു. വാത്സല്യത്തോടെ തലോടിയശേഷം സ്വീകരണ സമയത്ത് അച്ചന് ലഭിച്ച നല്ല പൂമാല എന്റെ കഴുത്തിലിട്ടു. തുടർന്നു യോഗം അവസാനിക്കുംവരെ അച്ചന്റെ അടുത്ത് പെട്ടെന്ന് തരപ്പെടുത്തിയ കസേരയിൽ എനിക്ക് ഇരിപ്പിടവും നൽകി. ജീവിതത്തിൽ ഞാൻ ആദ്യമായി ഒരു വേദിയിൽ കയറിയത് അന്നാണ്. അച്ചൻ നൽകിയ ഹാരവും അണിഞ്ഞ് ഒരു ജേതാവിനെപ്പോലെ യോഗാവസാനം വരെ വേദിയിലുള്ള ഇരുപ്പും തുടർന്ന് വീട്ടിലേക്കുള്ള മടക്കയാത്രയും ഒരിക്കലും മറക്കാവതല്ല. പൊതുരംഗത്ത് പ്രവർത്തിക്കുന്നതിനുള്ള അഭിവാഞ്ഛ എന്നിൽ ഉണർത്തിയത് ഈ സംഭവമാണ്.

ഒരനുഭവം കൂടി പറയട്ടെ. 1972-ൽ ഞാൻ ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്നു. അന്നു മാർ ഗ്രീഗോറിയോസ് ഓർത്ത ഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഏറ്റവും നല്ല യൂണിറ്റ് എസ്. ബി. അസംപ്ഷൻ കോളജുകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി യൂണിറ്റാണ്. കത്തോലിക്കാ സഭയുടെ ശക്തികേന്ദ്രമായ ചങ്ങനാശ്ശേരിയിൽ പതിനഞ്ചിൽ താഴെ മാത്രം ഇടവകാംഗങ്ങളുള്ള സെന്റ് തോമസ് പള്ളിയിലാണ് ഞായറാഴ്ച ആരാധനയ്ക്കുശേഷം വിദ്യാർത്ഥി പ്രസ്ഥാന മീറ്റിംഗുകൾ കൂടിയിരുന്നത്. ഈ പള്ളിയിൽ ആരാധനകളിൽ പങ്കെടുക്കുന്നവരിൽ ബഹു ഭൂരിപക്ഷവും എസ്. ബി – അസംപ്ഷൻ കോളജുകളിലെ ഹോസ്റ്റലുകളിൽനിന്നു എത്തുന്നവരാണ്. അവിടുത്തെ വികാരിയാകട്ടെ പ്രഗല്ഭനായ ഫാ. ടി. ജെ. ജോഷ്വായും. വർഷത്തിലൊരിക്കൽ ഇടവകയ്ക്കു പുറത്ത് എവിടെയെങ്കിലും വച്ചു നടത്തുന്ന ഏകദിന സമ്മേളനം എല്ലാവർക്കും ഒരു ആവേശമാണ്. ഞാൻ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നതിനാലും എന്റെ പള്ളി വികാരിയായ തെങ്ങുംതോട്ടത്തിൽ ടി. എസ്. അച്ചൻ സഭയിൽ പരക്കെ അറിയപ്പെട്ടയാൾ ആകയാലും ആ വർഷത്തെ ഏകദിന സമ്മേളനം മതാപ്പാറ പള്ളിയിൽ നടത്താനാവുമോ എന്ന് അന്വേഷിക്കുവാൻ എന്നെ ജോഷ്വാ അച്ചനും മറ്റും ചുമതലപ്പെടുത്തി. അതനുസരിച്ചു ഒരു ശനിയാഴ്ച വൈകുന്നേരം വിദ്യാർത്ഥി പ്രസ്ഥാനം യൂണിറ്റ് സെക്രട്ടറി പുറമറ്റത്തുകാരൻ സക്കറിയായോടൊപ്പം തെങ്ങുംതോട്ടത്തിലെത്തി അച്ചനെ കണ്ട് വിഷയം അവതരിപ്പിച്ചു. ഞങ്ങളുടെ ആവശ്യം ക്ഷമയോടെ അച്ചൻ കേട്ടു. ഇടവകയ്ക്ക് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന വിഷയമാണ്. എന്നിരുന്നാലും പിറ്റേന്ന് ഞായറാഴ്ച വി. കുർബ്ബാനാനന്തരം ആരാധനയിൽ പങ്കെടുത്ത എല്ലാവരേയും ഇരുത്തി ഒരു പൊതുയോഗം അച്ചൻ നടത്തി. അച്ചന്റെ മനസ്സറിഞ്ഞ പൊതുയോഗം പരിപാടി അംഗീകരിച്ചു. അങ്ങനെ ചരിത്രത്തിലാദ്യമായി വിദ്യാർത്ഥിപ്രസ്ഥാന ഏകദിന സമ്മേളനത്തിന് മതാപ്പാറ പള്ളി വേദിയായി. ചങ്ങനാശ്ശേരിയിൽ നിന്നു എത്തിയ നൂറോളം വിദ്യാർത്ഥികൾക്കു തെങ്ങുംതോട്ടത്തിലച്ചന്റെ നേതൃത്വത്തിൽ ഇടവക നൽകിയ സ്വീകരണ – ഉപചാരങ്ങൾ ഓർമ്മയിൽ ഇന്നും തെളിഞ്ഞ് നിൽക്കുന്നു. ഈ സംഭവും ചങ്ങാനാശ്ശേരിയിലെ അന്നത്തെ വിദ്യാർത്ഥി സമൂഹത്തിൽ എനിക്ക് അംഗീകാരവും നേടിത്തന്നു.

വ്യക്തിപരമായി അച്ചൻ എന്നെ കരുതുകയും അംഗീകരിക്കുകയും ചെയ്ത ഈ രണ്ട് സംഭവങ്ങൾക്ക് ഞാൻ മറ്റൊരു മുഖം നൽകട്ടെ. ഈ രണ്ട് സംഭവങ്ങളും അച്ചന്റെ പ്രതാപകാലത്താണെന്ന് ഓർക്കുക. ആദ്യത്തെ സംഭവകാലത്ത് ഞാൻ ഒരു ബാലൻ മാത്രം. രണ്ടാമത്തേത് എന്റെ കൗമാരപ്രായം കഴിഞ്ഞ സമയവും. സാമൂഹ്യമായി ഉന്നതസ്ഥാന

മാനങ്ങൾ അലങ്കരിക്കുമ്പോഴും ഇളം തലമുറയെ അംഗീകരിച്ച് പ്രോത്സാഹിപ്പിക്കുവാനുള്ള അവരുടെ അഭിപ്രായങ്ങൾക്ക് ചെവി കൊടുക്കുവാനുമുള്ള സന്നദ്ധത ക്രാന്തദർശികൾക്ക് മാത്രമുള്ളതാണ്. പിൽക്കാലത്ത് ഞാൻ പങ്കെടുത്തിട്ടുള്ള പല വേദികളിലും ഇളമുറക്കാരുടെ അഭിപ്രായങ്ങൾ താരതമ്യേന ചെറുപ്പക്കാരായ അധികാരസ്ഥാനികൾ പോലും ബോധപൂർവ്വം അവഗണിക്കുമ്പോൾ ഞാൻ ഈ സംഭവങ്ങൾ ഓർമ്മിക്കാറുണ്ട്.

19

ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമ

തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ഓർത്തഡോക്സ് സഭയിലെ ഒരു പ്രമുഖ വൈദികൻ എന്ന നിലയിൽ മാത്രമല്ല, മറിച്ച് ഒരു പ്രഥമാധ്യാപകൻ, വിദ്യാഭ്യാസ വിചക്ഷണൻ, സാമൂഹിക പ്രവർത്തകൻ, എക്യുമെനിസത്തിന്റെ പ്രചാരകൻ, സർവ്വോപരി ഒരു മനുഷ്യസ്നേഹി മുതലായ നിലകളിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

പ്രശസ്തമായ തായില്ലം കുടുംബത്തിൽ തെങ്ങുംതോട്ടത്തിൽ ശീമോന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ച അദ്ദേഹം ചെറുപ്പത്തിൽ തന്നെ സഭാസേവനം തന്റെ നിയോഗമായി സ്വീകരിച്ചു. 1927-ൽ വൈദികനായ അദ്ദേഹം ഒരേ സമയം തന്നെ വൈദികനും അധ്യാപകനുമായിരുന്നു. രണ്ടു രംഗത്തും തന്റെ വ്യക്തിമുദ്ര പതിക്കുകയും അതുല്യനായ വിജയിയായി തീരുകയും ചെയ്തു. ആ ശ്രേഷ്ഠ വൈദികൻ സഭയുടെ ട്രസ്റ്റിയായി 18 വർഷം ശോഭിച്ചു. തുമ്പമൺ ഭദ്രാസന സെക്രട്ടറി, ഓർത്തഡോക്സ് സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ തുടങ്ങി സാധാരണ വൈദികർക്ക് എത്തിച്ചേരാൻ കഴിയാത്ത പല ഉന്നത പദവികളും അദ്ദേഹത്തെ തേടിയെത്തി.

വിവിധ സഭാ വിഭാഗങ്ങൾ മാത്രമല്ല ജാതിമത ഭേദമെന്യേ എല്ലാ ജനങ്ങളും അച്ചനെ ഒരുപോലെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അച്ചനെക്കുറിച്ചുള്ള എന്റെ ബാല്യകാല സ്മരണകൾ ഇവിടെ അനുസ്മരിപ്പിക്കുന്നത് പ്രസക്തമാണെന്ന് കരുതുന്നു. തെങ്ങുംതോട്ടത്തിൽ കുടുംബാംഗമായ എന്റെ മാതാവ് "തെങ്ങുംതോട്ടത്തിലച്ചൻ എന്റെ സഹോദരനാണ്" എന്ന് അഭിമാനപൂർവ്വം പറയുമായിരുന്നു. ഞാൻ വെണ്ണിക്കുളം ഹൈസ്കൂളിൽ 6-ാം ക്ലാസിൽ പഠിക്കുമ്പോൾ തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന അച്ചൻ ഞങ്ങളുടെ സ്കൂളിൽ ഒരു പ്രസംഗകനായി വന്നു. സമ്മേളാനന്തരം വിദ്യാർത്ഥികളുടെ ഇടയിൽ കണ്ട എന്നെ അച്ചൻ അടുത്തുവിളിച്ച് ഞങ്ങളുടെ ഹെഡ് മാസ്റ്റർ എൻ. ജി. കുര്യൻ അച്ചനോട് പറഞ്ഞു "ഇവൻ എന്റെ അനന്തരവനാണ്" എന്ന്. ഹെഡ്മാസ്റ്ററോടൊപ്പം ചായസൽക്കാരത്തിലും എന്നെ പങ്കെടുപ്പിക്കാനും അച്ചൻ വിശാല മനസ് കാണിച്ചു. എനിക്കത് വലിയ അഭിമാനമായിരുന്നു.

1980 –ൽ പാർലമെന്റിലേക്ക് ആദ്യമായി മത്സരിച്ച എന്റെ വിജയത്തിൽ അച്ചന് വലിയ ഒരു പങ്കുണ്ട്. പ്രായാധിക്യത്തിൽ ആയിരുന്നിട്ടും അച്ചൻ സഭയിലെ പല വൈദികർക്കും കത്ത് എഴുതി "പി. ജെ. കുര്യൻ എന്റെ അനന്തരവനാണ്." അന്നത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ആ കത്തുകൾ എന്നെ വളരെയധികം സഹായിച്ചുവെന്നു പറയേണ്ടതില്ലല്ലോ. അച്ചനോട് എനിക്കുള്ള കടപ്പാട് ഒരിക്കലും മറക്കാവുന്നതല്ല.

അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദാരഞ്ജലികൾ അർപ്പിക്കുന്നു.

– പ്രൊഫ. പി. ജെ. കുര്യൻ